
The Book-a-month Club

Series 4 - No. 5. May



ആധുനികനേതാക്കന്മാർ 3

THE
BOOK-A-MONTH CLUB

ERNAKULAM.

Series IV No. 5

★

THEY LIVED THE FAITH

THOMAS P. NEILL, PH. D.
Professor of History, St. Louis University, U. S. A.

★

Translated by

Rev. Dr. THOMAS MOOTHEDAN, M. A., D. D.,
Vice Principal, Nirmala College, Muvattupuzha

Presented to the Scholasticate
★
By the Rev. Fr. Jamadiwo S.D.B.

MAY 1956

All Rights Reserved
BOOK-A-Month Club, Ernakulam
First Edition, May 1956

With the kind permission of
Thomas P. Neill PH. D., and
The Bruce Publishing Company, Milwaukee, U. S. A.

Printed at the I. S. Press, Ernakulam, and Edited and Published by
K. P. Ittyerah, Secretary, Book-A-Month Club, Ernakulam.

Cum permissu Superiorum

പ്രതിമാസഗ്രന്ഥക്ലബ്ബ്

എറണാകുളം

*

ആധുനിക നേതാക്കന്മാർ

(മൂന്നാം ഭാഗം)



*

മൂലഗ്രന്ഥകാരൻ

തോമസ് പി. നെയിൽ, പിഎച്ച്. ഡി.

DHARMARAM COLLEGE LIBRARY, BANGALORE. 3925

പരിഭാഷകൻ

റവ. ഡോക്ടർ തോമസ് മൂത്തേടൻ, എം. എ., ഡി. ഡി.

ഉള്ളടക്കം

ആൽബെർട്ട് ഡെ മൂൺ	—	1
ലുഡ്വിഗ് വിന്തോഴ്സ്റ്റ്	—	49
ഒരെസ്റ്റസ് ബ്രൌൺസൺ	—	93
ഇയി വോയിലോ	—	159



ആൽബെർട്ട് ഡെമൂൺ

(ALBERT DE MUN)

പത്തൊൻപതാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധം ഒരു കാല്പനീയ യുഗമാണ്. മനുഷ്യന്റെ സുകൃത ത്തിലും ബുദ്ധിശക്തിയിലും വിശ്വസിച്ചിരുന്ന അക്കാലത്തു മനുഷ്യവർഗ്ഗത്തെ പ്രസംഗംകൊണ്ടും ന്യായമായ നിയമങ്ങൾകൊണ്ടും രക്ഷിക്കാമെന്നാണു വിചാരിച്ചുപോന്നിരുന്നതു്. സോഷ്യലിസ്റ്റ് ചിന്താ ഗതി മുഴുവനും സങ്കല്പ ആകാശക്കോട്ടയായിരുന്നു. ഒസാനാമിനേപ്പോലെയുള്ള സാമുദായിക പ്രവർത്തക ന്മാർ അധികൃതരുടെ ന്യായബോധത്തിൽ വിശ്വസി ച്ചുകൊണ്ടു വ്യക്തിപരമായ സമീപനംവഴി സകല

പ്രശ്നങ്ങൾക്കും പരിഹാരം നേടാമെന്നു വിശ്വസിച്ചു. 1860 ആയപ്പോഴേക്കും കല്പനീയ യുഗം പോയി യാഥാർത്ഥ്യത്തെ ചുഴിഞ്ഞു നോക്കലായി. ഈ പരിവർത്തനത്തെ സംക്ഷേപിച്ചുകൊണ്ടു ബിസ്മാർക്കു പറയുന്നതു ലോകത്തിലുണ്ടായിട്ടുള്ള വ്യതിയാനങ്ങളെല്ലാം വാക്കുകളുടേയോ മംഗളാശംസകളുടേയോ ഫലമല്ല, രക്തവും ഖഡ്ഗവും വഴി സാധിച്ചിട്ടുള്ളതാണെന്നത്രേ. "സോഷ്യലിസം" ശാസ്ത്രമായി; പ്രകൃതിശാസ്ത്രത്തിനു തത്ത്വശാസ്ത്രം വഴിമാറിക്കൊടുത്തു. രാഷ്ട്രതന്ത്രം കടന്ന ചിന്താഗതിയായി. സാഹിത്യം കൂടുതൽ യഥാർത്ഥ കഥനമായി.

അന്തരീക്ഷത്തിന്റെ ഈ ഭാവപ്പകർച്ച കത്തോലിക്കാ സാമുദായിക പ്രവർത്തകരേയും ബാധിച്ചുവെന്നു പറയേണ്ടതില്ലല്ലോ. പുതിയ അന്തരീക്ഷത്തിൽ നിന്നു ശ്വസിച്ചാണല്ലോ അവരും ജീവിക്കുന്നതു്. അങ്ങനെ, ഒസാനാമിന്റേയും പയളിൻ ഷാരിക്കോയുടേയും സമീപനമാർഗ്ഗത്തിൽ നിന്നു വ്യതിരിക്തമായ ഒരു പന്ഥാവു് ആൽബെർട്ട് ഡെമൂൺ വെട്ടിത്തെളിക്കുന്നതായിക്കാണുന്നു. ധനികരോടു ദരിദ്രരെ സഹായിക്കുവാനാണു് ഒസാനാമും പയളിനും ഉപദേശിച്ചതു്. വ്യക്തികളുടെ പ്രവർത്തനംവഴി സാമുദായികപ്രശ്നം പരിഹരിക്കാമെന്നു് അവർ വിചാരിച്ചു. ഡെമൂൺ നിയമനിർമ്മാണം വഴി പരിഹാരം കാണാനാണു് ഉദ്ദേശിച്ചതു്. രാഷ്ട്രത്തിന്റെ പ്രവർത്തനം വഴി സാമുദായികനീതി നടപ്പിലാക്കുവാൻ പ്രഥമമായി പരിശ്രമിച്ചതു് അദ്ദേഹമാണു്. അദ്ദേഹത്തിന്റെ മൻശാമികൾ മനുഷ്യന്റെ സന്മനസ്സിനെ ആശ്രയിച്ചപ്പോൾ, ഡെമൂൺ രാഷ്ട്രത്തിന്റെ പോലീസു ശക്തിയിലാണു് ആലംബം തേടിയതു്. അദ്ദേഹത്തിന്റെ പദ്ധതിക്കു കുറവൊന്നുമില്ല. വ്യവ

സായവിപ്ലവം വരുത്തിക്കൂട്ടിയ സാമൂഹായിക പ്രശ്നങ്ങളും ഒസാനാമിന്റെ മാർഗ്ഗങ്ങളിലൂടെ പരിഹരിക്കുവാൻ സാദ്ധ്യമല്ലെന്നു 1860 ആയപ്പോഴേക്കും വിശദമായി. അദ്ദേഹത്തിന്റെ പരിഹാരമാർഗ്ഗം നല്ലതായിരുന്നു; എന്നാൽ, പത്തൊൻപതാം ശതാബ്ദത്തിലെ ശിലാഹൃദയരും ക്രൂരമാനസരും അത്തരം പദ്ധതി സ്വീകരിക്കുവാൻ പോകുന്നുണ്ടോ? കാലത്തിനൊത്തവേറേ എന്തെങ്കിലും ചെയ്യാതെ നിവൃത്തിയില്ലെന്നായി. അതാണു ഡെമൂൺ ചെയ്തതു്.

മോണ്ടലബൈറിനേപ്പോലെ ഡെമൂൺ ഒരു കൃത്രയോദ്ധാവാണു്. മദ്ധ്യയുഗം മുതൽ ഫ്രാൻസിൽ സൈനികസേവനമനുഷ്ഠിച്ചിരുന്ന ഒരു കുടുംബത്തിലാണു് അദ്ദേഹം ജനിച്ചതു്. ഡമിയെറ്റായിൽ വിദ്യാഭ്യാസം ലൂയീസു രാജാവിന്റെ കീഴിൽ അദ്ദേഹത്തിന്റെ ഒരു പിതാമഹൻ സേവനം ചെയ്തിട്ടുണ്ടു്. അനന്തര ശതാബ്ദങ്ങളിലെല്ലാം ഡെമൂൺ കുടുംബത്തിലെ അംഗങ്ങളിലാരെങ്കിലും മാതൃരാജ്യസേനയിൽ ചേർന്നു് സേവനം നടത്തിയിരുന്നു. സേവനമായിരുന്നു കുടുംബത്തിന്റെ മുദ്രാവാക്യം. ആൽബെർട്ടു് തന്റെ ജീവിതം മുഴുവനും ആ മുദ്രാവാക്യം കൺമുമ്പിൽ വച്ചിരുന്നു. യൗവനത്തിൽ അദ്ദേഹം അശ്വസൈന്യത്തിലെ ഒരുദ്യോഗസ്ഥനായി; അനന്തരകാലങ്ങളിൽ വേറൊരുതരം യുദ്ധം ചെയ്യുവാൻ വേറൊരുതരം സൈന്യത്തിലുദ്യോഗസ്ഥനാവുകയാണുണ്ടായതു്. 1872-ൽ സൈനികോദ്യോഗം ഉപേക്ഷിച്ചു് തന്റെ ദൈവവിളിയായി കരുതിയിരുന്ന സാമൂഹായിക പ്രവർത്തനത്തിൽ മുഴുവനായി വ്യാപൃതനായി. അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രഥമസന്ധി 1875 വരെയുള്ള മൂന്നു കൊല്ലത്തേക്കേ നീണ്ടുനിന്നുള്ളു. അക്കാലമെല്ലാം തൊഴിലാളികളുടെ മതാ

ത്മകവും സാമുദായികവുമായ സുസ്ഥിതിയെ ഉദ്ദേശിച്ചു തൊഴിലാളി ക്ലബ്ബുകൾ രൂപവല്ക്കരിക്കാനാണു ചെലവഴിച്ചതു്. ജീവിതത്തിന്റെ രണ്ടാം ഭാഗം ലിബറൽവാദികൾക്കെതിരായി സാമുദായിക നിയമനിർമ്മാണം ചെയ്യുന്നതിനുവേണ്ടി ചെലവഴിച്ചു. ജീവിതത്തിന്റെ അവശേഷം ഫ്രാൻസിൽ വിദ്യാഭ്യാസ സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉണ്ടാകുന്നതിനുവേണ്ടി പരിശ്രമിക്കുകയും അതിൽ പരാജയമടയുകയുമാണു ചെയ്തതു്.

പടയാളിയായി ജീവിതമാരംഭിച്ച ഡെമൂണിന്റെ അന്ത്യകാലങ്ങൾ ഒരു മഹാനു് അനുയോജ്യമായിരുന്നു. 1914–ൽ മാതൃരാജ്യത്തിന്റെ ഹൃദയസ്പന്ദനമായിരുന്ന ഡെമൂൺ. ഒന്നാം ലോകമഹായുദ്ധം സമാരംഭിക്കുന്നതിനു് ഏകദേശം നൂറു ദിവസങ്ങൾക്കു മുമ്പു് അത്യുദ്ധാനംമൂലം അദ്ദേഹം ദിവംഗതനായി. പാരീസിലേക്കു ജർമ്മനിയുടെ ഇരച്ചുകയറ്റം തടയുവാൻ അദ്ദേഹത്തിന്റെ തുലികകൊണ്ടു ചെയ്യാവുന്നതു മുഴുവനും ചെയ്തു. അദ്ദേഹം മരിച്ചപ്പോൾ കടുത്ത ശത്രുക്കൾ പോലും അഭിപ്രായപ്പെട്ടതു് ആ അൽമായനേതാവു് തിരുസ്സഭയെ എന്നപോലെ ഫ്രാൻസിനേയും സ്നേഹിച്ചിരുന്നുവെന്നാണു്.

മൂന്നു കാര്യങ്ങൾക്കു വേണ്ടിയാണു ഡെമൂൺ തന്റെ ജീവിതകാലം മുഴുവനും സമരം ചെയ്തതു്. കത്തോലിക്കാസഭ കൂടാതെ ഫ്രാൻസു് ഒരു മഹാരാജ്യമായിത്തീരുകയില്ലെന്നുള്ള ഉറപ്പോടുകൂടെ തിരുസ്സഭയ്ക്കു വേണ്ടിയും ജോൺ ഓഫ് ആർക്കിന്റെ യഥാർത്ഥ സന്താനങ്ങളും മാതൃരാജ്യത്തിലെ സാധു തൊഴിലാളികളുമായ ഫ്രഞ്ചുകാർക്കു വേണ്ടിയും തന്റെ പിതാക്കന്മാർ സേവിച്ചിരുന്നതും താൻ സ്നേഹിച്ചിരുന്നതു

മായ ഫ്രാൻസിനു വേണ്ടിയും അദ്ദേഹം അടരാടിക്കൊണ്ടിരുന്നു. ഡെമൂണിനെ സംബന്ധിച്ചിടത്തോളം ഇവ മൂന്നും പരസ്പരം ബന്ധപ്പെട്ടാണു കിടന്നിരുന്നതു്. ഇവയിൽ ഒന്നിനേപ്പറ്റി ചിന്തിക്കുമ്പോൾ മറ്റു രണ്ടു കാര്യവും കൂടി അദ്ദേഹത്തിനു ചിന്തിക്കാതിരിക്കുവാൻ വഹിയായിരുന്നു. ഇവയിൽ ഏതെങ്കിലും ഒന്നിനെ മറ്റു രണ്ടു കാര്യങ്ങളും ബലിചെയ്തു ശരിപ്പെടുത്തണമെന്നു് അദ്ദേഹം വിചാരിച്ചില്ല. പ്രതിനിധിസഭയിൽ അദ്ദേഹം ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചു: "ഞാൻ ചവുട്ടിനടക്കുന്ന ഭൂമിയെ മാത്രമല്ല ഞാൻ സ്നേഹിക്കുന്നതു്. ഏതൊരു മാളികയുടെ നിഴലിൽ ഞാൻ ജനിച്ചുവോ, ഏതൊരു അംത്താരയിൽ എന്റെ പ്രഥമ പ്രാർത്ഥന നടത്തിയോ, ഏതൊരു കുഴിമാടങ്ങളിൽ ഞാൻ സ്നേഹിക്കുന്നവർ വിശ്രമിക്കുന്നുവോ, ആ മാളികയേയും അംത്താരയേയും കുഴിമാടങ്ങളേയും ഞാൻ സ്നേഹിക്കുന്നു. എന്റെ ഹൃദയത്തിലും എന്റെ രാജ്യത്തിലും ദൈവം മാക്കുചെയ്തിരിക്കുന്ന അടയാളങ്ങളാണിവ. ഇവയിൽ ഏതെങ്കിലും ഒന്നിനെ ഉപേക്ഷിച്ചു് മറ്റുള്ളവയെ സംരക്ഷിച്ചുപോരുവാൻ എനിക്കു സാദ്ധ്യമല്ല. അങ്ങനെ, ജനങ്ങളുടെ സുസ്ഥിതിയും രാജ്യത്തിന്റെ നന്മയും തിരുസ്സഭയുടെ മഹത്വവും അദ്ദേഹം സംഘടിപ്പിച്ചു.

സൈനികോദ്യോഗസ്ഥൻ

സാമൂഹായിക പ്രവർത്തകനായതെങ്ങനെ ?

ആൽബെർട്ടു് ഡെമൂണിന്റെ ജീവിതത്തിലെ ആദ്യഘട്ടത്തിൽ വിവരിക്കത്തക്ക വിശേഷങ്ങളൊന്നുമില്ല. മുപ്പതു വയസ്സായപ്പോഴാണു സാമൂഹായിക പ്രശ്നപരിഹാരത്തിനുവേണ്ടി പ്രയത്നിക്കുവാൻ നിശ്ച

യിച്ചതു്; അതുവരെ കുടുംബത്തിന്റെ പാരമ്പര്യമനുസരിച്ചു കാലാൾ പടയിൽ ഒരംഗമായി വർത്തിച്ചു. "സെയിൻഡ് സിർ" എന്ന സ്ഥലത്താണു് ആദ്യം അഭ്യസനം നടത്തിയതു്. പഠനത്തിൽ അത്ര മിടുക്കനായിരുന്നില്ല. ബി. എ. ഡിഗ്രി നേടുവാൻ സാധിക്കാഞ്ഞിട്ടു് അവസാനം അതിൽ താണ ഒരു ബിരുദം സമ്പാദിച്ചു. അവസാനം 1861-ൽ കുരുപ്പടയിൽ സബ്ബ് ലഫ്റ്റനന്റ് എന്നൊരു സ്ഥാനം കരസ്ഥമാക്കി.

അടുത്ത പത്തു കൊല്ലം ഒരു യുവ ഫ്രഞ്ചു് ആഫീസറേപ്പോലെതന്നെ കഴിഞ്ഞു. ബാഹ്യമായിട്ടു മറവു് ആഫീസർമാരിൽനിന്നു വ്യത്യാസമില്ലായിരുന്നുവെങ്കിലും മാനസികമായും ആദ്ധ്യാത്മികമായും അദ്ദേഹം വളർന്നുകൊണ്ടാണിരുന്നതു്. അൽജീരിയായിൽ അഞ്ചു കൊല്ലം താമസിച്ചു; അവിടെവച്ചാണു് അദ്ദേഹം ഒരു ചിന്തകനായി ഉയർന്നുവന്നതു്. അച്ചടക്കബോധത്തിന്റെ വില ആഫ്രിക്കായിൽ വച്ചാണു് അദ്ദേഹം മനസ്സിലാക്കിയതു്. വ്യക്തികം സമയം ശരിയായി ചെലവഴിക്കണം. അവർ അച്ചടക്കത്തോടുകൂടി ജീവിച്ചാലേ അവരുടെ സമൂഹമായ സമുദായത്തിൽ ക്രമവും സമാധാനവും ഉണ്ടാവുകയുള്ളുവെന്നു് അദ്ദേഹം കണ്ടു. ആഫ്രിക്കായിലെ ഉദ്യോഗസ്ഥന്മാർക്കു് അവരുടെ സമയം മുഴുവനും യഥേഷ്ടം വിനിയോഗിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. വിശാലമായ ഭൂവിഭാഗങ്ങൾ ഒരൊച്ചപ്പാടും കൂടാതെ കിടന്നിരുന്നതുകൊണ്ടു് ഡെമൂണിനു ധാരാളം വായിക്കുവാനും ചിന്തിക്കുവാനും സാധിച്ചു. ആ അഞ്ചു കൊല്ലത്തിനിടയ്ക്കു ഫ്രഞ്ചു് ഉപരാജ്യങ്ങൾ സംബന്ധിച്ച പ്രശ്നങ്ങളെല്ലാം ഡെമൂണിനു മനസ്സിലാക്കുവാൻ കഴിഞ്ഞു. 1867-ൽ ആഫ്രിക്കായിൽനിന്നു പോന്നു. അതിനിടയ്ക്കു സാമു

ടായികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ ഡെമൂൺ മുങ്ങിമറിഞ്ഞിരുന്നതുകൊണ്ട് അക്കാലത്തെ ഞെഞ്ഞു പ്രശ്നങ്ങളിൽ അദ്ദേഹം അത്യന്തം തല്പരനായിത്തീർന്നു.

ഷാൻസിൽ തിരിച്ചെത്തിയ ഉടനെ ഒന്നാമതു് ഉദ്യോഗം വഹിച്ചതു ക്ലെർമോ ഫെറാൻറിലാണു്. അവിടെ അദ്ദേഹം സെൻറ് വിൻസെൻറ് ഡിപോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും അങ്ങനെ സാധുക്കളെ അടുത്തു പരിചയപ്പെടുവാനും അവരുടെ പ്രശ്നങ്ങൾ ഗ്രഹിക്കുവാനും ഇടയാവുകയും ചെയ്തു. പാരീസിൻെറ ചുറ്റും സാമുദായിക ജീവിതം എത്ര ഭയങ്കരമായ നിലയിലായിരുന്നെന്നു് മുന്നു കൊല്ലം അദ്ദേഹം നേരിട്ടു കണ്ടറിഞ്ഞു. 1870-ൽ ഫ്രാങ്കോ പ്രഷ്യൻ യുദ്ധം സമാരംഭിക്കുകയും ഡെമൂൺ സമരരംഗത്തേക്കു് ഇറങ്ങുകയും ചെയ്തു. അന്നും അദ്ദേഹം വിചാരിച്ചുകാണുകയില്ല സാമുദായിക രംഗത്തു് അടുത്തതന്നെ തനിക്കു സമരം ചെയ്യണ്ടിവരുമെന്നു്. സമർത്ഥരായ കളിക്കാരോടുകൂടെ വലിയ കഴിവില്ലാത്തവർ കളിക്കുമ്പോൾ, മിടുക്കനായ ഹാഫ് ബാക്കിനേപ്പോലെ ഡെമൂൺ സമരരംഗത്തു ധീരമായി നിന്നു പൊരുതി. ഗ്രാവെലോ യുദ്ധത്തിൽ വഹിച്ച ധീരമായ പങ്കിനെ പരിഗണിച്ചു് ഒരു സൈനിക ബഹുമതി സിദ്ധിച്ചുവെങ്കിലും മേറർസിൽവച്ചു് മറെറനേകായിരം പട്ടാളക്കാരോടുകൂടെ ഡെമൂണിനേയും പിടിച്ചു ജർമ്മൻ കാരാഗൃഹത്തിലടച്ചു.

ഡെമൂണിൻെറ നാലര മാസത്തെ ജയിൽവാസം അദ്ദേഹത്തിൻെറ ജീവിതത്തിൽ വലിയ ഒരു വ്യതിയാനം വരുത്തി. ഇപ്രാവശ്യം അദ്ദേഹത്തിനു ധാരാളം വിശ്രമസമയവും, വായിക്കാൻ പറ്റിയ പുസ്തക

ങ്ങളും, സാമുദായിക പ്രവർത്തനം ഏറെറടുക്കുവാനുള്ള പ്രേരണയും അങ്ങനെ പ്രേരിപ്പിക്കുവാൻ വിദ്യാസമ്പന്നരായ കൂട്ടുകാരും ജയിലിലുണ്ടായിരുന്നു. ഒരു സൈനികോദ്യോഗസ്ഥനായിരുന്നതുകൊണ്ടു ജയിലിൽ അദ്ദേഹത്തിനു വായിക്കുവാനും ദീർഘമായിട്ടു രാത്രിയിൽ പോലും ഇരുന്നു സംസാരിക്കുവാനും ധാരാളം സമയം സിദ്ധിച്ചു. അദ്ദേഹവും റെനേ ദെലാത്തൂർ ഡുപ്പിൻ എന്ന സഹജയിൽവാസിയും കൂടി തങ്ങളുടെ രാജ്യത്തിനു നേരിട്ട ലജ്ജാവഹമായ പരാജയത്തെപ്പറ്റി സുദീർഘമായ പര്യന്വേഷണങ്ങളും നടത്തി. ഡുപ്പിൻ പിന്നീടു് ഒരു തികഞ്ഞ സാമുദായിക ചിന്തകൻ ആയിത്തീരുകയുണ്ടായി. ലോകത്തിലെ എതുയും സമർത്ഥമായ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാരെന്ന നിലയിൽ തങ്ങളുടെ പരാജയത്തിന്റെ അടിസ്ഥാനം സൈനികരിലല്ല പ്രത്യുത രാജ്യത്തിന്റെ സാമുദായിക ഘടനയിലാണു അവർ ദർശിച്ചതു്. അവരുടെ അഭിപ്രായം തെറ്റായിരുന്നുവെന്നു പറയുവാൻ വയ്യാ.

ഒരു ജർമ്മൻ വൈദികൻ ഫാദർ എക്കു്, എസു്. ജെ. ഇവരുടെ സംഭാഷണങ്ങളിൽ പങ്കെടുത്തിരുന്നു. ഒമ്പതാം പീയൂസു് മാർപ്പാപ്പയുടെ "കപാന്താ ക്രൂരാ" എന്ന തിരുവെഴുത്തിന്റെ വെളിച്ചത്തിൽ ഫ്രഞ്ചു വിപ്ലവത്തെപ്പറ്റി എമിൽ കെല്ലർ രചിച്ചിരുന്ന ചിന്താപ്രേരകമായ ഗ്രന്ഥത്തിന്റെ ഒരു പ്രതി അവർക്കു കൊടുത്തു. പത്തൊമ്പതാം ശതാബ്ദത്തിൽ ഫ്രാൻസു സംഭവിച്ച സാമുദായികവും രാഷ്ട്രീയവുമായ ക്ഷതങ്ങളുംക്കെല്ലാം അടിസ്ഥാനം ഫ്രഞ്ചു വിപ്ലവമാണെന്നാണു ഫാദർ കെല്ലർ സമർത്ഥിച്ചതു്. വിപ്ലവത്താൽ വഞ്ചിതമായ ഫ്രാൻസിന്റെ ഹൃദയവും മനസ്സും ഭേദപ്പെടുത്തുക എന്നതായിരിക്കണം രാജ്യസ്നേഹികളായ ഫ്രഞ്ചുകാരുടെ താല്പര്യം. ഡോക്ടർ വിന്തോഴ്സ്നിന്റെ

സെൻടൽ പാർട്ടിയിലെ ഒരംഗമായിത്തീർന്ന ഡോക്ടർ ലിഞ്ചെൻസിന്റെ അഭിപ്രായഗതികളും ഡെമൂണിനേയും ഡുപ്പിനേയും സ്പർശിക്കാതിരുന്നില്ല. അവർ ഡോക്ടർ ലിഞ്ചെൻസിന്റെ വീട്ടിൽത്തന്നെ പോവുകയും ജമ്മൻ കത്തോലിക്കരുടെ സാമുദായിക പ്രവർത്തനത്തിന്റെ പ്രധാന വശങ്ങൾ മനസ്സിലാക്കുകയും ചെയ്തു. പതിമൂന്നാം ലെയോൻ മാർപ്പാപ്പയുടെ "റേരും നൊവാരും" എന്ന തിരുവെഴുത്തിനു മാർഗ്ഗം തെളിച്ച ബിഷപ്പ് വോൺ കെറ്റ്ലരുടെ സാമുദായിക പദ്ധതി ഡെമൂൺ അഭ്യസിച്ചു. വിപ്ലവത്തിനു ബദലായ എതിർവിപ്ലവം രാഷ്ട്രീയമല്ല സാമുദായികമായിരിക്കണമെന്നും കത്തോലിക്കാതത്ത്വങ്ങളിന്മേൽ അധിഷ്ഠിതമായ നിയമനിർമ്മാണംകൊണ്ടേ ഫ്രാൻസിനെ രക്ഷിക്കുവാൻ വഴിയുള്ളുവെന്നും ജമ്മനിയിൽവച്ചു ഡെമൂൺ മനസ്സിലാക്കി.

ലഫ്ടനൻറ് ഡെമൂൺ അന്നും ഒരു പടയാളി ആയിരുന്നതിനാൽ സൈനികജീവിതമായിരുന്നു അദ്ദേഹത്തിന്റെ ഭാവി. 1871 മാർച്ചിൽ അദ്ദേഹം വീണ്ടും പാരീസിലെത്തി. അന്നു പാരീസിലുണ്ടായ രക്തവിപ്ലവം അദ്ദേഹം നേരിട്ടു കണ്ടു. അതോടുകൂടി അദ്ദേഹത്തിനുണ്ടായിരുന്ന സാമുദായികാദർശങ്ങൾ പ്രബലപ്പെട്ടു. ഒരു ഫ്രഞ്ചു പടയാളിയെന്ന നിലയിൽ വിപ്ലവം തല്ലിക്കെടുത്തുവാൻ ഡെമൂണും നിയുക്തനായി. വിപ്ലവകാരികൾ അക്രമകൃത്യങ്ങൾ അനുഷ്ഠിക്കുന്നതും നിരപരാധികളെ കൊല്ലുന്നതും ആദ്യമായും ഔദ്ധത്യപൂർവ്വം വെല്ലുവിളിച്ചു യുദ്ധംചെയ്തു മരിക്കുന്നതും അദ്ദേഹം കണ്ടു. ഈ കാഴ്ചകൾ മായ്ക്കുവാൻ കഴിയാത്ത ചില സ്മരണകൾ അദ്ദേഹത്തിൽ ഉളവാക്കി. വിപ്ലവം അദ്ദേഹം കുറേമായി കരുതി; എന്നാൽ, മൂർത്തീയ ദണ്ഡനത്തിനു പ്രത്യാഖ്യാനംപോലെയാണു

അതിനെ വീക്ഷിച്ചത്. അദ്ദേഹം ഇപ്രകാരമെഴുതി: "ഗവമ്മെൻറിനു ജനങ്ങളോട് യാതൊരു വാത്സല്യവുമില്ല. അവരുടെ നയം പരസ്നേഹാനുയോജ്യമല്ല."

പാരീസിലെ വ്യാപാരികൾ വിപ്ലവകാരണം അന്വേഷിച്ചു കണ്ടുപിടിക്കുവാൻ ഡെമൂണിനോട് ആവശ്യപ്പെട്ടു. അദ്ദേഹത്തിൻെറ അന്വേഷണങ്ങൾ അദ്ദേഹത്തെ സംഭ്രമിപ്പിച്ചു. ഈ വിപ്ലവത്തിൻെറ അവകാശികളും ജനങ്ങളുടെ പ്രതിനിധികളുമെന്നു പറയുന്ന സമ്പന്നർ സാധുക്കളുടെ വേദന അറിയുകയോ അതിനെപ്പറ്റി ശ്രദ്ധിക്കുകയോ ചെയ്തിരുന്നില്ല. പാർലമെൻറിലെ കമ്മീഷനു് അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിൽ രണ്ടു കാരണങ്ങളാണു വിപ്ലവത്തിനു നല്കിയിട്ടുള്ളതു്. സമ്പന്നരുടെ അവഗണനബുദ്ധിയും ജനതതിയുടെ ക്രൂരമായ വെറുപ്പും. സാധുജനങ്ങളുടെ ദുരിതങ്ങൾ നീക്കുവാൻ ഗവമ്മെൻറു് യാതൊന്നും ചെയ്തിരുന്നില്ലെന്നു് അദ്ദേഹം കുറപ്പെടുത്തി. നിരാശാജനകമായ ദുരിതമാണു് അക്രമത്തിനു പ്രേരിപ്പിച്ചതെന്നു് അദ്ദേഹം ഉന്നിപ്പറഞ്ഞു. ആത്തരുടെ രോദനം കേൾക്കുവാൻ ധനികർക്കു കാതില്ലായിരുന്നു; ദരിദ്ര ജനങ്ങൾ അവർക്കു പരിചിതമായ മാർഗ്ഗം — വിപ്ലവം — അവലംബിച്ചു.

യുവാവായ ഡെമൂണിൻെറ അഭ്യസനം അവസാനിച്ചു. അൽജീരിയായിലെ പരിചയവും ക്ലെർമോയിൽ സാധുജനങ്ങളുടെ ഇടയിൽ ചെയ്ത പ്രവർത്തനങ്ങളും ഡെമയിസ്റ്റർ, ഡെബാൾഡ്, ബാൽമെസ്, ഡൊണോസോ കോർട്ടെസ് മുതലായവരുടെ ജീവചരിത്ര പഠനവും കത്തോലിക്കരായിരുന്ന ജർമ്മൻ സാമൂഹായിക പ്രവർത്തകരുമായുള്ള ഇടപഴക്കവും ഡുപ്പിൻ, ലെഫ്ലേ, വോയിലോ തുടങ്ങിയ പുരോഗമന കത്തോ

ലിക്കാ ചിന്തകരുടെ അഭിപ്രായഗതികളും 1870-ലെ പാരീസു വിപ്ലവത്തിൽ വ്യക്തിപരമായി ലഭിച്ച അനുഭവങ്ങളും കൂടിച്ചേർന്നപ്പോൾ ഡെമൂണിന്റെ അഭ്യസനം പൂർണ്ണമായി. ഇതിനകം ഡെമൂണിന് എന്തെങ്കിലും ചെയ്യേമതിയാവൂ എന്ന ബോധ്യമായി. വിപ്ലവത്തിനെതിരായി വിപ്ലവം കരുപ്പിടിപ്പിക്കുക എന്നതായിരുന്ന അദ്ദേഹത്തിന്റെ പ്ലാൻ. എന്നാൽ, എവിടെയാണ തുടങ്ങേണ്ടതെന്നോ, എന്തു പ്രായോഗികമാർഗ്ഗങ്ങളാണ ഫ്റാൻസിന്റെ സാമൂഹ്യമായികവും ആദ്ധ്യാത്മികവുമായ വിജയത്തിന് അവലംബിക്കേണ്ടതെന്നോ അദ്ദേഹത്തിന നിശ്ചയമുണ്ടായിരുന്നില്ല.

1871 നവമ്പറിൽ ഡെമൂണിന്റെ മനസ്ഥിതി ഇതായിരുന്ന. അക്കാലത്താണ് ഒരു വിൻസെൻഷ്യൻ സഭാംഗമായിരുന്ന ബ്രദർ മോറിസ് മൈഞ്ഞെൻ വന്ന് അശ്വസൈനികോദ്യോഗസ്ഥനായ നമ്മുടെ കഥാനായകനെ ക്ഷണിച്ചത്. ജീവിതം സേവനമായിട്ടതന്നെ തുടരും; എന്നാൽ, സേവനമെന്ന മൂർത്ത വാക്യം സാമൂഹ്യമായികരംഗത്താകട്ടെ എന്ന നിശ്ചയിച്ചു. "എന്റെ സാമൂഹ്യമായിക ജീവിതാഹ്വാനം" എന്ന സ്വയംകൃത ചരിതത്തിൽ ഡെമൂൺ മൈഞ്ഞെന്റെ പ്രഥമ സന്ദർശനത്തെ ഭംഗിയായി വിവരിച്ചിട്ടുണ്ട്. അദ്ദേഹം നടത്തിക്കൊണ്ടിരുന്ന "യുവ തൊഴിലാളിക്ലബ്" മുന്നോട്ട് കൊണ്ടുപോകുവാൻ ഡെമൂണിന്റെ സഹായം തേടുവാനായിട്ടാണ ബ്രദർ മൈഞ്ഞെൻ വന്നത്. പരുപരുത്ത ബാഹ്യപ്രകൃതിയുടെ മറയിൽ ഒരു കവിയുടെ ഹൃദയവും ഒരു കലാകാരന്റെ ഭാവനയും ഡെമൂൺ ദർശിച്ചെങ്കിലും ആ ജീർണ്ണവസ്ത്രധാരി അദ്ദേഹത്തെ തെല്ലും സ്പർശിച്ചില്ല. യുവാവായ ആഫീസർ ബ്രദർ മൈഞ്ഞെന്റെ

ക്ഷണം അലക്ഷ്യമായി നിരസിക്കുന്ന മട്ട് കണ്ടപ്പോൾ സാമൂഹ്യായികപ്രശ്നത്തിന്റെ തനിനിറം കാണിക്കുന്ന ഒന്നു രണ്ടു വാക്കുകൾ ബ്രദർ പറഞ്ഞു. തൽക്ഷണം തന്റെ സാമൂഹ്യായിക കർത്തവ്യങ്ങളേപ്പറ്റിയുള്ള ബോധം ഡെമൂണിനു് ഉണ്ടായി.

ഡെമൂണിന്റെ മുറിയുടെ ജാലകത്തിന്റെ അരികേനിന്നു് ട്ടയിലേരീസിന്റെ നഷ്ടശിഷ്ടങ്ങളെ നോക്കിക്കൊണ്ടു് അവർ രണ്ടുപേരും കുടി സംസാരിച്ചു നില്ക്കുവേ, ഡെമൂൺ ബ്രദറിനോടു പറഞ്ഞു തൊഴിലാളി ക്ലബ്ബുകളെല്ലാം ഫലശൂന്യമാണെന്നു്. പാരീസു വിപ്ലവകാലത്തു കത്തിച്ചു ചാരമാക്കിയ ട്ടയിലേരീസിന്റെ അവശിഷ്ടങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു ബ്രദർ ഇപ്രകാരം പ്രസ്താവിച്ചു: "വിപ്ലവത്തിനു കാരണക്കാർ സമ്പന്നരും മഹാന്മാരും ഭാഗ്യവാന്മാരുമായ നിങ്ങളാണു്. നശിച്ചുകിടക്കുന്ന ആ ഭിത്തികളുടെ ഇടയിൽ ഉല്ലസിച്ചതു നിങ്ങൾതന്നെ. ജനങ്ങളെ നോക്കാതെയും അവരുടെ സ്ഥിതി അറിയാതെയും നിങ്ങൾ നടക്കുന്നു. അവരുടെ ആത്മാവിനേപ്പറ്റിയോ, അവരുടെ ആവശ്യങ്ങളേപ്പറ്റിയോ, ദുരിതങ്ങളേപ്പറ്റിയോ നിങ്ങൾക്കു യാതൊന്നും അറിഞ്ഞുകൂടാ. ആരാണു് വിപ്ലവത്തിനു് കാരണക്കാർ? അജ്ഞാനിക്കുകയും ക്ലേശിക്കുകയും ചെയ്യുന്ന തൊഴിലാളികളോ, ജനങ്ങളോ അല്ല." മയിത്തെൻ ദരിദ്രരുടെ ഇടയിലാണു നിവസിച്ചിരുന്നതു്. അവർ ധനികരെ വെറുക്കുന്നില്ല; ധനികർ അവരെ അറിയുന്നില്ല എന്നു മാത്രം. "കൈ നീട്ടി തുറന്ന ഹൃദയത്തോടെ അവരുടെപക്കലേക്കു പോകുവിൻ; അവർ നിങ്ങളെ അറിയും."

ഡെമണിനു് ഈ വാക്കുകളം ദൈവപരിപാലന യുടെ ഒരാഹ്വാനമായിത്തീർന്നു. ക്ലബ്ബിൽ ചെന്നു പ്രസംഗിക്കാമെന്നു ഡെമൺ സമ്മതിക്കുകയും വാഗ്ദാനമനുസരിച്ചു പ്രസംഗിക്കുകയും ചെയ്തു. ചില കൂട്ടുകാർക്കു് ഡെമണിനേപ്പോലെ സദുദ്ദേശമുണ്ടായിരുന്നു. ചിലർ ഒരുപക്ഷേ അദ്ദേഹത്തേക്കാളം ഈ ജോലിക്കു കൂടുതൽ പ്രാപ്തരായിരുന്നിരിക്കാം. ഏതായാലും ഡെമണിനു സിദ്ധിച്ച ക്ഷണം അദ്ദേഹത്തിന്റെ പ്രാധാന്യത്തെ വളരെ വർദ്ധിപ്പിച്ചു. യാഥാർത്ഥ്യവും പ്രായോഗികതയും വീക്ഷിക്കുവാൻ ഡെമണിനു കൂടുതൽ കഴിവുണ്ടായിരുന്നതുകൊണ്ടു ലെഫേ, ഡുപ്പിൻ, പെരിൻ എന്നിവരേക്കാളം കൂടുതലായി ഡെമണിന്റെ നാമം ഉയർന്നുതുടങ്ങി. ഇതരർ വാദപ്രതിവാദരംഗത്തുതന്നെ നിന്നു സിദ്ധാന്തപരമായി സാമുദായിക പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരുന്നപ്പോളം, ഡെമൺ തൊഴിലാളികളുമായിട്ടു് ഇടപഴകുകയും അവരുടെ പ്രശ്നങ്ങളം നേരിട്ടു മനസ്സിലാക്കുകയും ചെയ്തു. സാമുദായിക ജീവിതത്തിന്റെ താത്കാലിക വശങ്ങളെ നോക്കി തീരുമാനങ്ങളം എടുക്കുന്നതിനു പകരം യഥാർത്ഥ സ്ഥിതിഗതികളം നോക്കി പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇങ്ങനെ അറിഞ്ഞോ, അറിയാതെയോ ഒസാനാമിന്റെ പന്ഥാവിൽക്കൂടെ ഡെമൺ നടന്നു. തണുപ്പു മാറാൻ അടുപ്പില്ലാതെ ഒടിഞ്ഞ ഒരു കസേരയിൽ മച്ചിൻപുറത്തിരുന്നു വിറച്ചിരുന്ന രോഗികളെ അവരുടെ ആസ്ഥാനത്തുതന്നെ ചെന്നു കണ്ടു.

കത്തോലിക്കാ തൊഴിലാളി ക്ലബ്ബുകം

കുറേ വാരങ്ങളംകഴിഞ്ഞും യുവാവായിരുന്ന നമ്മുടെ ഉദ്യോഗസ്ഥൻ സ്ഥാനവസ്ത്രങ്ങളം മുഴുവൻ

അണിഞ്ഞു് ഒരു കൂട്ടം തൊഴിലാളികളുടെ മുമ്പിൽ നിന്നു പ്രസംഗിക്കുവാനിടയായി. പരിഭ്രമത്തോടെയാണു് പ്രസംഗവേദിയിൽ നിന്നിരുന്നതെന്നു് അദ്ദേഹംതന്നെ ഏറെപ്പറയുകയുണ്ടായി. മാറിൽ കിടന്നിരുന്ന കാഞ്ചനരൂപങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തെ ഉരുമ്മുന്നുണ്ടായിരുന്നു. ഡെമൂണിന്റെ ഒന്നാമത്തെ പരസ്യപ്രസംഗമായിരുന്നു ഇതു്. പ്രസംഗം മുഴുവനും എഴുതി മനഃപാഠമാക്കിയിരുന്നെങ്കിലും സഭാകമ്പം കൊണ്ടു മുമ്പോട്ടു പോകുവാൻ അത്യന്തം പ്രയാസം തോന്നി. ആരംഭത്തിൽ അല്പമൊന്നു കുഴഞ്ഞു; പിന്നീടു് അദ്ദേഹത്തിന്റെ അധരത്തിൽനിന്നു ബഹിർഗ്ഗമിച്ച വാഗ്വിലാസം ഫ്റാൻസു മുഴുവനും ദീർഘകാലത്തേക്കു് ബഹുമാനപൂർവ്വം ശ്രവിച്ചു് ആസ്വദിച്ചിട്ടുള്ളതാണു്. സ്വന്തം മാനസാന്തരമാണു ഡെമൂൺ ഒന്നാമതു സാധിച്ചതു്. സുമാർ നാല്പതു സംവത്സരങ്ങൾക്കു ശേഷം എഴുതിയ സ്വയംകൃതചരിതത്തിൽ അദ്ദേഹം പറയുന്നതു താൻ ആ രാത്രി ഒരു പുണ്യകൃത്യത്തിനു തന്നെത്തന്നെ പ്രതിഷ്ഠിക്കുന്നതുപോലെയുള്ള ഒരനുഭവമാണുണ്ടായതെന്നത്രേ. ഡെമൂണിന്റെ മാനസാന്തരം പൂർണ്ണമായി.

രണ്ടാഴ്ചയ്ക്കകം തന്റെ സഹോദരൻ റോബർട്ടും സ്നേഹിതന്മാരായ മൈഞ്ഞെൻ, ഡൂപ്പിൻ, കെല്ലെർ എന്നിവരെയും വിളിച്ചു് പാരീസിൽ കത്തോലിക്കാ തൊഴിലാളി ക്ലബ്ബുകം സ്ഥാപിക്കുന്നതിനുള്ള ഒരു കമ്മിറ്റി രൂപവല്ക്കരിച്ചു. കത്തോലിക്കാ സാമൂദായിക പ്രവർത്തനത്തെപ്പറ്റി ഒരു പ്രസ്താവനയാണു കമ്മിറ്റി ആദ്യം ഇറക്കിയതു്. "സന്മനസ്സുള്ളവരോടു് ഒരാഹ്വാനം" എന്ന പേരിൽ പ്രസിദ്ധംചെയ്ത ആ പ്രസ്താവനയിൽ അവർ ഇപ്രകാരമെഴുതി: "ഇന്നു തൊഴിലാളിപ്രശ്നം വാദപ്രതിവാദത്തിനുള്ള ഒന്നല്ല

.....അതു പരിഹരിക്കതന്നെ വേണം." കത്തോലിക്കാ തൊഴിലാളി ക്ലബ്ബുകൾ രൂപവല്ക്കരിക്കുന്നതാണു പരിഹാരമാർഗ്ഗം. സാമുദായിക ചുമതലകളേപ്പറ്റി ബോദ്ധ്യമുള്ള ഡെമൂൺ, ഡൂപ്പിൻ, കെല്ലർ എന്നിവർ ഈ ക്ലബ്ബുകൾ സ്ഥാപിച്ചു നടത്തണം. പൂർവ്വോക്തമായ ആ പ്രസ്താവനയിൽ അവർ പറയുന്നു: "തൊഴിലാളി സഹോദരന്മാരോട് സമ്പന്നവർഗ്ഗക്കാക്ക് ഒരു ചുമതലയുണ്ട്.....വിപ്ലവകരമായ ആദർശങ്ങൾക്കും വിപൽക്കരമായ ഉപദേശങ്ങൾക്കും എതിരായി സുവിശേഷതത്ത്വങ്ങളും, ഭൗതികതത്ത്വവാദത്തിനെതിരായി ത്യാഗാദർശവും, സാമ്പത്തികതത്ത്വമനസ്ഥിതിക്കെതിരായി സ്വരാജ്യസ്നേഹവും നിരീശ്വരരുടെ നിഷേധങ്ങൾക്കെതിരായി കത്തോലിക്കാസഭയുടെ ഉൽബോധനങ്ങളും നാം നിരത്തിവെയ്ക്കണം. "ലെഫിഗാരോ" എന്ന പത്രത്തിൽ ഒരു ലേഖനത്തോട്ടുകൂടെയാണു പ്രസ്താവന പ്രസിദ്ധംചെയ്തത്. വലിയ ഒരു ഹാലിളക്കമുണ്ടായി. അനുമോദനങ്ങളും ദാനങ്ങളും ഭീഷണികളും ആക്ഷേപങ്ങളും കമ്മിറ്റിയുടെ ആഫീസിൽ കുന്നുകൂടി.

ഒന്നാമത്തെ ക്ലബ്ബ് ബെല്ലെവീൽ എന്ന സ്ഥലത്തു സ്ഥാപിക്കുവാനാണു കമ്മിറ്റി നിശ്ചയിച്ചതു്. പാരീസിലെ ഏറ്റവും മോശമായ തൊഴിലാളികൾ നിവസിക്കുന്ന ഭാഗമാണു ബെല്ലെവീൽ. പാരീസു വിപ്ലവകാലത്തു് തെരുവുയുദ്ധവും കൊലകളും ഭീകരമായി നടന്ന സ്ഥലമാണതു്. ഒരു സാഹസമായിരുന്നു കമ്മിറ്റി പ്ലാൻചെയ്തതെങ്കിലും കാര്യം നടന്നു. ഡെമൂണും സഹോദരനും രണ്ടു പ്രൊട്ടക്ടന്മാരും അറിയാതെ വേഷം മാറി ബെല്ലെവീൽ ഡിസ്ട്രിക്ടിലേക്കു കടന്നുചെന്നു. ഒരു ക്ലബ്ബിനുള്ള സ്ഥലം അവർ വാടകയ്ക്കെടുത്തു. വിൻസെൻറ് ഡി പോൾ സൊസൈറ്റി

യിലെ ഒരു ബ്രദറിന്റെ കീഴിൽ 20 തൊഴിലാളികളുടെ ഒരു ക്ലബ്ബ് രൂപവല്ക്കരിക്കുവാൻ അവക്ക് സാധിച്ചു. ഡെമൂൺ ഒന്നാമത്തെ യോഗത്തിൽ ഉജ്ജ്വലമായ ഒരു പ്രസംഗംചെയ്തു. തൊഴിലാളികളം ധൃതിയിൽ ഒരു പാട്ടുണ്ടാക്കി പാടി. പാട്ടും പാട്ടിന്റെ വാക്കുകളും വളരെ മോശമായിരുന്നുവെന്നു് അനന്തര കാലങ്ങളിൽ ഡെമൂൺ പ്രസ്താവിച്ചു. കുറേ മാസങ്ങൾക്കു മുമ്പു് പാരീസു് ആർച്ചുബിഷപ്പിനെ വധിച്ച സ്ഥലത്തുനിന്നു് അധികം അകലമല്ലാതെയുള്ള ഒരു സ്ഥലത്തുനിന്നു് "ഫ്റാൻസിന്റെ ശരണമായ തൊഴിലാളികളേ നിങ്ങളം ക്രിസ്ത്യാനികളായിരിക്കണം" എന്നുള്ള പല്ലവി മുഴങ്ങിയപ്പോൾ സോഷ്യലിസ്റ്റ്കാരും കമ്മ്യൂണിസ്റ്റ്കാരും തുറിച്ചുനോക്കിയിട്ടുണ്ടാകണം. അകത്തു നിന്നിരുന്നവക്കു വിജയത്തിനു് ആവശ്യമായ ചൈതന്യവും ഉത്സാഹവും ഉണ്ടായിരുന്നതുകൊണ്ടു് അവർ സമ്മേളനശാലയിൽനിന്നു പുറത്തിറങ്ങിയതു വിജയലഹരിയോടെയാണു്.

തൊഴിലാളികളെ ക്രിസ്തുവിലേക്കു പിന്തിരിക്കുവാനുള്ള പരിശ്രമം കുറേനാളത്തേക്കു് വിജയപ്രദമായിത്തോന്നി. 1872 മേയ് മാസത്തിൽ ലിയോൺസിലെ വ്യവസായകേന്ദ്രങ്ങളിലും ജൂൺ മാസത്തിൽ പാരീസിൽ ഭയങ്കരമായ തെരുവീഥിയുദ്ധം നടന്ന മോൺ മാത്തർ എന്ന സ്ഥലത്തും ആഗസ്റ്റ് മാസത്തിൽ ലിയോൺസിൽത്തന്നെ "ഒന്നുകിൽ തൊഴിൽ ചെയ്തു ജീവിക്കുക അല്ലെങ്കിൽ യുദ്ധംചെയ്തു മരിക്കുക" എന്നു് ആർത്തുവിളിച്ച ക്രുവാറൂസ് എന്ന സ്ഥലത്തും ഓരോ തൊഴിലാളിക്ലബ്ബ് സ്ഥാപിച്ചു. 1873-ലെ ഗ്രീഷ്മകാലത്തു ക്ലബ്ബ്കാർ ഒന്നാമത്തെ തീർത്ഥാടനം നടത്തി. പാരീസിലെ ഏഴു ക്ലബ്ബ്കളിൽനിന്നും ലിയോൺസ്, ലീൽ, ബെത്തുൺ, റുബാവു്,

മോബ്വാഷ്, ആരാസ്, സാന്ത്കെവന്തേൻ തുടങ്ങിയ ഫ്റാൻസിലെ വ്യവസായകേന്ദ്രങ്ങളിൽനിന്നെല്ലാം തൊഴിലാളികൾ വന്നുചേർന്നു. 2000 പേർ അന്നു പാടി: "തൊഴിലാളികളേ, നിങ്ങൾ ക്രിസ്ത്യാനികളായിരിക്കണം." രണ്ടു കൊല്ലം കഴിഞ്ഞു പൊതുസമ്മേളനം ചേർന്നപ്പോൾ 150 ക്ലബ്കാർ പ്രതിനിധികളെ അയച്ചു. അംഗങ്ങളുടെ സംഖ്യ 18,000 ആയി.

പ്രാരംഭവിജയം കണ്ടു കമ്മിറ്റി വിചാരിച്ചു ഫ്റാൻസു മുഴുവനും ക്ലബ്കൾ ഉണ്ടാകുമെന്നും അവവഴി ക്രിസ്തീയതത്ത്വങ്ങളനുസരിച്ചു സാമുദായികപരിഷ്കരണം നടത്താമെന്നും. എന്നാൽ, ആദ്യവത്സരങ്ങളിലുണ്ടായ ശീഘ്രവികസനത്തിനുശേഷം ക്ലബ്കളുടെ പുരോഗതി മന്ദഗതിയിലായി. ശതാബ്ദം അവസാനിക്കാറായപ്പോഴേക്കും അംഗസംഖ്യ കുറയാതെ സൂക്ഷിക്കുവാൻതന്നെ വിഷമമായി. 1884-ൽ 401 ക്ലബ്കളും 51,000 അംഗങ്ങളുമുണ്ടായിരുന്നു. 1900-ത്തിൽ അംഗങ്ങളുടെ സംഖ്യ 60,000 മേ ആയുള്ളു. പ്രഭുക്കന്മാർ തങ്ങളെ സംരക്ഷിക്കുന്ന ഭാവം തൊഴിലാളികൾക്ക് ഇഷ്ടപ്പെട്ടില്ല. ഫ്റാൻസിലെ കലീനകുടുംബങ്ങളിൽപ്പെട്ട സമ്പന്നരായ യുവാക്കൾ തങ്ങൾക്ക് എന്തെങ്കിലും ഉപകാരം ചെയ്യുന്നതിനു നഗരവാസികളായ തൊഴിലാളികൾ പ്രത്യേകിച്ചും എതിരായിരുന്നു. മതം വേണ്ടെന്നായിരുന്നു അവരുടെ ഭാവം. തങ്ങളുടെ പരിഷ്കരണത്തിന്റെയെല്ലാം അടിസ്ഥാനമായിട്ടു ഡെമൂണും കൂട്ടുകാരും സ്വീകരിച്ചിരുന്നതു മതമായിരുന്നതാണും. തൊഴിലാളികൾക്ക് അവരുടെ കൂലി അവസാനത്തെ പൈവരെ കിട്ടണം; അല്ലാതെ ധനികരുടെ കൈയിൽനിന്നു ധർമ്മമായിട്ട് അതുവേണ്ടെന്നും അതിൽനിന്ന് അവർ ആധ്യാത്മിക

സന്ധാദ്യമുണ്ടാക്കേണ്ടതില്ലെന്നുമാണ് അവരുടെ ഭാവം.

തന്നിമിത്തം തൊഴിലാളി ക്ലബ്ബുകൾ കൊണ്ടു മാത്രം സാമുദായിക പ്രശ്നത്തിനു പരിഹാരം വരുത്തിയില്ല. അതിനാൽ ഡെമൂണിന്റെ പ്രഥമ പരിശ്രമം പരാജയമടഞ്ഞു; എന്നാൽ, പൂർണ്ണ പരാജയമായിരുന്നില്ല; കാരണം ക്ലബ്ബുകൾ കത്തോലിക്കാ സാമുദായിക തത്ത്വങ്ങൾ പ്രചരിപ്പിക്കുകയും വ്യവസായ വിപ്ലവത്തിന്റെ ദോഷങ്ങൾ നിവാരണംചെയ്യാനുള്ള ഏകപ്രതിവിധി സോഷ്യലിസം മാത്രമല്ലെന്നു തെളിയിക്കുകയും ചെയ്തു. പലപ്പോഴായി നടത്തിയിരുന്ന തൊഴിലാളി സമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ എല്ലാ ഭാഗത്തുനിന്നും തൊഴിലാളികൾ വന്നു ചേരുകയും സമർത്ഥരായ കത്തോലിക്കാ സാമുദായിക പ്രവർത്തകന്മാരുടെ പ്രസംഗങ്ങൾ കേൾക്കുകയും പരസ്പരം ആശയങ്ങൾ കൈമാറുകയും ചെയ്യുന്നതിനും ഇടയായി. ആകയാൽ, ക്ലബ്ബുകൾ ചെറിയതോതിലാണു നടത്തിയിരുന്നതെങ്കിലും, ഡെമൂണും ചങ്ങാതിമാരും പ്രതീക്ഷിച്ചിരുന്നതുപോലെ സാമുദായിക നവീകരണം സാധിച്ചില്ലായിരുന്നെങ്കിലും, തൊഴിലാളികളുടെ സ്ഥിതി സംബന്ധിച്ചു 13–ാം ലെയോൻ മാർപ്പാപ്പായുടെ "റേരും നൊവാരും" എന്ന തിരുവെഴുത്തു പുറത്തുവരുന്നതിനു മുമ്പുതന്നെ ആ തിരുവെഴുത്തിലെ ആദർശങ്ങൾ ഡെമൂൺ പ്രവർത്തികൾക്കു സ്വല്പമായെങ്കിലും പ്രായോഗികമാക്കുവാൻ കഴിഞ്ഞു. മാത്രമല്ല, തൊഴിലാളി കോൺഫറൻസുകളിൽ ക്ലബ്ബുനേതാക്കൾ സാമുദായിക ചിന്തകരുടേയും തൊഴിലാളി നേതാക്കന്മാരുടേയും മുമ്പിൽ തത്ത്വങ്ങളും പ്രയോഗവും രണ്ടും കാണിച്ചുകൊടുത്തു.

കത്തോലിക്കാ തൊഴിലാളി ക്ലബ്ബുകളുടെ അതി പ്രധാനമായ ഒരു ഫലമാണ് ഡെമൂൺ ഫ്റഞ്ച് പ്രതിനിധിസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടതു്. നാല്പതു കൊല്ലം അദ്ദേഹം ഫ്റാൻസിലെ സാധുജനങ്ങളുടേയും കത്തോലിക്കാ സഭയുടേയും പ്രാതിനിധ്യം പാർലമെൻറിൽ വഹിച്ചു. സാമൂഹായിക പ്രേഷിതത്വത്തിനു പൂർണ്ണ സമയം ചെലവഴിക്കുവാൻ വേണ്ടി 1875-ൽ ഡെമൂൺ സൈനികോദ്യോഗം രാജിവച്ചു. 1875-ലെ തിരഞ്ഞെടുപ്പു കൊണ്ടു മനസ്സിലായി രാജ്യം വൈദികവിദ്വേഷത്തിലേക്കും മതവിരുദ്ധമായ ലിബറലിസത്തിലേക്കും കുതിച്ചു പായുകയാണെന്നു്. അതിനാൽ, യാഥാസ്ഥിതിക കക്ഷിയുടെ സ്ഥാനാർത്ഥിയായി വൈദികാവകാശങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി ഡെമൂൺ ഒരു സ്ഥാനാർത്ഥിയായി മത്സരിക്കണമെന്നു നിർദ്ദേശങ്ങളും വന്നു. പ്രസംഗിക്കുവാനുള്ള പരിചയം ഇതിനകം സിദ്ധിച്ചുകഴിഞ്ഞിരുന്നതിനാൽ, രാഷ്ട്രീയ ജീവിതത്തിലേക്കു പ്രവേശിക്കുവാൻ അദ്ദേഹത്തിനു വൈമനസ്യമൊന്നുമുണ്ടായിരുന്നില്ല. ഡെമൂൺ തന്നെ ഇപ്രകാരമെഴുതിയിരിക്കുന്നു: "പ്രതിനിധി സഭ നമ്മുടെ ആദർശങ്ങളും ഓജസ്സോടെ പ്രസ്താവിക്കുന്ന ഒരു രംഗമായിട്ടു് എനിക്കു തോന്നി. ഇതരരുടെ ശ്രദ്ധ ആകർഷിക്കുവാനും ബോധ്യം ജനിപ്പിക്കുവാനും പറ്റിയ സ്ഥലംതന്നെ. ഭരണനേതൃത്വം വഹിക്കുന്നവർ തിരുസ്സഭയെ കണ്ടമാനം എതിർക്കുന്നതു ഞാൻ കണ്ടു. സഭയെ എതിർത്തിരുന്ന ആ സമരരംഗത്തുതന്നെ നിന്നു ദൈവം എനിക്കു തന്നിട്ടുള്ള ആയുധം ഉപയോഗിച്ചു് സമരംചെയ്യുവാൻ എന്റെ ഹൃദയം ഉജ്ജ്വലിച്ചു. അവസാനമായി, എന്തിനു മറച്ചുവെയ്ക്കുന്നു, ഇതുവരെ സാമുദായിക സമ്മേളനങ്ങളിൽ

ചെലവഴിച്ച ആ വാശപിലാസം പാർലമെൻറ വാദ പ്രതിവാദങ്ങളിൽ വിനിയോഗിക്കുവാൻ ആത്മാഭി മാനവും എന്നെ പ്രേരിപ്പിച്ചു. "

അങ്ങനെ 1876–ൽ ഡെമൂൺ തിരഞ്ഞെടുപ്പിനു നിന്നു. ജീവിതം മുഴുവനും അദ്ദേഹം വാദിച്ചുകൊണ്ടി രുന്ന കാര്യങ്ങൾ തന്നെയാണു ജനങ്ങളുടെ മുമ്പിൽ അദ്ദേഹം വച്ചതു്. "നമ്മുടെ പിതാക്കന്മാരുടെ വിശ്വാ സത്തെ നിഗ്രഹിക്കുവാൻ 1789–ലെ വിപ്ലവം ഇന്നു വീണ്ടും പരിശ്രമിക്കുകയാണു്. എല്ലാ സ്ഥലങ്ങളിലും വിപ്ലവത്തിൻെറ നാമത്തിൽ പ്രസം ഗിക്കുന്നവരെല്ലാവരും കത്തോലിക്കാ തിരുസ്സഭയെ എതിർക്കുകയാണു്.....അതിനാൽ സാമൂഹ്യിക ക്രമത്തെ സംരക്ഷിക്കേണ്ട ചുമതല കത്തോലിക്കരുടേ താണു്. മതത്തിൻെറ സ്വാതന്ത്ര്യവും അവകാശങ്ങളും സംരക്ഷിച്ചു ഫ്റാൻസിനു് എന്തുയും ആവശ്യമായി രിക്കുന്ന സമാധാനവും സ്ഥിരതയും നാം പ്രദാനം ചെയ്യേണ്ടതാണു്. "

പോന്തിവി എന്ന നിയോജകമണ്ഡല ത്തിൽനിന്നു ഡെമൂൺ തിരഞ്ഞെടുക്കപ്പെട്ടു. എന്നാലും ലിബറൽ വാദികൾ അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പിൻെറ സാധുതയെ ചോദ്യംചെയ്യു കയും പാർലമെൻറിലേ സ്ഥാനം നിഷേധിക്കുകയും ചെയ്തു. മിണ്ടാവാദികളുടെ ഒരു പ്രധാന നേതാവായ ഹെൻടി ബ്രിസ്സനാണു പ്രധാനമായി എതിർത്തതു്. മിണ്ടാവാദം ക്രിസ്തുമാഥനെതിരായി പിശാചു കണ്ടു പിടിച്ചിരിക്കുന്ന എന്തുയും ഉപദ്രവകരമായ ഒരു പ്രസ്ഥാനമാണെന്നുള്ള ഡെമൂണിൻെറ പ്രസ്താവനകൾ ആ മിണ്ടാവേദിയെ അമർഷംകൊള്ളിച്ചിരുന്നു. കത്തോലിക്കാ വൈദികരുടെ സഹായം ലഭിച്ചിട്ടുള്ള

തിനാൽ റോമൻ സിംഹാസനത്തിന്റെ ഈ സ്ഥാനാ
ത്ഥിയുടെ തിരഞ്ഞെടുപ്പു സാധുവാണോ എന്നു്
അന്വേഷിക്കണമെന്നു ഹെൻട്രി വാദം മുഴക്കി. തിര
ഞ്ഞെടുപ്പുകോടതിയിലെ അംഗങ്ങളെല്ലാം ലിബറൽ
ജനാധിപത്യവാദികളായിരുന്നതുകൊണ്ടു് ഡെമൂ
ണിന്റെ തിരഞ്ഞെടുപ്പു സാധുവല്ലെന്നാണു വിധിയു
ണ്ടായതു്. അതിനാൽ, അദ്ദേഹത്തിനു പാർലമെന്റി
ലുള്ള സ്ഥാനം നഷ്ടപ്പെട്ടു. അദ്ദേഹം പോന്തിവിയി
ലേക്കു തിരികേ ചെന്നു. ജനങ്ങൾ അദ്ദേഹത്തെത്തന്നെ
ബഹുഭൂരിപക്ഷത്തോടെ തിരഞ്ഞെടുത്തു് പ്രതിനിധി
സഭയിലേക്കു് അയച്ചു. ഈ പ്രാവശ്യം അദ്ദേഹ
ത്തിനു പാർലമെന്റിലുള്ള സ്ഥാനം നിഷേധിക്കു
വാൻ സാധിച്ചില്ല.

ജനപ്രതിനിധിസഭയിൽ ഡെമൂൺ പ്രവേശിച്ച
സാഹചര്യങ്ങൾ എത്രയും നിർഭാഗ്യകരമായിരുന്നു.
റിപ്പബ്ലിക്കൻ ഭരണം കത്തോലിക്കാസഭയ്ക്കു് എതി
രാണെന്നായിരുന്നു അദ്ദേഹത്തിന്റെ പൂർണ്ണബോധ്യം.
താൻ ഒരു കത്തോലിക്കനാണെന്നുള്ളതും കത്തോലിക്ക
രുടെ സഹായമുണ്ടെന്നുള്ളതുമാണു് തന്റെ സാമാജി
കത്വം നിഷേധിക്കുവാനുള്ള കാരണമെന്നു് അദ്ദേഹ
ത്തിനു് അറിയാമായിരുന്നു. തൃതീയ റിപ്പബ്ലിക്കു
ടെരുന്നാൾ കാലം കത്തോലിക്കാസഭയ്ക്കു നാശ
മാണെന്നു അദ്ദേഹം വിശ്വസിച്ചു. അതിനാൽ, കുറേ
കൊല്ലത്തേക്കു റിപ്പബ്ലിക്കൻ ഗവൺമെൻറും തിരുസ്സ
ഭയും തമ്മിൽ പൊരുത്തപ്പെട്ടുത്തുവാൻ ഡെമൂൺ ശ്രമി
ച്ചില്ല. 1878–ൽ ജനപ്രതിനിധിസഭയിൽ ഒരു
പ്രതിനിധി പറഞ്ഞതു തിരുസ്സഭയും റിപ്പബ്ലിക്കും
തമ്മിൽ യോജിപ്പു് ഉണ്ടാകാൻ പോകുന്നില്ലെന്നാണു്.
ലിബറൽവാദികളുടെ നേതാവായിരുന്ന ഗാബ്രൊവു്
പറഞ്ഞതു വൈദികരാണു തങ്ങളുടെ ശത്രുക്കളെന്നത്രേ.

ഡെമൂൺ അവരുടെ കഥനങ്ങളം വാസ്തവികമായി കരുതിക്കൊണ്ട പ്രതിനിധിസഭയിൽ ഇപ്രകാരം പറഞ്ഞു: "അങ്ങനെയാകട്ടെ. നിങ്ങളം അങ്ങനെ വിചാരിക്കുന്നതുകൊണ്ട് അതു ശരിയാണെന്നതന്നെ ഇരിക്കട്ടെ. മേലിൽ നിങ്ങളം വൈദികരാണ ശത്രുക്കളെന്ന പറയേണ്ടതില്ല, കത്തോലിക്കാസഭയാണ ശത്രുവെന്ന പറയണം. ഞാൻ അല്ലാ അങ്ങനെ പറയുന്നത്. പക്ഷേ, ഒരു വെല്ലുവിളി സ്വീകരിക്കുകയാണ്. മേലിൽ നിങ്ങളുടെ ജനാധിപത്യത്തിൽ ഞങ്ങളംക്ക വിശ്വാസമില്ലെന്ന പറയുന്നതുകൊണ്ട നിങ്ങളം ആത്മഹത്യചെയ്യുകയില്ലെന്ന വിശ്വസിക്കുന്നു."

1878-ൽ ഡെമൂണിനെ വീണ്ടും തിരഞ്ഞെടുത്തുവെങ്കിലും സഭയിലുണ്ടായിരുന്ന ലിബറൽ ഭൂരിപക്ഷം വീണ്ടും അദ്ദേഹത്തിനെ സാമാജികത്വം നിഷേധിക്കുകയാണ ചെയ്തത്. വീണ്ടും അദ്ദേഹത്തിനെ തിരഞ്ഞെടുപ്പ കിട്ടി; അങ്ങനെ 1814 വരേയുള്ള നീണ്ട കാലഘട്ടത്തിനിടയ്ക്ക 1893-ൽ മാത്രമേ അദ്ദേഹത്തിനെ പ്രതിനിധിസഭയിലുള്ള സ്ഥാനം നഷ്ടപ്പെട്ടിട്ടുള്ളു. അക്കാലങ്ങളിൽ അദ്ദേഹത്തിന്റെ സാമൂഹായിക ജീവിതാദർശങ്ങളംക്ക് ഒരന്തരവും വന്നില്ല. ഫ്രാൻസ് ഉറച്ച ഒരു രാജ്യമാകണമെങ്കിൽ കത്തോലിക്കാ സഭയിലേക്ക പിന്തിരിയണമെന്നുള്ള അഭിപ്രായത്തിനും അന്തരമുണ്ടായില്ല. രാഷ്ട്രീയ ചിന്താഗതി ക്രമേണ വളരെ വ്യത്യാസപ്പെട്ടു. രാജഭരണത്തിനെ പകരം ജനാധിപത്യതത്വം അദ്ദേഹം സ്വീകരിച്ചു. അങ്ങനെ ഭൂരിപക്ഷത്തെ തന്റെ സാമൂഹായികവും മതാത്മകവുമായ ചിന്താഗതിയിലേക്ക് ആകർഷിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ ബോദ്ധ്യം.

1789-ലേ വിപ്ലവത്തിനു ബദലായ പ്രതിരോധക വിപ്ലവം

ഡെമൂൺ സവ്വ്ധാ ഒരു പ്രവർത്തകനായിരുന്നു. ലെയ്ഗേ, ഡുപ്പിൻ എന്നിവരേപ്പോലെ ഒരു സിദ്ധാന്ത വാദിയല്ലായിരുന്നുവെങ്കിലും പ്രതിനിധിസഭയിലും തൊഴിലാളി ക്ലബ്ബു പ്രവർത്തനത്തിലും ചില തത്ത്വങ്ങളും എല്ലായ്പ്പോഴും കൺമുമ്പിൽ വച്ചിരുന്നു. മറവു ഫ്രഞ്ചുകാരേപ്പോലെ ഡെമൂണും കഴിഞ്ഞുപോയ 150 കൊല്ലത്തെ സാമൂഹ്യമായികവും മതാത്മകവുമായ ചരിത്രം നല്ലവണ്ണം ഒന്നു പരിശോധിച്ചുനോക്കി. 1789-ലെ വിപ്ലവമാണു ഡെമൂൺ കൂടുതൽ കാര്യമായി കരുതിയതു്. വിപ്ലവം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ വെറും ഒരു ക്ഷണികാലസംഭവമായിരുന്നില്ല; പ്രത്യുത, ഒരു രാഷ്ട്രീയാദർശമായിരുന്നു. പ്രസ്തുതാദർശമനുസരിച്ചു സമുദായം ദൈവഹിതത്തിലല്ല മനുഷ്യ താല്പര്യങ്ങളിലത്രേ അധിഷ്ഠിതമായിരുന്നതു്. ദൈവനിയമത്തിനു പകരം ദുർബ്ബലമായ മനുഷ്യ യുക്തിയെ സ്വീകരിക്കുന്നതായിരുന്നു വിപ്ലവാദർശം. "വിപ്ലവത്തിനു വെളിച്ചം കാണിച്ചുകൊടുത്ത മനുഷ്യാവകാശ പ്രഖ്യാപനത്തെ ഈശ്വരാവകാശ പ്രഖ്യാപനംകൊണ്ടു് എതിരിടണം."

ഡെമൂൺ വിപ്ലവത്തെ ശപിക്കയാണു ചെയ്തതു്; കാരണം, അതു വാഗ്ദാനംചെയ്ത സ്വാതന്ത്ര്യമോ സമത്വമോ സാഹോദര്യമോ നല്കിയില്ല. എന്നാൽ, സമകാലീനരായ ജനാധിപത്യവാദികളും പറഞ്ഞിരുന്നതു് അവർ വിപ്ലവത്തെ പൂർണ്ണമാക്കുവാൻ ആഗ്രഹിച്ചിരുന്നുവെന്നാണു്. വിപ്ലവം പ്രാചീന തൊഴിലാളി സംഘടനകളെ നശിപ്പിക്കുകയും പകരം കിട

മത്സരജ്വരം വരുത്തിക്കൂട്ടുകയും മാത്രമേ ചെയ്യുള്ളു എന്നു പറഞ്ഞു വിപ്ലവത്തെ പ്രതിനിധിസഭയിൽ അദ്ദേഹം അങ്ങേയറ്റംവരെ ആക്ഷേപിച്ചു. 1881–ൽ അദ്ദേഹം ചെയ്ത പ്രചരണപ്രസംഗങ്ങളൊന്നിൽ ഈ വിഷയത്തെപ്പറ്റി പ്രസ്താവിച്ചതു് ഇപ്രകാരമാണു്: "വിപ്ലവത്തിന്റെ അവകാശികൾ ജനങ്ങൾക്കു് അധികാരവും ധനവും സ്വാതന്ത്ര്യവും — എല്ലാം — വാഗ്ദാനംചെയ്തു. ഭരണാധികാരത്തിന്റെ ഒരു മൂടുപടം അവർക്കു കൊടുത്തു. അതിന്റെ ഉള്ളിൽ രാഷ്ട്രതന്ത്രജ്ഞന്മാരെ തോളിൽ വഹിക്കുന്ന ഒരു അടിമയേയാണു നാം കാണുന്നതു്. ആ അടിമയാണു് രാഷ്ട്രതന്ത്രജ്ഞന്മാരുടെ ഭാഗ്യചക്രം തിരിക്കുന്നതു്. ആത്മശരീരങ്ങളോടുകൂടി കല്ലുരിപോലെ വ്യവസായ ശൂലയിൽ ആ അടിമയെ ഇട്ടുകൊണ്ടിരിക്കുകയാണു്. തൊഴിലാളികളോടു വാഗ്ദാനങ്ങൾ പലതു ചെയ്തിരുന്നു. എന്നാൽ, ആരാണു് അവരുടെ ഒഴിവുസമയത്തേയും ആരോഗ്യത്തേയും വാർദ്ധക്യത്തേയും കുടുംബത്തേയും ഭാവിയേയുംപറ്റി ചിന്തിക്കുന്നതു്? സംഘടിക്കുവാനുള്ള അവകാശം വിപ്ലവം എടുത്തുകളഞ്ഞു. അതിനുശേഷം തൊണ്ണൂറു സംവത്സരങ്ങൾ മുന്നാട്ടുപോന്നെങ്കിലും ലിബറൽവാദികൾ ഇപ്പോഴും ആലോചിക്കുന്നതേയുള്ളു തൊഴിലാളികൾ സംഘടനാവകാശം അനുവദിക്കാമോയെന്നു്."

കോടീശ്വരന്മാരായ ലിബറൽവാദികൾ തൊഴിലാളികൾക്കും തിരുസ്സഭയ്ക്കും ഫ്രാൻസിനും എതിരായി നടത്തിയ ഒരാക്രമണമാകയാൽ വിപ്ലവം തിന്മയായിരുന്നു. അതിന്റെ വിനാശഫലങ്ങൾ വേറൊരു വിപ്ലവംകൊണ്ടേ പരിഹൃതമാകയുള്ളൂ. തൊഴിലാളികൾക്കു സംഘടിക്കുവാനുള്ള അവകാശവും, ഇൻഷുറൻസ് മുതലായ രക്ഷാവ്യവസ്ഥകളും വാർദ്ധക്യ

പെൻഷനും തൊഴിൽ രഹിതർക്കു വേതനവും നല്കുവാനും തിരുസ്സഭയെ നശിപ്പിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ലിബറൽവാദികളിൽ നിന്നു് അതിനെ രക്ഷിക്കുവാനും ആ പ്രതിരോധകവിപ്ലവം ഉണ്ടാകേണ്ടതാണു്.

ഡെമൂൺ വിപ്ലവകാരിയായ ഒരു യാഥാസ്ഥിതികനേപ്പോലെയാണു പ്രതിനിധിസഭയിൽ സംസാരിച്ചിരുന്നതു്. ലിബറൽവാദികൾ വേണ്ടിടത്തോളം ലിബറലും വിപ്ലവതുല്ലരുമല്ലാത്തതിനാൽ അവരെ ഡെമൂൺ എതിർത്തു. സോഷ്യലിസ്റ്റുകാർ തൊഴിലാളികളുടെ മിത്രങ്ങളെന്ന ഭാവത്തിൽ തനി ശത്രുക്കളേപ്പോലേ വർത്തിച്ചിരുന്നതിനാൽ സോഷ്യലിസ്റ്റുകാരേയും അദ്ദേഹം എതിർത്തു. ഡെമൂണിനു പ്രതിനിധിസഭയിൽ സംസാരിക്കുവാൻ അനുവാദം കൊടുക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം ലിബറൽവാദികളുടെ ശത്രുവും എതിരാളിയുമാണെന്നു നേരത്തേകൂട്ടി തുറന്നു പ്രസ്താവിച്ചിട്ടുള്ളതാണു്. ഡെമൂൺ അതു മനസ്സിലാക്കി ജനപ്രതിനിധിയായിരുന്നിടത്തോളം കാലം ലിബറൽവാദികൾക്കെതിരായി ഉഗ്രമായ ഒരു സമരം തന്നെ നടത്തിക്കൊണ്ടിരുന്നു. വിപ്ലവാദർശങ്ങളുടെ കാവല്ക്കാരായിട്ടാണു ഡെമൂൺ അവരെ വീക്ഷിച്ചിരുന്നതു് അവർ തങ്ങളെത്തന്നെ അപ്രകാരമാണു കരുതിയിരുന്നതും. ഡെമൂൺ അവരോടു് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ 1789-ലെ വിപ്ലവമാണെങ്കിൽ ഞങ്ങൾ പ്രതിരോധകവിപ്ലവമാണെന്നു് സ്പഷ്ടമാണല്ലോ."

ലിബറൽവാദികളുടെ സ്വാർത്ഥതയേയും ജനതതിയുടെ താല്പര്യങ്ങളെ അവഗണിക്കുവാനുള്ള വാസനയേയും ഡെമൂൺ ആക്ഷേപിച്ചു. തൊഴിലാളികളുടെ താല്പര്യങ്ങളെ അവഗണിച്ചു ലിബറൽവാദി

കാം തങ്ങാം ഉംപ്പെട്ടിരുന്ന മുതലാളിവർഗ്ഗത്തിന്റെ ഐശ്വര്യത്തിനായി പ്രയത്നിക്കുകയാണു ചെയ്തത്. "മനുഷ്യജീവിതത്തിലെ ഉൽകൃഷ്ടഭാഗമായ തൊഴിലിനെ ചന്തയിൽ ക്രയവിക്രയം ചെയ്യുന്ന ഒരു വസ്തുപോലെ കരുതുന്നതിൽ" അദ്ദേഹം അവരെ കുറപ്പെടുത്തി. "രോഗബാധിതമായ സമുദായത്തെ ആപാദചൂഡം മലിനമാക്കുന്ന ശോഗായിട്ടാണ്" അവരുടെ സ്വാർത്ഥത്തെ അദ്ദേഹം ചിത്രിച്ചതു്. തൊഴിലാളികാംക്ക സംഘടിക്കുവാനുള്ള അവകാശം നിഷേധിച്ചതിനും തൊഴിലാളികളും മുതലാളികളും തമ്മിലുണ്ടാകേണ്ട ന്യായമായ ബന്ധത്തെ ശിഥിലമാക്കുന്നതിനും ലിബറൽവാദികളെ അദ്ദേഹം കുറപ്പെടുത്തി. അദ്ദേഹത്തിന്റെ പ്രസംഗങ്ങാം മുഴുവനും തൊഴിലാളികാംക്ക വേണ്ടിയും ധനികരായ മുതലാളികാംക്ക് എതിരായുമായിരുന്നു. ഫ്രാൻസിലെ വ്യവസായ മേധാവികാംക്ക ഡെമൂൺ അനേകകൊല്ലം ഒരു മുള്ളുതന്നെയായിരുന്നുവെന്നു പറയാം. പ്രതിനിധിസഭയ്ക്ക് അകത്തും പുറത്തും തൊഴിലാളികളുടെ കഷ്ടപ്പാടുകാം അദ്ദേഹം തൊലിപൊളിച്ചുവച്ചു. ഒരു സാമുദായികപ്രശ്നമുണ്ടെന്നും ലിബറൽവാദികാം അങ്ങനെ ഒരു പ്രശ്നമുള്ളകാര്യം നിഷേധിച്ചുകൊണ്ടിരിക്കയാണെന്നുമുള്ളതു് ഫ്രഞ്ചു ജനതയെ വീണ്ടും വീണ്ടും അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. ലിബറൽവാദികളുടെ നേതാവായ ഗാബൈറ് ഒരു സാമുദായികപ്രശ്നമുള്ളകാര്യം തന്നെ നിഷേധിച്ചതും ഒരു പ്രസിദ്ധ ലിബറൽവാദിയായ തിയേർ (Thiers) "തനിക്കു ജനതതിയോടു് യാതൊരു പ്രതിപത്തിയുമില്ല" എന്നു പ്രസ്താവിച്ചതും നഗ്നമായ ഭാഷയിൽ അദ്ദേഹം പലപ്പോഴും ചിത്രിച്ചിട്ടുള്ളതാണ്. അങ്ങനെ, ഡെമൂൺ ലിബറൽവാദികാം തെല്ലും ലിബറലല്ലെന്നും അവർ

ജനതയെ മൂഷണംചെയ്യുന്ന സ്വാർത്ഥതല്പരരാണെന്നും സമത്വത്തേയും സ്വാതന്ത്ര്യത്തേയും പററി അവരുടെ ഭംഗിയുള്ള പദങ്ങൾം രാജ്യത്തെ തങ്ങളുടെ അധീനതയിൽ ഒതുക്കിവെയ്ക്കുവാനുള്ള അതിമോഹത്തെ മറച്ചുവെയ്ക്കുവാൻ കണ്ടുപിടിച്ചിട്ടുള്ളവയാണെന്നും വിശദമാക്കിക്കൊണ്ടിരുന്നു.

ഡെമൂൺ ലിബറൽകക്ഷിയുടേമേൽ ആരോപിച്ചിരുന്നകുററങ്ങൾം ഏറെക്കുറേസോഷ്യലിസ്റ്റുകാർ അവരുടെമേൽ ജനപ്രതിനിധിസഭയിൽ ആരോപിച്ചിരുന്ന കുററങ്ങൾതന്നെയായിരുന്നുവെങ്കിലും ഡെമൂൺ സോഷ്യലിസത്തെ എതിർക്കുകയാണു ചെയ്തിരുന്നതു്. "സോഷ്യലിസം സേച്ഛാധിപത്യത്തിലേക്കു് ആനയിക്കുന്നഭയങ്കരമായ ഒരു വിപത്താണു്" എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിമതം. ലിബറൽ റിപ്പബ്ളിക്കൻകാരെ എതിർക്കുന്നതിൽ അദ്ദേഹം സോഷ്യലിസ്റ്റുകാരോടു യോജിച്ചിരുന്നു; മാത്രമല്ല, ലിബറലിസത്തോടുള്ളതിനേക്കാൾ കൂടുതൽ മമത തനിക്കു സോഷ്യലിസത്തോടാണെന്നുകൂടി ഒരിക്കൽ അദ്ദേഹം പ്രസ്താവിക്കയുണ്ടായി. റിപ്പബ്ളിക്കൻകാരെ ഭത്സിച്ചിരുന്ന ഭാഷയിൽത്തന്നെയാണു് സോഷ്യലിസ്റ്റുകാരേപ്പററിയും അദ്ദേഹം സംസാരിച്ചിരുന്നതു്. 1898–ൽ സോഷ്യലിസ്റ്റുകാർ അധികാരത്തിൽ വന്നെങ്കിലും അവർ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്തിട്ടുണ്ടായില്ല. സോഷ്യലിസ്റ്റുകാക്കു തന്നെ വിവരിക്കുവാൻ വയ്യാതിരുന്ന ഏതോ ഒരു വീർപ്പുമുട്ടിപ്പോയ്പ്പററി അവർ തൊഴിലാളികളോടു പറഞ്ഞുകൊണ്ടിരുന്നതല്ലാതെ, ആവശ്യമായ പരിഷ്കാരങ്ങൾം വരുത്താതിരുന്നാൽ സോഷ്യലിസ്റ്റുകാരെ അദ്ദേഹം കഠിനമായി ശാസിച്ചു.

സോഷ്യലിസ്റ്റുകാരോട് ഡെമൂൺ ഒരിക്കൽ ഇപ്രകാരമാണ പറഞ്ഞതു് : "വർഗ്ഗവിദ്വേഷത്തേയും സാമുദായിക വിപ്ലവത്തേയും പറഞ്ഞിയുള്ള നിങ്ങളുടെ തത്ത്വങ്ങളം വരുത്തിക്കൂട്ടുന്ന ഫലങ്ങളം എന്താണെന്നു നിങ്ങൾക്കു് അറിയാമോ ? സാമുദായിക നവീകരണത്തിനു് എത്രയും ന്യായവും അത്യന്താപേക്ഷിതവുമായ നിയമനിർമ്മാണം നിങ്ങൾ നീട്ടിക്കൊണ്ടുപോകയാണു്, താമസിപ്പിക്കയാണു്, അല്ലാ അസാദ്ധ്യമാക്കുകയാണു് എന്നു കണ്ണുനീരോടുകൂടെ ഞാൻ പറയുന്നു.....ജനങ്ങളുടെ നന്മയെ നിങ്ങൾ വിഗണിച്ചുകൊണ്ടിരിക്കയാണു്." സാമുദായിക നിയമനിർമ്മാണം ചെയ്യാത്തതുകൊണ്ടായിരുന്നു സോഷ്യലിസ്റ്റുകാരെ ഡെമൂൺകഠിനമായി വിമർശിച്ചതു്. സോഷ്യലിസ്റ്റുകാർ അധികാരത്തിൽ വരുന്നതിനു മുമ്പു സ്ത്രീകളേയും കുട്ടികളേയും കൊണ്ടു ജോലിചെയ്യിക്കുന്നതുസംബന്ധിച്ചും തൊഴിലാളി സംഘങ്ങളെ സംബന്ധിച്ചും ചില നിയമങ്ങൾ പാസാക്കിയിട്ടുണ്ടു്. എന്നാൽ, സോഷ്യലിസ്റ്റുകാർ ഭരണം ഏറെറടുത്തതിനുശേഷമുള്ള സ്ഥിതി അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു : "ജനങ്ങൾക്കു വേണ്ടി യാതൊന്നും അവർ ചെയ്തിട്ടില്ല. കമ്മ്യൂണിസ്റ്റു തത്ത്വങ്ങൾ ഉൾപ്പെടുത്തി തീപ്പൊരി പ്രസംഗങ്ങൾ പറയും. എന്നാൽ തിരുസ്സഭയ്ക്കു് എതിരായി ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളല്ലാതെ വേറേ യാതൊരു ഫലവും അവരുടെ ഭരണംവഴി ഉണ്ടായിട്ടില്ല. അല്ല, സൈന്യത്തെ പിരിച്ചുവിടാനും സാമുദായിക കലഹങ്ങൾക്കു് ഒരുക്കമെന്നവണ്ണം മതാത്മകസമരം തൊട്ടുതുടങ്ങിവിടാനും അവർക്കു കഴിഞ്ഞിട്ടുണ്ടു്. ഇതാണു് അവരുടെ അഞ്ചു കൊല്ലത്തെ നേട്ടം. നേരേമറിച്ചു് കണ്ണു തുറന്നു് അടുത്തു കിടക്കുന്ന ബൽജിയത്തിലേക്കു് ഒന്നു നോക്കുവിൻ. ഇരുപതു കൊല്ലം അവിടെ കത്തോലി

ക്കർ അധികാരത്തിലായിരുന്നു. യൂറോപ്പിൽ വേറേ യാതൊരു രാഷ്ട്രവും ഇത്ര പുരോഗമനപരമായ നിയമങ്ങളും ധീരമായും ദൃഢമായും ഉണ്ടാക്കിയിട്ടില്ല. "

അങ്ങനെ, ഡെമൂൺ സോഷ്യലിസ്റ്റുകാരും ലിബറൽവാദികളും വേണ്ടിടത്തോളം വിപ്ലവാത്മകത്വം പ്രദർശിപ്പിക്കാത്തതിൽ അവരെ കുറ്റപ്പെടുത്തി. അവരുടെ മതവിരുദ്ധനയത്തെ കഠിനമായി അദ്ദേഹം എതിർത്തു. ഡെമൂണിന്റെ പദ്ധതി ഒരേസമയം മതാത്മകവും വിപ്ലവകരവുമായിരുന്നു. പതൊമ്പതാം ശതാബ്ദത്തിൽ ക്രിസ്തീയനീതിയേപ്പറ്റിയുള്ള ആദർശങ്ങളേക്കാൾ കൂടുതൽ വിപ്ലവകരമായ ചിന്താഗതിയില്ലെന്നു തന്റെ സമകാലീനന്മാരേക്കാൾ ഭേദമായി ഡെമൂൺ മനസ്സിലാക്കിയിരുന്നതുകൊണ്ടു്, ക്രിസ്തീയതത്വങ്ങളിന്മേൽ അധിഷ്ഠിതമായ ഒരു സാമൂഹ്യിക നിയമാവലിക്കായി അദ്ദേഹം നിലകൊണ്ടു. പ്രായോഗിക ജീവിതത്തിൽ ആ നിലപാടു സമുദായത്തെ അടിത്തട്ടുവരെ ഇളക്കുവാൻ പര്യാപ്തമായിരുന്നു. ജനപ്രതിനിധിസഭയിലെ ഒരു പ്രസംഗഭാഗം കേട്ടാലും : "നീതി സംബന്ധിച്ചു ജനങ്ങൾക്കുള്ള അഭിപ്രായങ്ങളും അവർ ആവശ്യപ്പെടുന്ന സംഗതികളും പരിശോധിക്കുമ്പോൾ ക്രിസ്തീയ തത്വങ്ങളിലേക്കു് അവർ വീണ്ടും തിരിഞ്ഞു പോകുന്നതുപോലെയാണു തോന്നുന്നതു്. " അതിനാൽ ഫ്രഞ്ചു ജനതയുടെ ഇടയിൽ ക്രിസ്തുമതം പുനരുദ്ധരിക്കുന്നതാണു് എന്തുകൊണ്ടും വിപ്ലവാത്മകമായ മറുപടി. ക്രിസ്തുമതമെന്നു പറഞ്ഞാൽ ഡെമൂണിനു കത്തോലിക്കാ സഭ എന്നാണു മനസ്സിലായിരുന്നതു്. "ദേശീയ നിയമങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും സാമൂഹ്യികവും രാഷ്ട്രീയവുമായ ക്രമത്തിന്റേയും അവശ്യമായ അടിസ്ഥാനം കത്തോലിക്കാ വിശ്വാസമാണു്.....എന്റെ മതം

രാജ്യത്തിന്റെ നന്മയും ആ വിശ്വാസത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതു്.....അതിനാൽ സാമൂഹ്യായിക നീതി സംസിദ്ധമാകുവാൻ മതത്തിന്റെ അവകാശങ്ങളം സംരക്ഷിച്ചേ മതായാവൂ" എന്നായിരുന്ന അദ്ദേഹത്തിന്റെ ദൃഢവിശ്വാസം.

വ്യവസായീകൃതമായ ഫ്രാൻസിനു് പണ്ടു പ്രചാരത്തിലിരുന്ന തൊഴിലാളി ഗിൽഡു സമ്പ്രദായമനുസരിച്ചുള്ള സാമൂഹ്യായിക പരിഷ്കരണമാണു് ഉത്തമമെന്നായിരുന്ന ഡെമൂണിന്റെ അഭിപ്രായം. തൊഴിലാളികളം ഓരോരുത്തരോടും വാക്കു പേശി അവരെ പൂഷണംചെയ്യുന്ന സമ്പ്രദായം നിവർത്തൽചെയ്യുവാൻ പറഞ്ഞ മാർഗ്ഗം ഗിൽഡുകളാണെന്നായിരുന്ന അദ്ദേഹത്തിന്റെ അഭിപ്രായം. ഒരു സ്ഥലത്തു് ഒരു പ്രത്യേക വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയെല്ലാം സംഘടിപ്പിച്ചു ഗിൽഡുകളുണ്ടാക്കിയാൽ ഫാക്ടറി തൊഴിലാളികൾക്കുള്ള അവശതകളം പരിഹരിക്കാൻ മതിയാകുമെന്നാണു് അദ്ദേഹം കരുതിയിരുന്നതു്. മുതലാളികളും തൊഴിലാളികളും ഒരുമിച്ചിരുന്നു പൊതുപ്രശ്നങ്ങളേപ്പറ്റി ചർച്ചചെയ്യുന്നതും ഒരേ ക്ലബ്ബിൽ സമ്മേളിച്ചു പരസ്പരം ആശയങ്ങളം വിനിമയംചെയ്യുന്നതും ഉത്തമമാണെന്നു വിശ്വസിച്ചിരുന്ന ഒരാളാണു ഡെമൂൺ. തൊഴിലാളികളം സംഘടിച്ചു നിവേദനങ്ങളം നടത്തുന്നതു വിഹിതമല്ലെന്നുകണ്ടു മുതലാളികളം ഡെമൂണിനെ എതിർത്തു. മുതലാളികളോടുള്ള യുദ്ധത്തിൽനിന്നു വിരമിച്ചു് അവർക്കു ലഭിക്കാവുന്ന വിജയത്തെ തടയുവാനുള്ള ഒരു സൂത്രമാണു് ഡെമൂണിന്റേതെന്നു പറഞ്ഞു തൊഴിലാളികളും അദ്ദേഹത്തോടു വിയോജിച്ചു.

നിർഭാഗ്യവശാൽ ഡെമൂൺ ഒരു പ്രഭുകുടുംബത്തിലാണു ജനിച്ചതു്. അദ്ദേഹത്തിന്റെ പ്രസ്താവനകളിൽ ആ സാമുദായിക ശ്രേയസ്സു നിഴലിച്ചുനിന്നിരുന്നു. തൊഴിലാളികളെ സഹായിക്കുക എന്ന വാക്കുകൾ ഒരുതരം "സംരക്ഷണ" മനസ്ഥിതിയായി തൊഴിലാളികൾ വ്യാഖ്യാനിച്ചു. കാരുണ്യത്തിൽ അധിഷ്ഠിതമായ സഹായമല്ല അവർ ആവശ്യപ്പെട്ടതു്. മക്കൾ പട്ടിണികിടന്നാലും അത്തരം സഹായം അവർക്കു വേണ്ടാ. ഡെമൂണിന്റെ സാമുദായിക പദ്ധതികൾ നീതിയെ അടിസ്ഥാനപ്പെടുത്തിയവയായിരുന്നു. അവരുടെ അവകാശവാദമായിട്ടാണു് അദ്ദേഹം ഭാവനംചെയ്തിരുന്നതു്. എന്നു വരുകിലും ഡെമൂണിന്റെ ചില വാക്കുകൾ അവർ തെറ്റിദ്ധരിച്ചു. ഒരുദാഹരണം ചേർക്കാം: "കത്തോലിക്കാ ഗിൽഡുകൾ തൊഴിലാളിസംഘമല്ല; ഒത്തുതീർപ്പു സമിതിയുമല്ല; അതു ക്രിസ്തീയ പ്രവർത്തനകേന്ദ്രമാണു്. സ്വാർത്ഥതാല്പര്യത്തേക്കാൾ തൊഴിൽതാല്പര്യത്തിനാണു് അതിൽ പ്രാധാന്യം. തൊഴിലാളിയും മുതലാളിയും തമ്മിൽ ശത്രുത ഉളവാകുമ്പോൾ ക്രിസ്തീയചൈതന്യാത്മാക്കൾ നല്ലുന്നതും തൊഴിലാളികൾ സ്വതന്ത്രമായി സ്വീകരിക്കുന്നതുമായ സംരക്ഷണത്തിനു് അവർ കീഴ്പ്പെടുന്നു." സംരക്ഷണ ശബ്ദമാണു തൊഴിലാളികളെ വേദനിപ്പിച്ചിരുന്നതു്.

ഡെമൂണിന്റെ പ്ലാനും യുക്തികളും നല്ലതായിരുന്നുവെന്നു് അനന്തര ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും, അന്നത്തെ തൊഴിലാളികളാകട്ടെ, മുതലാളികളാകട്ടെ, അദ്ദേഹത്തിന്റെ നിർദ്ദേശം സ്വീകരിച്ചില്ല. 1883-ൽ തൊഴിലാളിസംഘങ്ങൾക്കു് അംഗീകാരം നല്കാൻ ഒരു നിർദ്ദേശമുണ്ടായപ്പോൾ ഗിൽഡുകളാണു സമാരംഭിക്കേണ്ടതെന്നു പ്രസ്താവിച്ചുകൊണ്ടു്

അദ്ദേഹം ചെയ്ത പ്രസംഗം ജനപ്രതിനിധിസഭയിൽ വലിയ ഒരു കോളിളക്കംതന്നെയുണ്ടാക്കി. സാമൂഹായിക പ്രശ്നങ്ങളേപ്പറ്റി പ്രതിനിധിസഭയിൽ പ്രസംഗിച്ചവരിൽ വാഗ്വിലാസംകൊണ്ടു പ്രഥമസ്ഥാനം കരസ്ഥമാക്കിയതു ഡെമൂണാണു്. അദ്ദേഹത്തിന്റെ വാഗ്വാദം ശ്രവിച്ചാലും: "പരസ്പരം വ്യതിരിക്തമായി നിങ്ങളം ഭാവനംചെയ്യുന്ന മുതലാളിസംഘങ്ങളംക്കും ഒതാഴിലാളിസംഘങ്ങളംക്കും ഒരു വലിയ പോരായ്മയുണ്ടു്. നമ്മുടെ കാലങ്ങളിൽ എത്രയും അത്യന്താപേക്ഷിതമായതും ഗിൽഡുകളുടെ നടനായകമായി വിലസിയിരുന്നതുമായ ഒരു കാര്യമാണു് പോരായ്മയുള്ളതു്. വ്യവസായകുടുംബത്തെ നവീകരിച്ചു മാത്രം സിദ്ധിക്കാവുന്ന സംതൃപ്തിയും മുതലാളികളും തൊഴിലാളികളും തമ്മിലുണ്ടാകേണ്ട അടുത്ത ബന്ധവും ഇരുകൂട്ടരുടേയും താല്പര്യങ്ങളംക്കും സുരക്ഷിതത്വവുമാണു പോരായ്മയെന്നു പറയുന്നതു്." മുതലാളികളും തൊഴിലാളികളും വെവ്വേറേ സംഘങ്ങളുണ്ടാക്കിയാൽ സംഭവിക്കുവാൻപോകുന്ന കാര്യങ്ങളം ഡെമൂൺ ഇപ്രകാരം പ്രവചിച്ചു: "ഈ നികൃഷ്ട സമരത്തിൽ എല്ലാവരും കഷ്ടപ്പെടും; തൊഴിലാളികളം ബലഹീനരായതുകൊണ്ടു് ആദ്യം കഷ്ടപ്പെടും. യജമാനന്മാരും ക്രമേണ നശിക്കും. അവസാനം രാജ്യം മുഴുവനും നാശത്തിലമരും." വ്യവസായ സംഘടനാ സമ്മേളനം (C. I. O.), അമേരിക്കൻ തൊഴിലാളിഫെഡറേഷൻ (A. F. L.), വ്യാപാരസംഘം, വ്യവസായികളുടെ ദേശീയസംഘം (N. A. M.) എന്നിവയെല്ലാം ഇപ്പോൾ ഏവരുടേയും നാവിന്റെ അറ്റത്താണിന്നു; എന്നാൽ 1883–ൽ ഡെമൂണിന്റെ തൽസംബന്ധമായ അഭിപ്രായങ്ങളം ആരും ശ്രവിച്ചില്ല.

അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അന്നു് അവ
ഗണിക്കുവാനിടയായതു് ഒരു സാമുദായിക വിപ
ത്തായി പരിണമിച്ചു. മുതലാളികളും തൊഴിലാളി
കളും ഏകോപിച്ചുള്ള സംഘടനകളാണു് അദ്ദേഹം
ആവശ്യപ്പെട്ടതു്. അവർ തമ്മിലുള്ള ശത്രുത നീക്കം
ചെയ്യുവാൻ അങ്ങനെയുള്ള സംഘങ്ങളോ ട്രിൽഡു
കളോ വേണമെന്നായിരുന്നു അദ്ദേഹത്തിന്റെ
ബോദ്ധ്യം. അപകട ഇൻഷുറൻസു്, വാർദ്ധക്യപെൻ
ഷൻ, തൊഴിൽരഹിതകാലത്തേക്കു് നഷ്ടപരിഹാരം
തുടങ്ങി തതഃപരമുണ്ടായിട്ടുള്ള സാമുദായിക നിയമ
ങ്ങളും ഗവമ്മെൻറു പാസാക്കുമ്പോൾത്തന്നെ നടപ്പി
ലാക്കുന്നതിനു് ഈ സംഘടനകളേയാണു് ഡെമൂൺ
നിർദ്ദേശിച്ചതു്. ക്ഷേമരാഷ്ട്രം സൃഷ്ടിക്കാതെ മുതലാ
ളികളുടേയും തൊഴിലാളികളുടേയും ക്ഷേമത്തെ
ലാക്കാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം.
ഗവമ്മെൻറു പ്രായോഗികമായ നിയമങ്ങൾ പാസാ
ക്കണം; ട്രിൽഡുകൾ നടപ്പിലാക്കണം. അങ്ങനെ
തൊഴിലാളികൾ തന്നെ അവരുടെ കാര്യം നോക്കി
ക്കൊള്ളും; അവർ കഴിഞ്ഞ ശതാബ്ദത്തിലെന്നപോലെ
രാഷ്ട്രത്തിന്റെ അനാഥക്കുഞ്ഞുങ്ങളാകയില്ല. പ്രതി
നിധിസഭയിൽ ഡെമൂണിന്റെ നിർദ്ദേശങ്ങളെല്ലാം
തള്ളിപ്പോയി. പ്രതിയോഗിയായ ഒരു ലിബറൽ
വാദി പ്രസ്താവിച്ചതു് ഇപ്രകാരമാണു്: "ഒരു
സംഗതി ഇതുയും വാശ്ചിലാസത്തോടുകൂടെ ഇതിനു
മുമ്പു പ്രതിപാദിക്കപ്പെട്ടിട്ടില്ല.....സമുദായത്തിനു്
ഇതുയും ദോഷമുണ്ടാക്കാവുന്ന ഒരു കാര്യവുമില്ല."
വ്യവസായ നിയന്ത്രണത്തിൽ തൊഴിലാളികൾക്കു്
ഒരു പങ്കു കൊടുക്കുന്നതു് വിപൽക്കരമാണെന്നായി
രുന്നു ലിബറൽവാദികളുടെ വിശ്വാസം.

തൊഴിലാളി നിയമനിർമ്മാണം

ഫ്രഞ്ച് നിയമസഭവഴി ഗിൽഡ് പ്രസ്ഥാനം പുനരാരംഭിക്കുവാൻ വേണ്ട നിയമങ്ങൾ പാസാക്കിയെടുക്കുന്നതിനു ഡെമൂണിനു സാധിച്ചില്ലെങ്കിലും വേറേ ചില നല്ല നിയമങ്ങൾ പാസാക്കുന്നതിൽ കൂടേ വിജയം അദ്ദേഹത്തിനുണ്ടായി. സാമുദായിക നിയമനിർമ്മാണത്തെപ്പറ്റി പ്രതിനിധിസഭയിൽ കാര്യക്ഷമമായ നിർദ്ദേശങ്ങൾ നല്കാൻ സാധിച്ചതും ഇടയ്ക്കിടയ്ക്ക് ചില നിയമങ്ങൾ പാസാക്കുവാൻ കഴിഞ്ഞതുമാണു പ്രായോഗികമായി ഡെമൂൺ ചെയ്തിട്ടുള്ള പ്രധാന കാര്യം. കത്തോലിക്കാ സാമുദായിക സിദ്ധാന്തങ്ങൾ ഡെമൂണിനേക്കാൾ ഭേദമായി വിവരിക്കുന്നതിനു ലൂപ്പിനും ലെപ്ലേയ്ക്കും ജർമ്മനിയിൽ ബിഷപ്പ് കെറെലെറിനും സാധിച്ചിട്ടുണ്ട്; എന്നാൽ, ഫ്രഞ്ച് ജനപ്രതിനിധിസഭയിൽ അങ്ങനെയുള്ള നിയമങ്ങളേപ്പറ്റി ഡെമൂണിനേപ്പോലേ ആരും അത്ര വാഗ്ധാടിയോടേ സംസാരിച്ചിട്ടില്ല; ഫ്രഞ്ച് ദേശീയ നിയമാവലിയിൽ അവ ഉൾപ്പെടുത്തുവാൻ വേണ്ട പ്രായോഗികമാർഗ്ഗങ്ങൾ വേറെയാരും അവലംബിച്ചുകാണുന്നില്ല.

ദീർഘകാലത്തേക്കു ഫ്രഞ്ച് പ്രതിനിധിസഭയിൽ സാമുദായിക നവീകരണ നിയമങ്ങൾ ഒന്നല്ലെങ്കിൽ വേറൊന്ന് അവതരിപ്പിച്ചുകൊണ്ടിരുന്നു. അവയെല്ലാം കൂട്ടിച്ചേർത്താൽ പാക്കേർ മൂൺ പറയുന്നതു സാമുദായികവും വൈയവസായികവുമായ ഒരു പ്രായോഗിക നിയമാവലി ഉണ്ടാകുമായിരുന്നുവെന്നും അവയിൽ ചിലതു് അത്യധികം പുരോഗമനപരമായിരുന്നതിനാൽ പല യാഥാസ്ഥിതികന്മാരും അവരെ സോഷ്യലിസ്റ്റുമയമായി കരുതിയിരുന്നുവെന്നുമാണ്.

1876–ൽ പ്രതിനിധിസഭയിൽ പ്രവേശിച്ച പ്രഥമ വത്സരംതന്നെ വ്യവസായകേന്ദ്രങ്ങളിൽ ഗിൽഡുകൾ പുനരുദ്ധരിക്കേണ്ട ആവശ്യകതയെപ്പറ്റി അദ്ദേഹം വാദിച്ചു; തൊഴിലാളി സംഘങ്ങളിൽ തൊഴിലാളികളേയും മുതലാളികളേയും സംയോജിപ്പിച്ചു സംഘടനകൾ ഉണ്ടാക്കണമെന്നു 1883–ൽ വാദിച്ചപ്പോൾ വീണ്ടും ഗിൽഡുകളെപ്പറ്റി പ്രതിപാദിച്ചു. അടുത്ത സംവത്സരങ്ങളിൽ സാമുദായിക നവീകരണ നിയമങ്ങൾ ഓരോന്നായി അവതരിപ്പിക്കുകയെന്ന രാഷ്ട്രീയനയം സ്വീകരിക്കുകയാണു ചെയ്തതു്. അപൂർണ്ണമായ പരിഷ്കാരങ്ങളെന്നാണു് അദ്ദേഹം അവയെ വിളിച്ചതു്. ജോലിസമയം ദിവസംതോറും പതിനൊന്നു മണിക്കൂറായി കുറച്ചതും ഞായറാഴ്ച ദിവസങ്ങളിൽ ജോലികൾ പാടില്ലെന്നവച്ചതും പന്ത്രണ്ടു വയസ്സിൽ കീഴുള്ളവരെ ജോലിക്കു നിയമിച്ചുകൂടെന്നും അപകടനമധികമുള്ള ജോലികളിൽ സ്ത്രീകളെ നിയോഗിക്കരുതെന്നുള്ളതും അദ്ദേഹം സാധിച്ച പരിഷ്കാരങ്ങളാണു്. വാർദ്ധക്യപെൻഷൻ, തൊഴിലാളികൾക്കു് രോഗകാല ഇൻഷുറൻസു്, വ്യവസായാപകട ഇൻഷുറൻസു്, വ്യവസായതർക്കങ്ങൾക്കു് രഞ്ജകസമിതി മുതലായവസംബന്ധിച്ചു ബില്ലുകൾ അദ്ദേഹം ഹാജരാക്കി.

ഈ ബില്ലുകളിൽ ചിലതെല്ലാം പാസാകുകയും ക്രമേണ ഫ്രാൻസിലെ പൊതുനിയമസംഹിതയിൽ അവ ഉൾപ്പെടുകയും ചെയ്തു. ഫ്രഞ്ചു ജനസഭയിൽക്കൂടെ ബില്ലു കടന്നുപോകുമ്പോൾ മുതലാളികൾക്കു് അനുഗുണമാംവണ്ണം ഭേദഗതികളുണ്ടാകുമായിരുന്നു; എന്നാലുകിലും തൊഴിലാളികളുടെ ന്യായമായ അവകാശമെന്നു് അദ്ദേഹം വാദിച്ചിരുന്ന കാര്യങ്ങളിൽ ചിലതു നിയമാവലിയിൽ ഉൾപ്പെട്ടു. 1894–ൽ വ്യവസായ

തൊഴിലാളികൾക്കും 1898–ൽ കർഷകതൊഴിലാളികൾക്കും 1906–ൽ വ്യാപാരിജോലിക്കാർക്കും അപകട ബോണസ് അനുവദിച്ചു. 1910–ൽ വാർദ്ധക്യ ഇൻഷുറൻസു നിർബ്ബന്ധമായി. തൊഴിൽ മണിക്കൂറുകൾ കുറച്ചും ഞായറാഴ്ച ഒഴിവുദിവസമാക്കിയുമുള്ള നിയമങ്ങൾ ക്രമേണയുണ്ടായി. ഇവയെല്ലാം സമുദായത്തിനു തൊഴിലാളികളോടുള്ള കടത്തിന്റെ ഭാഗികമായ മോചനമേ ആയുള്ളുവെന്നു് അദ്ദേഹം വാദിച്ചുകൊണ്ടിരുന്നു. കടം കുറച്ചേ വീട്ടിയുള്ളുവെങ്കിലും തൊഴിലാളികൾക്കു മനുഷ്യരേപ്പോലെ ജീവിക്കുവാൻ സൗകര്യം ഉണ്ടായിത്തുടങ്ങി. ഡെമൂൺ മാത്രമല്ല ഈട്ടല നിയമങ്ങൾക്കുവേണ്ടി വാദിച്ചതു്; എങ്കിലും മറെറല്ലാവരേയും അപേക്ഷിച്ചു ഡെമൂണാണു് ഈട്ടല നിയമനിർമ്മാണത്തിനു മുൻകൈയെടുത്തു പ്രവർത്തിച്ചിട്ടുള്ളതു്.

ജനകീയ ലിബറൽകക്ഷി

കത്തോലിക്കാതത്വങ്ങളനുസരിച്ചു സാമുദായിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഡെമൂൺ ചെയ്തിട്ടുള്ള സേവനമാണു പൂർവ്വഭാഗങ്ങളിൽ വിവരിച്ചിരിക്കുന്നതു്. ഇതാണു് അദ്ദേഹത്തിന്റെ രണ്ടു നേട്ടങ്ങളിലൊന്നു്. ഫ്രഞ്ചു കത്തോലിക്കരുടെ ഇടയിൽ ഒരു രാഷ്ട്രീയ വിപ്ലവമുണ്ടാക്കിയതാണു് അദ്ദേഹത്തിന്റെ രണ്ടാമത്തെ നേട്ടം. രാജാധിപത്യത്തിൽ ദൃഢമായി വിശ്വസിച്ചുപോന്നിരുന്ന ഈ ജനതയെ ജനാധിപത്യ ഭരണരീതിയിലേക്കു മാനസാന്തരപ്പെടുത്തി. പാരമ്പര്യംകൊണ്ടും ചിന്താഗതികൊണ്ടും രാജാധിപത്യത്തിനു പിന്തുണയായി നിന്നിരുന്ന ഡെമൂണിനു് ഈ രാഷ്ട്രീയവിപ്ലവം വളരെ പ്രയാസമായിരുന്നു. എങ്കിലും തന്റെ വാസനകളെ ത്യജി

ച്ചുംകൊണ്ടു് ചെറുപ്പംമുതൽ വെറുക്കുവാൻ ശീലിച്ചി രുന്ന ജനാധിപത്യഭരണരീതിയെ ആത്മാർത്ഥമായി സ്നേഹിക്കേണ്ടതിന്റെ ആവശ്യകത യഥാസമയം മനസ്സിലാക്കിയതിനാൽ തന്റെ ചുമതല ഭംഗിയാ യിട്ടതന്നെ അദ്ദേഹം നിർവ്വഹിച്ചു. തിരുസ്സഭയോടും മാതൃരാജ്യത്തോടുമുള്ള സ്നേഹം നിമിത്തം സ്വന്തം താല്പര്യങ്ങളെ ത്യജിച്ചു ഒരു രാജ്യഭക്തനായ കത്തോ ലിക്കാ ഫ്രഞ്ചു പൗരന്റെ ചരിത്രംതന്നെയാണു രാജാ ധിപത്യഭരണരീതിയിൽനിന്നു ജനാധിപത്യത്തി ലേക്കു ഡെമൂണിനുണ്ടായ മാനസാന്തരം.

1876–ലും 1878–ലും ജനാധിപത്യവാദികനും ഡെമൂണിന്റെ നിയമസഭാസ്ഥാനാർത്ഥിത്വത്തിനു് എതിരായി സ്വീകരിച്ച നിലപാടും റിപ്പബ്ളിക്കൻ നേതാക്കന്മാർ അദ്ദേഹത്തിനെതിരായി ചെയ്ത പ്രസ്താ വനകളിൽ മറഞ്ഞുകിടന്നിരുന്ന ചിന്താഗതിയുമാണു ഡെമൂണിനെ ജനാധിപത്യശത്രുവാക്കിയതു്. ജനാ ധിപത്യം കത്തോലിക്കാസഭയ്ക്കും തൊഴിലാളി കൾക്കും എതിരാണെന്നു തോന്നി, അതിന്റെ പ്രണേ താക്കളുടെ നയം കണ്ടിട്ടു്. ബൂർബൺ കുടുംബത്തിലെ സിംഹാസനാവകാശിയായിരുന്ന ഷാമ്പോർഡു പ്രഭു തിരുസ്സഭയേയും സാമുദായികപരിഷ്കരണത്തേയും അനുകൂലിച്ചു രാഷ്ട്രീയ മുതലെടുക്കുവാൻ പരിശ്രമി ച്ചുമിരുന്നു. ഷാമ്പോർഡിന്റെ നിലപാടു് ഡെമൂ ണിനെ അദ്ദേഹത്തിലേക്കു് ആകർഷിച്ചു. അദ്ദേ ഹത്തെ പിന്താങ്ങിയതുകൊണ്ടാണു കുറേക്കാലത്തേക്കു ഡെമൂണിന്റെ രാഷ്ട്രീയപ്രാധാന്യം കുറഞ്ഞുപോ യതു്. കാലങ്ങളം മുന്നോട്ടു നീങ്ങിയപ്പോൾ ഡെമൂ ണിനു ബോദ്ധ്യമായി രാജാധിപത്യം ഫ്രാൻസിൽ ഇനി വേരുപിടിക്കുകയില്ലെന്നും റിപ്പബ്ളിക്കൻ ഭരണരീതി സ്വീകരിക്കുന്നതു് ഒരു രാഷ്ട്രീയ ആവ

ശ്യമാണെന്നും 1883-ൽ ഷാമ്പോർഡു മരിച്ചതും രാജാധിപത്യവാദികളും പിന്താങ്ങിയിരുന്ന ഫ്രഞ്ചു സൈന്യാധിപൻ ബൂഞ്ചെറിന്റെ പലായനവും രാജാധിപത്യവാദികളുടെ പ്രേരണയിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട സൈനികോദ്യോഗസ്ഥൻ ഡ്രെയിഫസ്സിനെ റിപ്പബ്ലിക്കൻകാർ മോചിച്ചതും ഡെമൂണിൽ കുമ്പെട്ടത്തിരുന്ന ജനാധിപത്യ പ്രതിപത്തിയെ വികസിപ്പിച്ചു. ഈ സംഗതികളിൽനിന്നു ഡെമൂണിനു മനസ്സിലായി ഇനി രാജാധിപത്യത്തെ പിന്താങ്ങുന്നതു പ്രയോജനശൂന്യമാണെന്നും കത്തോലിക്കാതാല്പര്യങ്ങൾക്കും സാമുദായിക പരിഷ്കരണത്തിനും വിനാശകമാണെന്നും.

ജനാധിപത്യവാദികളും രാജാധിപത്യവാദികളും അടങ്ങിയ ഒരു കത്തോലിക്കാ ഐക്യമുന്നണി രൂപവല്ക്കരിക്കുവാൻ 1885 മുതൽക്കുതന്നെ ഡെമൂൺ പരിശ്രമം തുടങ്ങി. കത്തോലിക്കാ തത്ത്വങ്ങളനുസരിച്ചു സാമുദായിക പരിഷ്കരണം സാധിക്കുക, തിരുസ്സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നതായിരുന്നു പുതിയ കക്ഷിയുടെ ഉദ്ദേശങ്ങൾ. ഈ കക്ഷി ഭരണകൂടത്തിന്റെ സ്വഭാവത്തെപ്പറ്റി ചിന്തിക്കാതെ മൂന്നു് അടിസ്ഥാനതത്ത്വങ്ങൾ മുൻനിറുത്തി രൂപവൽകൃതമാകണം. 1) തിരുസ്സഭയുടെ സ്വാതന്ത്ര്യവും സുരക്ഷിതത്വവും. 2) പ്രൊട്ടസ്റ്റന്റുകാരുടെ സംരക്ഷണ, വിവാഹവിശുദ്ധി, മതപരമായ വിദ്യാഭ്യാസത്തിനു് ഉറപ്പു്. 3) ദീർഘനാളായി ഡെമൂൺ ആവശ്യപ്പെട്ടുകൊണ്ടിരുന്ന സാമുദായിക നവീകരണാനുയോജ്യമായ നിയമനിർമ്മാണം. കക്ഷിവ്യത്യാസം വിസ്മരിക്കുവാൻ കത്തോലിക്കർ തയ്യാറാകാഞ്ഞതിനാൽ ഡെമൂൺ ഭാവനംചെയ്ത കക്ഷി രൂപമെടുത്തില്ല. ഇങ്ങനെയൊരു കക്ഷി തല്ക്കാലം ഗുണകരം ആയിരി

ക്കയില്ലെന്നു പേപ്പൽ നൺഷ്യിയോ അഭിപ്രായപ്പെട്ട. അതോടുകൂടി അങ്ങനെയൊരു കക്ഷി വേണ്ടെന്നു ഡെമൂൺ നിശ്ചയിച്ചു.

ഏഴു കൊല്ലം കഴിഞ്ഞു ഫ്രാൻസിലെ ആർച്ചുബിഷപ്പുമാക്കും ബിഷപ്പുമാക്കും വൈദികക്കും കത്തോലിക്കരഖിലക്കുമായി പതിമൂന്നാം ലെയോൺ മാർപ്പാപ്പാ ഒരു തിരുവെഴുത്തയച്ചു. ഡെമൂൺ 1885-ൽ ഭാവനം ചെയ്ത കത്തോലിക്കാ ഐക്യമുന്നണിയെ പൂർണ്ണമായി നീതീകരിച്ചിട്ടുണ്ട് പ്രസ്തുത തിരുവെഴുത്തിൽ. ഏതെങ്കിലും ഭരണരീതി സ്വീകരിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നുള്ളതു തത്വത്തെ സംബന്ധിച്ചിടത്തോളം വാസ്തവമാണെങ്കിലും ഫ്രഞ്ചു പൗരന്മാരെന്ന നിലയിൽ നിലവിലിരിക്കുന്ന ജനാധിപത്യഗവമ്മെൻറിനു കീഴ്പ്പെട്ടുന്നതു കത്തോലിക്കരുടെ കർത്തവ്യമാണെന്നു തിരുമേനി ഉൽബോധിപ്പിച്ചു. വിനാശകരമായ കക്ഷിമത്സരങ്ങൾ കളഞ്ഞു നിലവിലിരിക്കുന്ന ഗവമ്മെൻറിനു വിധേയമായി തിരുസ്സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ ഒത്തുചേരണമെന്നു് ലെയോൺ മാർപ്പാപ്പാ അവരെ ശക്തിയുക്തം ഉപദേശിക്കുകയാണു ചെയ്തതു്. മാർപ്പാപ്പാ തിരുമേനിയുടെ ഉൽബോധനം ഉണ്ടാകുന്നതിനു് ഏഴു കൊല്ലം മുമ്പുതന്നെ ഡെമൂണിൻെറ നിലപാടു് ഇപ്രകാരമായിരുന്നതുകൊണ്ടു് അകൈതവമായ ആത്മാർത്ഥതയോടെ തിരുമേനിയുടെ ഉപദേശം ഡെമൂൺ സ്വീകരിക്കുകയും അതു് പ്രാവർത്തികമാക്കുവാൻ സഹോദരകത്തോലിക്കരെ പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ ഡെമൂണിൻേറയും തിരുസ്സഭയുടേയും നിർഭാഗ്യത്താൽ ഫ്രഞ്ചു കത്തോലിക്കരിൽ ഭൂരിപക്ഷം രാജാധിപത്യവാസനവെടിഞ്ഞു്, ജനാധിപത്യത്തിനു വഴങ്ങിക്കൊടുക്കുവാൻ വിമുഖരായിരുന്നു.

അതിനാൽ ജനപ്രതിനിധിസഭയിൽ ഡെമൂ ണിന്റെ അവസാനത്തെ ഇരുപതു സംവത്സരങ്ങ ളിലെ പ്രവർത്തനങ്ങളും പ്രയോജനശൂന്യംപോലെ തോന്നി. "സന്താപകാലം", "പരാജയവത്സരങ്ങളും" എന്നിങ്ങനെയാണ് ആ ജീവിതഘട്ടത്തെ അദ്ദേഹം സംബോധനംചെയ്തത്. വൈദികാനുഭാവികളും വൈദിക വിദ്വേഷികളും പരസ്പരം മല്ലുപിടിച്ചു ഞ്ഞാൻസു നശിച്ചുകൊണ്ടിരിക്കുന്നതും തിരുസ്സഭക്കെതി രായ നിയമങ്ങളും തുടർച്ചയായി പാസാക്കിക്കൊണ്ടി രിക്കുന്നതും തൊഴിലാളിവർഗ്ഗം അവഗണിക്കപ്പെട്ട ന്നതും അദ്ദേഹം കണ്ടു. തിരുസ്സഭയ്ക്കെതിരായി ശവ മ്മെൻറ കൊണ്ടുവന്നിരുന്ന ബില്ലുകളെയെല്ലാം ഡെമൂൺ എതിർത്തു. ആദ്യകാലങ്ങളിൽ അവയ്ക്കെതി രായി ജനപ്രതിനിധിസഭയിൽ തീപ്പൊരിപ്രസംഗ ങ്ങളാണ് അദ്ദേഹം ചെയ്തിരുന്നതു; പിന്നീട് ശക്തി ക്ഷയിച്ചുതുടങ്ങിയപ്പോൾ തുലികകൊണ്ടു് അതുയും ഓജസ്സോടുകൂടെത്തന്നെ എതിർത്തു. എങ്കിലും പ്രയോ ജനമൊന്നുമുണ്ടായില്ല. സന്ന്യാസസഭകളെയെല്ലാം ശവമ്മെൻറ ബഹിഷ്കരിക്കുകയും, 1801-ൽ തിരുസിം ഹാസനത്തോടു ചെയ്ത ഉടമ്പടി പിൻവലിക്കുകയും, വിദ്യാഭ്യാസരംഗത്തുനിന്നു തിരുസ്സഭയെ തുരത്തുകയും ചെയ്തു. ദൈവാലയവും വസ്തുവകകളുംകൂടി സ്വന്തം ഉടമയിൽ കൊണ്ടുവരുന്നതിനും ശവമ്മെൻറ ശ്രമിച്ചു. നശീകരണജോലി കഴിഞ്ഞതോടുകൂടെ 1914-ൽ ഒന്നാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു.

ഡെമൂണിന്റെ ഹൃദയം കൈപ്പു നിറഞ്ഞുവെ ങ്കിലും നിരാശപ്പെടുകയോ, മാതൃരാജ്യത്തിന്റെ നാശ ത്തിനും യുവ്വനത്തിലെ താല്പര്യങ്ങൾക്കും മുമ്പിൽ അലസമായി കഴിക്കുകയോ ചെയ്തില്ല. സാമൂഹ്യിക പുരോഗതി പ്രായോഗികമാക്കുവാനും തിരുസ്സഭയുടെ

അവകാശങ്ങളും സംരക്ഷിക്കുവാനും അദ്ദേഹം തുടർന്നു പരിശ്രമിച്ചു. മാതൃരാജ്യസ്നേഹവും കത്തോലിക്കാ വിശ്വാസവും യോജിപ്പിച്ചുകൊണ്ടു പോകാവുന്ന ഒരു കത്തോലിക്കാകക്ഷി രൂപവല്ക്കരിക്കുവാൻ വീണ്ടും പ്രയത്നം തുടർന്നു. ആ വിഷമകാലങ്ങളിൽ അദ്ദേഹം ക്ലേശത്തോടേ സമരംചെയ്തുകൊണ്ടു് 20–ാം ശതാബ്ദത്തിൽ ഫ്രഞ്ചു കത്തോലിക്കർക്കു് ഒരു നല്ല പാരമ്പര്യം ഓഹരിയായി കൊടുക്കുവാൻ കഴിഞ്ഞു.

1899–ൽ ജനപ്രതിനിധിസഭയിലെ വേറൊരു കത്തോലിക്കാനേതാവായിരുന്ന ജാകൈസു പിയൂവി നോടുകൂടിച്ചേർന്നു ഡെമൂൺ ജനകീയ ലിബറൽ പാർട്ടി രൂപവല്ക്കരിച്ചു. ഇതായിരുന്നിരിക്കണം ഡെമൂണിന്റെ ജീവിതത്തിലേ ഏറ്റവും പ്രധാനമായിരുന്ന നേട്ടം. ഗവമ്മെൻറിന്റെ വൈദികവിദ്വേഷത്തിൽ പ്രതിഷേധിച്ചുകൊണ്ടുണ്ടാക്കിയ ഈ കക്ഷി ജനാധിപത്യഭരണരീതി സ്വീകരിക്കുകയും അവരുടെ വൈദികവിദ്വേഷവും ലിബറലിസവും ത്യജിക്കുകയും ചെയ്തു. കക്ഷിയുടെ മാനിഫെസ്റ്റോയിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഈ കക്ഷിക്കു ജനകീയകക്ഷി എന്നു പേരിട്ടിരിക്കുന്നതു് ഇതിന്റെ ശക്തി ജനങ്ങളിൽനിന്നുണ്ടാകുന്നതുകൊണ്ടാണു്. തിരഞ്ഞെടുപ്പിനു മുമ്പു തൊഴിലാളികളോടു വാഗ്ദാനങ്ങളും പലതു ചെയ്യുകയും പിന്നീടു് ആ വാഗ്ദാനങ്ങളെ അവഗണിക്കുകയുമാണു സാധാരണമായി ചെയ്തുകൊണ്ടിരിക്കുന്നതു്. ഈ കക്ഷി സർവ്വോപരി തൊഴിലാളിതാല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളും." കക്ഷിയുടെ പ്രസംഗവേദികളിൽ ഡെമൂണിന്റെ സാമൂഹ്യികപ്രവർത്തനങ്ങളേപ്പറ്റിയാണു പ്രതിപാദിച്ചിരുന്നതു്. 1899–ൽ പ്രസിദ്ധംചെയ്യപ്പെട്ട റേരും നൊവാരും എന്ന തിരുവെഴുത്തിനുശേഷം കോർപ്പറെയിറ്റ്

സമ്പ്രദായം എന്നു് അറിയപ്പെട്ടിരുന്ന പഴയ ഗിൽഡുകളേയും ന്യായമായ നിയമനങ്ങൾവഴി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചു മതവിശ്വാസം പ്രബലപ്പെടുത്തുന്നതിനേയും സമ്പന്നരുടെ ചൂഷണങ്ങളിൽനിന്നു ജനങ്ങളെ വിമോചിച്ചു രാജ്യത്തെ ശരിയായ അർത്ഥത്തിൽ ഒരു ജനാധിപത്യമാക്കുന്നതിനേയും പറ്റി കക്ഷിയോഗങ്ങളിൽ സുദീർഘമായി ഡെമൂൺ പ്രസംഗിച്ചുകൊണ്ടിരുന്നു.

ജനകീയ ലിബറൽകക്ഷിയിലെ പല അംഗങ്ങളിൽ ഒരാൾ മാത്രമേ ഡെമൂൺ ആയിരുന്നുള്ളുവെങ്കിലും അദ്ദേഹമാണു കക്ഷിയുടെ കത്തോലിക്കാ സാമുദായികസ്വഭാവം സംരക്ഷിച്ചുകൊണ്ടുപോന്നതു്. 1914–ൽ ഡെമൂൺ ദിവംഗതനായ നാൾമുതൽ കത്തോലിക്കാസഭയുടെ സാമുദായികതത്പരങ്ങൾ പുലർത്തിക്കൊണ്ടുപോന്നിട്ടുള്ളതു് ഈ കക്ഷിയാണു്. പത്തൊമ്പതാം ശതാബ്ദത്തിലെ ചൈതന്യം ഫ്രഞ്ചു കത്തോലിക്കാസമുദായത്തിനു് ഓഹരിയായി നല്കിയിട്ടുള്ളതാണു് ഈ കക്ഷി. ബ്രിഡോൾട്ടിന്റെ നേതൃത്വത്തിൽ ഇന്നു ഫ്രാൻസിലുള്ള കക്ഷി ഡെമൂണിന്റെ ജനകീയ ലിബറൽകക്ഷിയായി വളർന്നുവന്നിട്ടുള്ളതു്.

പ്രഥമ ലോകസമരം

ഒസാനാമിനേപ്പോലെയോ, വിന്തോഴ്സ്റ്റിനേപ്പോലെയോ ഡെമൂണിനു തന്റെ അദ്ധ്വാനങ്ങളുടെ ഫലം കാണാൻ കഴിഞ്ഞില്ല; കാരണം, അദ്ദേഹത്തിന്റെ ഉദ്ദേശങ്ങൾ പൂർത്തിയാകുന്നതിനുമുമ്പു് അദ്ദേഹം ദിവംഗതനായി. ദരിദ്രർക്കും മാതൃരാജ്യത്തിനും കത്തോലിക്കാസഭയ്ക്കും വേണ്ടി അദ്ദേഹം

കരിശ്ശുയുദ്ധം നടത്തി; എന്നാൽ, മരണത്തിനു് ആറു മാസം മുമ്പു് ഈ മൂന്നും വിനാശത്തിന്റെ വിളുമ്പിൽ എത്തിയതുപോലെ അദ്ദേഹത്തിനു തോന്നി. മനുഷ്യസഹജമായ ഹ്രസ്വദൃഷ്ടിയോടെ വീക്ഷിക്കുകയാണെങ്കിൽ ഡെമൂണിന്റെ ജീവിതം ഒരു പരാജയമായിരുന്നുവെന്നു വരാം. എന്നാൽ, ദൈവപരിപാലനയുടെ പ്രവർത്തനത്തിന്റെ നിഗൂഢവൈഭവത്താലും, മനുഷ്യന്റെ ചിലപ്പോഴത്തെ അസാധാരണമായ പെരുമാറ്റവിശേഷത്താലും ഈ ഫ്രഞ്ചു കത്തോലിക്കാ അൽമേനിക്കു രാജ്യത്തിന്റെ ചരിത്രത്തിലെ എത്രയും മഹനീയമായ ചില ഏടുകൾ നേടുന്നതിനു അന്തിമ മാസങ്ങളിൽ സാധിച്ചു. ഡെമൂൺ മരിക്കാറായപ്പോൾ ഫ്രാൻസിന്റെ കണ്ണിലുണ്ണിയായി; അദ്ദേഹത്തിന്റെ ചരമം രാജ്യത്തിന്റെ തീരാനഷ്ടമായി ഗണിക്കപ്പെട്ടു.

മരണംവരെ ജനപ്രതിനിധിസഭയിലേക്കു വീണ്ടും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടുവെങ്കിലും ഇരുപതാം ശതാബ്ദത്തിന്റെ ആരംഭംമുതൽ രാഷ്ട്രീയകാര്യങ്ങളിൽ അത്ര പ്രധാനമായ പങ്കു് അദ്ദേഹം വഹിച്ചില്ല. ഗുരുതരമായ ഹൃദ്രോഗം അദ്ദേഹത്തെ സ്വഭവനത്തിൽ ഒതുക്കിനിറുത്തുകയാണു ചെയ്തതു്; അങ്ങനെ, അദ്ദേഹം തുലികാപ്രയോഗം ആരംഭിക്കുവാനിടയായി. എന്നാൽ, 1914–ൽ പ്രഥമ ലോകസമരം സമാരംഭിച്ചതോടുകൂടി വീട്ടിലെ ഒഴിഞ്ഞ ജീവിതത്തിൽനിന്നു ബഹിർഗ്ഗമിക്കുവാൻ അദ്ദേഹം വെമ്പൽകൊണ്ടു; കാരണം, ആ ഫ്രഞ്ചു ചിന്തകന്റെ ഉള്ളിൽ കുടികൊണ്ടിരുന്നതു് അനേക സംവത്സരങ്ങളായി സമരസേവനം ചെയ്യ പ്രശസ്തിനേടിയിട്ടുള്ള ഒരു കുടുംബത്തിലെ സൈനികരക്തമാണു്. എന്നാൽ, ഡെമൂണിനു് അന്നു വാൾ കൈയിലെടുക്കുവാനോ

നാവു് എടുത്തു പ്രയോഗിക്കുവാനോ കഴിവില്ലാത്തതിനാൽ തുലിക നല്ല വീറോടെ ചലിപ്പിച്ചു.

യുദ്ധത്തിന്റെ പ്രഥമ മാസങ്ങളിൽ പാരീസു് അപകടത്തിലായിരുന്നു. അക്കാലത്തു "പാരീസു പ്രതിധ്വനി" എന്ന പ്രസിദ്ധീകരണത്തിൽ അദ്ദേഹം എഴുതിയിരുന്ന ലേഖനങ്ങളേപ്പറ്റി പോം ബൂർഷെ പറഞ്ഞതു് അവ രാജ്യത്തിന്റെ ഹൃദയസ്പന്ദനമാണെന്നാണു്. പടയാളികൾക്കുള്ള ലഘുലേഖയിൽ ദിവസംതോറും അദ്ദേഹം എഴുതിയിരുന്നു. അദ്ദേഹത്തിന്റെ ഉജ്ജ്വലമായ പ്രഭാഷണങ്ങളും യുവാക്കളെ പ്രബുദ്ധരാക്കി. സിവിലിയൻ ജനതയ്ക്കു് അദ്ദേഹം നല്കിയ സന്ദേശങ്ങളെ ആസ്പദമാക്കി അദ്ദേഹത്തെ വിളിച്ചിരുന്നതു് "മാതാപിതാക്കളുടെ ആശ്വാസകൻ" എന്നാണു്. ഈദൃശമായ പ്രവർത്തനങ്ങളും ആത്മാഹുതിപരമാണെന്നു സ്നേഹിതന്മാർ ഉണർത്തിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി നല്കി: "പോക്കളത്തിൽ അടരാടി മരിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ മാതൃകാരാജ്യത്തിനുവേണ്ടി തുലികായോധനം ചെയ്യുന്നതിനേക്കാൾ മഹത്തരമായി ഒരു യോദ്ധാവിനു് എന്തു് ആഗ്രഹിക്കുവാൻ കഴിയും?"

ഫ്രാൻസിന്റെ അന്ധകാരമയമായ നാളുകളിലും ഡെമൂൺ നിരാശപ്പെട്ടില്ല. ഒക്ടോബറിൽ അദ്ദേഹം മരിച്ചപ്പോഴേക്കു പാരീസിലേക്കുള്ള ജർമ്മൻകാരുടെ ഇരച്ചുകയറ്റം നിലച്ചു. യുദ്ധം പാശ്ചാത്യരംഗത്തു് അങ്ങനെ തണുത്തു കിടപ്പായി. ആ സ്ഥിതിയാണു നാലു കൊല്ലത്തേക്കു നീണ്ടുനിന്നതു്. അദ്ദേഹത്തിന്റെ പഴയ ശത്രുക്കൾപോലും അദ്ദേഹത്തെ പ്രശംസിക്കുകയും ഫ്രഞ്ചു ചരിത്രത്തിലേ ആ കഷ്ടകാലങ്ങളിൽ രാജ്യസ്നേഹലക്ഷ്യമായ അദ്ദേഹത്തിന്റെ

പ്രവർത്തനങ്ങളെ എത്രയും വിലമതിക്കുകയും ചെയ്തു. ഫ്രാൻസിലെ പ്രഥമഗണനീയമായ ഒരു പ്രസിദ്ധീകരണം ഡെമൂണിന്റെ മരണാവസരത്തിൽ നിർദ്ദേശിച്ച ശിലാലിഖിതത്തിനു് ഏവരും തലകുലുക്കി സമ്മതം അരുളാതിരിക്കയില്ല : " ഫ്രാൻസിനു വേണ്ടി മനഃപൂർവ്വം സ്വമനസാ ജീവൻ വെടിഞ്ഞ ഷാൽബെർട്ട ഡെമൂൺ യഥാർത്ഥത്തിൽ പോക്കളത്തിലാണു നിപതിച്ചതു്. " നല്ല കത്തോലിക്കക്കു നല്ല ഫ്രഞ്ചു പൗരന്മാരാകുവാൻ സാധിക്കുകയില്ലെന്നുള്ള റിപ്പബ്ലിക്കൻകാരുടെ പ്രസ്താവന എത്രകണ്ടു് അടിസ്ഥാനരഹിതമാണെന്നു വ്യക്തമാക്കിയ വൈദികരും അൽമേനികളും ഉൾപ്പെട്ടന്ന ലക്ഷോപലക്ഷം ഫ്രഞ്ചു കത്തോലിക്കരിൽ ഒരാളാണു ഡെമൂൺ. പ്രഥമ ലോകസമരത്തിലേ പരിശ്രമങ്ങൾവഴി തിരുസ്സഭയ്ക്കു ഫ്രാൻസിൽ സ്വാതന്ത്ര്യം നേടിയ ഒരു കത്തോലിക്കനാണു് അദ്ദേഹം.

ഡെമൂണിന്റെ ജീവിത നേട്ടങ്ങൾ

ലിബറൽവാദികൾ, പിൻതിരിപ്പൻ എന്നിങ്ങനെ ലേബലുകൾ ഒട്ടിച്ചു ചിന്തിക്കുന്നവർക്കു തോന്നിയേക്കാം യാഥാസ്ഥിതികനായ ഡെമൂൺ ഒരു സമൂല വിപ്ലവകാരിയാണെന്നു പറയുന്നതു വിസ്മയാവഹമാണെന്നു്. എന്നാൽ, അതാണു വാസ്തവം. ക്രിസ്തീയതത്ത്വങ്ങളനുസരിച്ചു് ഒരു വിപ്ലവം ഉണ്ടാകണമെന്നു് അദ്ദേഹം അഭിലഷിച്ചു. ക്രിസ്തുവിന്റെ ഒരു അൽമായയോദ്ധാവെന്നനിലയിൽ തന്റെ നേതാവിന്റെ നിയമങ്ങൾ അന്നത്തെ സമുദായത്തിൽ അദ്ദേഹം പ്രയോഗിച്ചു. ക്രിസ്തീയതത്ത്വങ്ങൾ വിപ്ലവാത്മകമായതുകൊണ്ടു ലിബറൽവാദികൾ എതിർത്തു. ഒരോരുത്തരും അവനവന്റെ ഇഷ്ടംപോലെ ചെയ്യുവാൻ

സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു ശഠിച്ചിരുന്ന ലിബറലിസമാണു തൃതീയ ഫ്രഞ്ചു റിപ്പബ്ളിക്കിനെ നിയന്ത്രിച്ചിരുന്നതു്. ഒരു കോർപ്പറേറ്റീവ് സമ്പ്രദായത്തെ ഉദ്ദേശിച്ചു് അത്തരം ലിബറലിസത്തെ ബഹിഷ്കരിക്കുവാൻ ഡെമൂൺ ഉത്സാഹിച്ചു. കത്തോലിക്കാകേന്ദ്രങ്ങളിൽക്കൂടി ഡെമൂൺ ഒരു വിപ്ലവകാരിയായിട്ടു തോന്നി. രാജാധിപത്യവാദത്തിൽ അമർന്നിരുന്ന ശള്ളിക്കൻ കത്തോലിക്കർക്കു റിപ്പബ്ളിക്കൻ ഗവമ്മെൻറിനോടു ഡെമൂൺ പ്രകാശിപ്പിച്ച താല്പര്യം രസിച്ചില്ല.

ഡെമൂണിനു തൻെറ ആദർശങ്ങളും നടപ്പായിക്കാണാൻ ഭാഗ്യം സിദ്ധിച്ചില്ലെങ്കിലും ശിൽഡ് അഥവാ കോർപ്പറേറ്റീവ് സമ്പ്രദായം എന്ന അദ്ദേഹത്തിൻെറ സാമ്പത്തിക വിപ്ലവപദ്ധതിയേയും ജനാധിപത്യത്തിനുവേണ്ടിയുള്ള രാഷ്ട്രീയ വിപ്ലവത്തേയും മാർപ്പാപ്പാ തിരുമേനി അംഗീകരിച്ചാശീർവ്വദിച്ചതു് അദ്ദേഹത്തിനു് അതീവസംതൃപ്തി നല്കി. ഫ്രഞ്ചു പ്രതിനിധിസഭയിൽ ഡെമൂൺ വാദിച്ചിരുന്ന കാര്യങ്ങളാണു് "റേരും നൊവാരും" എന്ന തിരുവെഴുത്തിൽ കാണുന്നതു്. ജനാധിപത്യത്തെ പിന്താങ്ങുവാൻ പതിമൂന്നാം ലെയോൻ മാർപ്പാപ്പാ ഫ്രഞ്ചുകാക്കു കൊടുത്ത ആഹ്വാനം ഏഴു കൊല്ലമായിട്ടു് അദ്ദേഹം നിരന്തരം ഭാവനംചെയ്തിരുന്ന ഒരാദർശമാണു്. 1892 ഡിസംബർ 18–ാംനു- സെൻറ് സ്റ്റീഫൻ എന്ന സ്ഥലത്തുവച്ചു ചെയ്ത പ്രസിദ്ധ പ്രസംഗത്തിൽ രണ്ടു പേപ്പൽ പ്രസ്താവനകളേയും ഉൾപ്പെടുത്തി തൻെറ വിപ്ലവാത്മകമായ നയം ഒന്നുകൂടി ഉറപ്പിച്ചു പ്രസ്താവിച്ചു. കുറേ വാരങ്ങൾക്കുശേഷം പതിമൂന്നാം ലെയോൻ മാർപ്പാപ്പാ ഡെമൂണിനു് അയച്ചുകൊടുത്ത ഒരു തിരുവെഴുത്തിൽ തിരു

മേനി പ്രസ്താവിക്കുകയുണ്ടായി ഡെമൂൺ തിരുവെഴുത്തുകൾ ശരിയായിത്തന്നെയാണു വ്യാഖ്യാനിച്ചതെന്നു്. തിരുമേനി ഇപ്രകാരമെഴുതി: "താങ്കളുടെ പ്രസംഗം നാം വായിച്ചു; അതു നമുക്കു് എത്രയും ഇഷ്ടപ്പെട്ടു. താങ്കൾ ന്യായമായി അർഹിക്കുന്ന പ്രശംസ താങ്കൾക്കു ലഭിക്കുന്നതോടൊപ്പം താങ്കളുടെ മഹത്തായ പരിശ്രമങ്ങൾ തുടർന്നുകൊണ്ടുപോകണമെന്നു നാം ഉപദേശിക്കുന്നു. താങ്കൾക്കുള്ളതുപോലെയുള്ള ഭക്തിയും വിശാലവീക്ഷണവുമുള്ള ധാരാളംപേർ ഫ്രാൻസിന്റെ പുനരുത്ഥാനത്തിനായിട്ടു മുന്നോട്ടു വരുമാറാകട്ടെ."

തന്റെ കാലത്തും നമ്മുടെ കാലത്തുമുള്ള വ്യവസായപ്രശ്നങ്ങൾക്കു ക്രിസ്തീയതത്ത്വങ്ങളനുസരിച്ചുള്ള പരിഹാരം കണ്ടുപിടിക്കുവാൻ പരിശ്രമിച്ചവരിൽ പ്രഥമഗണനീയനാണു ഡെമൂൺ. "റേരും നൊവാരും", "കപാഡ്രാജേസിമോ ആണോ" എന്നീ രണ്ടു ചാക്രിക ലേഖനങ്ങളിൽ വ്യക്തമായിരിക്കുന്ന കത്തോലിക്കാ സാമൂഹ്യികതത്ത്വങ്ങളനുസരിച്ചു സാമൂഹ്യിക പരിഷ്കാരം സാധിക്കുവാൻ ആദ്യമായി പരിശ്രമിച്ചതു് അദ്ദേഹമാണു്. അങ്ങനെ, പൗളിൻ ഷാരിക്കോയും ഒസാനാമും സമാരംഭിച്ച ജോലി ഡെമൂൺ ഒരു പടികൂടി മുന്നോട്ടു കൊണ്ടുപോയി; കാരണം, നീതിയനുസരിച്ചു തൊഴിലാളിക്കു കിട്ടാനുള്ളതു് നിയമനിർമ്മാണംവഴി സാധിക്കുവാനാണു് അദ്ദേഹം പരിശ്രമിച്ചിരുന്നതു്. അദ്ദേഹത്തിന്റെ പരിഷ്കാരങ്ങളിൽ ചിലതു് അക്കാലത്തുതന്നെ സ്വീകൃതമായി; മറ്റു ചിലതു് പിന്നീടു സ്വീകരിച്ചു. എന്നാൽ, ആധുനിക ലോകത്തിൽ ഒരിടത്തും കത്തോലിക്കാ സാമൂഹ്യിക പരിഷ്കരണം പൂർണ്ണമായി നടപ്പിലായിട്ടില്ല.

ഡെമൂണിന്റെ പരിഷ്കാരങ്ങളും മുഴുവനും ഫ്രഞ്ച് നിയമാവലിയിൽ ഉൾക്കൊള്ളിച്ചില്ലെന്നുള്ളതു കൊണ്ടു മാത്രം അദ്ദേഹത്തിന്റെ ജീവിതം പരാജയമായെന്നു വിധിയെഴുതാൻപാടില്ല. തൊഴിലാളികൾക്കു വളരെ ഉപകാരപ്രദമായിരുന്നതും കത്തോലിക്കാ സാമുദായികതത്ത്വങ്ങൾ പ്രചരിപ്പിക്കുവാൻ വളരെ സഹായിച്ചിട്ടുള്ളതുമായ കത്തോലിക്കാ തൊഴിലാളിക്ലബ്ബുകളുടെ ആത്മാവും മസ്തിഷ്കവും ഡെമൂൺ തന്നെയാണ്. ജനപ്രതിനിധിസഭയിൽ തൊഴിലാളിക്കുവേണ്ടിയും സാമുദായിക നീതിക്കുവേണ്ടിയും അദ്ദേഹം തീവ്രമായി വാദിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അവരുടെ അവശതകളെ വെളിച്ചത്തേക്കു കൊണ്ടുവന്നു. തിരുസ്സഭയേയും മാതൃരാജ്യത്തേയും 1871 മുതൽ ഫ്രാൻസിലെ സാധുജനങ്ങളേയും സേവിച്ചു് ഡെമൂൺ തന്റെ കുടുംബത്തിന്റെ മുദ്രാവാക്യം അന്വർത്ഥമാക്കി. വിശ്വസ്തമായ അദ്ദേഹത്തിന്റെ സേവനം ഫ്രാൻസിന്റെ തറവാട്ടുസ്വത്തായി. ഒരു നിയമമോ ക്ലബ്ബോ പോലെ, അളന്നു തൂക്കാവുന്ന ഒന്നല്ല അതു്. ഇരുപതാം നൂറ്റാണ്ടിൽ ഫ്രഞ്ച് കത്തോലിക്കർക്കു് എന്നെന്നും ഉത്തേജകവും അമൂല്യവുമായ ഒരു നിധിയായിട്ടുണ്ടു് ആ തറവാട്ടുസ്വത്തു്.



ലുഡ്വിഗ് വിന്തോഴ്സ്റ്റ്

(LUDWIG WINDTHORST)

സ്ഥലകാലസാഹചര്യങ്ങളും ചരിത്രപുരുഷന്മാരുടെ പ്രശസ്തിക്കു ചിലപ്പോൾ ആശ്ചര്യകരമായ കോട്ടം വരുത്തിയിട്ടുണ്ട്. തടിയനായ ഗോലിയാത്തിനോട് ഒരു വിധത്തിലും കിടപിടിക്കുവാൻ വഹിയാത്ത ഒരു പിഞ്ചു ബാലനായിട്ടാണ കവണിയുമെടുത്ത് ആ രാക്ഷസവീരനെ അഭിമുഖീകരിച്ച ദാവീദിനെ നാം സാധാരണ ഭാവനംചെയ്യുന്നത്. എന്നാൽ, ഇസ്രായേൽ ജനങ്ങൾക്കുണ്ടായിട്ടുള്ള രാജാക്കന്മാരിൽ അഗ്രഗണ്യനും സങ്കീർത്തനകൃത്തും പ്രതാപവാനുമായ ഒരു മന്നവനായിരുന്ന

ദാവീദെന്നുള്ളകാരൃം പലപ്പോഴും നാം അനുസ്മരിക്കുന്നില്ല.

ദാവീദിനേറതെന്നപോലെ വിന്തോഴ്സ്റ്റിനെറ പ്രശസ്തിക്കും ഇങ്ങനെയൊരു ഗതിയുണ്ടായിട്ടുണ്ട്. മഹത്തായ ജർമ്മൻ സാമ്രാജ്യത്തിനെറ മഹത്വമേറിയ വിധാതാവായ ഓട്ടോ വോൺ ബിസ്മാർക്കിനെ ചെറുത്ത ഏക വ്യക്തിയാണ വിന്തോഴ്സ്റ്റ്. ക്രൂരനായ വിന്തോഴ്സ്റ്റും രാക്ഷസനായ ബിസ്മാർക്കും തമ്മിലുള്ള മത്സരം ഇരുപതു സംവത്സരത്തോളം നീണ്ടുനിന്നു; അവസാനം ബിസ്മാർക്കു തീരെ പരാജിതനായി. ആധുനിക ഗോലിയാത്തു 1890-ൽ അജ്ഞാതവാസത്തിലമർന്നു; എന്നാൽ, ആധുനിക ദാവിദ് വാർദ്ധകൃത്തിൽ യൂറോപ്പു മുഴുവനും പ്രകീർത്തിതനായി. തദാനീന്തകാലങ്ങളിൽ ജനപ്രതിനിധിസഭയിലെ പ്രധാന വാദപ്രതിവാദി, പ്രഥമശ്രേണീയനായ കക്ഷിസംഘടനക്കാരൻ, രാഷ്ട്രീയ നേതാവു്, ജർമ്മൻ പൗരന്മാരുടെ നീതിയുക്തമായ അവകാശങ്ങളേയും സ്വാതന്ത്ര്യത്തേയും തകർക്കുവാൻ ഉദ്യമിച്ച ആധുനിക ഗോലിയാത്തിനു ചുട്ടടികൊടുത്ത സമരകാരി — ഇങ്ങനെ വിവിധ തുറകളിൽ അദ്ദേഹം വിരാജിച്ചു.

ഈ ആധുനിക ദാവീദിനെറ മഹത്വത്തിനു നിദാനമായി നിന്നിരുന്ന ഇതരവശങ്ങളം യൂറോപ്യന്മാർ പ്രായേണ വിസ്മരിക്കുകയാണു്. അദ്ദേഹം ജർമ്മൻ കത്തോലിക്കരുടെ അനിഷേധ്യനേതാവായിരുന്നു. വ്യവസായീകൃതമായ ആധുനികലോകത്തിൽ നീതി സംലബ്ധമാകുന്നതിനും സോഷ്യലിസ്റ്റ് അബദ്ധങ്ങളിൽ നിന്നു വിമോചനം പ്രാപിക്കുന്നതിനും സാമൂഹായിക നീതി അഭ്യസിക്കുകയും പ്രസംഗിക്കുകയും

ചെയ്യേണ്ട ആവശ്യകത നിത്യസ്മരണാർഹനായ പതിമൂന്നാം ലെയോൻ മാർപ്പാപ്പായോടും ബിഷപ്പ് വോൺ കെറ്റ്ലറോടുമൊപ്പം വിന്തോഴ്സ്റ്റ് ശരിയായി ഗർഗ്ഗിച്ചിരുന്നു. അദ്ദേഹം ഒരു നല്ല മനുഷ്യനായിരുന്നുവെന്നു മാത്രമല്ല, കഴിവിൽ കവിഞ്ഞു ധർമ്മകാര്യങ്ങൾക്കു സഹായം നല്കുന്ന ഒരു ധർമ്മിഷ്ഠനുമായിരുന്നു. തിരുസ്സഭയ്ക്കുവേണ്ടി സമരം ചെയ്യുവാൻ തന്റെ സമയവും ഓജസ്സും ലോഭംവിനാ അദ്ദേഹം സമർപ്പിച്ചു. പ്രസ്തുത സമരത്തിൽ സ്വാർത്ഥം തേടുകയോ നീചമായ തന്ത്രങ്ങൾ സ്വീകരിക്കുയോ ചെയ്തിട്ടില്ലാത്തതിനാൽ വ്യക്തിപരമായ ശത്രുത ആർക്കും അദ്ദേഹത്തോടുണ്ടായിരുന്നില്ല. ബിസ്മാർക്കിനെ പരാജയപ്പെടുത്തിയ വീരനായി മാത്രം വിന്തോഴ്സ്റ്റിനെ വീക്ഷിക്കുന്നവർ സാധാരണമായി ഈ സംഗതികൾ ചിന്തിക്കാറില്ല.

ഒക്കോണലും മോണ്ടലമ്പെറും അവലംബിച്ച പഥത്തിലൂടെയാണു വിന്തോഴ്സ്റ്റും നടന്നതു്. രാഷ്ട്രത്തിന്റെ സ്വേച്ഛാധിപത്യത്തിൽനിന്നു തിരുസ്സഭയെ സംരക്ഷിക്കുവാനായി തിരുസ്സഭാശത്രുക്കളോടു സഹകരിക്കാതെ ജനപ്രതിനിധിസഭയിൽ ഒറ്റക്കെട്ടായി നിന്നു പ്രവർത്തിക്കുന്നതിനു് ഒരു കത്തോലിക്കാകക്ഷി രൂപവല്ക്കരിക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റേയും പ്രധാനോദ്ദേശ്യം. ഒക്കോണലിനും മോണ്ടലമ്പെറിനും അനുഭവപ്പെട്ട ലഘുവായ വിജയങ്ങളും വമ്പിച്ച പരാജയങ്ങളും വിജയസാദ്ധ്യതയില്ലെന്നുള്ള പ്രതീതിയാണു് വിന്തോഴ്സ്റ്റിനു് ആരംഭത്തിലുണ്ടായ അനുഭവം.

എന്നുവരുകിലും മോണ്ടലമ്പെറിനും ഒക്കോണലിനുമുണ്ടായതിനേക്കാൾ ഭേദമായ ഒരന്ത്യമായിരുന്നു

അദ്ദേഹത്തിന്റെ പരിശ്രമങ്ങൾക്കുണ്ടായതു്. ഐറിഷു നേതാവിനു് ഭാഗികമായ ഒരു വിജയമുണ്ടായി; അനന്തരം വിജയസാദ്ധ്യത കാണാതെ അദ്ദേഹം ചഞ്ചലനായിത്തീർന്നു. മോണ്ടലമ്പെറിനും ലഘുവായ ഒരു വിജയമുണ്ടായി; എന്നാൽ, സർവ്വേശ്വരനും സ്വാതന്ത്ര്യത്തിനുംവേണ്ടി പോരാടുവാൻ സന്നദ്ധമായ ഒരു കത്തോലിക്കാകക്ഷി രൂപവല്ക്കരിക്കുവാനുള്ള പ്രയത്നം വിഫലമായതേയുള്ളു. പന്ത്രണ്ടു കൊല്ലത്തെ സ്ഥിരപരിശ്രമംവഴി സെൻറർ പാർട്ടി സമർത്ഥമായി രൂപവല്ക്കരിക്കുവാനും ബിസ്മാർക്കിനെ പരാജയപ്പെടുത്തുവാനും വിന്തോഴ്സ്റ്റിനു സാധിച്ചു. അയർലൻഡിൽ ഒക്കോണലും ഫ്രാൻസിൽ മോണ്ടലമ്പെറും ഭാവനാചെയ്ത കാര്യം ജർമ്മൻ സാമ്രാജ്യത്തിൽ നിറവേറുന്നതു കാണുവാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി.

വിന്തോഴ്സ്റ്റിന്റെ വിജയത്തിനു രണ്ടു കാരണങ്ങൾ സഹായിച്ചിട്ടുണ്ടു്: ഒന്നു് ജർമ്മൻ പൗരന്മാരുടെ അച്ചടക്കബോധം, രണ്ടു് അദ്ദേഹം മോണ്ടലമ്പെറിന്റെ പ്രവർത്തനകാലം കഴിഞ്ഞു രണ്ടു ദശാബ്ദത്തിനു ശേഷമാണു പരിശ്രമിച്ചതെന്നതുതന്നെ. സമയവും സാഹചര്യങ്ങളും മോണ്ടലമ്പെറിനും ഒക്കോണലിനും പ്രതികൂലമായിരുന്നു; എന്നാൽ, വിന്തോഴ്സ്റ്റിനു് അവ അനുകൂലമായി വർത്തിച്ചു. സോഷ്യലിസമാകുന്ന ഖഡ്ഗം ആ ക്ഷുദ്രപ്രഭുവിന്റെ ശിരസ്സിൽ തൂങ്ങിക്കിടന്നിരുന്നതുനിമിത്തം അദ്ദേഹം തൃതീയ നെപ്പോളിയന്റെ സ്വേച്ഛാധിപത്യത്തിനു് അടിപ്പെട്ടുപോയി; എന്നാൽ, ജർമ്മനിയിൽ ബിസ്മാർക്കു വിന്തോഴ്സ്റ്റിന്റെ അവകാശവാദങ്ങൾ അംഗീകരിക്കുകയാണു ചെയ്തതു്. വളർന്നുവന്നിരുന്ന യുവജനങ്ങൾ ഒക്കോണലിനേറെയും മോണ്ടലമ്പെറിനേറെയും നേതൃത്വത്തെ വലിച്ചു ദൂരെ എറിഞ്ഞു;

എന്നാൽ, ജർമ്മൻ കത്തോലിക്കർ വിന്തോഴ്സ്റ്റിന്റെ അന്തിമനിമിഷംവരെ അദ്ദേഹത്തെ അനുധാവനം ചെയ്തു. ഒക്കോണലിനും മോണ്ടലമ്പെറിനും ദൃഢചിത്തനായ ഒമ്പതാം പീയൂസും മാർപ്പാപ്പായിൽനിന്നു നയതന്ത്രപരമായോ രാഷ്ട്രീയമായോ സഹായമൊന്നും ലഭിച്ചില്ല; എന്നാൽ, വിന്തോഴ്സ്റ്റിന്റെ വിജയനിമിഷത്തിൽ പ്രശാന്തനും വിജ്ഞനുമായ പതിമൂന്നാം ലെയോൻ മാർപ്പാപ്പായിൽനിന്നു ഗണ്യമായ സഹായം ലഭിച്ചു. ഈ സംഗതികളും വ്യക്തിപരമായി വിന്തോഴ്സ്റ്റിനുണ്ടായിരുന്ന കഴിവുകളും കൂടി ചേർന്നാണു് തിരുസ്സഭയ്ക്കുവേണ്ടിയുള്ള സമരത്തിൽ അദ്ദേഹം വിജയം കൈവരിച്ചതു്.

സംക്ഷിപ്ത ജീവചരിത്രം

ഹനോവർ രാജ്യത്തിൽ ഒസ്നബ്രൂക്കു നഗരത്തിനു സമീപം കെൽഡെൽഹോഫ് എന്ന സ്ഥലത്തു 1812-ൽ വിന്തോഴ്സ്റ്റ് ഭൂജാതനായി. സിവിൽ നിയമത്തിലും കാനൺ നിയമത്തിലും പിതാവു ഡോക്ടർ ബിരുദം നേടിയിരുന്നെങ്കിലും അനാർഭാടകമായ കർഷകജീവിതമാണു് അദ്ദേഹം നയിച്ചതു്. ഇങ്ങനെ, സമ്പൽസമൃദ്ധവും വിദ്യാസമ്പന്നവുമായ ഒരുത്തര ജർമ്മൻ കുടുംബത്തിൽ കർഷകാന്തരീക്ഷത്തിൽ വളർന്നുവരുന്നതിനുള്ള ഭാഗ്യം വിന്തോഴ്സ്റ്റിനു ലഭിച്ചു. ലുഡ്വിഗ് ഒരു വൈദികനാകുമെന്നുള്ള പ്രതീക്ഷയിൽ മാതാപിതാക്കന്മാർ അവനെ ഓസ്നബ്രൂക്കിലെ സെൻറ് ചാൾസ് കോളെജിലേക്കു് അയച്ചു. അവിടെ അവൻ ജർമ്മൻ വിദ്യാർത്ഥികൾക്കു് ഒരു മാതൃകയായിരുന്നു. സ്വഭാവത്തിൽ "ഉത്തമം" എന്നും പഠനത്തിൽ "മിടുക്കൻ" എന്നുമായിരുന്നു അവിടെ അവനെപ്പറ്റിയുണ്ടായ അഭിപ്രായം.

പതിനെട്ടുവയസ്സു പൂർത്തിയായപ്പോൾ യുവാവായ വിന്തോഴ്സ്റ്റ് വിചാരിച്ചു തനിക്കു പറ്റുരോഹിത്യത്തിനുള്ള ദൈവവിളിയില്ലെന്നു്. തന്മൂലം, ഗോട്ടിഞ്ചെൻ, ഹീഡെൽബർഗ് എന്നീ സർവ്വകലാശാലകളിൽ അവൻ നിയമാദ്ധ്യയനം തുടങ്ങി. അന്നു ഹീഡെൽബർഗ് സർവ്വകലാശാലയിൽവച്ചു തന്റെ ഭാവി എതിരാളിയായ ബിസ്മാർക്കിനെ കണ്ടുമുട്ടിയിട്ടുണ്ടായിരിക്കണം. തികഞ്ഞ ഒരു കുടിയനും കുതിര സവാരിക്കാരനുമായി കഴിയുകയായിരുന്നു ബിസ്മാർക്കു്. അദ്ധ്യയനകാലത്തു വിന്തോഴ്സ്റ്റ് കലാലയാദ്ധ്യാപകന്മാരുടെ ആനന്ദവും ഒരാദർശവിദ്യാർത്ഥിയുമായിപ്രശോഭിച്ചിരുന്നു; എന്നാലും, സ്വാതന്ത്ര്യപ്രേമം അന്നും ദൃശ്യമായിരുന്നു. സന്മാർഗ്ഗനിലവാരം കുറഞ്ഞുനിന്നിരുന്ന ആ കാല്പനികയുഗത്തിൽ വിന്തോഴ്സ്റ്റ് സ്വകാര്യജീവിതത്തിലും മാനസികവ്യാപാരങ്ങളിലും കർത്തോലിക്കാവിശ്വാസം മുറുകെ പിടിച്ചുനിന്നു.

1836–ൽ വിന്തോഴ്സ്റ്റ് ഓസ്നബ്രൂക്കു നഗരത്തിലേക്കു മടങ്ങി അഭിഭാഷകവൃത്തിയാരംഭിച്ചു. അക്കൊല്ലംതന്നെ അദ്ദേഹം സന്നദ്ധഭടക്കുകയും താമസംവിനാ നല്ല ഒരു അഭിഭാഷകൻ എന്ന യശസ്സു സമ്പാദിക്കുകയും ചെയ്തു. രണ്ടു കൊല്ലം കഴിഞ്ഞു് അദ്ദേഹം ജൂലിയാ എങ്കെലിൻ എന്ന ഒരു യുവതിയെ വിവാഹം കഴിച്ചു. പ്രാതികൂല്യങ്ങളെ ക്ഷമാപൂർവ്വം അഭിമുഖീകരിച്ചതിന്റെ ഫലമാണു് ഈ വിവാഹമെന്നു പറയപ്പെടുന്നു. ആദ്യം ജൂലിയക്കു വിന്തോഴ്സ്റ്റിനെ ഒട്ടും ഇഷ്ടപ്പെട്ടില്ല. എന്നാൽ, എങ്ങനെയെങ്കിലും അവളുടെ ഹൃദയം നേടണമെന്നു കരുതി പല സൂത്രങ്ങളും പ്രയോഗിച്ചുനോക്കി. വീണ വായിക്കുവാൻ പഠിച്ചശേഷം ചന്ദ്രപ്രകാശമുള്ള ഒരു രാത്രിയിൽ വീണവായിച്ചു

ജൂലിയായെ ആകർഷിക്കുവാൻ അദ്ദേഹം യത്നിച്ചു. അതു വിഫലമായെന്നുകണ്ടപ്പോൾ അദ്ദേഹം പിറകോട്ടേക്കു പതുക്കെപ്പതുക്കെ മാറി; അങ്ങനെ ഒരു അരുവിയിൽ ചെന്നു വീണു. വെള്ളത്തിൽനിന്നു നനഞ്ഞു് എഴുന്നേറ്റതോടുകൂടി ജൂലിയായുടെ ഹൃദയം ഇളകി. അവർ വിവാഹിതരായി. ഇതാണു വിന്തോഴ്സ്റ്റിന്റെ പ്രഥമ നയതന്ത്രവിജയം.

ബിസ്മാർക്കു ജർമ്മൻ സാമ്രാജ്യം സ്ഥാപിക്കുന്നതിനു മുമ്പു ഹനോവർ ഉത്തരജർമ്മനിയിലെ ഒരു സ്വതന്ത്ര രാജ്യമായിരുന്നു. യുവാവായ അഭിഭാഷകനു് അതിവേഗം ഇവിടെ ഒരു സ്ഥാനം സിദ്ധിച്ചു. 1842-ൽ കത്തോലിക്കാ വിദ്യാലയങ്ങൾക്കും ദേവാലയങ്ങൾക്കുമായുള്ള ബോർഡിൽ അദ്ദേഹം പ്രസിഡന്റായി. പതിനാറാം ശതാബ്ദത്തിലെ ലൂഥറനിസത്തിനുശേഷമായ രാഷ്ട്രങ്ങളിൽ തിരുസ്സഭയുടെ സ്ഥിതി എന്താണെന്നു മനസ്സിലാക്കുവാൻ പ്രസ്തുത സ്ഥാനം അദ്ദേഹത്തിനു് ഉപകരിച്ചു. എന്നാൽ, 1848-ലെ വിപ്ലവത്തിനുശേഷമേ അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം സമാരംഭിച്ചുള്ളൂ.

വിപ്ലവത്തിന്റെ സമ്മർദ്ദനം നിമിത്തം 1837-ലെ സ്വതന്ത്രഭരണഘടന പുനരുദ്ധരിക്കുന്നതിനു അഞ്ചാം ജോർജ്ജ് നിർബ്ബന്ധിതനായി. ഹനോവർ പാർലമെന്റിലേക്കുള്ള പ്രഥമ തിരഞ്ഞെടുപ്പിൽ വിന്തോഴ്സ്റ്റ് ഒരു പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു. ആരംഭംമുതല്ക്കുതന്നെ ഒരു വാഗ്മിയും ഒരു പാർലമെന്ററി നേതാവുമായി അദ്ദേഹം പ്രശോഭിച്ചു. ഒരു ഉൽപതിഷ്ണുവെന്നനിലയിൽ വിന്തോഴ്സ്റ്റ് സ്റ്റെയിററിന്റെ സേച്ഛാധിപത്യത്തിനും അധികാരകേന്ദ്രീകരണത്തിനും പ്രതികൂലമായ ഒരു

നിലപാട് സ്വീകരിച്ചതിനാൽ സേച്ഛാധിപരാഷ്ട്രത്തിനു് എതിർനിന്നവരുടെ ഇടയിൽ വിന്തോഴ്സ്റ്റിനു നേതൃത്വം സിദ്ധിച്ചു. ജർമ്മൻ ഐക്യത്തിനു് അദ്ദേഹം എതിരല്ലായിരുന്നുവെങ്കിലും ഒരു ഐക്യ സംസ്ഥാനം അഥവാ ഫെഡറേഷൻ മാത്രമേ അദ്ദേഹം അഭിലഷിച്ചിരുന്നുള്ളൂ. വിദ്യാഭ്യാസം, മതകാര്യം തുടങ്ങിയ ദേശീയവിഷയങ്ങളുടെ പൂർണ്ണനിയന്ത്രണവും സാക്സണി, ഹനോവർ തുടങ്ങിയ ഓരോ സംസ്ഥാനത്തിനും ഉണ്ടായിരിക്കണമെന്നു് അദ്ദേഹം അവകാശപ്പെട്ടു. 1851-ൽ ഹനോവർ പാർലമെൻറിലെ അധോമണ്ഡലത്തിൻെറ പ്രസിഡൻറായി വിന്തോഴ്സ്റ്റിനെയാണു തിരഞ്ഞെടുത്തതു്. നീതിന്യായവകുപ്പു മന്ത്രിസ്ഥാനവും അദ്ദേഹത്തിനു ലഭിച്ചു; എന്നാൽ, ഗവൺമെൻറിൻെറ വിപ്ലവപരിപാടികളം അദ്ദേഹത്തിനു സ്വീകരിക്കുവാൻ നിവൃത്തിയില്ലാഞ്ഞതിനാൽ പ്രസ്തുത സ്ഥാനം അദ്ദേഹം 1853-ൽ രാജിവച്ചു. അടുത്ത പത്തു കൊല്ലവും ജനപ്രതിനിധിസഭയിൽ അദ്ദേഹം ഒരംഗമായിരുന്നു. 1862-ൽ വീണ്ടും അദ്ദേഹം നീതിന്യായവകുപ്പു മന്ത്രിയായി നിയമിക്കപ്പെട്ടു; ഇപ്രാവശ്യം പ്രഷ്യക്കെതിരായി നടമാടിയ സപ്തവാരസമരംവരെ അദ്ദേഹം ആ സ്ഥാനം അലങ്കരിച്ചു. ഹനോവർ ഒരു പ്രോട്ടസ്റ്റൻറു രാജ്യമായിരുന്നുവെങ്കിലും മന്ത്രിസ്ഥാനത്തു നിന്നുകൊണ്ടു കത്തോലിക്കാസഭയുടെ അവകാശങ്ങളം സംരക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഓസ്നബ്രൂക്കു രൂപത സ്ഥാപിക്കുവാനുള്ള അനുമതിക്കുടി അദ്ദേഹം വാങ്ങിച്ചെടുത്തു.

ജർമ്മൻ സംസ്ഥാനങ്ങളെ ഐക്യപ്പെടുത്തുവാൻ വാളുപയോഗിച്ചുകൊണ്ടുള്ള ബിസ്മാർക്കിൻെറ ഒന്നാമത്തെ പരിശ്രമമായിരുന്ന പൂർവ്വൈകതസമരം. അതു വഴി ഹനോവറിൻെറ സ്വാതന്ത്ര്യം നഷ്ടപ്പെടുകയും,

അതു പ്രഷ്യയുടെ ഒരു ഭാഗമായിത്തീരുകയും ചെയ്തു. അന്ധനായ രാജാവിന്റെ നാമത്തിൽ വിജയിയായ ബിസ്മാർക്കിനോടു ന്യായവാദം നടത്തുവാൻ നിയോഗിക്കപ്പെട്ടതു വിന്തോഴ്സ്റ്റ് ആണു്. മൂന്നു കൊല്ലത്തേക്കു് അദ്ദേഹത്തിനു വിശേഷാൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല; കാരണം, അക്കാലങ്ങളിൽ കാര്യമായ പാർലമെണ്ടറി യോഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. 1871 ആയപ്പോഴേക്കു് ബിസ്മാർക്കിന്റെ ദിഗ്വിജയ സമരങ്ങൾ സമാപിച്ചു; ജർമ്മൻ സാമ്രാജ്യം രൂപവൽകൃതമാകയും ചെയ്തു. എന്നാൽ, സ്വഭവനത്തിൽ ചില കാര്യങ്ങൾ ചെയ്തീർക്കാനുണ്ടായിരുന്നു. പോളൻഡുകാരേയും ഡച്ചുകാരേയും ജർമ്മൻകാരാക്കുക; ഹനോവർ, ബവേറിയ തുടങ്ങിയ വിവിധ സംസ്ഥാനങ്ങളിൽ പെട്ടവരെ പ്രഷ്യൻകാരാക്കുക; കത്തോലിക്കരേയും യഹൂദരേയും ജർമ്മനിക്കു പുറമേയുള്ള ബന്ധങ്ങളിൽ നിന്നു വിച്ഛേദിക്കുക എന്നീ സംഗതികളിലാണു ബിസ്മാർക്കിന്റെ ശ്രദ്ധ പിന്നീടു പതിഞ്ഞതു്. നവമായി സംജാതമായ സാമ്രാജ്യത്തിൽ ബിസ്മാർക്കിനു ഏറ്റവും കൂടുതൽ ഭയം കത്തോലിക്കരെ സംബന്ധിച്ചായിരുന്നു. ഒന്നാം നമ്പർ ശത്രുക്കളായിട്ടാണു് അവരെ അദ്ദേഹം ഗണിച്ചിരുന്നതു്. അദ്ദേഹത്തിന്റെ മിത്രങ്ങളിൽ ഒരാൾ പത്തുകൊല്ലം മുമ്പുതന്നെ അഭിപ്രായപ്പെട്ടിരുന്നു മാർപ്പാപ്പാമാരുടെ അപ്രമാദിതത്വത്തിൽ പ്രേമം കാണിക്കുന്നവരുടെ കോട്ടയാണു് അടുത്തു തകർക്കുവാനുള്ളതെന്നു്. തന്നിമിത്തം സമാധാനം സംപ്രാപ്തമായെന്നു തോന്നിയ ആ കാലസന്ധിയിൽ റോമാമാർപ്പാപ്പാമാരിൽനിന്നു കത്തോലിക്കരെ ഭിന്നിപ്പിച്ചു് മേല്പറഞ്ഞ കോട്ട തകർക്കുവാൻ ബിസ്മാർക്കു പരിശ്രമമാരംഭിച്ചു. 1871-ൽ തുടങ്ങി ഈ സംരംഭം.

ബിസ്മാക്കിന്റെ മാർഗ്ഗത്തിൽ ഒരു കൊച്ചു മനുഷ്യൻ വിലങ്ങുതടിയായി കണ്ടു. അതു ഹനോവർ കാരനായ വിന്തോഴ്സ്റ്റ് തന്നെയായിരുന്നു. ബിസ്മാക്കു പ്രത്യേക ന്യായമൊന്നും കൂടാതെ ഭാവനംചെയ്തു വത്തിക്കാൻ മേധാവിത്വത്തെ തകർക്കുവാൻ സമാരംഭിച്ച സമരത്തെ ചെറുക്കുവാൻ ജർമ്മനിയിലെ വിവിധ ഭാഗങ്ങളിലുള്ള കത്തോലിക്കരെ ചേർത്തു വിന്തോഴ്സ്റ്റ് സെൻറർ പാർട്ടി രൂപവല്ക്കരിച്ചു.

വിന്തോഴ്സ്റ്റിന്റെ സ്വഭാവ വിശേഷം

ചെറിയ ഡന്മാക്കിന്റെമേലും വിനീതമായ ആസ്ട്രിയായുടെമേലും ശക്തിയേറിയ ഫ്രാൻസിന്റെ മേലും അനായസ്സമായി വിജയം വരിച്ച ഗോലിയാത്തിന്റെ മുമ്പിൽ തല ഉയർത്തി നിന്ന പത്തൊൻപതാം ശതാബ്ദത്തിലെ ഈ കൊച്ചു ഭാവീഭൂ ഏതുതരക്കാരനാണു്? നെപ്പോളിയൻ തൃതീയൻ ഏതു സംഗതികളിൽ പരാജയമടഞ്ഞുവോ അവയെയാണു വിന്തോഴ്സ്റ്റ് അഭിമുഖീകരിക്കുവാൻ തുനിഞ്ഞതു്.

1890-ൽ, അതായതു് വിന്തോഴ്സ്റ്റ് മരിച്ച വത്സരത്തിൽ, ജോസഫ് സ്ക്രെഡർ (Joseph Schrdeder) അമേരിക്കൻ കാർട്ടെർലി റവ്യൂ എന്ന മാസികയിൽ ഇപ്രകാരമെഴുതി: "അദ്ദേഹം തികഞ്ഞ ഒരു രാഷ്ട്രതന്ത്രജ്ഞനും ഒരുത്തമ വാഗ്മിയും നിസ്തുലനായ ഒരു കക്ഷിനേതാവും സർവ്വോപരി ഒരാദർശ ക്രൈസ്തവനുമാണു്." മരണശേഷം അതേ ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടതു് വിന്തോഴ്സ്റ്റ് "ഒരു ക്രൈസ്തവ വീരനും, സ്നേഹാർദ്രനായ ഒരു ഭർത്താവും, പിതാവും, വിശ്വസ്തനായ ഒരു ദാസനും, തികഞ്ഞ ഒരു പാർല

മെണ്ടറി പ്രവർത്തകനും, ഉത്തമ കത്തോലിക്കനും, കക്ഷിനേതാവും, ചുറുചുറുപ്പുള്ള ഒരു യോദ്ധാമുഖ്യനും" ആണെന്നാത്രേ. വിജയിയായ ഒരു മനുഷ്യന്റെ ഉത്തേജകമായ ചരമത്തിൽ ലിഖിതമായ ഈ വാക്കുകളും കാലപ്പഴക്കംകൊണ്ടു അതിശയോക്തികഥനങ്ങളായി മാറുകയല്ല ചെയ്തതു്. പ്രത്യുത, തനി യാഥാർത്ഥ്യമായി വിരാജിക്കയത്രേ.

കാഴ്ചയിൽ വിന്തോഴ്സ്റ്റ് ഒരു രാക്ഷസ ഘാതകനോ, ക്രിസ്തീയ യോദ്ധാവോ, കക്ഷിനേതാവോ ആണെന്നു തോന്നുകയില്ല. വെറും ഒരു ക്ലുള്ളൻ. സാധാരണ മനുഷ്യരുടെ തോളിനൊപ്പം ഉയരംവരും; ഹ്രസ്വമായ ആ ഗാത്രത്തോടു വലിയ ഒരു ശിരസ്സു് ഒട്ടിനിന്നിരുന്നു. വിന്തോഴ്സ്റ്റ പലപ്പോഴും പ്രകടമായി പ്രസ്താവിച്ചിരുന്നതുപോലെ അദ്ദേഹത്തിന്റെ മുഖത്തിനു പ്രത്യേക സൗന്ദര്യമൊന്നും ഉണ്ടായിരുന്നില്ല. എന്നുവരുകിലും, വിശാലമായ നെറ്റിത്തടവും വലിയ വായും കനത്ത സ്ഫടികക്കണ്ണടയിൽക്കൂടെ തുറിച്ചു നോക്കിയിരുന്ന നേത്രങ്ങളും ആകർഷകങ്ങളായിരുന്നു. വാൾട്ട ഡിസ്നിയുടെ (Walt Disney) ഏഴു കുള്ളന്മാരിൽ ഒരുത്തനേപ്പോലെയിരുന്ന വിന്തോഴ്സ്റ്റ്. ആ സാഹചര്യത്തിൽനിന്നുകൂടെ രാഷ്ട്രീയമായി മുതലെടുക്കുവാൻ അദ്ദേഹം പരിശ്രമിച്ചു.

അദ്ദേഹത്തിന്റെ കാലത്തെന്നല്ല, ചരിത്രത്തിലെ ഏതു ഘട്ടങ്ങളിലും ഉണ്ടായിട്ടുള്ള രാഷ്ട്രതന്ത്രജ്ഞന്മാരിൽ അത്യുന്നതസ്ഥാനമാണു് ഈ കൊച്ചുമനുഷ്യനുള്ളതു്. ഏതു വേദനാജനകമായിരുന്നുവെങ്കിലും അവസാനംവരെ തത്ത്വങ്ങളെ അദ്ദേഹം മുറുകെ പിടിച്ചുനിന്നു; അതേസമയം ചെറിയ കാര്യങ്ങളിൽ വഴങ്ങിക്കൊടുക്കുവാനും എത്രകണ്ടു രാഷ്ട്രീയപ്രശ്നങ്ങളും

മുന്നോട്ട് പോകാമെന്ന ശരിയായി തിട്ടപ്പെടുത്തുവാനും അദ്ദേഹത്തിനു കഴിയുമായിരുന്നു. കൈയിലിരിക്കുന്ന പക്ഷിയെ വിട്ട് കാട്ടിൽ ഇരിക്കുന്ന രണ്ടു പക്ഷികളെ പിടിക്കുന്ന സമരത്തിലൊന്നും അദ്ദേഹം ഇടപെട്ടില്ല; എന്നാൽ, കാട്ടിൽ പറന്നുനടക്കുന്ന പക്ഷികളെ ഒന്നോ രണ്ടോ വിശേഷാൽ പിടിച്ചെടുക്കുവാൻ അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരുന്നു. രാഷ്ട്രീയമായ അദ്ദേഹത്തിന്റെ വിവേചനാബുദ്ധിക്ക് ഉത്തമോദാഹരണമാണ് ഹനോവർ പ്രഷ്യയോട് കൂട്ടിച്ചേർത്ത പ്രശ്നത്തിൽ അദ്ദേഹം സ്വീകരിച്ച നയം. അദ്ദേഹത്തിന്റെ സഹപ്രവർത്തകരിൽ ചിലർ പ്രഷ്യൻ വിജയഭേരികളോട് ചേർന്നു തന്പോരടിച്ചു; ഇതരർ പ്രതിഷേധസൂചകമായി എല്ലാകാര്യങ്ങളിൽനിന്നും അകന്നിരുന്നു. വിന്തോഴ്സ്റ്റ് ഈ രണ്ടു പക്ഷത്തും ചേരാതെ പുതിയ പാർലമെന്ററിൽ സ്ഥാനംപിടിച്ച് ജർമ്മൻ സാമ്രാജ്യത്തിന്റെ അധികാരകേന്ദ്രീകരണത്തെയും സേച്ഛാധിപത്യപ്രവണതയേയും ചെറുത്തുനിന്നു. പല യൂറോപ്യൻ രാഷ്ട്രതന്ത്രജ്ഞന്മാരിലും കാണാത്ത രാഷ്ട്രീയ വിവേകമാണിതു്.

പ്രഷ്യൻ പ്രതിനിധിസഭയിലോ, ജർമ്മൻ പ്രതിനിധിസഭയിലോ വിന്തോഴ്സ്റ്റിനു തുല്യനായി ആരുമില്ലായിരുന്നു. രണ്ടിലും അദ്ദേഹം അംഗമായിരുന്നു. യഥാസമയം ചൂട്ട മറപടികൊടുക്കുവാൻ തന്റേടമുണ്ടായിരുന്ന ഒരു വാദപ്രതിവാദവിദഗ്ധനായിരുന്നു വിന്തോഴ്സ്റ്റ്. കോപിഷ്ഠനായ ബിസ്മാർക്കിനു് എത്രയും വിഷമമുണ്ടാക്കിയതു് വിന്തോഴ്സ്റ്റിന്റെ അക്ഷോഭ്യതയും എതിരാളികളുടെ വാക്കുകളുപയോഗിച്ചുതന്നെ അവരെ എതിർക്കുവാനുള്ള അദ്ദേഹത്തിന്റെ സാമർത്ഥ്യവുമാണ്. ശാരീരികമായ ദുർബ്ബലതയേക്കുടെ നന്മയായി പകർത്തുവാൻ അദ്ദേഹ

ത്തിനു കഴിഞ്ഞു. കാഴ്ച കുറവായിരുന്നതിനാൽ അദ്ദേഹത്തിനു വായിക്കുവാൻ പ്രയാസമായിരുന്നു; തന്മൂലം മൂന്നു നാലു മണിക്കൂർ നേരം പ്രസംഗങ്ങളും ക്ഷമാപൂർവ്വം കേട്ടിരുന്നു, നോട്ടു കുറിക്കാതെ ഓർമ്മിച്ചു് എല്ലാ പ്രശ്നങ്ങൾക്കും തക്ക മറുപടി കൊടുക്കുവാൻ അദ്ദേഹത്തിനു പ്രത്യേക കഴിവുണ്ടായിരുന്നു. ഒരു ദിവസമോ, ഒരാഴ്ചയോ പ്രതിപാദിക്കപ്പെട്ടുന്ന വിഷയങ്ങളെല്ലാം സംക്ഷേപിച്ചു തക്കവിമാക്കുകയും നല്കുവാൻ വിന്തോഴ്സ്റ്റിനുണ്ടായിരുന്ന വൈദഗ്ധ്യം അനന്യസാധാരണംതന്നെയാണു്.

എന്നാൽ, വിന്തോഴ്സ്റ്റ് ഒരു തികഞ്ഞ രാഷ്ട്രതന്ത്രജ്ഞനും നല്ല വാദപ്രതിവാദിയും മാത്രമായിരുന്നില്ല. അദ്ദേഹം ഒരു നല്ല മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഈ യോഗ്യത എത്രയും ദുഷ്കരമായ ഒന്നുതന്നെയാണു്. അദ്ദേഹത്തിന്റെ സൗമ്യതയും സുകൃതങ്ങളും സുവ്യക്തങ്ങളായിരുന്നതിനാൽ ജർമ്മൻകാർ അദ്ദേഹത്തെ വെറും ഒരു മനുഷ്യനായിട്ടല്ല കരുതിയതു്. ബർലിനിലുള്ള വാസസ്ഥലത്തുനിന്നു പാർലമെന്റിലേക്കു പോകുമ്പോഴും ജനങ്ങൾ ആദരപൂർവ്വം അദ്ദേഹത്തിനു വഴിമാറിക്കൊടുത്തിരുന്നു. ഒരു മനുഷ്യനെന്നനിലയിൽ എതിരാളികൾപോലും അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അവരോടു് അദ്ദേഹത്തിനും ബഹുമാനമുണ്ടായിരുന്നു. വിന്തോഴ്സ്റ്റിന്റെ വാർദ്ധക്യത്തിൽ ജനങ്ങൾ പറഞ്ഞിരുന്നതു് അദ്ദേഹത്തിനു വളരെ രാഷ്ട്രീയവൈരികളുണ്ടായിരുന്നെങ്കിലും വ്യക്തിപരമായ വൈരൃം ആർക്കും ഇല്ലായിരുന്നുവെന്നാണു്. മരണത്തിൽ ശത്രുക്കളും മിത്രങ്ങളും ഒന്നുപോലെ അദ്ദേഹത്തെ വാനോളം പുകഴ്ത്തി.

ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നവരിൽ ദുർല്ലഭമായി കാണാവുള്ള രണ്ടു ഗുണവിശേഷങ്ങളാണ് യഥാർത്ഥമായ പരസ്നേഹവും ഫലിതരസവും. ഇവ രണ്ടും വലിയ തോതിൽത്തന്നെ വിന്തോഴ്സ്ററിനിൽ കാണാമായിരുന്നു. ദരിദ്രരെ അദ്ദേഹം കൈയയച്ചു സഹായിച്ചിരുന്നു. വിവാഹസുവർണ്ണജൂബിലി സന്ദർഭത്തിൽ അദ്ദേഹത്തിനും ഭാര്യയ്ക്കും സിദ്ധിച്ച സമ്മാനങ്ങൾകൊണ്ടു സ്വരാജ്യമായ ഹനോവറിൽ ഒരു ദൈവാലയം നിർമ്മിക്കുകയാണു ചെയ്തത്. ഔദാര്യത്തിന്റെ ആധിക്യം നിമിത്തം ദരിദ്രനായി അദ്ദേഹം മരിച്ചു; എന്നാൽ, ആർഭാടരഹിതമായ ആ ജീവിതത്തിനു് ഒരിക്കലും "മുട്ടു" വന്നിട്ടില്ല. വിന്തോഴ്സ്ററിന്റേയും സെൻറർ പാർട്ടിയുടേയും ബദ്ധശത്രുവായിരുന്ന ബർലിൻ ടാഗ്ബ്ളാറ്റ് (Berlin Tageblatt) എന്ന പത്രം അദ്ദേഹത്തിന്റെ മരണത്തിൽ ഇപ്രകാരമെഴുതി: "കൂട്ടംബാംഗങ്ങളേയും സെൻട്രൽ പാർട്ടിയേയും നീക്കിയാൽ ഈ മരണംകൊണ്ടു് ഏറ്റവും കൂടുതൽ നഷ്ടം വന്നിട്ടുള്ളതു് ദരിദ്രർക്കാണു്."

അഗാധ രാഷ്ട്രീയ ശത്രുക്കളിലേക്കുംകൂടി വിന്തോഴ്സ്ററിന്റെ സ്നേഹവും ഔദാര്യവും ലോഭംവിനാ പ്രസരിച്ചിരുന്നു. ഒരുദാഹരണം പറയാം. 1890-ൽ ബിസ്മാർക്കു് ഔദ്യോഗികസ്ഥാനങ്ങളിൽനിന്നു വിരമിക്കുവാൻ നിർബ്ബന്ധിതനായപ്പോൾ പല നീചപ്രവൃത്തികളും ചെയ്തു കറപുരണ്ട ആ മനുഷ്യന്റെ നല്ല വശങ്ങൾ പുറത്തു കാണിച്ചു് നീതീകരിച്ച ചുരുക്കം ചിലരിൽ വിന്തോഴ്സ്ററും ഒരുവനാണു്. കാര്യങ്ങൾ യഥായഥം മനസ്സിലാക്കുവാനും പലരേയും സമരത്തിൽനിന്നും വിരമിപ്പിക്കത്തക്ക സാഹചര്യങ്ങൾ ഉളവാകുമ്പോൾ അവയെത്തുടർന്നു് അഭിമുഖീക

രിക്കുവാനും വളരെ പ്രധാനമെന്നു് തല്ക്കാലം കരുതുന്ന സംഗതികളുടെ തനിസ്വഭാവം ഗ്രഹിക്കുവാനും ആവശ്യമായ ഫലിതരസം വിന്തോഴ്സ്റ്റിനുണ്ടായിരുന്നു. ഈദൃശമായ ഫലിതം പ്രസംഗങ്ങളിൽ സർവ്വദാ പ്രതിബിംബിച്ചിരുന്നതുകൊണ്ടു് നിഷ്പക്ഷകക്ഷികളുടെ സഹായം പലപ്പോഴും അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു. രാഷ്ട്രീയ ശത്രുക്കൾക്കെതിരായെന്നപോലെ തനിക്കെതിരായും ഫലിതങ്ങൾ തിരിച്ചുവിടുവാൻ അദ്ദേഹത്തിനു് ഒരു പ്രയാസവുമുണ്ടായിരുന്നില്ല.

സെൻട്രൽ പാർട്ടി നേതാവു് 1891-ൽ മരിച്ചു. ലോകത്തിലെ പത്രങ്ങളെല്ലാം അദ്ദേഹത്തെ സ്തുതിക്കുകയുണ്ടായി. ഒരു ജർമ്മൻ യഹൂദ പത്രപ്രവർത്തകനും നിഷ്പക്ഷ നിരീക്ഷകനുമായിരുന്ന സ്റ്റേൺ എഴുതിയ ചില വാക്കുകൾ ഇവിടെ ഉദ്ധരിക്കാം: "പാർലമെണ്ടറി പ്രവർത്തനങ്ങളുടെ ഗുരുനാഥനായി വിന്തോഴ്സ്റ്റ് എവിടെയും അറിയപ്പെടുന്നു. അതു നീതിമാത്രമാണു്. ഒരു രാഷ്ട്രതന്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഗുണപൗഷ്കല്യം സുജ്ഞാതമാണെങ്കിലും ഈ സമരനേതാവിനോടു സാർവ്വത്രികമായി പ്രദർശിപ്പിക്കുന്ന ബഹുമാനാദരങ്ങൾക്കെല്ലാം അതുമതിയായ ന്യായമാകുന്നില്ല.....സർവ്വപ്രകാരേണയും നല്ലവനും ഉത്തമനും സ്വാർത്ഥരഹിതനുമായ ഒരുത്തമയോദ്ധാവിന്റെ സ്വഭാവവിശേഷത്തെയാണു സർവ്വരും വാഴ്ത്തിക്കൊണ്ടിരിക്കുന്നതു്. ബോധ്യമനുസരിച്ചു പടവെട്ടിയതുകൊണ്ടു മനുഷ്യർ അദ്ദേഹത്തെ സ്തുതിക്കുന്നു."

വിന്തോഴ്സ്റവും ബിസ്മാക്കും തമ്മിലുള്ള യുദ്ധം ഇരുപതുകൊല്ലത്തേക്കു നീണ്ടുനിന്നു. 1871 മുതൽ 1890 വരേയുള്ള ആ ഇരുപതു കൊല്ലവും ബിസ്മാക്കു ജർമ്മൻ സാമ്രാജ്യത്തിലെ ചാൻസലരായിരുന്നു. ഭയങ്കരനായ ഒരു ഉരുക്കുമനുഷ്യനായിരുന്നു അദ്ദേഹം. കല്പനാശക്തിയുടെ മൂർത്തീകരണംതന്നെയെന്നു പറയാം. വിന്തോഴ്സ്റർ ഒരിക്കലും ഭരണാധികാരം വഹിച്ചിട്ടില്ല; എപ്പോഴും പ്രതിപക്ഷനേതാവായിരുന്നു. ഭൂരിപക്ഷത്തിന്റെ പിന്തുണയുമുണ്ടായിരുന്നില്ല. എന്നാൽ, സമരംചെയ്യുമ്പോഴെല്ലാം അദ്ദേഹം അഭിലഷിച്ചിരുന്ന ഏതൊരു നിയമവും ജർമ്മൻ നിയമാവലിയിൽ എഴുതിച്ചേർപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു; എന്നാൽ, ബിസ്മാക്കു നിർബന്ധപൂർവ്വം രാജിവച്ചു പോകേണ്ടിവന്നു. ഒരുത്തരും ആ അന്ത്യത്തിൽ പരിതപിച്ചുമില്ല. തത്ത്വത്തിനുവേണ്ടി നിലനിന്നതുകൊണ്ടു വിന്തോഴ്സ്റവ വിജയം വരിച്ചു; അധികാരത്തിനുവേണ്ടി പടവെട്ടിയതുകൊണ്ടു ബിസ്മാക്കു് ലജ്ജിതനായി അമർന്നു. മനുഷ്യനുള്ള അന്തസ്സും സ്വാതന്ത്ര്യവും സംരക്ഷിക്കുവാൻവേണ്ടി വിന്തോഴ്സ്റവ സമരം ചെയ്തു. മാതൃരാജ്യത്തിലെ അടിസ്ഥാനനിയമങ്ങളാണു് ജർമ്മൻ ജനതയ്ക്കു് ഉറപ്പിച്ചുകൊടുത്തിരുന്നതാണു് അവ രണ്ടും. സർവ്വാധികാരിയായ രാഷ്ട്രത്തിന്റെ നാമത്തിൽ ഈ അവകാശങ്ങളെ നിഷേധിക്കുവാൻ ബിസ്മാക്കു തുനിഞ്ഞു. റീക്കുസ്റാഗിൽ അദ്ദേഹം ഒരിക്കൽ ഇപ്രകാരം പ്രസംഗിച്ചു: "ജനങ്ങളുടെ അവകാശങ്ങളെപ്പറ്റിയുള്ള പ്രസംഗങ്ങളെ ശ്രവിക്കുന്നതിൽനിന്നു് എന്നെ ഒഴിവാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഭൂതകാലസ്മരണകളാണതു്. പ്രഭാഷണശൈലികളല്ലാതെ മറ്റൊന്നുമല്ല

അവ." നല്ല തത്ത്വങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരെ സമയം സഹായിക്കുന്നു; അതിനാൽ സമയം ബിസ്മാർക്കിനെതിരായി വിന്തോഴ്സ്റ്റിനെ പിന്താങ്ങി.

ശരീരവലിപ്പമൊഴിച്ചു മറെറല്ലാ സംഗതികളിലും ഗോലിയാത്തായിരുന്ന ബിസ്മാർക്കു ദാവീദായിരുന്ന വിന്തോഴ്സ്റ്റിനേക്കാൾ ചെറുതായിരുന്നു. വിന്തോഴ്സ്റ്റിനേപ്പോലെ മറെറാരേയും ബിസ്മാർക്കു് ഇത്രമാത്രം വെറുക്കുകയോ ഭയപ്പെടുകയോ ചെയ്തിരുന്നില്ല. റീക്കുസ്റ്റാഗിൽ വച്ചു സെൻടൽപാർട്ടി നേതാവിന്റെ നേർക്കു വ്യക്തിപരമായ ആരോപണങ്ങൾ നീചമാകംവിധം തൊടുത്തുവിടുമ്പോൾ വിന്തോഴ്സ്റ്റ് അവ പ്രശാന്തമായി ബഹുമാനാദരങ്ങളോടെ അവയ്ക്കു് ഉത്തരം നല്കും. അതു ബിസ്മാർക്കിനു സഹിക്കവയ്യായിരുന്നു. വിന്തോഴ്സ്റ്റ് ഇരുപത്തഞ്ചു കൊല്ലം മെപ്പെൻ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു. അതിനാൽ "മെപ്പെനിലെ ചെറുപവിഴം" എന്നൊരു പേരുകൂടി അദ്ദേഹത്തിനുണ്ടായിരുന്നു. ഒരിക്കൽ ബിസ്മാർക്കു് പറയുകയാണു്: "മെപ്പെനിലെ ചെറുപവിഴത്തെ നിങ്ങൾ ബലികഴിക്കുകയാണെങ്കിൽ സെൻടൽപാർട്ടി ഇച്ഛിക്കുന്ന മതസ്വാതന്ത്ര്യം ഞാൻ തരാം." പ്രാധാന്യം അർഹിക്കുന്ന സംഗതികളിലെല്ലാം ബിസ്മാർക്കു് ചെറുതായും വിന്തോഴ്സ്റ്റ് വലുതായും നിന്നു. എന്നാൽ, വളരെ കാലത്തേക്കു ബിസ്മാർക്കും വിന്തോഴ്സ്റ്റും തമ്മിലുള്ള മത്സരത്തിൽ വിജയം കൈവരിക്കാൻ തത്ത്വത്തിനോ, സ്വഭാവവൈശിഷ്ട്യത്തിനോ സ്ഥാനമുണ്ടായിരുന്നു എന്നു തോന്നുമായിരുന്നില്ല. ബിസ്മാർക്കിന്റെ വശത്തു ചക്രവർത്തിയും കക്ഷിബലവും അധികാരവും

ഉണ്ടായിരുന്നു; വിന്തോഴ്സ്റ്റിന്റെ പക്ഷത്താകട്ടെ, ജമ്മൻ ഭൂരിപക്ഷതയും ഉദ്ദേശസിദ്ധിക്കുവേണ്ടി യോജിച്ചു പ്രവർത്തിക്കാൻ സന്നദ്ധതയും ഒത്തുചേർന്നിരുന്ന കുറേ വീരന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഇവരാണു സെൻട്രൽപാർട്ടിയുടെ നെടുന്തൂണായി നിന്നതു്. 1933-ൽ ഹിറ്റ്ലർ അധികാരത്തിൽ വന്നല്ലോ. അതുവരെ ജമ്മൻരാഷ്ട്രീയകാര്യങ്ങൾക്കു രൂപംകൊടുക്കുന്നതിൽ സെൻട്രൽ പാർട്ടിക്കു നല്ല സ്ഥാനമുണ്ടായിരുന്നു. 1871-ൽ ഇവരെല്ലാവരും ഹനോവർ, ബവേരിയാ, ബാഡൻ, സാക്സണി തുടങ്ങിയ 39 സംസ്ഥാനങ്ങളിൽ ഉൾപ്പെട്ടവരായിരുന്നു. പെട്ടെന്നു് അവരെല്ലാവരും പ്രബലമായ ജമ്മൻസാമ്രാജ്യത്തിന്റെ അംഗങ്ങളായിത്തീർന്നു. ബിസ്മാർക്കിന്റെ നേതൃത്വത്തിൽ ആ സാമ്രാജ്യം സൈനൃകവചിതവുമായിരുന്നു. പ്രഷ്യമായുള്ള ഐക്യം വഴി ഇല്ലായ്മയിലേക്കു് അമർന്നുപോകാതിരിക്കുവാൻ യാതൊരു പരസ്പര ധാരണയും ഇല്ലാതിരുന്ന ഈ വ്യക്തികൾ എന്തുചെയ്യാനാണു് ?

ഹനോവർകാരും ബവേരിയാക്കാരും സാക്സണിക്കാരുമായി വളർന്നുവന്നവർക്കു് ഈ പ്രശ്നം എത്രയും വൈഷമ്യമേറിയ ഒന്നുതന്നെയായിരുന്നു. യാതൊന്നും പൊതുവായി ഇല്ലാതിരുന്ന ഇവരെല്ലാം യോജിച്ചു് ഒത്തുനില്ക്കണം. അതിനു റീക്സ്റ്റാഗിൽ അവർക്കുവേണ്ടി വാദിക്കുവാനും പ്രവർത്തനപരിപാടി നിശ്ചയിക്കുവാനും കെല്പുള്ള ഒരു നേതാവു് ആവശ്യമായിരുന്നു. അത്തരം ഒരു നേതാവായി വിന്തോഴ്സ്റ്റിനെ അവർക്കു ലഭിച്ചു.

സെൻറർപാർട്ടി രൂപവല്ക്കരണം

1871–ൽ ജർമ്മൻസാമ്രാജ്യം സ്ഥാപിതമായതോടുകൂടി നിലവിലുണ്ടായിരുന്ന രാഷ്ട്രീയക്കക്ഷികൾ ഓരോന്നായി അന്തരിച്ചുപോയി. സാമ്രാജ്യാടിസ്ഥാനത്തിൽ നവകക്ഷികൾ രൂപവല്ക്കരിക്കേണ്ടതു് ആവശ്യമായി വന്നു. അവർ ഒന്നുകിൽ ബിസ്മാർക്കിനെ എതിർക്കണം; അല്ലെങ്കിൽ പിന്താങ്ങണം. തന്മൂലം മോണ്ടലമ്പെർട്ട് പറഞ്ഞിരിക്കുന്നതുപോലെ "സർവ്വോപരി കത്തോലിക്കരായി വർത്തിക്കുവാൻ" അഭിലഷിച്ചിരുന്നവർക്കു വലിയ വിഷമമായി. യാഥാസ്ഥിതികന്മാരേപ്പോലെ ബിസ്മാർക്കിനെ പിന്താങ്ങുവാനോ, ഉല്പതിഷ്ണുക്കളേപ്പോലെ അദ്ദേഹത്തെ എതിർക്കുവാനോ അവർക്കു സാദ്ധ്യമല്ലായിരുന്നു. യാഥാസ്ഥിതികന്മാരെ സഹായിക്കുന്നപക്ഷം കുൾച്ചുകാമ്പ് പോലെ സമീപത്തുള്ളതെല്ലാം പിടിച്ചമർത്തുവാൻ വെമ്പൽകൊള്ളുന്ന ശക്തിയേറിയ ഒരു രാഷ്ട്രത്തെ താലോലിക്കുകയായിരിക്കും അതു്. ജർമ്മനിയിൽ കത്തോലിക്കാസഭയെ തകർക്കുന്ന കാര്യത്തിൽ ബിസ്മാർക്കിനെ സഹായിക്കുവാൻ ഉല്പതിഷ്ണുക്കൾ തയ്യാറായിരുന്നതിനാൽ തിരുസ്സഭയുടെ ബദ്ധശത്രുക്കളായ ഉല്പതിഷ്ണുക്കളോടു സഹകരിക്കുവാൻ നിർവ്വാഹമില്ലായിരുന്നു.

തന്മൂലം ഇപ്പുറത്തെ രണ്ടു പ്രധാന കക്ഷികളിൽ നിന്നും അകന്നിരിക്കുവാനും അങ്ങനെ ഒരു കക്ഷി രൂപീകരിച്ചു രണ്ടു കൂട്ടരോടും വിലപേശി തിരുസ്സഭയുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനും കത്തോലിക്കർ നിർബ്ബന്ധിതരായി. സംഖ്യാബലം തുച്ഛമാണെങ്കിലും ജർമ്മൻകത്തോലിക്കർ വിചാരിച്ചു രണ്ടു കക്ഷികളുടേയും മദ്ധ്യനിന്നു വടംപിടിക്കുകയാണു് ഉത്തമമെന്നു്. ഇങ്ങനെ, ഉപദ്രവകരമായ നിയമനിർമ്മാണ

ത്തിൽനിന്നു തിരുസ്സഭയെ സംരക്ഷിക്കാമെന്നു് അവർ കരുതി. മേൽവിവരിച്ച തരത്തിലുള്ള ഗണത്തിൽ ചേരുവാൻ സന്നദ്ധരായവരെ ജനപ്രതിനിധികളായി തിരഞ്ഞെടുക്കുവാൻ ഉൽബോധിപ്പിച്ചുകൊണ്ടു് കത്തോലിക്കരായ സമ്മതിദായകന്മാക്കെല്ലാം 1871 ജനുവരിയിൽ ഒരു കത്തയച്ചു. തദാനീന്തകാലങ്ങളിലെ പ്രമുഖരായ അഞ്ചു കത്തോലിക്കർ അതിൽ ഒപ്പിട്ടിരുന്നു: മലിങ്കു്രോട്ടു്, വിന്തോഴു്സ്റ്റു്, സാവിഞ്ഞി, റീക്കെൻ സ്പേർഗർ, പ്രിൻസു് ലോവൻസ്റ്റെയിൻ.

റീക്കുസ്റ്റാഗിലേക്കു് അക്കൊല്ലം 61 കത്തോലിക്കാ പ്രതിനിധികളെ തിരിഞ്ഞെടുത്തു. അവരെല്ലാം ഒറക്കെട്ടായി നില്ക്കുവാൻ നിശ്ചയിച്ചു. വെസ്റ്റ്ഫാലിയാസ്വദേശിയായിരുന്ന മലിങ്കു്രോട്ടു് 1874 വരെ അതിന്റെ നേതൃത്വം വഹിച്ചു. ആ മൂന്നു കൊല്ലവും ഈ കക്ഷിയുടെ വിപ്പുസ്ഥാനം വിന്തോഴുസ്റ്റിനായിരുന്നു. മലിങ്കുരോട്ടിന്റെ മരണശേഷം വിന്തോഴുസ്റ്റിനെ കക്ഷിനേതാവായി ഐകകണ്ഠ്യേന തിരിഞ്ഞെടുത്തു. പുതിയ കക്ഷിയിൽ ഭൂരിപക്ഷം കത്തോലിക്കരായിരുന്നു; എന്നാൽ, നേതാക്കന്മാർ വീണ്ടും വീണ്ടും ഉദ്ഘോഷിപ്പിച്ചിരുന്നു പ്രസ്തുത കക്ഷി കത്തോലിക്കക്കുവേണ്ടിമാത്രമുള്ള വർഗ്ഗീയമായ ഒന്നല്ലെന്നു്. കക്ഷിയുടെ പ്രഖ്യാപിത നയം സ്വീകരിക്കുവാൻ സന്നദ്ധരായ പ്രോട്ടസ്റ്റൻറുകാരെല്ലാം അതിൽ ചേർന്നിരുന്നു; അതിനാൽ എല്ലാ സ്ലോഴും കുറേ പ്രോട്ടസ്റ്റൻറുകാർ ആ കക്ഷിയിലുണ്ടായിരുന്നു.

നൂതനകക്ഷിയിലെ ചില അംഗങ്ങൾക്കു് അതിനെ കത്തോലിക്കാകക്ഷി എന്നു വിളിക്കണ

മെന്നുണ്ടായിരുന്നു; എന്നാൽ, വിന്തോഴ്സ്റ്റ് പറഞ്ഞതു കത്തോലിക്കാവിഭാഗത്തിന്റെ പ്രത്യേകമായ താൽപര്യങ്ങൾ സംരക്ഷിക്കുവാനുള്ള ഒരു കക്ഷിയല്ല തങ്ങളുടെതെന്നാണ്. നവ ജർമ്മൻ സാമ്രാജ്യത്തിൽ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുകയായിരുന്നു കക്ഷിയുടെ പ്രധാനോദ്ദേശ്യം. അവയിൽ മതസ്വാതന്ത്ര്യമായിരുന്നു പ്രധാനഘടകം. കാരണം, അതു മൗലികസ്വാതന്ത്ര്യമാണെന്നതും അതാണു പലപ്പോഴും നിരസിക്കപ്പെട്ടിരുന്നതുമെന്നതന്നെ. തന്മൂലം പുതിയകക്ഷിയുടെ ഔദ്യോഗികനാമം ശബ്ദധ്വനിയുള്ള ഒന്നായിരുന്നു: കേന്ദ്രകക്ഷി അഥവാ ഭരണഘടനാകക്ഷി (The Centrum-oder Verfassunge-Partet). പൊതുവായ സാമുദായിക പ്രശ്നങ്ങളിൽ അവർ യാഥാസ്ഥികരോടും ഉൽപതിഷ്ണുക്കളോടും യഥോചിതം യോജിച്ചുനിന്നിരുന്നതുകൊണ്ടാണു പേരിന്റെ ഒന്നാംഭാഗം ഉണ്ടായതു്. ഭരണഘടന പ്രദാനം ചെയ്തിരുന്ന മൗലികാവകാശങ്ങൾ സംരക്ഷിക്കുകയെന്ന അതിന്റെ താൽപര്യം പേരിന്റെ രണ്ടാം ഭാഗത്തിൽ പ്രകടമായിരിക്കുന്നു. ജർമ്മൻ അധരങ്ങൾക്കു ക്ഷീണം വരാതിരിക്കുവാൻ കക്ഷിയുടെ പേർ സെൻറർ പാർട്ടി എന്നു മാത്രമായി. ആ നാമത്തിൽ 1933 വരെ അതു നിലവിലിരുന്നു.

"സത്യത്തിനും സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കുംവേണ്ടി" എന്നതായിരുന്നു സെൻറർ കക്ഷിയുടെ മുദ്രാവാക്യം. കക്ഷിയുടെ താൽപര്യങ്ങൾ വ്യഞ്ജിപ്പിക്കുന്നവാക്കുകൾതന്നെയായിരുന്നു ഇവ. മാത്രമല്ല, ഭരണഘടനയേയും മൗലികാവകാശങ്ങളേയും കാര്യമായി കരുതുന്ന എല്ലാ കത്തോലിക്കരേയും പ്രോട്ടസ്റ്റാൻറുകാരേയും കക്ഷിയിലേക്കു് ആകർഷിക്കുവാൻ

പര്യാപ്തമായിരുന്ന പ്രസ്തുത നാമധേയം. 1871-ൽ സെൻറർപാർട്ടി തങ്ങളുടെ പ്രതിദിന പ്രവർത്തന പരിപാടിപ്രസിദ്ധീകരിച്ചു. ജർമ്മൻ സാമ്രാജ്യം ഒരു ഫെഡറേഷൻ ആയിരിക്കണമെന്നും അതുകൊണ്ടു കേന്ദ്രൽവർമ്മേൻറ് പ്രാദേശികകാര്യങ്ങളിൽ ഒട്ടും പ്രവേശിക്കരുതെന്നും അവ പ്രാദേശിക ഗവർമ്മൻറുകളാണ് കൈകാര്യം ചെയ്യേണ്ടതെന്നും അവർ വാദിച്ചു. ജനപദങ്ങളിൽ ധാർമ്മികവും ഭൗതികവുമായ നന്മ പ്രോത്സാഹിപ്പിക്കണമെന്നും പ്രജകളുടെ ആരാധനാസ്വാതന്ത്ര്യവും പൗരാവകാശവും സംരക്ഷിക്കണമെന്നും അവർക്കു നിർബന്ധമുണ്ടായിരുന്നു.

മതസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഈ ഉൽകണ്ഠവും ആദർശത്തിൻെറ പേരിലുള്ള ഒന്നായിരുന്നില്ല; പ്രായോഗികമായ ന്യായങ്ങളുണ്ടായിരുന്നു. ബിസ്മാർക്കും പിൻഗാമികളും തിരുസ്സഭയുടെ മേൽ ആക്രമണം തുടങ്ങിയെന്നുള്ളതുതന്നെ പ്രധാന കാരണം. സെൻറർ പാർട്ടി അംഗങ്ങൾ അവരുടെ പ്രവർത്തനപദ്ധതി തയ്യാറാക്കി. ബിസ്മാർക്കിൻെറ പദ്ധതികളേയും പ്രമേയങ്ങളേയും റീക്കുസ്റ്റാഗിൽവച്ചുതന്നെ എതിർക്കുവാൻ അവർ നിശ്ചയിച്ചു. മതപരമായ കാര്യങ്ങളേപ്പറ്റിയാണ് അടുത്ത ഇരുപതു കൊല്ലവും സെൻറർ പാർട്ടി നേതാവ് ബിസ്മാർക്കിനോടു സമരം ചെയ്തത്. സാമ്പത്തികവും രാഷ്ട്രീയവുമായ സംഗതികൾ സംബന്ധിച്ചും ബിസ്മാർക്കും വിൻതോഴ്സ്റ്റും തമ്മിൽ ഏറെക്കുട്ടിയിട്ടുണ്ട്. എന്നാൽ, സകല എതിർപ്പിൻേറയും അടിസ്ഥാനം മതപരമായിരുന്നു. മതവിശ്വാസമാകുന്ന കോട്ട തകർക്കണമെന്നതായിരുന്നു ബിസ്മാർക്കിൻെറ ഉദ്ദേശം.

വിന്തോഴ്സ്റ്റിന്റെ വിജയം

കത്തോലിക്കാസഭയുടെ നേക്കു തൊട്ടുവിട്ട സമരം ബിസ്മാക്കിനു തിരുസ്സഭയോടുണ്ടായിരുന്ന പ്രൊഫഷണലായ വൈരാഗ്യമാണെന്നു പറയുന്നതു് അത്രശരിയല്ല. അന്നത്തെ കാലം അതായിരുന്നു. രാഷ്ട്രീയമായ കാരണങ്ങളാണു വ്യക്തിപരമായദ്വേഷത്തേക്കാൾ കൂടുതലായി തിരുസ്സഭാമർദ്ദനത്തിനു ബിസ്മാക്കിനെ പ്രേരിപ്പിച്ചതു്. എല്ലാ രാജ്യങ്ങളിലും അക്കാലത്തു് അങ്ങനെയൊരു അടിയൊഴുക്കുണ്ടായിരുന്നു. തിരുസ്സഭയെ പരസ്യ സ്ഥലങ്ങളിൽ നിന്നു മാറ്റി സങ്കീർത്തിയിൽ ഒതുക്കി നിറുത്തണമെന്നായിരുന്നു അന്നു പലരുടേയും ചിന്താഗതി. ദൈവരാജ്യവും സീസറിന്റെ ഭരണസീമയും തമ്മിലുള്ള വേലി അകത്തിക്കെട്ടണമെന്നായിരുന്നു അന്നത്തെ വാസന. ആരാധനാക്രമം, മരണശേഷമുള്ള ആത്മാവിന്റെ സ്വർഗ്ഗയാത്ര എന്നിതുപോലെയുള്ള തനി മതാത്മക സംഗതികൾമാത്രം മാറ്റിവച്ചു ബാക്കി എല്ലാ സംഗതികളിലും രാഷ്ട്രം അധികാരം ചെലുത്തുവാൻ വെമ്പൽപൂണ്ടു. ഇറ്റലിയിലെ പീഡ്മോണ്ടു രാജ്യങ്ങളിൽ കവൂർ ഇതുപോലെയുള്ള ഒരു നയം സ്വീകരിച്ചുകൊണ്ടിരിക്കയായിരുന്നു. ബിസ്മാക്കിന്റെ പരാജയത്തിനുശേഷം ഫ്രാൻസിലും റിപ്പബ്ലിക്കൻകക്ഷി അംഗങ്ങൾ മതവിരുദ്ധമായ ഒരു നയം അവലംബിക്കുകയുണ്ടായി.

ഈദൃശമായ പൊതു കാരണങ്ങൾ മാത്രമല്ല ജർമ്മനിയിലുണ്ടായിരുന്നതു്. ജർമ്മൻകാർ പറഞ്ഞിരുന്നതുപോലെ അതു പ്രസ്തുത കാലങ്ങളുടെ പ്രത്യേകത എന്നു പറഞ്ഞാലും പോരാ. ഒരു പ്രഷ്യൻ പ്രൊട്ടസ്റ്റന്റുകാരനെന്നനിലയിൽ ജർമ്മൻ ചാൻസലർക്കു

വ്യക്തിപരമായ ചില ന്യായങ്ങൾകൂടിയുണ്ടായിരുന്നു. ബിസ്മാക്കിനു് റോമിനോടു് ഒരു പ്രത്യേക വെറുപ്പുണ്ടായിരുന്നു. പത്തൊമ്പതാം ശതാബ്ദത്തിൽ ടൂട്ടൺവർഗ്ഗത്തിൽപ്പെട്ട ഒരാൾക്കു മാത്രമേ അത്ര കണ്ടു വെറുപ്പു് ഉണ്ടാകുവാൻ നിവൃത്തിയുണ്ടായിരുന്നുള്ളു. പല ആംഗ്ലേയരും അമേരിക്കരും വിചാരിച്ചിരുന്നതു പോലെ ബിസ്മാക്കും വിചാരിച്ചു യൂറോപ്പിലെ ലാറ്റിൻ വിഭാഗങ്ങൾ പിന്തിരുപ്പന്മാരാണെന്നും അവരുടെ വാഴ്ചയുടെ കാലം കഴിഞ്ഞുവെന്നും അതിനാൽ അവർ ഒഴിഞ്ഞു മാറി ടൂട്ടൺവർഗ്ഗക്കാക്കു് അവരുടെ സ്ഥാനങ്ങൾ കൊടുക്കണമെന്നും. 1871-ൽ ഫ്രാൻസു പരാജയപ്പെട്ടതോടുകൂടി ലത്തീൻവർഗ്ഗക്കാരുടെ പ്രധാനകേന്ദ്രം വത്തിക്കാനായിത്തീർന്നുവെന്ന ബിസ്മാക്കിനു ബോധ്യമായി. ആ കോട്ട തകത്താൽ ടൂട്ടൺവാഴ്ചയ്ക്കും ഭൗതിക പുരോഗതിക്കുമുള്ള അവസാന പ്രതിബന്ധം നീങ്ങിക്കിട്ടുമെന്നു് അദ്ദേഹം വിചാരിച്ചു.

തല്ക്കാല രാഷ്ട്രീയലക്ഷ്യവും ബിസ്മാക്കിൽ നിന്നു വിദൂരമായിരുന്നില്ല. അദ്ദേഹത്തിന്റെ ഭരണകാലത്തെ പ്രഥമ വൈരികൾ ജർമ്മൻ ഉൽപതിഷ്ണുക്കളായിരുന്നു. കത്തോലിക്കാസഭയുടെ ബദ്ധശത്രുക്കളായ ഇക്കൂട്ടരെ പ്രീണിപ്പിക്കുവാൻ കത്തോലിക്കാ തിരുസ്സഭയെ ബലിചെയ്താൽ മതിയെന്നു് അദ്ദേഹം പ്രതീക്ഷിച്ചു. ഈ പരിപാടികളിലെല്ലാം ഉൽപതിഷ്ണുക്കളുടെ സഹകരണത്തിനു സാധ്യതയുണ്ടെന്നു് അദ്ദേഹത്തിനു തോന്നി. അതിനാൽ സഭാമർദ്ദനം വഴി അവരെ പ്രീണിപ്പിച്ചു തന്റെ പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകാമെന്നായിരുന്നു ബിസ്മാക്കിന്റെ ഉദ്ദേശം.

കൾത്തുർകാംഫ് (Kulturkampf) എന്നു പറയുന്ന അദ്ദേഹത്തിന്റെ മർദ്ദനപരിപാടിക്കു് ഒരു രാഷ്ട്രീയകാരണവുംകൂടിയുണ്ടായിരുന്നു. ജർമ്മൻ സാമ്രാജ്യത്തിനു ശരിയായ ഒരൈക്യം അന്നു ഉണ്ടായിരുന്നില്ല; കുറച്ചുകൊല്ലംകൊണ്ടു് ആ ഐക്യം വരുത്തണമെന്നായിരുന്നു പ്ലാൻ. അദ്ദേഹത്തിന്റെ പരിപാടികളെല്ലാം ആ വശത്തേക്കു ചാഞ്ഞാണിരുന്നതു്. പോളിഷുകാരേയും ഡച്ചുകാരേയും ജർമ്മൻകാരാക്കുവാനും തീവണ്ടിഗതാഗതവും കമ്പി തപാലും സുശക്തമാക്കുവാനും ചെറിയ ജർമ്മൻ സംസ്ഥാനങ്ങളെ പ്രഷ്യൻ മോഡലിലാക്കുവാനും അദ്ദേഹം കിണഞ്ഞു പരിശ്രമിച്ചു. ജർമ്മൻ സാമ്രാജ്യത്തിലേ പൗരന്മാരെല്ലാം ഒരച്ചിൽ വാർത്തുണ്ടാക്കിയപോലെയാകണം അഥവാ തന്റെ സാദൃശ്യത്തിലും ഛായയിലുമാകണമെന്നായിരുന്നു ബിസ്മാർക്കിന്റെ മോഹം.

ജർമ്മനിയിൽ കത്തോലിക്കർ അവഗണിക്കത്തക്ക ഒരു ഗണമല്ലായിരുന്നു. റോമാ മാർപ്പാപ്പുമായുള്ള ബന്ധം വിച്ഛേദിക്കാതെ അവരെ ജർമ്മൻ പൗരന്മാരാക്കിത്തീർക്കുവാൻ സാധ്യമല്ലെന്നായിരുന്നു ജർമ്മൻ ചാർസലരുടെ അഭിപ്രായം. പോപ്പൽ അപ്രമാദിത്വ പ്രഖ്യാപനം നിമിത്തം അതൃപ്തരായിരുന്നു ഓൾഡ് കത്തോലിക്കർ. മെത്രാനും പിൻഗാമികളും വഴി ജർമ്മൻ കത്തോലിക്കരെ ജർമ്മൻ ഗവർമ്മെന്റിന്റെ കീഴിൽ ഒരു ദേശീയ ജർമ്മൻ സഭയാക്കിത്തീർക്കാമെന്നായിരുന്നു ബിസ്മാർക്കിന്റെ വ്യാമോഹം. തിരുസ്സഭയെ ജർമ്മനിയിൽനിന്നു ബഹിഷ്കരിച്ചാൽ ജർമ്മൻ മിണ്ടാവേദികളുടെ സഹകരണം ലഭിക്കാമെന്നും പ്രബലരായ ആ ഹീമേസൻമാരുടെ സഹായത്തോടെ സുശക്തമായ ജർമ്മൻ

സാമ്രാജ്യം ശ്രപവൽക്കരിക്കാമെന്നും അദ്ദേഹം കരുതി.

1871–ലെ ആദ്യത്തെ മാസങ്ങളിൽത്തന്നെ കാത്തൂർകാംഫിൽപ്പെട്ട പ്രഥമവെടിയുണ്ടകാം തിരുസ്സഭയുടെനേക്കു തൊടുത്തുവിട്ടു. വത്തിക്കാൻ സൂനഹദോസു നിശ്ചയങ്ങാം സ്വീകരിച്ച കത്തോലിക്കർ ജർമ്മസാമ്രാജ്യത്തിൽ പിളർപ്പു് ഉണ്ടാക്കി സമാധാനഭഞ്ജനം വരുത്തിയിരിക്കുകയാണെന്നും അതിനാൽ അവരെ അവസാനിപ്പിക്കുവാൻ ജർമ്മൻ ഗവർമ്മെൻറു ദൃഢനിശ്ചയമെടുത്തിരിക്കയാണെന്നും ഒരു പ്രഖ്യാപനം ആദ്യം ഉണ്ടായി. തിരുസ്സഭയിൽനിന്നു വിട്ടുപോയി ഡോളിങ്കറെ പിഞ്ചെന്ന യഥാർത്ഥ കത്തോലിക്കരെ ഗവർമ്മെൻറു ദ്രോഹിക്കുന്നതല്ല. റോമാ മാർപ്പാപ്പമാരെ അനുസരിച്ചു ജീവിക്കുന്ന "ഈശോസഭക്കാരുടെ കത്തോലിക്കരെ"മാത്രമേ ഗവർമ്മെൻറു് എതിർക്കുകയുള്ളു. 1871 ജൂലായി 8–ാംനു ആരാധന വകുപ്പു മന്ത്രിയുടെ കീഴിലുള്ള കാത്തലിക്കു ഡിപ്പാർട്ടുമെൻറു നിറുത്തൽചെയ്തു; അങ്ങനെ, കത്തോലിക്കർ ഗവർമ്മെൻറു സംരക്ഷണത്തിനു് അവകാശമില്ലാത്തവരായി. പൊതു സമാധാനത്തെ ഭഞ്ജിപ്പിക്കത്തക്കവിധം പ്രസംഗിക്കുന്ന വൈദികക്കു കാരാഗൃഹശിക്ഷ നിശ്ചയിച്ചുകൊണ്ടു നവമ്പർ മാസത്തിൽ വേറൊരു നിയമം പാസാക്കി.

റീക്കുസ്റ്റാഗിൽ ഈ നിയമങ്ങാം വാദപ്രതിവാദത്തിനു വന്നപ്പോാം ബിസ്മാക്കു മനസ്സിലാക്കിതൻെറ എത്രയും പ്രബലനായ എതിരാളി വിന്തോഴ്സ്റ്റാണെന്നു്. വിന്തോഴ്സ്റ്റിനെ ഭയന്നിട്ടു സെൻറർ പാർട്ടി നേതാവായിരുന്ന മല്ലിങ്ക്റോട്ടിനോടു

ബിസ്മാക്ക് ഒരിക്കൽ പറയുകയാണ് മേപ്പ്പ്പൻ പ്രതിനിധിയായ വിന്തോഴ്സ്റ്റിനെ കക്ഷിയിൽ നിന്നു പുറം തള്ളുകയാണെങ്കിൽ അദ്ദേഹത്തിന്റെ മതവിരുദ്ധ സംരംഭങ്ങൾ നിറുത്തിവയ്ക്കാമെന്ന്. "മേപ്പ്പനിലെ കൊച്ചു പവിഴ"ത്തെ തിരസ്കരിക്കുവാൻ സെൻറർപാർട്ടി നേതാവു സമ്മതിച്ചില്ല. സമരം തുടർന്നു. കൂറേ കൊല്ലത്തേക്കു ബിസ്മിക്കിനു ഭൂരിപക്ഷത്തിന്റെ പിന്തുണ തുടർന്നു ലഭിച്ചു; എന്നാൽ, അനുയായികളുടെ സംഖ്യ കുറഞ്ഞാണു വന്നിരുന്നതു്. ഭൂരിപക്ഷം ഉണ്ടായിരുന്നതു നിമിത്തം ബിസ്മാക്കു തന്റെ മർഭ്ദനനിയമങ്ങളെല്ലാം പാസാക്കിയെടുത്തു. ഈ നിയമങ്ങൾക്കെല്ലാം "സംസ്കാരസമരം" എന്നർത്ഥമുള്ള കൾത്തുർകാംഫ് എന്നാണു ചരിത്രത്തിൽ പേരു ലഭിച്ചിട്ടുള്ളതു്.

ബിസ്മാക്കിന്റെ നിയമങ്ങൾ കഠിനമാണെന്നു തിരുസ്സഭയോടു് യാതൊരു വേഴ്ചയുമില്ലാത്ത പ്രോട്ടസ്റ്റൻറുകാക്കുപോലും തോന്നി. ഭരണഘടനയിൽ അനുവദിക്കപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യംപോലും നിഷേധിക്കുന്നതായി അവർ വിചാരിച്ചു. ബിസ്മാക്കു സന്ന്യാസസഭകളെല്ലാം നിറുത്തൽ ചെയ്തു. വൈദിക ശിക്ഷണത്തിന്മേലും മെത്രാന്മാരുടെ ഭരണത്തിന്മേലും നിയന്ത്രണം ചെലുത്തുവാൻ ഗവൺമെൻറിനു് അവകാശമുണ്ടെന്നു നിശ്ചയിച്ചു. കത്തോലിക്കാ തത്വങ്ങൾ പഠിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെൻറു് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ തുടങ്ങി. സഭാഭരണം മെത്രാന്മാരുടെ കൈയിൽനിന്നെടുത്തു് ഗവൺമെണ്ടിന്റെ കീഴിലാക്കി. ഇവയെല്ലാം ഭരണഘടനയ്ക്കു വിരുദ്ധമായിരുന്നെങ്കിലും തിരുസ്സഭാവിരോധികളായ പ്രഷ്യൻ ദേശീയ വാദികളെ ആശ്രയിച്ചുകൊണ്ടു ബിസ്മാക്കു

മുന്നോട്ട് നീങ്ങി. അവർ അന്ധമായി അദ്ദേഹത്തെ പിന്താങ്ങുകയും ചെയ്തു. വിർച്ചോ എന്നൊരു പ്രതിനിധി റീക്ഷ്സ്റ്റാഗിൽ ഇങ്ങനെ പ്രസ്താവിച്ചു: "1873–ൽ പാസാക്കിയിരിക്കുന്ന നിയമങ്ങളം സേച്ഛാപ്രഭുത്വത്തിൽനിന്നു നിഷ്പന്നമായിരിക്കുന്നതും സാതന്ത്ര്യധ്വംസകവുമാണു"..... എന്നാൽ, സെൻറർ പാർട്ടി തൽക്കാലം ഭരണത്തിൽ വരുമെന്നു ഭയപ്പെടാനില്ലാത്തതിനാലും ഈ നിയമങ്ങളം കത്തോലിക്കാസഭയെ മാത്രമേ ദ്രോഹിക്കുന്നുള്ളുവെന്നതിനാലും നാം അവ സ്വീകരിക്കതന്നെ ചെയ്യണം."

ബിസ്മാർക്കിന്റെ നിയമങ്ങളം അദ്ദേഹം അവതരിപ്പിച്ചിരുന്നതുപോലെതന്നെ പാസാക്കിയിരുന്നു. ഒരു സെൻറർനേതാവായ റീക്കെൻസ്പെർഗർ ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചു: "രാഷ്ട്രീയാധികാരികളുടെ അനുവാദം കൂടാതെ സുവിശേഷം പ്രസംഗിച്ചുകൂടെന്നും ഓരോപ്രവിശ്യയിലേയും പ്രസിഡൻറിന്റെ അനുവാദം കൂടാതെ കുട്ടിശേകം കൊടുത്തുകൂടെന്നും നിശ്ചയിച്ചതോടുകൂടി ക്രിസ്തുമതത്തെ ഇല്ലാതാക്കുകയാണു ചെയ്തിരിക്കുന്നതെന്നു നിങ്ങളം മനസ്സിലാക്കുന്നില്ല?" ഈ നിയമങ്ങളം കുറേനാളം നിശിതമായിത്തന്നെ നടപ്പിൽ വരുത്തി. അനുസരിക്കാത്ത മെത്രാന്മാരേയും വൈദികരേയും ശിക്ഷിച്ചു. പല മെത്രാന്മാരും പിഴയൊടുക്കി; ചിലർ സ്ഥാനഭ്രഷ്ടരായി; പല മെത്രാന്മാരും മെത്രാപ്പോലീത്താമാരും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. എന്നിട്ടും അവർ ബിസ്മാർക്കിന്റെ ഇഷ്ടത്തിനു വഴങ്ങിക്കൊടുത്തില്ല. ത്രെവെസ്സിലെ (Treves) മെത്രാൻ ജയിലിൽ കിടന്നു മരിച്ചു. ഈ മരണം തിരുസ്സഭയ്ക്ക് എന്നതിനേക്കാളം ബിസ്മാർക്കിനാണു കൂടുതൽ നഷ്ടം വരുത്തിയതു്.

ഇടവകകളിൽ വികാരിമാരില്ലാതായി; ശ്രേഷ്ഠകളിൽ മെത്രാന്മാരുമില്ലാതായി. തിരുസ്സഭയുടെ ഭരണഘടന പൊളിഞ്ഞുതുടങ്ങിയെങ്കിലും ജർമ്മൻകത്തോലിക്കർ ബിസ്മാർക്കു പ്രതീക്ഷിച്ചതുപോലെ ഗവർമ്മെൻറിനു പിന്തുണ നല്കിയില്ല. വളരെ കുറച്ചു വൈദികർ മാത്രം നിയമം അനുസരിച്ചു. അൽമേനികം സിസറിനെതിരായി ക്രിസ്തുനാഥനുവേണ്ടി വോട്ടുചെയ്തു.

ഭൂരിപക്ഷം ബിസ്മാർക്കിന്റെ ബില്ലുകളെ അനുകൂലിച്ചപ്പോൾ വിന്തോഴ്സ്റ്റ് റീക്കുസ്റ്റാഗിൽ ഇങ്ങനെ പ്രതിഷേധിച്ചു: "മതത്തെ നിങ്ങൾ പോലീസു ഡിപ്പാർട്ടുമെൻറായി പകുത്തിയിരിക്കുന്നു. തൊട്ടിൽ മുതൽ ശവകുടീരംവരെയുള്ള നമ്മുടെ പ്രവൃത്തികൾ ഗവർമ്മെൻറ് നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യണമെന്നാണു് നിങ്ങളുടെ അഭിലാഷം..... ആദിമക്രൈസ്തവർ പേഗനിസത്തിന്റെ അന്യായ നിയമങ്ങളെ ചെറുത്തതുപോലെ അന്യായവും അന്തഃകരണവിരുദ്ധവുമായ ഇന്നത്തെ നിയമങ്ങൾ ക്രിസ്ത്യാനികൾക്കു് അനുസരിക്കുവാൻ നിവൃത്തിയില്ല." വേറൊരു ഗംഭീര പ്രസംഗത്തിൽ സെൻറർ നേതാവു് ഇപ്രകാരം പ്രസ്താവിച്ചു: "ഞങ്ങളെ ഞെരുക്കുവാനും ഞങ്ങളുടെ സ്ഥിതി പരിതാപകരമാക്കുവാനും ഞങ്ങളുടെ ഹൃദയങ്ങളെ ക്ഷതപ്പെടുത്തുവാനും നിങ്ങൾക്കു് കഴിയും; എന്നാൽ, ഞങ്ങളുടെ ഹൃദയങ്ങളിൽനിന്നു വിശ്വാസമെടുത്തുകളയുവാൻ നിങ്ങൾക്കു സാധിക്കയില്ല. ഞങ്ങളുടെ ദൈവാലയങ്ങൾ നിങ്ങൾ പൂട്ടുകയാണെങ്കിൽ യാക്കോബിൻ ഭരണകാലത്തു ഫ്രാൻസിൽ ചെയ്തിരുന്നപോലെ ഞങ്ങൾ വനങ്ങളിൽ സമ്മേളിക്കും..... സുവിശേഷം മാത്രമാകുന്ന ആയുധം ധരിച്ചിട്ടുള്ള ഒരു മെത്രാനെ നിങ്ങൾ കാരാഗൃഹത്തിൽ

അടയ്ക്കുമായിരിക്കും; ശിക്ഷിക്കുമായിരിക്കും; എന്നാൽ, അദ്ദേഹത്തിന്റെ മേൽ വിജയം വരിക്കാൻ പോകുന്നില്ല."

ജർമ്മനിയിൽ ഏഴുകൊല്ലം ബിസ്മാർക്കു തിരുസ്സഭയെ ആക്രമിച്ചു. അതിനെ ഇളക്കിമറിച്ചു; എന്നാൽ, പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ല. ഓരോ തിരഞ്ഞെടുപ്പിലും സെൻറർ പാർട്ടിയുടെ സംഖ്യ വർദ്ധിക്കുന്നതായി അദ്ദേഹം കണ്ടു. റീക്കുസ്റ്റാഗിലും പ്രസ്തുത കക്ഷിയോടുള്ള ബഹുമാനം വർദ്ധിച്ചു. കൾത്തുർകാംഫ് പരാജയമാണെന്നു ബിസ്മാർക്കു് മനസ്സിലാക്കി; എന്നാൽ എന്നാണു് അങ്ങനെ മനസ്സിലാക്കിയതെന്നു് ആർക്കും തീർത്തുപറയുവാൻ സാധ്യമല്ല. ആത്മാവിനുവേണ്ടി മനുഷ്യർ മരിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കുവാൻ കഴിയാത്ത ലൗകായതിക മനസ്ഥിതിയായിരുന്നു അദ്ദേഹത്തിന്റേതു്. അനന്തരകാലങ്ങളിൽ ആത്മാവിനുവേണ്ടിയല്ല, വെറും ഒരാശയത്തിനുവേണ്ടി സോഷ്യലിസ്റ്റുകാർ മരിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കുവാനും ആ പ്രായോഗികചിന്താഗതിക്കാരനു സാധിച്ചില്ല. ഇവയൊന്നും അദ്ദേഹത്തിനു മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെങ്കിലും ഇവ അദ്ദേഹത്തിന്റെ പരിപാടികൾക്കു തുരങ്കംവച്ചു. എന്നാൽ, ബിസ്മാർക്കു് ഒരു രാഷ്ട്രതന്ത്രജ്ഞനായിരുന്നതുകൊണ്ടു് പരാജയം സമ്മതിക്കാതെ പിന്മാറുവാൻ ഒരവസരം നോക്കിത്തുടങ്ങി. ഒമ്പതാം പീയൂസ് മാർപ്പാപ്പയുടെ കാലത്തു് അതു സാദ്ധ്യമല്ലെന്നു കണ്ടു. അതിനാൽ, ബിസ്മാർക്കു് ഒന്നുകിൽ ഉറച്ചുനില്ക്കുണം അല്ലെങ്കിൽ ശുദ്ധഹൃദയനായ മാർപ്പാപ്പയോടു പരാജയം സമ്മതിച്ചു പറയണം. മുപ്പത്തിരണ്ടുകൊല്ലത്തെ ഭരണശേഷം 1878–ൽ ഒമ്പതാം പീയൂസ് മാർപ്പാപ്പ

മരിച്ചു. സൗമ്യപ്രകൃതിയായ പതാമൂന്നാം ലെയോ യാണു പിൻഗാമിയായി വന്നതു്. ആവുന്നിടത്തോളം അപമാനം കൂടാതെ പിന്മാറുന്നതിനു് തിരുമേനി ബിസ്മാക്കിനെ സഹായിച്ചു.

ലെയോൻ മാർപ്പാപ്പയുടെ തിരഞ്ഞെടുപ്പു് ആയ പ്പോഴേക്കും ബിസ്മാക്കിനു് മനസ്സിലായി കത്തോ ലിക്കാ സഭയോടുള്ള നയം മാറേണ്ട സമയം അതി ക്രമിച്ചുവെന്നു്. അദ്ദേഹത്തിന്റെ കുനയം ഒരു തത്ത്വ മനുസരിച്ചൊന്നുമായിരുന്നില്ല; വെറും അധികാരഭ്രമ മായിരുന്നു. എന്നാൽ, സെൻടൽ പാർട്ടി തിരുസ്സഭയ്ക്കു വേണ്ടി സമരം ചെയ്തതു് ഒരു ഇളകാത്ത തത്ത്വം മുറുകെ പിടിച്ചാണു്. ബിസ്മാക്കിന്റെ പ്രശസ്തി ഗവമ്മെ ന്റിന്റെ അധികാരമോ വർദ്ധിച്ചില്ല; പ്രത്യുത, സെൻറർ പാർട്ടിയുടെ പ്രശസ്തി വർദ്ധിച്ചു. മർദ്ദന നയം തുടങ്ങിയതിനുശേഷം 1873-ൽ നടത്തിയ ആദ്യത്തെ തിരഞ്ഞെടുപ്പിൽ കത്തോലിക്കർക്കു് 28 സ്ഥാനങ്ങൾ കൂടുതൽ കിട്ടി. 1878 ആയപ്പോഴേക്കു് സെൻറർ പാർട്ടി പ്രധാന കക്ഷികളിൽ ഒന്നായി ഉയർന്നു.

മതപരമായ വിഷയങ്ങൾക്കു പുറമേ, പുകയില കുത്തക; മദ്യകുത്തക, രഹസ്യസേവന നിധി വിത രണം തുടങ്ങിയ സംഗതികൾ സംബന്ധിച്ചു കൂടി വിന്തോഴ്സ്റ്റ് ബിസ്മാക്കിനെതിരായി ഒരു സമരം നടത്തിക്കൊണ്ടിരുന്നു. പാർലമെണ്ടറി വാദപ്രതി വാദത്തിൽ വിന്തോഴ്സ്റ്റിനോടു കിടപിടിക്കുവാൻ ബിസ്മാക്കിനു് സാധിക്കുകയില്ലെന്നുള്ള ഒരു പോരായ്മ ഇതിനകം സർവ്വർക്കും ബോദ്ധ്യവുമായി. ഉരുക്കുമനുഷ്യനായ ചാൻസലർക്കു് മനുഷ്യവികാരങ്ങൾ ഗ്രഹിക്കുവാൻ തന്റേടമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹ

ത്തിനു മനസ്സിലായിക്കാണണം ഹനോവറിൽനിന്നു വന്ന കൊച്ചുമനുഷ്യന്റെ നേക്കാണു് ജനപടങ്ങളുടെ ഹൃദയം ചാഞ്ഞിരുന്നതെന്നും അദ്ദേഹത്തിന്റെ ആദർശങ്ങളാണു് അവക്കു പ്രിയംകരമെന്നും. വിന്തോഴ്സ്റ്റിന്റെ എതിർപ്പു കാരണം തന്റെ ബില്ലു കൾ പാസാക്കുവാൻ പ്രയാസമായിയെന്നു് ബിസ്മാ ക്കിനും ബോദ്ധ്യമായി. വിന്തോഴ്സ്റ്റിന്റെ നേതൃ ത്വത്തിൽ സെൻറർ പാർട്ടി ജർമ്മനിയിൽ പരിഗണ നാർഹമായ ഒരു കക്ഷിയായിത്തീർന്നു.

ജർമ്മൻ കത്തോലിക്കരുടെ "വത്തിക്കാൻബന്ധം" നശിപ്പിക്കുവാൻ താൻ ചെയ്ത പരിശ്രമങ്ങൾ വിഫല മായെന്നു ബിസ്മാക്കു് കണ്ടു. സമരത്തിന്റെ പ്രഥമ ഘട്ടത്തിൽ സഭയെ എതിർക്കുവാൻ സഹായി ച്ചിരുന്നവർതന്നെ പിറകോട്ടടിക്കുവാൻ നിർദ്ദേശിച്ചു. ഈ പലായനത്തിനു പ്രേരിപ്പിച്ച ഒരു ഘടകം സോഷ്യലിസം അഥവാ ഇന്നത്തെ ഭാഷയിൽ കമ്യൂണിസമാണു്. 1871–ൽ വിന്തോഴ്സ്റ്റോ, ബിസ്മാർക്കോ പ്രതീക്ഷിക്കാതിരുന്ന ഒരു ഘടകമാ ണിതു്. പണ്ടേ ജർമ്മനിയിൽ സോഷ്യലിസ്റ്റുകാരുണ്ടായിരുന്നു; എന്നാൽ, 1875 വരെ അതു് ഒരു രാ ഷ്ട്രീയശക്തിയായിത്തീരുമെന്നു ബിസ്മാക്കു് കരുതിയില്ല. അക്കാലത്താണു് മാർക്സ്സിന്റെ ശിഷ്യന്മാരും ലസാലിന്റെ അനുയായികളും കൂടി സോഷ്യലിസ്റ്റു് ഡിമോക്രാററിക്കു പാർട്ടി രൂപവൽക്കരിച്ചതു്. ദ്രുത ഗതിയിൽ ജർമ്മനിയിൽ നടന്ന വ്യവസായീകരണം സോഷ്യലിസത്തിനു വളംവച്ചു. ബിസ്മാക്കിനു് അതിന്റെ സ്വഭാവം മനസ്സിലാക്കുവാനോ, അതിനെ അമർത്തുവാനോ കഴിഞ്ഞില്ല. 1878 ആയപ്പോഴേക്കു് അതിന്റെ ഭീഷണി ഭയങ്കരമായി. ബലംപ്രയോ

ഗിച്ചു് അതിനെ തല്ലിത്തകർക്കുവാൻ ബിസ്മാർക്കുചെയ്ത പരിശ്രമം അതിന്റെ ശക്തികൂട്ടുകയും അംഗബലം വർദ്ധിപ്പിക്കുകയുമാണു ചെയ്തതു്. അതുകൊണ്ടു മറ്റു മാർഗ്ഗങ്ങൾ അവലംഭിക്കേണ്ടിവന്നു. സാമുദായിക നിയമനിർമ്മാണത്തിന്റെ ആവശ്യം അങ്ങനെ പ്രകടമായി. തൊഴിലില്ലായ്മയ്ക്കു് ഇൻഷുറൻസ്, വാർദ്ധക്യ പെൻഷൻ എന്നിവ സംബന്ധിച്ചു നിയമനിർമ്മാണം ആവശ്യമാണെന്നു് അദ്ദേഹം കണ്ടു. എന്നാൽ സെൻറർ പാർട്ടിയുടെ സഹകരണം കൂടാതെ ഈ നിയമങ്ങൾ പാസാക്കുവാൻ സാധ്യമല്ലായിരുന്നു.

ബിസ്മാർക്കിന്റെ വിഷമഘട്ടം വിന്തോഴ്സ്റ്റിനു ഗുണപ്രദമായി. 1878–ൽത്തന്നെ ഒന്നുരണ്ടാഴ്ചകൊണ്ടിടയ്ക്കു ചക്രവർത്തിയെ ശ്രദ്ധമായി വധിക്കുവാൻ സോഷ്യലിസ്റ്റുകാർ* രണ്ടു പരിശ്രമങ്ങൾ നടത്തി. ഈ വധോദ്യമങ്ങൾക്കു കാരണം ചാൻസലർ ബിസ്മാർക്കു് ജനങ്ങളുടെ ഹൃദയങ്ങളിൽനിന്നു മതവിശ്വാസം ബഹിഷ്കരിച്ചതുകൊണ്ടാണെന്നു വിലപിച്ചു ചക്രവർത്തി വിശ്വസിച്ചു. ഈദൃശമായ വാദഗതിയാണു വിന്തോഴ്സ്റ്റിനു റീക്ഷ്സ്റാഗിലും സ്വീകരിച്ചതു്. സോഷ്യലിസം ബഹിഷ്കരിക്കുവാനുള്ള ബില്ലിനു വോട്ടു ചെയ്യുവാൻ സെൻറർ പാർട്ടിയോടു് ആവശ്യപ്പെട്ടപ്പോൾ വിന്തോഴ്സ്റ്റിനു ചോദിച്ചു: "അനുസ്യൂതമായി അങ്ങു് തീയിൽ എണ്ണകോരിയൊഴിച്ചുകൊണ്ടിരിക്കുമ്പോൾ തീ കെടുത്തുവാൻ പരിശ്രമിച്ചാലെന്തു പ്രയോജനം?" സോഷ്യലിസത്തിൽനിന്നു ജർമ്മനിയെ മോചിപ്പിക്കുവാൻ മതത്തിനു മാത്രമേ സാധിക്കുകയുള്ളുവെന്നു് ചെത്തിമിനുക്കിയെ

* സോഷ്യലിസം എന്നു പറയുമ്പോൾ ഇന്നത്തെ കമ്മ്യൂണിസം എന്നു മനസ്സിലാക്കണം ഈ ഗ്രന്ഥത്തിൽ.

ടുത്ത വാക്കുകളിൽ അദ്ദേഹം സമർത്ഥിച്ചു. റീക്കു സ്റ്റാറിൽ വിന്തോഴ്സ്റ്റ് ഇപ്രകാരം പ്രസ്താവിച്ചു: "തിരുസ്സഭയ്ക്കു് പ്രവർത്തന സ്വാതന്ത്ര്യമുള്ള സ്ഥലങ്ങളിൽ സോഷ്യലിസ്റ്റുകാക്കു ഒരു പിടി പാട്ടം കിട്ടുന്നില്ല. കത്തോലിക്കർ ധാരാളം നിവസിക്കുന്ന റൈൻ പ്രദേശങ്ങളിലും വെസ്റ്റ്ഫാലിയായിലും സൈലേഷ്യയിലും സോഷ്യലിസ്റ്റുകാരായ ബെബെലിന്റേയും ലീബ്നേക്ടിന്റേയും സിദ്ധാന്തങ്ങളം വിലപ്പോകുന്നില്ല. ഇടവകകാര്യം വികാരിമാരില്ലാതെ വിടുകയും, മതപഠനത്തെ വിദ്യാലയങ്ങളിൽനിന്നു ബഹിഷ്കരിക്കുകയും, ദൈവഭക്തി വർദ്ധിപ്പിക്കുവാനും മനുഷ്യവേദനകളം നീക്കുവാനും നിശ്ചയിച്ചു പ്രവർത്തിക്കുന്ന സന്യാസസഭകളെ നാടുകടത്തുകയും ചെയ്തതിനുശേഷം ഇവിടെ സോഷ്യലിസം തഴച്ചു വളരുന്നുവെങ്കിൽ നിങ്ങളം വിസ്മയിക്കേണ്ടതില്ല."

സോഷ്യലിസത്തിനെതിരായുള്ള നവസമരത്തിൽ സെൻറർ പാർട്ടിയുടെ സഹകരണം ലഭിക്കുവാൻ വൈമനസ്യത്തോടെയെങ്കിലും ബിസ്മാർക്കു് ഒന്നു പരിശ്രമിച്ചുനോക്കി. വിന്തോഴ്സ്റ്റിനെ സമീപിക്കുന്നതു ബിസ്മാർക്കിനു് അഭിമാനക്ഷയമാണെന്നു തോന്നിയതിനാൽ അദ്ദേഹം തിരുസിംഹാസനത്തെ സമീപിച്ചു. സോഷ്യലിസ്റ്റുകാര്യത്തിനെതിരായ പ്രവർത്തനങ്ങളിൽ ബിസ്മാർക്കിനെ സഹായിക്കുവാൻ മാർപ്പാപ്പാ തിരുമേനി ആജ്ഞാപിക്കുമെന്നുള്ള പ്രതീക്ഷയോടെയാണു് ഇപ്രകാരം ചെയ്തതു്. കുൾത്തുർകാംഫ് തുടങ്ങുന്നതിനും അവസാനിപ്പിക്കുന്നതിനും ബിസ്മാർക്കിനെ പ്രേരിപ്പിച്ച സംഗതികളിൽ മാർപ്പാപ്പാമാരും കത്തോലിക്കരും തമ്മിലുള്ള ബന്ധത്തെപ്പറ്റി അദ്ദേഹത്തിന്റെ അജ്ഞത എത്രമാത്രമാ

യിരുന്നുവെന്നു നിഴലിച്ചുകാണാം. കൂംത്തൂർകാംഫി നേപ്പറ്റി ഒരു ഒത്തുതീർപ്പിലെത്തുവാൻ അദ്ദേഹം നിർദ്ദേശിച്ച കാര്യങ്ങൾ തിരുസിംഹാസനം സ്വീകരിച്ചില്ല. തന്മൂലം 1871-നു ശേഷം തിരുസ്സഭക്കെതിരായി പാസാക്കിയ നിയമങ്ങൾ പിൻവലിച്ചു സെൻറർ പാർട്ടിയുടെ പിന്തുണ നേടുവാൻ വൈമനസ്യത്തോടെ അദ്ദേഹം പരിശ്രമിച്ചുതുടങ്ങി.

നിയമങ്ങൾ പിൻവലിച്ചതു സാവധാനത്തിലായതുകൊണ്ടു ബിസ്മാർക്കിനു മുഖം മൂടാതെ നടക്കാമായിരുന്നു. വൈദികരെ നീക്കംചെയ്യുവാൻ ഗവൺമെൻറിനുണ്ടെന്നു ഭാവിച്ച അധികാരം 1880-ൽ ഉപേക്ഷിച്ചു. പിന്നീട് വർഷംപ്രതി ഒരോരോ നിയമങ്ങൾ പിൻവലിച്ചുകൊണ്ടിരുന്നു. തന്മൂലം 1890 ആയപ്പോഴേക്കു കൂംത്തൂർകാംഫിൽപ്പെട്ട നിയമങ്ങളെല്ലാം പിൻവലിച്ചു. കാര്യം നേടുവാൻ ബിസ്മാർക്കിനു സാധിക്കാതെ വന്നതു വിന്തോഴ്സ്റ്റിൻെറ രാഷ്ട്രീയ സാമർത്ഥ്യവും കക്ഷിനേതാവെന്നനിലയിലുള്ള ത്രാണിയുമാണ്. രണ്ടു കനത്ത തിരികല്ലുകളുടെ മദ്ധ്യേ താൻ സ്ഥിതിചെയ്യുന്നതുപോലെ വിന്തോഴ്സ്റ്റിനു തോന്നി. ബിസ്മാർക്കു് അവ അടുപ്പിച്ചു് അദ്ദേഹത്തെ പൊടിക്കുവാനായിരുന്നു ഉദ്യമിച്ചതു്. പേപ്പൽ നൺസിയോവഴി മാർപ്പാപ്പാ തിരുമേനിയുമായി ഒരു ഉടമ്പടിയുണ്ടാക്കുവാൻ ചാൻസലർ ബിസ്മാർക്കു പരിശ്രമിച്ചുകൊണ്ടിരുന്നു. പ്രസ്തുത ഉടമ്പടിയനുസരിച്ചു പ്രവർത്തിക്കുവാൻ സെൻട്രൽ പാർട്ടിക്കു മാർപ്പാപ്പാ തിരുമേനി ആഹ്വാനം നല്കുമല്ലോ എന്നായിരുന്നു ബിസ്മാർക്കിൻെറ വിചാരം. പലപ്പോഴും സന്ധിവ്യവസ്ഥകൾ അതൃപ്തികരമായിരുന്നുവെന്നു വിന്തോഴ്സ്റ്റിനു് അറിയാമായിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽ പാട്ടുള്ളിടത്തോളം നൺസി

യോയുടെ ഉപദേശം സ്വീകരിച്ചിരുന്നു; ചില അവസരങ്ങളിൽ അദ്ദേഹം വിനയപൂർവ്വം പ്രസ്താവിച്ചിരുന്നതു നൺസിയോ തിരുമേനി കാര്യങ്ങൾ ശരിയായി മനസ്സിലാക്കിയില്ലെന്നാണു്. ഒരുദാഹരണം നല്കാം. ഏഴു കൊല്ലത്തേക്കു സാമ്രാജ്യത്തിലെ ആദായനിയന്ത്രണം തനിക്കു പൂർണ്ണമായി വിട്ടുകൊടുക്കണമെന്നു ബിസ്മാർക്കു് ഒരു ബിൽ അവതരിപ്പിച്ചു. ബിസ്മാർക്കിന്റെ ബിൽ സെൻറർ പാർട്ടി പിന്താങ്ങിയാൽ നന്നായിരിക്കുമെന്നു മാർപ്പാപ്പാ തിരുമേനി അഭിപ്രായപ്പെട്ടു; എന്നാൽ, ഇതുപോലെ ദീർഘമായ ഒരു കാലഘട്ടം മുഴുവനും ഈദൃശനിയന്ത്രണം ബിസ്മാർക്കിനു കൊടുക്കുവാൻ വിന്തോഴ്സ്റ്റ് വിസമ്മതിച്ചു. തനിരാഷ്ട്രീയമായ ഈ സംഗതിയിൽ മാർപ്പാപ്പാ തിരുമേനിയുടെ ശുപാർശി സ്വീകരിക്കാഞ്ഞതിനു തിരുമേനിക്കുപോലും ഒരു വിഷമം തോന്നിയില്ല. ഒരു കത്തോലിക്കനു് അങ്ങനെ ഒരു നിലപാടു സ്വീകരിക്കുവാൻ വിരോധമില്ലാത്തതാണല്ലോ.

1890-ൽ ബിസ്മാർക്കിനെ ചാൻസലർ പദത്തിൽനിന്നു നിക്കംചെയ്തു. അന്നു ബിസ്മാർക്കും വിന്തോഴ്സ്റ്റും ഒന്നുപോലെ വാർദ്ധക്യംപ്രാപിച്ചിരുന്നു. ഇരുപത്തിനാലു കൊല്ലത്തേക്കു് ഇവർ തമ്മിൽ വടംവലി നടന്നു. വിന്തോഴ്സ്റ്റ് ജയിച്ചു. കുൾത്തുർകാംഫ് അവസാനിച്ചു. ബിസ്മാർക്കു് അപമാനിതനായി. വിന്തോഴ്സ്റ്റ് ജർമ്മൻ സാമ്രാജ്യത്തിൽ എല്ലായിടത്തും കത്തോലിക്കരുടെ കണ്ണിലുണ്ണിയുമായി. സമരത്തിൽ വിന്തോഴ്സ്റ്റുതന്നെയാണു കൂടുതൽ സമർത്ഥനും ഉൽകൃഷ്ടനുമെന്നു വിശദമായി. അതിനാൽ പത്തൊമ്പതാം ശതാബ്ദത്തിലെ ഗോലിയാത്തിനെ താൻ പരാജയപ്പെടുത്തിയെന്നു വിന്തോഴ്സ്റ്റിനു ന്യായമായി അഭിമാനിക്കാമായിരുന്നു.

സാമൂഹ്യപ്രവർത്തനങ്ങൾ

ഗോലിയാത്തിനെ വധിച്ചതിനുപുറമേ, ദാ
സങ്കീർത്തനങ്ങൾ എഴുതുകയും ഒരു രാജ്യം ഭരിക്കുക
ചെയ്തു. ബിസ്മാർക്കിനെ പരാജയപ്പെടുത്തിയതു മാ
മല്ല വിന്തോഴ്സ്റ്റിന്റെ വിജയം. റീക്കൂസ്റ്റാഗിൽ
നിന്നുകൊണ്ടു കത്തോലിക്കാസഭയുടെ സാമൂഹായിക
തത്ത്വങ്ങളനുസരിച്ചു നിയമനിർമ്മാണംചെയ്യുവാൻ
സെൻറർപാർട്ടിയെ ശരിക്കു പ്രയോഗിച്ചുകൊണ്ടി
രുന്നു. ജർമ്മൻ കത്തോലിക്കരുടെ പരമാദ്ധ്യക്ഷനേ
പ്പോലെയായിരുന്നു വിന്തോഴ്സ്റ്റ്. "അല്ലയോ വന്ദ്യ
തിരുമേനീ" എന്നു് അവർ അദ്ദേഹത്തെ ചിലപ്പോൾ
ഫലിതരൂപത്തിൽ സംബോധനചെയ്യുമായിരുന്നു.
ആധുനിക ജർമ്മൻ ചരിത്രത്തിൽ വിന്തോഴ്സ്റ്റിനേ
ക്കാൾ വലിയവരാരും ഉണ്ടായിട്ടില്ല. തിരുസ്സഭയുടെ
പഠനങ്ങൾക്കു് അനുയോജ്യമായ സാമൂഹായിക നിയ
മങ്ങൾ ഉണ്ടാക്കുവാൻ ഗവർമ്മെൻറിനോടു് അദ്ദേഹം
പൂർണ്ണമായി സഹകരിച്ചു. എന്നാൽ സഹകരണം
പൊതുവേ നല്കുകയല്ല വിന്തോഴ്സ്റ്റ് ചെയ്തതു്;
ഓരോ ബില്ലുംകൊണ്ടു വരുമ്പോൾ അതിന്റെ
സ്വഭാവം പഠിച്ചതിനുശേഷം അതിനെ പിന്താങ്ങി
ക്കൊണ്ടിരുന്നു. അതിനാൽ സെൻറർ പാർട്ടി
അതിന്റെ സ്വാതന്ത്ര്യം ബലിചെയ്തില്ല. മാത്രമല്ല,
ഓരോസമയത്തു് അവർ പിന്താങ്ങിയിരുന്ന ബില്ലിൽ
കൂട്ടുതലായി യാതൊന്നും അവർ അംഗീകരിച്ചിരുന്ന
മില്ല. കൾത്തുർകാംഫ് ആവശ്യപ്പെടുകയില്ലെന്നുള്ള
അടിസ്ഥാനത്തിന്മേൽ മാത്രമാണു 1878 മുതൽ
വിന്തോഴ്സ്റ്റ് ബിസ്മാർക്കിനോടു സഹകരിച്ചതു്.
ഹനോവർകാരനായ ആ പ്രസ്ഥകായകന്റെ നേതൃ
ത്വത്തിൽ സെൻറർ പാർട്ടി വളരെയധികം വിക

ച്ചിരുന്നതിനാൽ അവരുടെ അവകാശവാദങ്ങൾ
ംഗീകരിക്കാതെ സെൻററിന്റെ സഹകരണം
ഉറപ്പിക്കയില്ലെന്നു് ബിസ്മാർക്കിനും ബോദ്ധ്യമായി.

സെൻറർ പാർട്ടി ഉന്നയിച്ചതും ബിസ്മാ
ർക്കിന്റെ സഹകരണത്തോടുകൂടി പാസാക്കിയതുമായ
സാമുദായികനിയമങ്ങൾക്കും വിന്തോഴ്സ്റ്റിനെത്തന്നെ
യാണു് നാം അനുമോദിക്കേണ്ടതു്. സാമുദായിക
സിദ്ധാന്തങ്ങൾ ശ്രുവപ്പെടുത്തുന്നതിലല്ലെങ്കിലും സാമു
ദായിക നിയമ നിർമ്മാണത്തിൽ വിന്തോഴ്സ്റ്റിനും
അനുയായികളുമാണു് മാർഗ്ഗദർശികൾ. തൊഴിലി
ല്ലായ്മ ഇൻഷ്വറൻസ്, വാർദ്ധക്യപെൻഷൻ, ഏറ്റവും
കുറഞ്ഞ കൂലി തുടങ്ങിയ വിഷയങ്ങൾ സംബന്ധി
ച്ചുള്ള നിയമങ്ങൾ ആദ്യം ഉണ്ടായതു് സെൻറർ
പാർട്ടിയുടെ പ്രചോദനത്താൽ ജർമ്മനിയിലാണു്.
ഇരുപതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ പ്രസ്തുത
നിയമങ്ങൾ ഇംഗ്ലണ്ടിലും പിന്നീടു് അമേരിക്കയിലും
പാസായി. വ്യവസായീകൃതമായ നവലോകത്തി
ലേക്കു് കത്തോലിക്കാസഭയുടെ സാന്മാർഗ്ഗിക തത്ത്വ
ങ്ങളുടെ പ്രകാശം അടിച്ചുനോക്കിക്കൊണ്ടാണു്
സെൻറർ പാർട്ടി സാമുദായിക നിയമനിർമ്മാണത്തിനു
തുനിഞ്ഞതു്. സഭയുടെ സാമുദായിക പഠനങ്ങൾക്കു
ശരിയായ രൂപം കൊടുത്തതു് ജർമ്മനിയിൽ ബിഷപ്പു്
മോൺ കെറ്റ്ലറും ഇംഗ്ലണ്ടിൽ കാർഡിനൽ മാനി
ങ്ങുമാണു്. വിന്തോഴ്സ്റ്റിന്റെ മരണത്തിനു ശേഷം
കുറേ മാസങ്ങൾ കഴിഞ്ഞാണു് "റേരും നൊവാരും"
എന്ന ചാക്രികലേഖനം പതിമൂന്നാം ലെയോൻ
മാർപ്പാപ്പാ പ്രസിദ്ധംചെയ്തതു്. സഹകരണസംഘ
ങ്ങൾ മുതൽ തൊഴിലാളികളുടെ ആരോഗ്യസ്ഥിതിയും
തൊഴിൽകാര്യങ്ങളിൽ രാഷ്ട്രം വഹിക്കേണ്ട ഭാഗവും
വരെ സാമ്പത്തികവും സാമുദായികവുമായ പ്രശ്നങ്ങ

ംക്കെല്ലാം പ്രതൃത്തരം ഉംക്കൊള്ളിച്ചിട്ടുള്ള ഒരു അമൂല്യ പ്രബന്ധമാണ് "ദേശാഭിമാനി."

സാമുദായികപ്രശ്നങ്ങളേപ്പറ്റി എത്രയും അധുനാധുനമായി തിരുസ്സഭ പഠിപ്പിച്ചിരുന്ന സംഗതികളും വിന്തോഴ്സ്റ്റിനു് സുപരിചിതമായിരുന്നു. 1880-ൽ ബിസ്മാക്കു് ഉണ്ടാക്കിയ സാമുദായിക നിയമങ്ങളും വിന്തോഴ്സ്റ്റിന്റെ സഹകരണം കൂടാതെ ഒരിക്കലും ഉണ്ടാകയില്ലായിരുന്നു. അദ്ദേഹത്തിന്റെ സഹകരണം നിമിത്തം, സാമുദായിക നിയമനിർമ്മാണം അധികാരപ്രഭോതകമല്ല. കത്തോലിക്കാ തത്വങ്ങളുടെ നിഴൽ അവയിൽ കാണുകയും ചെയ്യാം. 1883-ൽ തൊഴിലാളികൾക്കുവേണ്ടിയുള്ള "രോഗ ഇൻഷ്വറൻസും" "അപകട ഇൻഷ്വറൻസും" നിർബന്ധമാക്കിയുള്ള നിയമങ്ങൾ പാസാക്കി. സ്ത്രീകളേയും കുട്ടികളേയുംകൊണ്ടു് അധികം തൊഴിൽ ചെയ്യിക്കാതിരിക്കുവാൻ വ്യവസ്ഥയായ നിയമങ്ങൾ 1887-ൽ ഉണ്ടായി. അതേ വർഷംതന്നെ ഏറ്റവും കൂടുതൽ വേല ചെയ്യിക്കാവുന്നതു് എത്ര മണിക്കൂറെന്നു് നിശ്ചയിക്കുകയും ഫാക്ടറികളും ഖനികളും ഗവർമ്മെൻറു് നിയന്ത്രണത്തിലാക്കുകയും ഞായറാഴ്ച വിശ്രമദിവസമായിരിക്കണമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. രണ്ടു കൊല്ലവുംകൂടി കഴിഞ്ഞു വാർദ്ധക്യ പെൻഷൻ നിയമം നടപ്പിലായി. ഇവയെല്ലാം സെൻറർപാർട്ടിയുടെ ആദർശങ്ങളായിരുന്നു; അവർ വഴിയാണു് ഇവ ബിസ്മാക്കിന്റെ കാലത്തു നിയമങ്ങളായതു്.

വിന്തോഴ്സ്റ്റിന്റെ നേതൃത്വത്തിൽ, ഗവർമ്മെൻറു ചട്ടക്കൂട്ടിനു പുറമേ നിന്നും സാമുദായിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ സെൻറർ പാർട്ടി പരിശ്രമിച്ചു. തൊഴിലാളികൾ സംഘടിക്കുന്നതിനും

അവരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നതിനും പാർട്ടിയംഗങ്ങൾ അവരെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു. മുതലാളികൾക്കും മാർക്സിസ്റ്റുകാക്കുമെതിരായി വിന്തോഴ്സ്റ്റ് വാദിച്ച തൊഴിലാളികളും മുതലാളികളും തമ്മിൽ ശണ്ഠയുണ്ടായേ മതിയാവൂ എന്നില്ലെന്നു്. അദ്ദേഹം ഒരിക്കൽ ഇങ്ങനെ പ്രസ്താവിച്ചു: "യജമാനന്മാരും തൊഴിലാളികളും എപ്പോഴും ശത്രുക്കളായിരിക്കുമെന്നുള്ള സങ്കല്പമാണു് ഇന്നത്തെ ഒരു വലിയ അബദ്ധം. യജമാനന്മാക്കു ശരിയായ ലാഭമുണ്ടാകണമെങ്കിൽ തൊഴിലാളികളുടെ ആവശ്യങ്ങൾ സമാദരിക്കണം. പരസ്പരം സ്നേഹപൂർവ്വം വർത്തിച്ചാലേ ഇരുകൂട്ടർക്കും ഐശ്വര്യമുണ്ടാകൂ". മോണ്ടലമ്പെറിനേപ്പോലെ വിന്തോഴ്സ്റ്റും ലിബറൽ പാഷണ്ഡതയിൽ നിപതിക്കാതെ ലിബറൽ കത്തോലിക്കനായി വർത്തിച്ചു.

കത്തോലിക്കാ ജർമ്മനിയിലേ ജനകീയ സംഘടന രൂപവൽകരിച്ചതാണു വിന്തോഴ്സ്റ്റിന്റെ എറ്റവും പ്രധാനമായ ഒരു പ്രവർത്തനം. സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ ജനങ്ങളെ ഗ്രഹിപ്പിക്കുവാനാണു് ഈ സംഘടന രൂപവൽക്കരിച്ചതു്. മാർക്സിസം, കമ്മ്യൂണിസം എന്നീകടക വിരുദ്ധാശയങ്ങളായ രണ്ടു പാഷണ്ഡതകളിൽ നിന്നു ജനങ്ങളെ വിമോചിപ്പിക്കുവാനുള്ള സംഘടനയായിരുന്നു അതു്. കൾത്തുർകാംഫിൽ വിന്തോഴ്സ്റ്റു് ബിസ്മാർക്കിനെ പരാജയപ്പെടുത്തിയതു മാത്രമേ സാധാരണമായി ചരിത്രകാരന്മാർ അനുസ്മരിക്കുന്നുള്ളു; എന്നാൽ, വിന്തോഴ്സ്റ്റിന്റെ സാമൂഹ്യ പ്രവർത്തനങ്ങൾ ശാശ്വത ഫലങ്ങളാണു് പുറപ്പെടുവിച്ചിരിക്കുന്നതു്. അതുവഴി ജർമ്മൻ കത്തോലിക്കർക്കു സാമൂഹ്യ പ്രശ്നങ്ങളുടെ യഥാർത്ഥ സ്വഭാവം മറ്റാരും ഗ്രഹിച്ചിട്ടില്ലാത്തപോലെ മന

സ്സിലാക്കുവാൻ കഴിഞ്ഞു. പത്തൊമ്പതാം ശതാബ്ദത്തിൽ യൂറോപ്പിലൊരിടത്തും അത്രയും അച്ചടക്കബോധമുള്ള ഒരു കക്ഷി ഉണ്ടായിരുന്നുമില്ല. വിന്തോഴ്സ്റ്റിന്റെ പ്രവർത്തനങ്ങൾ അടിയുറച്ചതായിരുന്നതിനാൽ ജർമ്മനിയിലേ സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതത്തിൽ സെന്റർ പാർട്ടി 1933 വരെ പ്രബലമായ ഒരു ശക്തിയായി നിലകൊണ്ടു. സർവ്വാധിപത്യരാഷ്ട്രം സ്ഥാപനത്തിനുവേണ്ടി ഹിറ്റ്ലർ ആ പാർട്ടിയെ നശിപ്പിക്കുകയാണു ചെയ്തത്.

ഉപസംഹാരം

ദൈവപരിപാലനയുടെ വൈഭവത്താൽ സമരത്തിന്റെ വിജയം സ്വജീവിതത്തിൽത്തന്നെ ദർശിക്കുവാൻ ഭാഗ്യം സിദ്ധിച്ച അപൂർവ്വം ചിലരിൽ ഒരാളാണ് വിന്തോഴ്സ്റ്റ്. ജീവിതത്തിന്റെ അവസാനഘട്ടത്തിൽ രാഷ്ട്രീയമായി ജർമ്മനിയിലെ ഏറ്റവും പ്രധാനപ്പെട്ട നേതാവായിരുന്ന അദ്ദേഹം. സാമ്രാജ്യത്തിലെ ഏറ്റവും പ്രബലമായ കക്ഷിയുടെ നേതാവായിതീർന്ന വിന്തോഴ്സ്റ്റ്. പതിനഞ്ചുകൊല്ലം മുമ്പ് പ്രസ്തുത കക്ഷിയിലെ അംഗങ്ങളെ സാമ്രാജ്യശത്രുക്കൾ എന്ന മുദ്രകുത്തിയിരുന്നതാണ്; എന്നാൽ 1890-ൽ ജർമ്മനിയിൽ എവിടേയും അവരെ യഥാർത്ഥ സ്വരാജ്യപ്രേമികളായി സ്വാഗതംചെയ്തു. റീക്ക്സ്റ്റാഗിൽ വന്നിരുന്ന ഏതു ബില്ലിന്റേയും വിജയസാദ്ധ്യത വിന്തോഴ്സ്റ്റിന്റെ നാവിൽ തൂങ്ങി. 1873-ൽ തിരുസ്സഭയ്ക്കെതിരായ ബില്ലുകളെ തടയുവാൻ സാധിക്കാതെ വിഷമിച്ച വിന്തോഴ്സ്റ്റിനു് 1890-ൽ ഏതു ബില്ലും വലിച്ചു ദൂരെ എറിയുന്നതിനോ, ആവശ്യമുള്ള ഏതെങ്കിലും ബിൽ പാസാക്കുന്നതിനോ നിഷ്പ്രയാസം സാധിക്കുമായിരുന്നു.

1891–ലായിരുന്നു വിന്തോഴ്സ്റ്റിന്റെ മരണം. ജീവിച്ചതുപോലെ അദ്ദേഹം മരിച്ചു. ഗുരുതരമായ നീരുവീഴ്ചയോടുകൂടെ എൺപതാമത്തെ വയസ്സിൽ അദ്ദേഹം രോഗശയ്യയെ അവലംബിച്ചു. ആലസ്യം വർദ്ധിച്ചുവന്നു. യൂറോപ്പ് മുഴുവനും ആ രോഗശയ്യയിലേക്ക് എത്തിനോക്കി. ചിലർ അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചു. കത്തോലിക്കാ ജർമ്മനിയുടെ ആ കൊച്ചു നേതാവിന്റെ ആലസ്യഗതി എല്ലാവരും തന്നെ വീക്ഷിച്ചുകൊണ്ടിരുന്നു. എല്ലാ ഭാഗത്തുനിന്നും, എല്ലാ കക്ഷികളിൽ നിന്നും, എല്ലാ മതക്കാരിൽനിന്നും സ്വമേധയാ അനുകമ്പ പ്രകടിതമായി. ചക്രവർത്തി രോഗശയ്യയിൽ വന്നു സന്ദർശിച്ചു; മാർപ്പാപ്പാ തിരുമേനി ആശീർവ്വാദം അയച്ചുകൊടുത്തു. അന്തിമനിമിഷങ്ങളിൽ വിന്തോഴ്സ്റ്റിനു് ബോധപ്രകർച്ചയുണ്ടായിരുന്നു; എന്നുവരികിലും ആ അന്തിമഘട്ടത്തിൽ റീക്ഷ്സ്റ്റാഗിലെന്നതുപോലെ ചെയ്ത പ്രസംഗത്തിൽ കുംത്തൂർകാംഫിന്റെ അന്തിമാവശിഷ്ടവും കൂടി നീക്കിക്കളയുവാൻ അഥവാ ഈശോസഭക്കാക്കു് ജർമ്മനിയിൽ പ്രത്യാഗമിക്കുവാൻ അനുമതി നല്കണമെന്നു് വാദിച്ചു. ആ മനുഷ്യന്റെ പ്രത്യയസ്ഥൈര്യം സുവിശദമാണു് ആ പ്രസംഗത്തിൽ. സാമൂഹ്യ നിയമനിർമ്മാണാർത്ഥം 1880 മുതൽ ഗവർമ്മെൻറിനോടു സഹകരിച്ചുവന്നിരുന്നെങ്കിലും പാർട്ടിയുടെ ഇതര താല്പര്യങ്ങൾക്കു ഭംഗം വരാതെ കുംത്തൂർകാംഫു് വരുത്തിവച്ചിരുന്ന ദ്രോഹങ്ങൾ ഓരോന്നായി നീക്കംചെയ്യാൻ അദ്ദേഹം പരിശ്രമിച്ചുകൊണ്ടേ ഇരുന്നു.

വിന്തോഴ്സ്റ്റു് മരിക്കുന്നതിനു പത്തുമാസം മുമ്പു് "കത്തോലിക്കാ ലോകം" എന്ന മാസികയിൽ ഒരു ഐറിഷ്കാരൻ എഴുതിയ വാക്കുകൾ ഇന്നും വാസ്തു

വമാണെന്നു കാണാം: "കത്തോലിക്കരുടെ അവകാശങ്ങൾക്കുവേണ്ടി ലുഡ്വിഗ് വിന്തോഴ്സ്റ്റിനോളം വിജയപൂർവ്വം സമരംചെയ്തിട്ടുള്ള ഒരാളും ഭൂമുഖത്തു് ഉണ്ടായിട്ടില്ല." വാസ്തവത്തിൽ അദ്ദേഹം ധീരനായിരുന്നു; വിജയം വരിക്കുകയും ചെയ്തു. കുംത്തൂർ കാംഫ് നിലവിലിരുന്ന ഇരുപതുകൊല്ലവും അൽമായ നേതൃത്വം ആവശ്യമായിരുന്നതിനാൽ ധീരത അത്യന്താപേക്ഷിതമായിരുന്നു. ബിസ്മാർക്കിന്റെ വൈദിക വിദ്വേഷപരമായ നിയമങ്ങളം വഴി മെത്രാന്മാരും കാരാഗൃഹത്തിലോ വിപ്രവാസത്തിലോ ആയിരുന്നു. ദൈവത്തിന്റെ അഭിഷിക്തരുടെ വായ് മൂടിക്കെട്ടിയിരുന്നതിനാൽ തിരുസ്സഭയെ നശിപ്പിക്കുവാനുള്ള ഉരുക്കു ചാൻസലരുടെ ഉദ്യമങ്ങൾക്കെതിരായി അൽമേയർക്കു മാത്രമേ സംസാരിക്കുവാൻ കഴിവുണ്ടായിരുന്നുള്ളൂ. വിന്തോഴ്സ്റ്റ് അങ്ങനെ സംസാരിച്ചു.

ഒക്കോണലും മോണ്ടലമ്പെരും ഭാവനംചെയ്ത രാഷ്ട്രീയ കത്തോലിക്കാ പ്രവർത്തനം വിന്തോഴ്സ്റ്റിന്റെ ചുറുചുറുപ്പുള്ള നേതൃത്വത്തിൽ ഫലഭായകമായി. സീസറിന്റെ കൈകടത്തലിൽനിന്നു ദൈവരാജ്യത്തെ സംരക്ഷിക്കുന്നതെങ്ങനെയെന്നുള്ള മൗലാമാലയാകുന്ന പ്രശ്നത്തിനു വിന്തോഴ്സ്റ്റും സെൻറർ പാർട്ടിയുംകൂടി അമ്പതു കൊല്ലക്കാലത്തേക്കു് ഒരുത്തരം കണ്ടെത്തി. പതൊമ്പതാം ശതാബ്ദത്തിലെ രാഷ്ട്രത്തേയും തിരുസ്സഭയേയും പൊരുത്തപ്പെടുത്തുവാൻ വേണ്ടി ഈ മൂന്നു് അൽമായവീരന്മാർ നടത്തിയ സമരം സമാപിക്കുന്നതിനുമുമ്പു് അവരിൽ രണ്ടുപേർ ദിവംഗതരായി. ഓരോ രാജ്യത്തിന്റേയും ഭരണഘടനയിലുള്ള മൗലികാവകാശങ്ങളിന്മേൽ തിരുസ്സഭയുടെ അസ്തിക്യത്തെ പിന്താങ്ങുവാൻ ഈ അൽമായ

വീരർ ഒരു മാർഗ്ഗം കണ്ടെത്തി. പത്തൊമ്പതാം ശതാബ്ദത്തിലെ കക്ഷിഭരണത്തിൽത്തന്നെ തിരുസ്സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള ഉപാധികളും അവർ ഉയർത്തിക്കാണിച്ചു.



ഒരെസ്റ്റസ് ബ്രൗൺസൺ

(ORESTES BROWNSON)

അന്നു് 1878–ലെ ദുഃഖവെള്ളിയാഴ്ചയായിരുന്നു. ഒരെസ്റ്റസ് ബ്രൗൺസൺ ഡിട്രോയിറ്റ് ഗ്രാമത്തിലുള്ള തന്റെ മുറിയിൽ നിന്നു മകൻ ഹെൻട്രിയെ വിളിച്ചു കൊണ്ടുപറയുകയാണു് അക്ഷന്തവ്യമായ പാപത്തെപ്പറ്റിയുള്ള പരിചിന്തനം ഇന്നു തുടരുക പ്രയാസമാണെന്നു്. എഴുപത്തിമൂന്നു കൊല്ലത്തിനിടയ്ക്കു് ഒരു വാദം ഒരിരുപ്പിനു അദ്ദേഹം ഇതുവരെ മുഴുവനാക്കാതിരുന്നിട്ടില്ല. മരണം പിതാവിനെ സമീപിച്ചിരിക്കയാണെന്നു് ഹെൻട്രി അനുമാനിച്ചു. അവന്റെ നിഗമനം തെറ്റിപ്പോയില്ല. ഉയിർപ്പു ഞായറാഴ്ച

ബ്രൗൺസൺ അന്ത്യകൂദാശകർമ്മം സ്വീകരിക്കുകയും തിങ്കളാഴ്ച ഈ ലോകവാസം വെടിയുകയും ചെയ്തു. അന്ത്യശ്വാസം ദീർഘമായിട്ടാണ വലിച്ചതു്. ജീവിതം മുഴുവനും ദുഃഖഭ്രയിഷ്ഠമായിരുന്നതിനാൽ ആ അന്ത്യശ്വാസം നീണ്ടു നിന്നതു് അത്ഥവത്താണു്. ഒരു അമേരിക്കൻ ദരിദ്രബാലന്റെ വിജയ കഥയാണ "ബ്രൗൺസൺ." സ്വന്തം ചെലവിൽ പഠിച്ച ആ ദരിദ്രബാലൻ സമകാലീനരായ മഹാന്മാരായിട്ടെല്ലാം പരിചയപ്പെട്ടകയും അനുഗ്രഹീത തൂലികാകാരനെന്ന പ്രശസ്തി നേടുകയും പണ്ഡിതമാനസരോടു് ഇടപഴകി ജീവിക്കുകയും ചരിത്ര പക്ഷങ്ങളിൽ വലിയ ഒരു സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

ശരീരപ്രകൃതി കൊണ്ടും പ്രതിഭാ വിലാസം കൊണ്ടും തികഞ്ഞ ഒരു മനുഷ്യനായിരുന്ന ബ്രൗൺ സൺ. ആറടിയിൽ കുറയുകയില്ല ഉയരം. കത്തോലിക്കാ സഭയിലേക്കുചേർന്നതിനു ശേഷം അന്തഃകരണത്തിനുണ്ടായ സംതൃപ്തി നിമിത്തമെന്നോ തനിക്കു് 250 റാത്തൽ ഘനമുണ്ടെന്നു് അഭിമാനത്തോടെ പ്രോട്ടസ്റ്റന്റു സ്നേഹിതന്മാരോടു പറഞ്ഞിരുന്നു. പ്രതിഭാവിലാസം കൊണ്ടും അദ്ദേഹത്തിന്റെ ശിരസ്സു് സാധാരണക്കാരുടേതിക്കാൾ ഉയർന്നാണു നിന്നിരുന്നതു്. "അദ്ദേഹം ഈ രാജ്യത്തു പ്രത്യക്ഷപ്പെട്ടിട്ടുള്ള ചിന്തകരിൽ അഗ്രഗണ്യനാണെന്നു്" തിയോഡോർ മെയിനാർഡു് അഭിപ്രായപ്പെട്ടിരിക്കുന്നു. ലൂയിവില്ലിലേ "കാത്തലിക്കു് ആഡോവക്കേറ്റു്" എന്ന പത്രം ബ്രൗൺസണെ ഉപമിച്ചതു വൈദികമേലദ്ധ്യക്ഷന്മാരായ കെൻറിക്കു്, സ്പാൾഡിങ്ങു്, ഹ്യൂസ് മുതലായവരോടാണു്. "കത്തോലിക്കരും അകത്തോലിക്കരും തമ്മിലുള്ള ഇടപാടുകളിലും സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്ന

സംഗതികളിലും കത്തോലിക്കരായ പ്രതിഭാശാലികളുടെ ഉന്നത വിദ്യാഭ്യാസത്തിലും ബ്രൗൺസൺ മേല്പറഞ്ഞ വൈദികമേലദ്ധ്യക്ഷന്മാരേക്കാൾ കൂടുതൽ അജ്ഞാനിച്ചിട്ടുണ്ടെന്നു കൂടിയാണു്" ആ പത്രം അഭിപ്രായപ്പെട്ടിരിക്കുന്നതു്. പത്രഭാഷയ്ക്കു് അനുയോജ്യമായ അതിശയോക്തി ഇതിൽ കലർന്നിട്ടുണ്ടോയെന്നു് തക്കപ്പെടാവുന്നതാണു്. എന്നാൽ, ഐകൃസംസ്ഥാനത്തിലെ തിരുസ്സഭാ ചരിത്രത്തിൽ ബ്രൗൺസണെ വെല്ലുന്ന ഒരു കത്തോലിക്കാ അൽമേയൻ ഉണ്ടായിട്ടില്ലെന്നു നിശ്ചയമാണു്.

സാഹചര്യങ്ങളും പ്രതിഭയും കൂടിച്ചേർന്നാണു ബ്രൗൺസണിന്റെ വിജയം ഉണ്ടായിട്ടുള്ളതു്. മതാത്മകവും മാനസികവുമായ സംഗതികളിലെല്ലാം കത്തോലിക്കനാകുന്നതിനു മുമ്പു തന്നെ അദ്ദേഹത്തിനു് അഖില അമേരിക്കാ പ്രശസ്തിയുണ്ടായിരുന്നു. ഒരു ചിന്തകനെന്ന നിലയിൽ സർവ്വരും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. ഒരു ശത്രുവെന്ന നിലയിൽ ആരും അദ്ദേഹത്തെ ഭയപ്പെടാതിരുന്നിട്ടില്ല. ഒരു മിത്രമെന്ന നിലയിൽ എല്ലാവരും അദ്ദേഹത്തിനു സ്വാഗതം അരുളിയിരുന്നു. തികഞ്ഞ ഒരമേരിക്കൻ പൗരനായിരുന്ന അദ്ദേഹം — അമേരിക്കൻ സംസ്കാരത്തിന്റെ ഒരു കുസുമം. ബ്രൗൺസൺ തികഞ്ഞ ഒരു ചിന്തകനും നിർഭയനായ ഒരു വാഗ്മിയും സ്ഥിരചരിശ്രമം കൊണ്ടു് ഉയർന്നു വന്ന ഒരു മഹാനുമാണു്. 1844-ലാണു് അദ്ദേഹം പ്രോട്ടസ്റ്റന്റു സഭയെ ഉപേക്ഷിച്ചു സത്യസഭയെ ആശ്ലേഷിച്ചതു്. തിരുസ്സഭയേപ്പറ്റി അന്നു് അമേരിക്കരുടെ അഭിപ്രായം അതു ദരിദ്രരും അജ്ഞരുമായ അഭയാർത്ഥികൾക്കുമാത്രം കൊള്ളാവുന്നതും ഒരു അമേരിക്കനു് ഒട്ടും യോജ്യമല്ലാത്തതുമായ പുരാണകാലങ്ങളിലേ ഒരു അവശിഷ്ടമാ

ണെന്നും അതിന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുകയാണെന്നുമത്രേ. ചിന്തകരൊന്നും തിരുസ്സഭയെ കാര്യമായി പരിഗണിക്കേണ്ടതായി കരുതിയിരുന്നില്ല. ബ്രൗൺസൺ കത്തോലിക്കനായി എന്നു കേട്ടപ്പോൾ അമേരിക്കൻ പൗരന്മാർ ചിന്തിക്കാൻ തുടങ്ങി. മാനസാന്തരവാർത്ത കേട്ടപ്പോൾ അമേരിക്കർ ആട്യമൊന്നു ഞെടുങ്ങി. ബ്രൗൺസണു ഭ്രാന്തൊന്നുമില്ലെന്നു് അവർ കണ്ടു. ഒരുത്തനു് ഒരു നല്ല അമേരിക്കനും ഒരു തികഞ്ഞ ചിന്തകനും ഒരുത്തമ കത്തോലിക്കനുമായി ഒരേസമയത്തു തന്നെ കഴിയാമെന്നു് ബ്രൗൺസന്റെ സ്നേഹിതന്മാക്കു ബോധ്യപ്പെട്ടു. കൗതുകമായി തോന്നുമായിരിക്കുമെങ്കിലും ഒന്നു വാസ്തവമാണു്: ബ്രൗൺസന്റെ മാനസാന്തരം തിരുസ്സഭയേപ്പറ്റി അമേരിക്കക്കുണ്ടായിരുന്ന മതിപ്പു് അത്യധികം വർദ്ധിപ്പിച്ചു.

മുപ്പതുകൊല്ലത്തേക്കു നീണ്ടുനിന്ന ബ്രൗൺസന്റെ ജീവിതശിഷ്ടം കത്തോലിക്കർക്കു് ഉത്തമ അമേരിക്കൻ പൗരരായി ജീവിക്കുവാൻ സാധിക്കുമെന്നു പ്രോട്ടസ്റ്റന്റു് ലോകത്തെ ബോദ്ധ്യപ്പെടുത്തുവാനും അമേരിക്കൻ പൗരന്മാക്കും നല്ല കത്തോലിക്കരായി ജീവിക്കുവാൻ കഴിയുമെന്നു കത്തോലിക്കരെ ധരിപ്പിക്കുവാനുമായി അദ്ദേഹം ചെലവഴിച്ചു. തിരുസ്സഭയുടെ സത്യാവസ്ഥ തെളിയിക്കുവാൻ ബ്രൗൺസൺ ഉന്നയിച്ച ന്യായവാദങ്ങളും വിജയപൂർവ്വം ഖണ്ഡിക്കുന്നതിനു് അദ്ദേഹത്തിന്റെ പൂർവ്വസ്നേഹിതന്മാക്കു സാധിച്ചില്ല. ബ്രൗൺസന്റെ യുക്തികൾക്കു പഴുതില്ലാതിരുന്നതിനാൽ ഉത്തരമൊന്നും നല്കാനുണ്ടായിരുന്നില്ല. ഒരു സിംഹത്തേപ്പോലെ അലറിയിരുന്നതുകൊണ്ടു് അദ്ദേഹത്തെ അവഗണിക്കുവാനും നിവൃത്തിയില്ലായിരുന്നു. തന്നെ അനുധാവനം ചെയ്യുന്നതാണു് നല്ലതെന്നു

അനേകം പ്രോട്ടസ്റ്റൻറുകാരെ ബോദ്ധ്യപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല; എന്നാൽ, തിരുസ്സഭയെ ആശ്ലേഷിക്കുന്നതാണു് യുക്തിയുക്തമായ നിലയെന്നു് അദ്ദേഹം ഭംഗിയായി തെളിയിച്ചു. അദ്ദേഹം എഴുതിക്കൂട്ടിയ നിരവധി പ്രബന്ധങ്ങളും വഴി സുസ്പഷ്ടമാക്കികത്തോലിക്കാ സഭ അമേരിക്കൻ വിരുദ്ധമല്ലെന്നു്. അമേരിക്കൻ പ്രോട്ടസ്റ്റൻറുകാരുടെ ചിന്താഗതിയനുസരിച്ചു വ്യപദേശരീതി വ്യത്യാസപ്പെടുത്തുവാൻ കത്തോലിക്കാ ലേഖകരെ അദ്ദേഹം ഉപദേശിച്ചുവെങ്കിലും അക്കാര്യത്തിൽ അദ്ദേഹത്തിനു് വലിയ വിജയമൊന്നും സംസിദ്ധമായില്ല. തിരുസ്സഭയുടെ പ്രചരണത്തിനായി പൊട്ടിയും ചീറിയും തട്ടിയും മുട്ടിയും മുന്നോട്ടു പായുന്ന ആവിയന്ത്രംപോലെ അദ്ദേഹം മാർച്ചുചെയ്തു. അതിനാലത്രേ അദ്ദേഹത്തിൻെറ ജീവചരിത്രകാരനായ ഫാദർ വെർജിൽ മൈക്കൽ ഇപ്രകാരം എഴുതിയതു്: "ബ്രൗൺസൺ തിരുസ്സഭയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങൾ അവർണ്ണനീയമാണു്." ബ്രൗൺസൻെറ സമകാലികനായ ഫാദർ ജോൺ മാക്കാഫ്രി അദ്ദേഹത്തെ കർത്താവിനായി നൂതനമോടു് ഉപമിച്ചുകൊണ്ടു് പറയുന്നു: "ഇവർ രണ്ടുപേരും തിരുസ്സഭയെ അമ്പതു കൊല്ലം മുമ്പോട്ടുകു കയറ്റി നിറുത്തി."

ജീവചരിത്ര സംക്ഷേപം

കത്തോലിക്കാ സഭയ്ക്കുവേണ്ടി ബ്രൗൺസൺ അകത്തോലിക്കാ രീതിയിലാണു വാദം നടത്തിയതെന്നു് അദ്ദേഹത്തിൻെറ ജീവചരിത്രകാരന്മാർ പൊതുവേ അഭിപ്രായപ്പെടുന്നു. ഐറിഷു സമകാലികന്മാരുടെ വിചാരം ബ്രൗൺസൺ യഥാർത്ഥത്തിൽ കത്തോലിക്കനല്ലായിരുന്നുവെന്നാണു്. അദ്ദേഹത്തിൻെറ ജീവിത

പശ്ചാത്തലം പരിശോധിച്ചാലേ മനസ്സിലാകയുള്ളൂ ഇത്ര നല്ല ഒരു കത്തോലിക്കാ അൽമേയനേപ്പറ്റി ഇത്ര കടകവിരുദ്ധമായ അഭിപ്രായങ്ങൾ ഉണ്ടായതെങ്ങനെയെന്നു്. തിരുസ്സഭയിലേക്കു പ്രവേശിച്ചപ്പോൾ അദ്ദേഹത്തിനു് വയസ്സു നാല്പതു കഴിഞ്ഞിരുന്നതുകൊണ്ടു് അതിനകം തഴക്കമായിത്തീർന്നിരുന്ന സമ്പ്രദായങ്ങളും ശീലവും എളുപ്പത്തിൽ മാറുക സുകരമായിരുന്നില്ല. നൂ ഇംഗ്ലണ്ടിൽ ഒരു പ്യൂരിറ്റൻ കുടുംബത്തിലാണു് അദ്ദേഹം ജനിച്ചു വളർന്നതെന്നും സത്യാന്വേഷണത്തിനിടയ്ക്കു് പല പര്യടനങ്ങളും നടത്തിയിട്ടാണു് തിരുസ്സഭയിലേക്കു പ്രവേശിച്ചതെന്നും നാം അനുസ്മരിക്കണം.

1803–ൽ നൂ ഇംഗ്ലണ്ടു് സ്റ്റെയിറ്റിൽ വെർമോണ്ടു് എന്ന സ്ഥലത്താണു് ബ്രൗൺസൺ ഭ്രജാതനായതു്. നൂ ഇംഗ്ലണ്ടു് എന്താണെന്നു് അറിയുന്നവക്കു അതുയും മതി ബ്രൗൺസന്റെ മാനസാന്തരത്തിനു മുമ്പുള്ള ജീവചരിത്രം എങ്ങനെയായിരുന്നുവെന്നു് ഊഹിക്കുവാൻ. മുന്നൂറു കൊല്ലം മുമ്പു് കാൽവിൻ പഠിപ്പിച്ചിട്ടുള്ള പ്യൂരിറ്റൻ സിദ്ധാന്തങ്ങളെല്ലാം ആഴമായി വേരുന്നിയിരുന്ന ഒരു നാടാണു് നൂ ഇംഗ്ലണ്ടു്. റിലീഫ് എന്നു പേരുള്ള അമ്മ മകനെ എതുയും മതാത്മകമായ ഒരു അന്തരീക്ഷത്തിൽത്തന്നെ വളർത്തിക്കൊണ്ടുപോന്നു. "റോമയിലെ രക്തവനിത" എന്നാണു് അവരുടെ ഇടയിൽ കത്തോലിക്കാ സഭ അറിയപ്പെട്ടിരുന്നതു്. ഇരുപതു വയസ്സുള്ളപ്പോൾ ഡിട്രോയിറ്റിൽവച്ചാണു് ബ്രൗൺസൺ ആദ്യമായിട്ടു് ഒരു കത്തോലിക്കാ ദേവാലയം കണ്ടതെന്നു പറയുമ്പോൾ ഊഹിക്കാമല്ലോ അദ്ദേഹത്തിന്റെ ജീവിതപശ്ചാത്തലം. ബ്രൗൺസന്റെ സത്യമതാന്വേഷണത്തിനിടയ്ക്കു് ഒരു കത്തോലിക്കനാകുന്ന കാര്യം

നാല്പതു വയസ്സുവരെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ കുടിയിരുന്നിട്ടില്ല. നൃ ഇംഗ്ലണ്ടിൽ മാന്യന്മാരാരും അങ്ങനെ വിചാരിച്ചിരുന്നില്ല.

ബാല്യകാലംമുതല്ക്കു തന്നെ ബ്രൗൺസണ് മത കാര്യങ്ങളിൽ സംതൃപ്തിയായിരുന്നു. പിതാവു് ചെറുപ്പത്തിലേ മരിച്ചുപോയതുകൊണ്ടു് അമ്മ തന്റെ കുട്ടികളെ അയൽക്കാരു് ഭാഗിച്ചുകൊടുക്കുകയാണു ചെയ്തതു്. ബ്രൗൺസനെ വളർത്തിയതു് റോയൽട്ടണിൽ നിവസിച്ചിരുന്ന രണ്ടു വൃദ്ധന്മാരായിരുന്നതുകൊണ്ടു് ഉല്ലാസമൊന്നും കൂടാതെ വിഷാദപ്രകൃതിയായി യുവാവായിരുന്ന ഒറെസ്റ്റെസ്സ് വളർന്നുവന്നു. ആ വളർത്തു പിതാക്കൾ വളരെ കണിശക്കാരും കഠിനഹൃദയരും നിഷ്ഠുരന്മാരുമായിരുന്നു. പ്യൂരിറ്റൻ വിശ്വാസം പണ്ടേ നഷ്ടപ്പെട്ടിരുന്നുവെങ്കിലും കർക്കശമായ അവരുടെ ജീവിതരീതിയാണു് അനുവർത്തിച്ചിരുന്നതു്. പ്യൂരിറ്റൻ വിശ്വാസമില്ലാതെയുള്ള പ്യൂരിറ്റൻ ജീവിതം ഹാ എത്രയും ഭയങ്കരമാണു്. യുവാവായ ബ്രൗൺസനെ ഇവരുടെ തോതിലാണു വളർത്തിക്കൊണ്ടു പോന്നതു്. അതുകൊണ്ടു് അമ്പതു വയസ്സു പ്രായമായപ്പോൾ ബ്രൗൺസൻ ഇപ്രകാരമെഴുതി: "യഥാർത്ഥത്തിൽ എനിക്കു ബാല്യമുണ്ടായിട്ടില്ല. എട്ടോ പത്തോ വയസ്സു് പ്രായമുണ്ടായിരുന്നപ്പോഴത്തെക്കാൾ കൂടുതൽ ബാലാനുയോജ്യമായ വികാരങ്ങൾ ഇന്നാണെനിക്കുള്ളതു്. കുട്ടികളുടെ കളികളും വിനോദങ്ങളും തമാശകളും കൂടാതെ വൃദ്ധരോടുകൂടെ വളർന്നുവന്നതിനാൽ കുട്ടിയായി ജീവിക്കുന്നതിനു മുമ്പു വൃദ്ധരുടെ പെരുമാറ്റവും അഭിരുചിയും നടപ്പുമെല്ലാമായിരുന്നു എനേറതു്."

പൂരിറന്മാർ അഭ്യസിച്ചുവരാറുള്ള സുകൃതങ്ങളും ആ കുട്ടിയെ അവർ പരിശീലിപ്പിച്ചു. അതായതു്: മോഷണം ചെയ്യാതിരിക്കുക, വ്യാജം പറയാതിരിക്കുക, അദ്ധ്വാനിക്കുക, കടം വാങ്ങാതിരിക്കുക, പണം സമ്പാദിക്കുക. വായിക്കുവാനും അവർ പഠിപ്പിച്ചു. താമസിയാതെ സമീപ ഭവനങ്ങളിലുള്ള പുസ്തകങ്ങളെല്ലാം അവൻ വായിച്ചു തീർത്തു. വേദപുസ്തകവും പൂരിറന്റെ സാഹിത്യ ഗ്രന്ഥങ്ങളുമാണു വായിക്കുവാൻ അവനു ലഭിച്ചതു്. അങ്ങനെ, ആ രോട്ടം സംസാരിക്കാത്ത ഒരു കുട്ടിയായി ബ്രൗൺസൺ വളർന്നു വന്നു. തന്നേപ്പറ്റി അദ്ദേഹംതന്നെ പറഞ്ഞിരിക്കുന്നതു തനിച്ചായിരിക്കുമ്പോൾ മറ്റു സമയത്തെന്നതിനേക്കാൾ കൂടുതൽ ഏകാന്തതയൊന്നും തോന്നിയിരുന്നില്ലെന്നാണു്. അദ്ദേഹത്തിന്റെ വലിയ ഉല്ലാസം ഏകാന്തതയിൽ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. മതപരമായ ഗ്രന്ഥങ്ങളാണു സാധാരണമായി അദ്ദേഹം വായിച്ചുകൊണ്ടിരുന്നതു്. അതിനാൽ കുട്ടിക്കു സംശയമായി സമീപ സ്ഥലത്തുള്ള ഏതു മതവിഭാഗമാണു ശരിയായതെന്നു്. ഇക്കാര്യങ്ങളേപ്പറ്റിയെല്ലാം കൂട്ടി വളരെയൊക്കെ ചിന്തിച്ചിരുന്നു; തന്മൂലം എട്ടൊമ്പതു വയസ്സായപ്പോഴേക്കും വിശ്വാസത്തിന്റെ മൗലിക വിഷയങ്ങളേപ്പറ്റിയെല്ലാം അദ്ദേഹം ധ്യാനിച്ചുവശായിരുന്നു. ഒമ്പതു വയസ്സായപ്പോഴേക്കു അതി പ്രധാനമായ മത സത്യങ്ങളെ അദ്ദേഹം വിവേചിച്ചു തുടങ്ങി; അതിനാൽ തികഞ്ഞ ഒരു ദൈവശാസ്ത്രജ്ഞനേപ്പോലെ ചില സത്യങ്ങളും സ്വീകരിക്കുകയും ചിലതു പരിത്യജിക്കുകയും ചെയ്തിരുന്നു. ബ്രൗൺസന്റെ സത്യസഭാപ്രവേശനത്തിനു ശേഷം അദ്ദേഹം ഒരു അന്തർദർശനവാദി (Ontologist) ആയിരുന്നുവെന്നു ചിലർ ആക്ഷേപിച്ചിട്ടുണ്ടു്. ഈശ്വരവിജ്ഞാനം അവനവനുള്ളിൽനിന്നു

തന്നെ സിദ്ധിക്കുന്നതായി അദ്ദേഹം കരുതിയിരുന്നു എന്നാണ് അക്ഷേപം. അതു മനസ്സിലാകണമെങ്കിൽ ബ്രൗൺസന്റെ ജീവിതാനുഭവങ്ങൾ അനുസ്മരിക്കതന്നെ വേണം.

1817–വരെ ഒരെസ്റ്റെസ്സ് റോയൽട്ടണിൽത്തന്നെ താമസിച്ചു. പതിനാലാമത്തെ വയസ്സിൽ അവൻ വീട്ടിലേക്കു തിരിച്ചുപോന്നു. അക്കാലത്തു നഗരയോക്കിലെ ഒരു പള്ളിക്രൂടത്തിൽ ഒരെസ്റ്റെസ്സ് കുറേനാൾ പഠിച്ചു. അതാണ് ഒരെസ്റ്റെസ്സിനു ലഭിച്ചിട്ടുള്ള ക്രമീകൃതമായ വിദ്യാഭ്യാസം. സഹപാഠികളായ പല വിദ്യാർത്ഥികളും ഒരു മതത്തിലും വിശ്വസിച്ചിരുന്നില്ല; എന്നു വരുകിലും അവരോടെല്ലാം മതകാര്യങ്ങളെപ്പറ്റി ദീർഘമായ സംഭാഷണങ്ങൾ നടത്തിയിരുന്നു. അഞ്ചുകൊല്ലം ഒരു പള്ളിയിലും പോകാതെ കഴിച്ചുകൂട്ടി; അതുകൊണ്ടാടെ വലിയ ഒരു ചിന്താക്കുഴപ്പം തന്നെയായിരുന്നു. എങ്കിലും ഒരു സംഗതി ഒരെസ്റ്റെസ്സ് എടുത്തു പറയുന്നുണ്ട്: "ഒന്നും വിശ്വസിക്കാനില്ലെങ്കിൽ, ദൈവം വിശ്വാസതൃഷ്ണ തരികയില്ലായിരുന്നുവെന്നു നിർണ്ണയം."

ഇക്കാരണത്താൽ ബുദ്ധമാനസനായ ഈ അമേരിക്കൻ പയ്യൻ സത്യാന്വേഷണം തുടർന്നു. പത്തൊമ്പതു വയസ്സുള്ളപ്പോൾ കുറേനാളത്തേക്കു ഒരെസ്റ്റെസ്സിനു തോന്നി സത്യം കണ്ടെത്തിയെന്നു്. ഒരു ഞായറാഴ്ച ദിവസം ആരാധകർ ഒരു പ്രസ്ബിറേറിയൻ പള്ളിയിലേക്കു പ്രവേശിച്ചുകൊണ്ടിരിക്കുന്ന സമയത്തു് ആ വഴിയിൽക്കൂടെ ഒരെസ്റ്റെസ്സ് കടന്നുപോകുവാനിടയായി. ഒരെസ്റ്റെസ്സും അകത്തേക്കു കടന്നു ചെന്നു. അന്നത്തെ ആരാധനകളിൽ അദ്ദേഹം പങ്കെടുത്തു. വിശ്വാസം കണ്ടെത്തിയെന്നൊരു വിചാ

രത്തോട്ടുകൂടെയാണ് ഒരെസ്റ്റസ്സ് പുറത്തേക്കു വന്നതു്. അതിനാൽ ഒരു പ്രസ്ബിറേറിയൻ വൈദികനെ സമീപിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചു. അങ്ങനെ 1822-ൽ ഒരെസ്റ്റെസ്സ് ഒരു പ്രസ്ബിറ്റീരിയനായി. സത്യാന്വേഷണത്തിനിടയ്ക്കു് അദ്ദേഹം സമാശ്ലേഷിച്ച അനേക സഭകളിൽ പ്രഥമമാണതു്.

മതം മാറി മാറി അവസാനം തിരുസ്സഭയിലെത്തുന്നു

പ്രസ്ബിറ്റീരിയൻ വിശ്വാസം ഒരെസ്റ്റെസ്സിനു പറ്റിയതായിരുന്നില്ല. അതിന്റെ സങ്കുചിതവും കർക്കശവുമായ നിഷ്കർഷ അദ്ദേഹത്തിന്റെ അഭിരുചിക്കു് അനുയോജ്യമായിരുന്നില്ല. ബ്രൗൺസന്റെ യുക്തിയുടെ മുമ്പിൽ പ്രസ്ബിറ്റീരിയൻ വൈദികന്റെ തത്ത്വവിശകലനങ്ങൾ വിലപ്പോയില്ല. അദ്ദേഹത്തിന്റെ ഒരു ജീവചരിത്രകാരനായ ആർതർ സ്ക്ലേസിങ്കർ ഭംഗിയായിട്ടു് ഈ ഭാഗം വിവരിച്ചിട്ടുണ്ടു്: "ഏകാന്തതയുടെ അഗാധതയിൽനിന്നുകൊണ്ടു രക്ഷപെടാനുള്ള കൊതിയാൽ പ്രസ്ബിറ്റീരിയൻ വിശ്വാസം അദ്ദേഹം സ്വീകരിച്ചു; എന്നാൽ, അതു് അദ്ദേഹത്തിന്റെ തൊലിപ്പുറത്തു നിന്നതേയുള്ളൂ." മനുഷ്യസ്വഭാവം സ്വപ്രകൃതി തിന്മയാണെന്നും ഭൂരിപക്ഷംപേർ നരകത്തിലേക്കു് പോകുമെന്നും ആദിയിൽത്തന്നെ ദൈവം നിശ്ചയിച്ചിട്ടുള്ളതാണെന്നും കുറേപ്പേരെമാത്രം ദൈവം തന്റെ അഭീഷ്ടമനുസരിച്ചു സ്വർഗ്ഗത്തിലേക്കു തിരിഞ്ഞെടുത്തിരിക്കയാണെന്നും പ്രസ്ബിറ്റീരിയനിസം പഠിപ്പിച്ചു. മനുഷ്യൻ ഈ ലോകത്തിൽ കഷ്ടപ്പെടുന്നതും മരണശേഷം നരകത്തിൽ കിടന്നു പൊരിയുന്നതും കാണുവാൻ കൊതിക്കുന്ന ഒരു സ്വേച്ഛാധിപതിയായിട്ടാണു പ്രസ്ബി

റവീരിയൻകാർ ദൈവത്തെ ചിത്രിക്കുന്നതു്. ഇതെല്ലാം വാസ്തവമായിരുന്നെങ്കിൽ ബ്രൗൺസൺ സ്വീകരിക്കുവാൻ തയ്യാറായിരുന്നു; എന്നാൽ, ബ്രൗൺസന്റെ യുക്തിയാകുന്ന കോടതിയിൽ അദ്ദേഹം നിരത്തിവച്ച ചാർജ്ജുഷീറ്റിന്റെ മുമ്പിൽ പ്രസ്ബിറ്റീരിയൻ തത്ത്വങ്ങൾ ഉറച്ചു നിന്നില്ല.

മുൻ നിർണ്ണയത്തെപ്പറ്റി പ്രസ്ബിറ്റീരിയൻ സഭ പറയുന്നതു് അദ്ദേഹത്തിനു വളരെ വിരസമായിത്തോന്നി. വേദപുസ്തക വിരുദ്ധവും പ്രാകൃതവുമായിതോന്നി മുൻനിർണ്ണയ സിദ്ധാന്തം (Predestination). ഈ ആക്ഷേപത്തെപ്പറ്റി വൈദികനോട് സംസാരിച്ചപ്പോൾ അദ്ദേഹം പറയുകയാണ് ഈ സംഗതിയെപ്പറ്റി അത്ര കാര്യമായി വിചാരിക്കേണ്ടതില്ലെന്നും പക്ഷേ അടുത്ത സഭായോഗത്തിൽ ആ തത്ത്വം വ്യത്യാസപ്പെടുത്തിയേക്കുമെന്നും. ബ്രൗൺസണ് ഈ അഭിപ്രായം വിഴുങ്ങുവാൻ ഒട്ടും സുഗമമായിരുന്നില്ല. ഓരോ സഭായോഗത്തിലും നിത്യ സത്യങ്ങൾ മാറിക്കൊണ്ടിരിക്കുന്ന കാര്യം അചിന്ത്യമായി അദ്ദേഹത്തിനു തോന്നി. രണ്ടു കൊല്ലം പ്രസ്ബിറ്റീരിയനായി കഴിഞ്ഞതിനുശേഷം വിദ്വേഷപൂർവ്വം ആ സഭയിൽനിന്നു വിട്ടുപോന്നു.

കുറച്ചു നാളുകൾക്കു ശേഷം ബ്രൗൺസൺ ഡിട്രോയിറ്റ് എന്ന ഗ്രാമം സന്ദർശിക്കുകയുണ്ടായി. അവിടെവച്ച് അദ്ദേഹത്തിനു നല്ല ഒരു മലമ്പനി പിടിപെട്ടു. രോഗാവശതയിൽനിന്നു വിമുക്തനാകുന്നതുവരെയുള്ള കാലഘട്ടത്തിൽ ഡോക്ടർ വിഞ്ചെസ്റ്റർ എന്ന ഒരാളുടെ കൃതികൾ അദ്ദേഹം വായിച്ചുകൊണ്ടിരുന്നു. ബ്രൗൺസനേപ്പോലെ തന്നെ കാൽവിന്റെ വിശ്വാസത്തിൽ നിന്നു വിട്ടുപോന്ന ഒരാളായിരുന്നു

ഡോക്ടർ വിഞ്ചെസ്റ്റർ. കാൽവിനിസത്തിനെതിരായി അഖിലമാനുഷരുടേയും രക്ഷയിൽ പൂർണ്ണമായി വിശ്വസിച്ചിരുന്ന ഒരാളാണു് അദ്ദേഹം. അമേരിക്കയിലെ യൂനിവേഴ്സലിസ്റ്റ് സഭ അദ്ദേഹം സ്ഥാപിച്ചതാണു്. കാൽവിനിസത്തിൽ നിന്നു രക്ഷപെട്ടു പോന്ന അഭയാർത്ഥികളായിരുന്ന അതിലെ അംഗങ്ങൾ. (നല്ലവനായ ദൈവം എല്ലാവരും സ്വർഗ്ഗത്തിലേക്കു പോകുന്നതിനു വേണ്ട തയ്യാറുകൾ ചെയ്തിട്ടുണ്ടെന്നു് കരുതിയിരുന്ന കരുണാമസൃണരായിരുന്ന അവരെല്ലാം. അധഃപതിച്ച മാലാഖമാർ കൂടി രക്ഷപെട്ടുമെന്നായിരുന്നു അവരുടെ വാദം. ക്രൂഭാപ്പിവിശ്വാസികളായ സത്യാന്വേഷകർക്കു് ഇതിൽ കൂടുതൽ ആകർഷകമായിയാതൊന്നും ഉണ്ടാകാനിടയില്ലല്ലോ.

യൂനിവേഴ്സലിസം അഥവാ സാർവ്വത്രികവാദം പ്രസ്ബിറ്റീരിയൻ സഭയ്ക്കു കടകവിരുദ്ധമായിരുന്നതിനാൽ അതു് അക്കാലത്തു ബ്രൗൺസണു് അത്യധികം ആകർഷകമായിത്തോന്നി. തന്നിമിത്തം പുതിയ ആ മതം അദ്ദേഹം സ്വീകരിക്കുകയും ഒരു പ്രസംഗകന്റെ ലൈസൻസിനുവേണ്ടി യൂനിവേഴ്സലിസ്റ്റ് സംഘടനയോടു് അഭ്യർത്ഥിക്കുകയും ചെയ്തു. അടുത്ത വത്സരം, അതായതു് 1826-ൽ, ഒരു യൂനിവേഴ്സലിസ്റ്റ് വൈദികനായി ബ്രൗൺസൺ നിയുക്തനായി. സുവിശേഷപ്രസംഗത്തിനുള്ള അവകാശവും അദ്ദേഹത്തിനു സിദ്ധിച്ചു. കുറേ നാൾ പ്രസംഗങ്ങളിലും അദ്ദേഹം പ്രസാധനംചെയ്തിരുന്ന "സുവിശേഷവാദി" (Gospel Advocate) എന്ന മാസികയിലും യൂനിവേഴ്സലിസ്റ്റ് തത്ത്വങ്ങൾ ഭംഗിയായി പ്രതിപാദിച്ചുകൊണ്ടിരുന്നു. സകലരും രക്ഷപെട്ടുമെന്നുള്ളതു വേദപുസ്തകത്തിൽനിന്നു് അനുമാനിക്കുവാൻ പ്രയാസമായിരുന്നതിനാൽ അദ്ദേഹത്തിന്റെ മനസ്സു്

പുകഞ്ഞും ചീറിയുമാണിരുന്നിരുന്നതു്. അതിനാൽ സഹോദര യൂനിവേഴ്സലിസ്റ്റുകാരെ തന്റെ ചട്ട യുക്തികംകൊണ്ടു് അലട്ടിക്കൊണ്ടിരുന്നു. അങ്ങനെ മതകാര്യങ്ങളിൽ മുഴുവനും സംശയമായി. ബ്രൗൺ സൺ പരമാത്മ സ്വഭാവക്കാരനായിരുന്നതുകൊണ്ടു് ഒരു യൂനിവേഴ്സലിസ്റ്റു് മിനിസ്റ്ററായിട്ടു തുടരുവാൻ അദ്ദേഹം ഇച്ഛിച്ചില്ല. അതിനാൽ ആ സഭയേയും ഉപേക്ഷിച്ചു് വീണ്ടും സത്യാന്വേഷണത്തിനിറങ്ങി. ബ്രൗൺസൺ സഭ വിട്ടുപോയതു് യൂനിവേഴ്സലിസ്റ്റുകാക്കും ഇഷ്ടപ്പെട്ടു; കാരണം, അദ്ദേഹം സഭയിലുള്ളിടത്തോളം കാലം ഒരു സമാധാനവുമുണ്ടാകയില്ലെന്നു് അവക്കു തോന്നി.

1829 മുതൽ 1831 വരെ ഒരു സോഷ്യലിസ്റ്റായ ലോകപരിഷ്കാരകനുമായി ബ്രൗൺസൺ കഴിച്ചു. അദ്ദേഹം പരിചയപ്പെട്ട അതിസാഭാവികമെന്നു പറയുന്ന രണ്ടു മതങ്ങളും ഇങ്ങനെ വിരസമായിത്തീർന്നപ്പോൾ റോബർട്ടു് ഓവൻ, ഫാനിറ്റൈറ്റു് എന്ന സോഷ്യലിസ്റ്റുകാരെ അന്വേഷിക്കുവാൻ ബ്രൗൺസൺ നിശ്ചയിച്ചു. വ്യവസായീകരണത്തിനെതിരായി അദ്ദേഹം പ്രസംഗിക്കുകയും ഓവൻ നിർദ്ദേശിച്ചിരുന്ന സോഷ്യലിസ്റ്റു് പരിഷ്കാരങ്ങൾ അംഗീകരിക്കുകയും ചെയ്തു. എന്നാൽ താമസിയാതെ അദ്ദേഹത്തിനു മനസ്സിലായി വിശ്വാസംകൂടാതെയുള്ള സൽപ്രവൃത്തികൾ വ്യർത്ഥമാണെന്നു്. ഇതു ബ്രൗൺസന്റെ ജീവിതത്തിലേ പരിതൃഷ്ണമായ കാലമാണു്. മതാത്മകമായ ജീവിതത്തിൽ എതുമേ താണുപോയ ഒരു ഘട്ടമായിരുന്നു അതു്. അന്നു് 27 വയസ്സേ ഉണ്ടായിരുന്നുള്ളൂ ബ്രൗൺസണു്; കത്തോലിക്കാ സഭയിൽ ചേർന്നതു് പിന്നെയും 14 കൊല്ലത്തിനു ശേഷമാണു്. അനന്തരകാലങ്ങളിൽ അദ്ദേഹം ഇപ്രകാരം

എഴുതി: "1830-ൽ ഞാൻ ഏകാകിയായിരുന്നു. സഹായം അഭ്യർത്ഥിക്കുന്നതിനു സമർത്ഥത്തിൽ എനിക്കു് ദൈവവുമില്ലായിരുന്നു. സമ്പന്നനാകുന്നതിനു് ഭൂമിയിൽ ഒരിടമോ പുറത്തെടുക്കുവാൻ ഇഷ്ടമില്ലാത്ത ഉദ്ദേശങ്ങളും പറഞ്ഞുകേൾപ്പിക്കുന്നതിനു കൂപാലുവായ ഒരാളേയോ എനിക്കു സിദ്ധിച്ചില്ല. എന്റെ പരസ്നേഹചൈതന്യം കെട്ടുപോയി. സകല മനുഷ്യരേയും കുറ്റം പറഞ്ഞുകഴിച്ചു അക്കാലമെന്നു സവ്യസനം ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു."

ലോകപരിഷ്കാരത്തിനുവേണ്ടി ചെയ്തുകൊണ്ടിരുന്ന പരിശ്രമങ്ങളിൽ നിന്നു് ഒരു കാര്യം അദ്ദേഹം പഠിച്ചു. ഓവന്റെ സോഷ്യലിസ്റ്റ് തത്ത്വങ്ങളും പരിശോധിച്ചപ്പോൾ ബ്രൗൺസണു് മനസ്സിലായി സോഷ്യലിസം മനുഷ്യനെ വീക്ഷിക്കുന്നതു് ആത്മാവില്ലാത്ത മൃഗങ്ങളേപ്പോലെയാണെന്നും ലോകപരിഷ്കാരം മതവിശ്വാസമാകുന്ന അടിസ്ഥാനം കൂടാതെ സാദ്ധ്യമല്ലെന്നും. അതിനാൽ, മതം വ്യക്തികൾക്കും സമുദായത്തിനും ഒന്നുപോലെ ആവശ്യമാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി.

ബ്രൗൺസൺ വീണ്ടും ഒരു മതപ്രസംഗകനായി ന്യൂയോർക്കിൽ പ്രത്യക്ഷപ്പെട്ടു. 1831-ൽ ചെയ്ത ഒന്നാമത്തെ പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "ഞാൻ ഒരു സഭയുടേയും അംഗമല്ല; അങ്ങനെയുള്ള വിഭാഗിക മനഃസ്ഥിതി എനിക്കു് ഇഷ്ടമല്ല..... അല്ല, ഏതെങ്കിലും ഒരു സഭയോടു് എന്റെ നാമം ബന്ധിക്കണമെന്നുണ്ടെങ്കിൽ യൂനിറ്റേറിയൻ സഭയോടു് ആയിക്കൊള്ളട്ടെ; കാരണം, ആ സഭയാണു് എന്റെ അഭിപ്രായത്തിൽ ക്രൈസ്തവചൈതന്യം കൂടുതലായി പരിപാലിച്ചുവരുന്നതു്." യൂനിറ്റേറിയൻ

സഭ അതിന്റെ അനുയായികൾക്ക് വളരെ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. ഓരോരുത്തക്കും യഥേഷ്ടം വേദപുസ്തകം വ്യാഖ്യാനിച്ചു പ്രസംഗിക്കുവാൻ വിരോധമില്ലായിരുന്നു. ബ്രൗൺസന്റെ പ്രസംഗചാതുരി സംപുഷ്ടമാക്കുന്നതിനു് ഈ സ്വാതന്ത്ര്യം വളരെ പ്രയോജനപ്പെട്ടു. പ്രസംഗിക്കുമ്പോൾ വേണ്ടിവന്നാൽ ചാഞ്ഞും ചരിഞ്ഞും പോകുവാൻ അദ്ദേഹം കൊതിച്ചിരുന്നു. അതേസമയം കൃത്യമായ തത്ത്വങ്ങളൊന്നുമില്ലാതിരുന്നതിനാൽ ബ്രൗൺസൺ ഉൾപ്പെടെയുള്ള യുനിറേറിയൻ സഭാംഗങ്ങൾക്കു് പല വിഷമങ്ങൾ ഉണ്ടായിരുന്നു. ഒരേ വേദപുസ്തകവാക്യത്തിനു പലർ പല വ്യാഖ്യാനങ്ങൾ കൊടുക്കുന്നതു കണ്ടപ്പോൾ ബ്രൗൺസനു തോന്നി ഒരേ സമയത്തു് ഈ വ്യാഖ്യാനങ്ങളെല്ലാം ശരിയാകുവാൻ നിവൃത്തിയില്ലെന്നും ഒരു വ്യാഖ്യാനമൊഴിച്ചു ബാക്കിയെല്ലാം തെറ്റാണെന്നും.

തന്മൂലം ക്രിസ്തീയതത്ത്വങ്ങൾ ഒരേവിധത്തിൽ പ്രകാശിപ്പിക്കുവാനും എല്ലാവർക്കും സ്വീകാര്യമായ ഒരു തത്ത്വസംഹിത കണ്ടുപിടിക്കുവാനും വേണ്ടി യുനിറേറിയൻ വൈദികരുടെ ഒരു കമ്മിറ്റി ബ്രൗൺസൺ രൂപവല്ക്കരിച്ചു. എന്നാൽ, ഏതെങ്കിലും ഒരു തത്ത്വത്തെപ്പറ്റിയോ പ്രസംഗരൂപത്തെപ്പറ്റിയോ അവർക്കു് അഭിപ്രായൈകൃത്തിൽ എത്തിച്ചേരാൻ സാധിച്ചില്ല. ഇതര വൈദികർ ബ്രൗൺസനെ ഒരു സമാധാന ലംഘകനായി ചിട്ടി കല്പിക്കയും വേറെ എവിടെയെങ്കിലും പോയി പരിശോധനകൾ നടത്തുവാൻ അദ്ദേഹത്തോടു് അവർ ആവശ്യപ്പെടുകയും ചെയ്തു. അതിനാൽ, 1836–ൽ ബ്രൗൺസൺ ബോസ്റ്റണിലേക്കു പോയി സഭകളുടെ ഐകൃത്തിനുവേണ്ടിയുള്ള പരിശ്രമം ആരംഭിച്ചു. വിവിധമതങ്ങളിൽ നിന്നു വിശ്വാസസത്യങ്ങളെടുത്തു് എല്ലാ അമേരി

ക്കിടം ഏകയോഗമായി ഈശ്വരാരാധന നടത്തുന്നതിനു സൗകര്യമുണ്ടാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്ലാൻ. അതിനാൽ ബ്രൗൺസൺ വിവിധമതങ്ങളുടെ പഠനമാരംഭിച്ചു. അക്കാലത്താണു് കത്തോലിക്കാ സഭ എന്തെന്നു് ബ്രൗൺസൺ ആദ്യമായി അന്വേഷിച്ചതു്. റോമാ സഭയിൽനിന്നു് ഏതെല്ലാം വിശ്വാസസത്യങ്ങൾ എടുക്കണമെന്നുള്ളതായിരുന്നു പഠനോദ്ദേശം. വിമർശനബുദ്ധിയായ ബ്രൗൺസന്റെ മനസ്സിനു് ഇഷ്ടപ്പെട്ട പല സംഗതികളും കത്തോലിക്കാ സഭയിൽ അദ്ദേഹം കണ്ടു. കത്തോലിക്കാ തത്ത്വങ്ങളോടും സന്മാർഗ്ഗാദർശങ്ങളോടും ഒരു താല്പര്യം ക്രമേണ അദ്ദേഹത്തിൽ ഉളവായി; എന്നാൽ ഒരു കത്തോലിക്കനാകണമെന്നും മറ്റും അദ്ദേഹം വിചാരിച്ചതേയില്ല. സുമാർ 1844 വരെ അദ്ദേഹത്തിന്റെ ഉദ്ദേശം കത്തോലിക്കാ തത്ത്വങ്ങളിൽ ചിലതു് പ്രോട്ടസ്റ്റന്റു സഭയിലേക്കെടുത്തു് ഒരു പുതിയ മതമുണ്ടാക്കി അതു സ്വീകരിക്കുക എന്നുള്ളതായിരുന്നു.

ഇതിനിടയ്ക്കു് ഒരു പ്രസംഗകനും തുലികാകാരനുമെന്ന നിലയിൽ ബ്രൗൺസൺ വളരെ യശസ്സു് സമ്പാദിച്ചു കഴിഞ്ഞിരുന്നു. ആദ്യം "റിഫോർമർ" എന്നും പിന്നീടു് "ബോസ്റ്റൺ കോർട്ടർലി റിവ്യൂ" എന്നും പേരുകളിൽ ഓരോ മാസിക അദ്ദേഹം പ്രസാധനം ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും പ്രബന്ധങ്ങളിലും ബോസ്റ്റണിലെ ബുദ്ധിമതികളെയാണു് അദ്ദേഹം പ്രധാനമായി ഉന്നംവച്ചിരുന്നതു്. ഒരു ചിന്തകന്റെ സമീപനരീതിയായിരുന്നു അദ്ദേഹത്തിനേറ്റതു്. മത തത്ത്വങ്ങളെ യുക്തികൊണ്ടു വിശകലനം ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നിഷ്ഠ. ബ്രൗൺസന്റെ ഒരു വിശ്വസ്ത പിൻഗാമിയും അനന്തരകാലങ്ങളിൽ കത്തോലിക്കാ

സഭയിൽ ചേർന്നു് പൗളിസ്റ്റ് സന്ന്യാസസഭ സ്ഥാപിച്ചദ്ദേഹവുമായ ഐസക്കു് ഹെക്കെർ അദ്ദേഹത്തിന്റെ ശ്രോതാക്കളേപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു: "അവർ ആരാധകരല്ല, ചിന്തകരായിരുന്നു. മതം അവക്കു് ഒരു പഠനവിഷയംപോലെ ആയിത്തീർന്നിരിക്കയാണു്..... ശേഷം ബോസ്റ്റൺ നിവാസികളിലുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ചിന്ത അവരിലുണ്ടായിരുന്നു."

ബ്രൗൺസണെ അവസാനം കത്തോലിക്കാ സഭയിലേക്കു നയിച്ചതു ചിന്തനമാണു്. സത്യം എവിടെ കണ്ടാലും സ്വീകരിക്കുവാൻ മാത്രം ആത്മാർത്ഥതയുണ്ടായിരുന്ന ആ മനുഷ്യൻ ക്രമമായി ഉറച്ചു ചിന്തിക്കുവാൻ തുടങ്ങിയപ്പോൾ തിരുസ്സഭയിൽ ചെന്നു ചേരുകയാണുണ്ടായതു്. കത്തോലിക്കാ സഭയുടെ തത്വങ്ങൾ പരസ്പരവിരുദ്ധമല്ലാതെ അർത്ഥസമ്പുഷ്ടമായി കണ്ടപ്പോൾ ബ്രൗൺസൺ അതിനോടു് കൂടുതൽ അടുത്തു തുടങ്ങി. എന്നാൽ, യാതൊരു ധൃതിയുമുണ്ടായിരുന്നില്ല; കാരണം, തികഞ്ഞ ഒരമേരിക്കനേപ്പോലെ റോമാസഭയോടു് അഗാധമായ ഒരു വൈരാഗ്യം ഹൃദയത്തിൽ മറഞ്ഞുകിടന്നിരുന്നു. "ആധുനിക റോമൻ കത്തോലിക്കാ സഭയോടു് ഐക്യപ്പെടാതെ എന്റെ കത്തോലിക്കാ ചാച്ചിലുകളോടു വിശ്വസ്തമായി വർത്തിക്കുവാൻ വല്ല മദ്ധ്യമാർഗ്ഗമുണ്ടോയെന്നു് കണ്ടുപിടിക്കുവാൻ ഞാൻ സമസ്തവും ചെയ്തുകൊണ്ടാണിരുന്നതു്" എന്നതേ അദ്ദേഹം തന്നെ ഒരിക്കൽ പ്രസ്താവിച്ചതു്.

1843–ൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ബ്രൗൺസന്റെ മാസികകളിൽനിന്നു ധാരാളം ഭാഗങ്ങൾ അഭിപ്രായൈക്യത്തോടെ ഉദ്ധരിച്ചിരിക്കുന്നതു് ഇന്നും കാണാവുന്നതാണു്. ന്യൂയോർക്കിലെ ആർച്ച്

ബിഷപ്പ് ഹൂസ് സന്മാർഗ്ഗത്തേയും സാമ്പത്തിക ശാസ്ത്രത്തേയും പററി പ്രസംഗിക്കുമ്പോൾ ബ്രൗൺസൺ വ്യവസായീകരണത്തെപ്പററി പ്രസംഗിക്കുന്നതു പോലെയാണ് ശ്രോതാക്കൾക്കു തോന്നിയിരുന്നതു്. 1844–ൻെറ പ്രാരംഭമായപ്പോഴേക്കും ഏവക്കും ബോദ്ധ്യമായി ബ്രൗൺസൺ ഹൃദയംകൊണ്ടു കത്തോലിക്കനായിക്കഴിഞ്ഞുവെന്നു്. ആ മേയ് മാസത്തിൽ തിരുസ്സഭയിലേക്കു പ്രവേശിക്കുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. ബോസ്റ്റണിലേ ബിഷപ്പ് ഫെൻവിക്കു് ബ്രൗൺസൻെറ ചോദ്യങ്ങൾക്കു നല്കിയിരുന്ന ഉത്തരങ്ങൾ അദ്ദേഹത്തിൻെറ സവിശേഷമായ ബഹുമാനത്തിനു കാരണമായിത്തീർന്നിട്ടുണ്ടായിരുന്നതിനാൽ അദ്ദേഹത്തോടാണു് കത്തോലിക്കാ സഭയിൽ തന്നെ ചേക്കുവാൻ ബ്രൗൺസൺ ആവശ്യപ്പെട്ടതു്. സഹായമെത്രാൻ ഫിററ്സ് പാട്രിക്കു് വേണ്ട ഉപദേശങ്ങൾ നല്കുകയും അങ്ങനെ ബ്രൗൺസൺ തിരുസ്സഭയിലേക്കു് പുനരൈക്യപ്പെടുകയും ചെയ്തു.

നാല്പത്തൊന്നാമത്തെ വയസ്സിലാണു് ഈ മതം മാററമുണ്ടായതു്. ഇതു് അവസാനത്തെ മാനസാന്തരമായിരുന്നു; കാരണം, കുട്ടിക്കാലം മുതൽ അദ്ദേഹം അന്വേഷിച്ചുവന്നിരുന്ന സത്യം അപ്പോൾ കണ്ടുകിട്ടി. ഇത്തവണ ഒരു വിഷമവും നേരിട്ടില്ല; തത്ത്വങ്ങളിൽ ഒരു തരത്തിലുള്ള പരസ്പര വൈരുദ്ധ്യവും കണ്ടില്ല. ഈ പ്രാവശ്യം അദ്ദേഹം പറയുന്നതു് മതം അദ്ദേഹത്തെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നുവെന്നാണു്; എന്നാൽ ഇതുവരെ അദ്ദേഹം ആഗ്രഹിച്ചിരുന്ന മതങ്ങൾക്കു് അദ്ദേഹത്തിൻെറ സഹായം ആവശ്യമായിരുന്നുവെന്നതേ. ബ്രൗൺസൺ വീണ്ടും വീണ്ടും മതം മാറുവാനിടയായതുകൊണ്ടു് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടു് അദ്ദേഹത്തിനു സ്ഥിര

തയില്ലെന്നു്. സൂക്ഷ്മമായ അദ്ദേഹത്തിന്റെ ബുദ്ധി ശക്തി അന്വേഷിച്ചുകൊണ്ടിരുന്ന പൂർണ്ണസത്യം കണ്ടുകിട്ടുവാൻ താമസമുണ്ടായതുകൊണ്ടാണു് ഒന്നിൽ ഭേദമായി ഒന്നു കാണുമ്പോൾ മതം മാറിക്കൊണ്ടിരുന്നതു്. ചിലർ ഇതു് മനസ്സിലാക്കാതെ 1844–ൽ പന്തയം വച്ചിട്ടുണ്ടു് ബ്രൗൺസൺ മൂന്നുകൊല്ലത്തിലധികം തിരുസ്സഭയിൽ നില്ക്കുകയില്ലെന്നു്. ബ്രൗൺസണേയോ കത്തോലിക്കാ സഭയേയോ അറിഞ്ഞിട്ടില്ലാത്തവരാണു് ഇങ്ങനെ പറഞ്ഞതു്. ബ്രൗൺസണേപ്പോലെയുള്ള ഒരു തീപ്പൊരിക്കാരനും കത്തോലിക്കാസഭയിൽ സ്ഥാനമുണ്ടാകത്തക്ക കാതോലികത്വം തിരുസ്സഭയ്ക്കുണ്ടെന്നും ബ്രൗൺസണു് സ്വതന്ത്രമായി ശ്വസിക്കുവാനും ചിന്തിക്കുവാനും വേണ്ടിടത്തോളം സൗകര്യം തിരുസ്സഭയിലുണ്ടെന്നും അക്കൂട്ടർ അറിഞ്ഞിട്ടില്ലായിരുന്നു.

കത്തോലിക്കാ സഭയിലേക്കു പ്രവേശിച്ചപ്പോൾ സ്വഭവനത്തിലെത്തിയ ഒരു പ്രതീതിയാണു ബ്രൗൺസണു് ഉണ്ടായിരുന്നതെന്നു് അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ സ്ക്ലേസിങ്കർ പറയുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ഉദ്ധരിക്കാം: "ഈ തീർത്ഥകൻ റോമയുടെ ഗോപുരത്തിങ്കൽ വന്നു നിലയായി. ഉറപ്പായിട്ടു സത്യങ്ങൾ അറിയുവാനുള്ള താൽപര്യവും സത്യസന്ധതയും ദൃഢമായ ഈശ്വര വിശ്വാസത്തോടും യുക്തിയുക്തമായ ദൈവശാസ്ത്രതത്ത്വങ്ങൾ അറിയുവാനുള്ള താൽപര്യത്തോടുംകൂടെ ചേർന്നു വന്നു. അത്തരം മനുഷ്യനു പത്തൊമ്പതാം ശതാബ്ദത്തിൽ ഒരു പ്രോട്ടസ്റ്റൻറുകാരനായി എന്നും ഇരിക്കുക സാധ്യമല്ലായിരുന്നു. അഗാധമായ ഈശ്വര വിശ്വാസമില്ലായിരുന്നുവെങ്കിൽ അദ്ദേഹം നിരീശ്വരനാകുമായിരുന്നു. ബുദ്ധി സൂക്ഷ്മമല്ലായിരുന്നുവെങ്കിൽ സ്വ

മനുഷ്യകുല രക്ഷാവാദിയായി അദ്ദേഹം തുടരുമായിരുന്നു. ആത്മാർത്ഥതയില്ലായിരുന്നുവെങ്കിൽ ഒരു യൂനിറ്റേറിയനോ, പ്രസ്ബിറ്റീരിയനോ, സോഷ്യലിസ്റ്റോ ആയി അവസാനം വരെ കഴിഞ്ഞേനേ. സംഗതികളെ സംശയംവിനാ ഗ്രഹിക്കണമെന്ന നിർബന്ധമില്ലായിരുന്നുവെങ്കിൽ എന്നും ബ്രൗൺസൺ പ്രോട്ടസ്റ്റൻറുകാരനായിത്തന്നെ കഴിയുമായിരുന്നു. പ്രോട്ടസ്റ്റൻറിസം സൂക്ഷ്മമായി പരിശോധിച്ചു; അതു് അപര്യാപ്തമാണെന്നു് അദ്ദേഹത്തിനു ബോധ്യം വന്നു. റോമയാണു് അവസാനം അഭയം നൽകിയതു്. അതിന്റെ പടിവാതിൽ കടന്നു് അകത്തു പ്രവേശിച്ചപ്പോൾ വിശ്രമിക്കുവാൻ പറ്റിയ സ്ഥാനം അദ്ദേഹം കണ്ടെത്തി.....അദ്ദേഹം ആഗ്രഹിച്ചിരുന്ന സുരക്ഷിതാവസ്ഥ കത്തോലിക്കാ ലോകത്തിൽ അദ്ദേഹം കണ്ടെത്തി. ജീവിതത്തിന്റെ പ്രധാന പ്രശ്നങ്ങൾക്കുള്ള കത്തോലിക്കാ പ്രതിവിധികൾ സാനന്ദം അദ്ദേഹം ആസ്വദിച്ചു."

അവസാനം ബ്രൗൺസണു മനസ്സമാധാനം കൈവന്നു. പരസ്പരം മത്സരിച്ചുകൊണ്ടിരുന്ന മതങ്ങളിൽ ഏതാണു ശരിയെന്നു് ഒരു ചെറുബാലനായിരുന്നപ്പോൾ റോയൽട്ടണിൽവച്ചു് ഉന്നയിച്ച പ്രശ്നത്തിനു് പൂർണ്ണമായ മറുപടി കിട്ടി. കുടുംബസമാധാനവും അദ്ദേഹത്തിനു് ആസ്വദിക്കുവാൻ കഴിഞ്ഞു; കാരണം, അദ്ദേഹത്തോടുകൂടെ കുടുംബാംഗങ്ങളെല്ലാവരും കത്തോലിക്കാ സഭയിൽ ചേരുകയുണ്ടായി. എന്നാൽ പ്രശാന്തമായിരുന്നില്ല ആ ജീവിതസരണി.

ബ്രൗൺസന്റെ വ്യാപദേശകരീതി

പണ്ടത്തെപ്പോലെതന്നെ ബ്രൗൺസൺ പ്രസംഗവും എഴുത്തും വാദപ്രതിവാദവുമെല്ലാം തുടർന്നുകൊണ്ടു

പോന്നു; അല്ല, കൂടുതൽ ഉൗർജ്ജസ്വലതയോടും ദാർഢ്യത്തോടുംകൂടെ തക്കങ്ങൾ നടത്തിക്കൊണ്ടിരുന്നു. കാരണം, സത്യം എന്താണെന്ന് അക്കാലത്തു് അദ്ദേഹത്തിനു സുവിദിതമായിരുന്നല്ലോ. ഈ സത്യം തന്റെ കൂട്ടുകാക്കും നാട്ടുകാക്കും പരിചയപ്പെടുത്തികൊടുക്കണമെന്നൊരു ജ്വരമായിരുന്നു പിന്നീടു് അദ്ദേഹത്തിനു്. തിരുസ്സഭാ പ്രവേശനം യുക്തിയുക്തമായ ഒരു നടപടിയായിരുന്നുവെങ്കിലും സുഗമമായിരുന്നില്ല. മാനസാന്തരം അദ്ദേഹത്തെ ഒരു റോസപ്പൂമെത്തയിലേക്കു് ആനയിച്ചുവോയെന്നു് അനന്തരകാലങ്ങളിൽ ആരോ അന്വേഷണം ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞതു് "ഇല്ല, ആണി കുത്തി നിറുത്തിയിരിക്കുന്ന ഒരു ശയ്യയിലേക്കു്" എന്നാണു്. റോസപ്പൂമെത്തയേക്കാൾ കൂടുതലായി ബ്രൗൺസണേപ്പോലെയുള്ള ഒരമേരിക്കൻ അഭിലഷിച്ചിരുന്നതു് സൂചികുത്തിത്തറയ്ക്കുന്ന ഒരു ശയ്യതന്നെയായിരുന്നുവെങ്കിലും ബ്രൗൺസന്റെ ജീവിതം സുഖോത്തരമായിരുന്നു. പൗലോസ് ശ്ലീഹായുടെ മാനസാന്തരത്തിനുശേഷം യഹൂദന്മാരും ക്രിസ്ത്യാനികളും അദ്ദേഹത്തെ സ്വീകരിച്ചില്ല. അതുപോലെതന്നെ ബ്രൗൺസന്റെ മാനസാന്തരത്തിനുശേഷം അദ്ദേഹവും ഒരു ത്രിശങ്കുസ്വർഗ്ഗത്തിലായി. പ്രോട്ടസ്റ്റന്റുകാരും കത്തോലിക്കരും അദ്ദേഹത്തെ തിരസ്കരിച്ചു. തിരുസ്സഭയെ സമാശ്ലേഷിച്ചതുകൊണ്ടു് ഉന്നതനിലയിലിരുന്ന പ്രോട്ടസ്റ്റന്റു മിത്രങ്ങളെല്ലാം അദ്ദേഹത്തെ ഉപേക്ഷിച്ചു; പകരം കത്തോലിക്കരായ സ്നേഹിതരെ ലഭിച്ചുമില്ല. ഇത്ര മഹാനായ ഒരാളെ തിരുസ്സഭയിലേക്കു സ്വാഗതം ചെയ്യുവാൻ കത്തോലിക്കർക്കു സന്തോഷമുണ്ടായിരുന്നുവെങ്കിലും, ഇതിലധികം പ്രാവശ്യം മതം മാറിയ ഈ മനുഷ്യനെ സംശയത്തോടെയാണു് അവർ വീക്ഷിച്ചതു്. ഒരെസ്സെസ് ബ്രൗൺസണേപ്പോലെ കടുത്ത ഒരാളോടു യോജിച്ചു

പോകുവാൻ കത്തോലിക്കരായിരുന്ന പലർക്കും വളരെ പ്രയാസമായിരുന്നു.

പ്രോട്ടസ്റ്റൻറ സ്നേഹിതന്മാരെ ശതക്കണക്കിനു തിരുസ്സഭയിലേക്കു് ആനയിക്കുകയായിരുന്ന ബ്രൗൺസൻറെ ജീവിത താൽപര്യം. തൻറെ മാസികയും തനിക്കുള്ള ഒന്നാതൃവും വഴി പ്രോട്ടസ്റ്റൻറുകാരെ കൂട്ടമായിട്ടു തിരുസ്സഭയിലേക്കു് ആനയിക്കുവാനുള്ള ഒരു പ്രസ്ഥാനം സമാരംഭിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. കത്തോലിക്കാ വിശ്വാസത്തിൻറെ മേന്മയും വിവിധ തത്ത്വങ്ങളും തമ്മിലുള്ള യോജിപ്പും കൂടുതലായിട്ടു ബോധ്യം വന്നു തുടങ്ങി. തൽഫലമായി മാനസാന്തര പ്രസ്ഥാനം പ്രബലപ്പെടുത്തുവാനുള്ള ആഗ്രഹം ശക്തിപ്പെട്ടു; എന്നു വരുകിലും ഒരു പ്രസ്ഥാനവും അദ്ദേഹത്തിനു സമാരംഭിക്കുവാൻ സാധിച്ചില്ലായെന്നതു എത്രയും വേദനാജനകവും അഭിമാനക്ഷയവുമായിരുന്നു. ഈ പരാജയത്തിനു രണ്ടു കാരണമുണ്ടായിരുന്നു. ഒന്നാമതായി പ്രോട്ടസ്റ്റൻറു മിത്രങ്ങൾ അദ്ദേഹത്തെപ്പോലെ ധീരരും യുക്തിമാനീതരുമായിരുന്നില്ല. പൂർണ്ണസത്യം പ്രാപിക്കുവാനുള്ള ഒരു തൃഷ്ണയൊന്നും അവക്കില്ലാതിരുന്നതിനാൽ ബ്രൗൺസൺ അസത്യകാര്യമായി തള്ളിയ നിലയിൽ ഉറച്ചു നില്ക്കുവാൻ അവക്കു മനഃപ്രയാസമൊന്നുമുണ്ടായിരുന്നില്ല. ബ്രൗൺസൺ കത്തോലിക്കാ സഭയെ ആട്ടേഷിച്ച കാലത്തു് അതു സാമുദായികമായും സാംസ്കാരികമായും അധഃസ്ഥിതമായി തോന്നിയിരുന്നു പ്രൊട്ടസ്റ്റൻറുകാർക്കു്. ഒരു ചരിത്രവസ്തുവെന്ന നിലയിൽ മാനൃന്മാർ അതിനെപ്പറ്റി പഠനങ്ങൾ നടത്തിയിരുന്നു. വികാരഭരിതരായ ലത്തീൻ രാജൃനിവാസികളോടും ഐറിഷുകാരോടും ബന്ധപ്പെട്ട കിടക്കുന്ന ഒരു പ്രസ്ഥാനമായിട്ടു പരിഗണിച്ചു് ജിജ്ഞാസാ സംതൃപ്തിക്കായി

മാത്രം അവർ അതിനെ ചിലപ്പോൾ പരിശോധിച്ചു നോക്കിയിരുന്നു. മാന്യരായ അമേരിക്കർ തങ്ങൾക്കു ചേരുവാൻ പറ്റിയ ഒരു സമുദായമായിട്ടു റോമൻ കത്തോലിക്കാസഭയെ വീക്ഷിച്ചിരുന്നില്ല. അതിനെ ആട്ടിപ്പേഷിക്കുന്നതുകൊണ്ടു പ്രോട്ടസ്റ്റൻറു വിശ്വാസം മാത്രം നഷ്ടപ്പെടുന്നുവെന്നല്ല അവർ കരുതിയിരുന്നതു്; പ്രത്യുത, അവരുടെ അമേരിക്കൻ പൗരത്വവും ബുദ്ധി സ്വാതന്ത്ര്യവും ആംഗ്ലോ സാക്സൺ പാരമ്പര്യവും എന്നു വേണ്ട അവരുടെ ജീവിത രീതിയുംകൂടി നഷ്ടപ്പെടുമെന്നു് അവർ വിചാരിച്ചു.

കത്തോലിക്കരുടെ സംഖ്യ അന്നു വളരെ തുച്ഛമായിരുന്നു. അവക്കു് ഒരു നിലയുമുണ്ടായിരുന്നില്ല. ന്യൂ ഇംഗ്ലണ്ടു മുഴുവനും ഉൾപ്പെട്ടിരുന്ന ബോസ്റ്റൺ രൂപതയിൽ ആകപ്പാടെ 27 വൈദികരേയുണ്ടായിരുന്നുള്ളു. കത്തോലിക്കർ തന്നെയാണെങ്കിലും അപ്രധാനരായി കഴിയുവാനാണു് ഇഷ്ടപ്പെട്ടിരുന്നതു്. അന്നത്തെ പ്രോട്ടസ്റ്റൻറു ചിന്തകരോടൊപ്പം നില്ക്കുവാൻ അന്നത്തെ കത്തോലിക്കാ പ്രമുഖർക്കുപോലും സാധിച്ചിരുന്നില്ല. കത്തോലിക്കർ തന്നെയാണെങ്കിലും ദരിദ്രരും വിദ്യാവിഹീനരുമായിരുന്നു. അവർ അക്കാലത്തു കുടിയേറിപ്പാർത്തവരോ, അല്ലെങ്കിൽ അവരുടെ മക്കളോ ആയിരുന്നതു നിമിത്തം അമേരിക്കൻ സമ്പ്രദായങ്ങൾ പരിശീലിച്ചു വരുന്നതേ ഉണ്ടായിരുന്നുള്ളു. ഇവരായിരുന്നു ബ്രൗൺസന്റെ പുതിയ മിത്രങ്ങൾ. ബ്രൗൺസണേപ്പോലെയുള്ള ഒരാളുടെ ഗ്രന്ഥങ്ങൾ വായിക്കുവാൻ അവർ ശ്രമിച്ചു കാണുകയില്ല. തങ്ങളുടെ പ്രതിനിധിയാക്കി ബ്രൗൺസണെ ഉയർത്തുവാൻമാത്രം സംഘാടകത്വം അവക്കു് ഉണ്ടായിരുന്നുമില്ല. ലൗകികദൃഷ്ട്യാ വീക്ഷിക്കുമ്പോൾ കത്തോലിക്കാസഭയെ ആട്ടിപ്പേഷിച്ചതു ബ്രൗൺസനു് വലിയ ഒരു നഷ്ട

മായിപ്പോയി. 1844-ൽ പ്രശസ്തിയുടെ ഉച്ചിയിലിരിക്കയായിരുന്ന ബ്രൗൺസൺ ഒരു ചിന്തകനെന്ന നിലയിൽ എല്ലാവരും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. മതപരവും താത്ത്വികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ സംബന്ധിച്ചു ഭംഗിയായി എഴുതുന്ന ഒരു ഗ്രന്ഥകാരനായിട്ടാണു് അവർ അദ്ദേഹത്തെ വീക്ഷിച്ചിരുന്നതു്; ആത്തിയോടെ അദ്ദേഹത്തിന്റെ കൃതികളെ അവർ പാരായണം ചെയ്തിരുന്നു. മാനസാന്തരത്തോടുകൂടി അപ്രധാനമായ ഒരു ഗണത്തിന്റെ പക്ഷവാദിയായിത്തീർന്ന ബ്രൗൺസൺ. അജ്ഞതയും ദാരിദ്ര്യവും നിമിത്തം ജനസംഖ്യാന്ന സരണമുള്ള പ്രാധാന്യവുംകൂടി ഉണ്ടായിരുന്നില്ല അമേരിക്കൻ കത്തോലിക്കർക്കു്.

എന്നാലുകിലും ബ്രൗൺസന്റെ വിചാരം സമത്ഥരായ പ്രൊട്ടസ്റ്റന്റുകാരെയെല്ലാം തിരുസ്സഭയിലേക്കു് ആനയിക്കാമെന്നായിരുന്നു. ബിഷപ്പു ഫിറർസ് പാടിക്കു് അദ്ദേഹത്തിന്റെ കരങ്ങളെ ബന്ധിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിനു കൂടുതൽ വിജയമുണ്ടാകുമായിരുന്നുവെന്നാണു് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതു്. ബ്രൗൺസൺ കത്തോലിക്കാ സഭയിലേക്കു പ്രവേശിക്കുവാൻ വഴിതെളിച്ച യുക്തികളല്ല, പ്രത്യുത പരമ്പരാഗതമായ കത്തോലിക്കാ വ്യാപദേശക വാദങ്ങളാണു് ഉപയോഗിക്കേണ്ടതെന്നു ബിഷപ്പു നിർബന്ധിച്ചു. എന്നാൽ, ആ പാരമ്പര്യം അദ്ദേഹത്തിനു് തീരേ അജ്ഞാതമായിരുന്നു. അതിനാൽ തീരെ പരിചയമില്ലാതിരുന്ന ഒരു തുറയിൽ പ്രവേശിച്ചു് പുതിയ ഒരു വാദസമ്പ്രദായവും തത്ത്വശിക്ഷണവും സ്വീകരിക്കേണ്ടതായി വന്നു. അദ്ദേഹത്തിന്റെ മാസികയെ ഒരു കത്തോലിക്കാ ജിഹ്വയാക്കിയതോടുകൂടി വരിക്കാർ

കുറഞ്ഞു. നിയമം പഠിച്ചു് രാഷ്ട്രീയ കാര്യങ്ങളിൽ ഏർപ്പെട്ടു് ഉപജീവനമാർഗ്ഗം തേടുവാനുംകൂടി ഒരവസരത്തിൽ അദ്ദേഹം നിശ്ചയിക്കുകയുണ്ടായി. എങ്കിലും ബിഷപ്പു ഫിറർ'സു' പാടിക്കിന്റെ നിർദ്ദേശത്തെ പരിഗണിച്ചു് അപ്രകാരം അദ്ദേഹം ചെയ്തില്ല. അദ്ദേഹത്തിന്റെ മാസികയുടെ "ബോസ്റ്റൺ കപ്പാർട്ടെർലി റിവ്യൂ" എന്ന പേരു മാറ്റി "ബ്രൗൺസൺ കപ്പാർട്ടെർലി റിവ്യൂ" എന്ന പേരുകൊടുത്തു. ദൈവശാസ്ത്രപരമായ ലേഖനങ്ങളെല്ലാം ബിഷപ്പിന്റെ അംഗീകാരത്തിനു സമർപ്പിക്കുവാനും തുടങ്ങി.

പുതിയ മാസികയുടെ മുഖ്യമായ ഉദ്ദേശം പ്രോട്ടസ്റ്റൻറുകാരുടെ മാനസാന്തരമല്ല, പ്രത്യുത കത്തോലിക്കർ തങ്ങളുടെ വിശ്വാസത്തെ ധീരമായും ദൃഢമായും ഏറ്റു പറയുവാനും ക്രിസ്ത്യാനികളും അമേരിക്കൻ പൗരരും മനുഷ്യരുമെന്ന നിലയിൽ തങ്ങൾക്കുള്ള അവകാശങ്ങൾക്കുവേണ്ടി നിർഭയം വാദങ്ങൾ നടത്തുവാനും പ്രേരിപ്പിക്കുകയാണു എന്നു് അദ്ദേഹം ആരംഭത്തിൽത്തന്നെ പ്രസ്താവിച്ചു. ഇതു് എത്രയും അത്യാവശ്യമായ ഒരു കാര്യമായിരുന്നു. ബ്രൗൺസന്റെ ധീരമായ വിശ്വാസ പ്രഖ്യാപനം ആരംഭിച്ചതു പ്രോട്ടസ്റ്റൻറുകാരുടെ നേക്കുള്ള തോക്കുകളെല്ലാം നിറയൊഴിച്ചുകൊണ്ടാണു്. ശത്രുക്കളെ ആക്രമിച്ചുകൊണ്ടു തിരുസ്സഭയെ സംരക്ഷിക്കുന്ന സമ്പ്രദായമാണു ബ്രൗൺസൺ സമാദരിച്ചതു്; അതിനാൽ പ്രോട്ടസ്റ്റൻറുകാരെ ആക്രമിച്ചുകൊണ്ടാണു സംരക്ഷണ സമരം ബ്രൗൺസൺ നടത്തിയതു്. കത്തോലിക്കാ വിശ്വാസത്തിനും നിരീശ്വരത്വത്തിനും മധ്യേ ഒരു സ്ഥാനമില്ലെന്നും അതിനാൽ അനുവാചകർക്കു് ഈ രണ്ടിലേതെങ്കിലും ഒന്നുമാത്രമേ തിരിഞ്ഞെടുക്കാവുന്നതായിട്ടുള്ളുവെന്നും അദ്ദേഹം അസന്നിഗ്ധ

മായി പ്രസ്താവിച്ചു. പ്രകാരാന്തരേണ പറയുന്ന പക്ഷം, പ്രോട്ടസ്റ്റൻറു വിശ്വാസം യുക്തിയിൽ പെടുത്തീട്ടുള്ളതല്ലെന്നു തെളിയിക്കുവാനായിരുന്ന അദ്ദേഹം തുടങ്ങിയതു്.

സമകാലീനരായ കത്തോലിക്കർക്കു് ആ ഉദ്ദേശം പ്രശസ്യമായി തോന്നിക്കാണും. എന്നാൽ, ബ്രൗൺസന്റെ തന്ത്രങ്ങൾ മിത്രങ്ങളെ നേടുന്നതിനോ ജനങ്ങളെ വശീകരിക്കുന്നതിനോ പര്യാപ്തമായിരുന്നില്ല. എപ്പോഴും സമരകുതുകിയായിരുന്ന ബ്രൗൺസണു് സത്യമെന്തെന്നു് അസന്നിശ്ചമായി അറിയുവാൻ കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ സ്വരവും സമ്പ്രദായവും പരുഷമാകയാണു ചെയ്തതു്. പ്രോട്ടസ്റ്റൻറു് അനുവാചകർക്കു ബോധ്യം ജനിപ്പിക്കത്തക്ക യുക്തിനല്കുമ്പോൾ കൂടി അവരെ അദ്ദേഹത്തിൽ നിന്നു് അകറ്റുന്ന രചനാസമ്പ്രദായമാണു് അദ്ദേഹം ആശ്ലേഷിച്ചിരുന്നതു്. തന്നെപ്പോലെ എല്ലാവരും ചിന്തിക്കാത്തതെന്തുകൊണ്ടാണെന്നു് അദ്ദേഹത്തിനു് ഒരിക്കലും മനസ്സിലാക്കുവാൻ സാധിച്ചില്ല. കത്തോലിക്കാ സഭയിൽ അഞ്ചു കൊല്ലം തികയ്ക്കുന്നതിനു മുമ്പു തന്നെ അദ്ദേഹം പ്രോട്ടസ്റ്റൻറുകാരോടു പറഞ്ഞതു് അവർക്കു സത്യത്തോടു പ്രതിപത്തിയോ, ചുമതലാബോധമോ, പരമാർത്ഥബുദ്ധിയോ, മാനസിക നൈർമ്മല്യമോ ഇല്ലെന്നാണു്. ബ്രൗൺസന്റെ ചില പൂർവ്വസ്നേഹിതരേപ്പറ്റി ഇങ്ങനെ പറഞ്ഞതു ശരിയായിരിക്കാം. എന്നാൽ, എല്ലാ പ്രോട്ടസ്റ്റൻറുകാരും അദ്ദേഹം പ്രസ്താവിച്ചതുപോലെ മോശമായിരുന്നുവെന്നു കരുതുവാൻ നിവൃത്തിയില്ല.

ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ വാദരീതി കോമാളിത്തരംപോലെ തോന്നുമായിരുന്നു; എന്നുവരുകിലും വിഷയം മതാത്മകമായിരുന്നതുകൊ

ണ്ടും തീഷ്ണത അത്യുഗ്രമായിരുന്നതിനാലും ഗൗരവം നഷ്ടപ്പെടാതെതന്നെ പാലിച്ചു പോന്നു. തണുപ്പുള്ള ദിവസങ്ങളിൽ സമീപത്തുള്ള ഒരു മരുന്നു കടയിൽ വന്നുകൊണ്ടിരുന്ന ആളുകളോടെല്ലാം പ്രോട്ടസ്റ്റൻറ വിശ്വാസത്തിനെതിരായി അദ്ദേഹം ന്യായവാദം നടത്തിയിരുന്നു. പല തവണ വാദപ്രതിവാദങ്ങളും നടത്തി വിജയം കരസ്ഥമാക്കിയിരുന്നെങ്കിലും മാനസാന്തരമൊന്നും ഉണ്ടായില്ല. ഒരിക്കൽ ഒരു സ്നേഹിതനോട് സംസാരിച്ചു ബ്രൗൺസൺ വിജയം കരസ്ഥമാക്കിയെങ്കിലും അയാൾ തിരുസ്സഭയെ ആദ്ദേഷിക്കുന്നതിനു പകരം ബ്രൗൺസൺ കത്തോലിക്കാസഭയിൽ ചേർന്നതിനെ ആക്ഷേപിക്കുകയാണു ചെയ്തതു്. വെള്ളിയാഴ്ച ഭക്ഷണത്തിനു മാംസം മാത്രം ഒരുക്കിവച്ചിരുന്ന ഒരു ഹോട്ടൽമാനേജരോട് ബ്രൗൺസൺ വളരെ കയർത്തു സംസാരിക്കുവാനിടയായി. "താൻ എന്തുകൊണ്ടു മത്സ്യം തയ്യാറാക്കിയില്ല? വെള്ളിയാഴ്ച ക്രിസ്ത്യാനികളാരും മാംസം തിന്നുകയില്ല." ഹോട്ടൽ മാനേജർ തിരിഞ്ഞുനിന്നു് കത്തോലിക്കാ സഭയെ ആദ്ദേഷിച്ചതിനു് ബ്രൗൺസനെ പഴിക്കുകയാണുണ്ടായതു്. ചൊറക്കൊണ്ടെന്നതിനേക്കാൾ കൂടുതൽ ഇച്ചയെ തേൻകൊണ്ടു പിടിച്ചെടുക്കാമെന്നുള്ള ചൊല്ലു് ബ്രൗൺസൺ കേട്ടിട്ടില്ലായിരുന്നു എന്നു തോന്നുന്നു. കേട്ടിട്ടുണ്ടായിരുന്നെങ്കിൽതന്നെ വലിയ അന്തരമൊന്നുമുണ്ടാകയില്ലായിരുന്നു; കാരണം, ബ്രൗൺസണു് സത്യം സത്യം തന്നെയാണു്; അതിൽ എരിച്ചലും പുകച്ചലും അദ്ദേഹം വക വയ്ക്കുന്ന കൂട്ടത്തിലായിരുന്നില്ല. കയ്പുള്ള മരുന്നു പഞ്ചസാരപൊതിഞ്ഞു കൊടുക്കുന്ന പതിവൊന്നും അദ്ദേഹത്തിനില്ലായിരുന്നു.

പ്രോട്ടസ്റ്റൻറ വിശ്വാസത്തിനെതിരായി ബ്രൗൺസൺ ഉന്നയിച്ച യുക്തികളും എത്രയും ലഘുവായി

രുന്നു. പ്രോട്ടസ്റ്റൻറു വിശ്വാസം തെറ്റാണെന്നു് ഒരൊറ്റ വാക്കു്. അവരുടെ മതം മനുഷ്യ സ്ഥാപിത മാണു്; അതിൻറെ പേരുതന്നെ നിഷേധാത്മകമാണല്ലോ. പ്രോട്ടസ്റ്റൻറു വിശ്വാസത്തെപ്പറ്റി അദ്ദേഹം ഇപ്പകാരം എഴുതിയിരിക്കുന്നു: "മുന്നൂറു കൊല്ലമായി ആ വിശ്വാസം ആവിർഭവിച്ചിട്ടു്. അതിനിടയ്ക്കു അതിനുള്ള നശീകരണശക്തി വമ്പിച്ചതാണെന്നു സ്പഷ്ടമായിക്കഴിഞ്ഞു. നിർമ്മാണശക്തി അതിനില്ല; പലതും തുടങ്ങും; എന്നാൽ ഒന്നും മുഴുവനാക്കുന്നില്ല. നന്മയായിട്ടോ ശാശ്വതമായിട്ടോ എന്തെങ്കിലും അതിലുണ്ടെങ്കിൽ സത്യവിശ്വാസം പ്രതിഭാസിച്ചിരുന്ന സ്ഥലത്തുനിന്നും കാലഘട്ടങ്ങളിൽനിന്നും ലഭിച്ചിട്ടുള്ളതാണു്. കുട്ടികൾ കളിയായിട്ടു് ഊതി വീർപ്പിക്കുന്ന സോപ്പു കുമിളപോലെയാണു് അതിൻറെ സ്ഥാപനങ്ങളെല്ലാം." ശരിയായി ചിന്തിക്കുന്ന ഒരു മനുഷ്യനു് ആത്മാർത്ഥമായി ഒരിക്കലും പ്രോട്ടസ്റ്റൻറുകാരനായിരിക്കാൻ സാധിക്കയില്ലെന്നായിരുന്നു അദ്ദേഹത്തിൻറെ അഭിപ്രായം; കാരണം "വ്യാജതത്ത്വങ്ങൾ ഏറ്റു വിശ്വസിക്കുന്നവർ ആത്മാർത്ഥതയുള്ളവരല്ല, ആത്മാർത്ഥതയുള്ളവരായിരുന്നിട്ടുമില്ല." സംശയരഹിതമായ യുക്തികൊണ്ടു വ്യാജം തെളിയിക്കുവാൻ സാധിക്കയില്ലെന്നായിരുന്നു അദ്ദേഹത്തിൻറെ അഭിമതം. അതിനാൽ വ്യാജം സത്യമാണെന്നു വിശ്വസിക്കുന്നവർ സ്വല്പം സംശയംകൂടാതെയല്ല വ്യാജത്തെ ആട്ടിപ്പായിക്കുന്നതു്.

പ്രോട്ടസ്റ്റൻറു വിശ്വാസത്തെ ആക്രമിക്കുന്നതിനു ബ്രൗൺസൺ ഉപയോഗിച്ചിരുന്ന പ്രധാനമാർഗ്ഗം അതിലെ തത്ത്വങ്ങളെടുത്തു മൂർച്ചയുള്ള യുക്തി പ്രയോഗിച്ചു് അതിൻറെ പക്ഷവാദികൾ ഊഹിക്കപോലും ചെയ്തിട്ടില്ലാത്ത അനുമാനങ്ങൾ നിരത്തി വയ്ക്കുക

എന്നതാണ്. പ്രോട്ടസ്റ്റൻറ വിശ്വാസത്തിൽ അന്തർലീനമായിരുന്ന യുക്തികഥംകൊണ്ടു വിശദമാക്കിയിരുന്ന അനുമാനങ്ങളാണവ. പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കാ വിശ്വാസം പരിത്യജിച്ചതോടൊപ്പം യുക്തിയുംകൂടി പരിത്യജിച്ചിരിക്കയാണെന്നു ബ്രൗൺസൺ അഭിപ്രായപ്പെട്ടു. അങ്ങനെ അവർ ക്രിസ്തുനാഥൻറെ ആഗമനത്തിനു മുമ്പു ജീവിച്ചിരുന്ന അരിസ്റ്റോട്ടിൽ പ്രഭൃതികഥം ആശ്ലേഷിച്ചിരുന്ന സ്വാഭാവിക മതത്തിൽനിന്നും സന്മാർഗ്ഗബോധത്തിൽനിന്നും ഒരു പടി താഴെയാണ് നില്ക്കുന്നതെന്ന് അദ്ദേഹം വാദിച്ചു. പ്രോട്ടസ്റ്റൻറ് സഭ അരാജകത്വത്തിൻെറ പര്യായമാണെന്നും ഓരോരുത്തനും തന്നിഷ്ടംപോലെ വ്യാപരിക്കാവുന്ന നിയമമില്ലാ കളരിയാണെന്നും അതിനാൽ എത്ര വ്യക്തികളുണ്ടോ അത്രയും സഭകളായി അതു പിരിഞ്ഞു പിരിഞ്ഞു പോകുമെന്നും ബ്രൗൺസൺ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിൻെറ അനുമാനം ഇപ്രകാരമാണ്: "പ്രോട്ടസ്റ്റൻറ വിശ്വാസത്തിൻെറ കാതൽ തനി അഹങ്കാരമത്രേ. അതു് സത്യത്തിൽ നിന്നു ബുദ്ധിശക്തിയുടെ ഒരു വ്യതിചലനമല്ല; പ്രത്യുത അതു് ഒരു സാന്മാർഗ്ഗിക രോഗമാണ്. അതിനെ ഒരു അബദ്ധമായിട്ടല്ല നാം വീക്ഷിക്കേണ്ടതു്; പ്രത്യുത ഒരു തിന്മയായിട്ടത്രേ. പ്രോട്ടസ്റ്റൻറുകാരെ അവിശ്വാസികളോ പാഷണ്ഡികളോ ആയിട്ടല്ല പരിഗണിക്കേണ്ടതു്; പ്രത്യുത പാപികളായിട്ടാണ്."

ബ്രൗൺസൻെറ യുക്തി അജയ്യമായിരുന്നു. ജനങ്ങളം സയുക്തികം ഗൗരവത്തോടെ ചിന്തിച്ചുകൊണ്ടിരുന്നുവെന്നു കരുതിയിരുന്ന അക്കാലത്തു പ്രത്യേകിച്ചും ബ്രൗൺസൻെറ യുക്തികഥംകു തക്ക മറുപടി കണ്ടു പിടിക്കുവാൻ പ്രയാസമായിരുന്നു. കത്തോലിക്കർ ഇതുവരെ തങ്ങളുടെ തത്ത്വങ്ങളുടെ സത്യാവസ്ഥ തെളി

യിച്ച പ്രതിരോധക നിരയിൽ കഴിയുകയായിരുന്നു; ബ്രൗൺസന്റെ പരിശ്രമഫലം വഴി പ്രോട്ടസ്റ്റന്റുകാർ തങ്ങളുടെ നിലപാട് നീതീകരിക്കുവാൻ നിർബന്ധിതരായെന്നുള്ളതു കത്തോലിക്കരുടെ വലിയ ഒരു നേട്ടമാണ്. പ്രോട്ടസ്റ്റന്റുകാക്കു് ഉത്തരം പറയണമെന്നുണ്ടെങ്കിൽ യുക്തിയോടു യാത്ര പറയേണ്ടിവരുമെന്നു വന്നതിനാൽ ബ്രൗൺസന്റെ യുക്തിവാദങ്ങളെ അവർ അവഗണിക്കുകയാണു ചെയ്തതു്. അമേരിക്കൻ പ്രോട്ടസ്റ്റന്റു നിരയിൽനിന്നു് അധഃപതിച്ചു് അജ്ഞരായ റോമാക്കാരുടെ ഗണത്തിൽ വീണുപോയ ഒരു "ഗ്രഹ്യനായിട്ടു്" അദ്ദേഹത്തെ അവർ കരുതി.

പ്രോട്ടസ്റ്റന്റു വിശ്വാസത്തിനെതിരായി ബ്രൗൺസൺ ഉന്നയിച്ച പ്രധാന യുക്തി അതു് ഒരു സ്വേച്ഛാധിപത്യമാണെന്നും ആ മതം അതിന്റെ അനുയായികൾക്കു സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ടെന്നു പറയുന്നതു പൊള്ളത്തരമാണെന്നുമത്രേ. അദ്ദേഹത്തിന്റെ ചില വാക്കുകൾ ഉദ്ധരിക്കാം: "ആദ്ധ്യാത്മിക കാര്യങ്ങളിൽ മനുഷ്യ ശക്തികൾക്കു നമ്മെ വിധേയമാക്കുന്നതാണു് ആദ്ധ്യാത്മിക സ്വേച്ഛാധിപത്യം. മനുഷ്യാധികാരം നമ്മുടേതായാലും ഇതരരുടേതായാലും അന്തരമൊന്നുമില്ല. സ്വേച്ഛാധിപത്യത്തിൽനിന്നുള്ള മോചനം ദിവ്യമായ അധികാരം വഴിയേ സിദ്ധിക്കൂ..... വിഭാഗികമനസ്ഥിതി ആദ്ധ്യാത്മിക സ്വേച്ഛാധിപത്യം തന്നെ." ഈദൃശമായ യുക്തി അമേരിക്കൻ മനസ്സിനെ തട്ടിയിളക്കുവാനാണു ബ്രൗൺസൺ സഹായിച്ചതു്. പ്രോട്ടസ്റ്റന്റു വിശ്വാസം ദൈവത്തിൽനിന്നും സത്യത്തിൽനിന്നും അകന്നുകൊണ്ടു ലൗകായതികതലത്തിലേക്കും അബദ്ധത്തിലേക്കും ചാഞ്ഞാണിരിക്കുന്നതെന്നും അതിന്റെ അന്ത്യം തനി ലൗകായതികതലവും നിരീശ്വരതലവുമാണെന്നും വേറൊരുതരം

യുക്തികൊണ്ടു ബ്രൗൺസൺ തെളിയിച്ചു. ഒരു അമേരിക്കൻ കത്തോലിക്കനും ഈ ജോലി ഇത്ര ഭംഗിയായി ചെയ്തിട്ടില്ല. ആംസ്ട്രിക്കനിസമോ പ്രൈസ്ബിറ്റീരിയനിസമോ പോലെയുള്ള ഒരു വിശ്വാസത്തിൽ അതു നില്ക്കുകയില്ല; അതു് മുന്നോട്ടേക്കു പോകതന്നെ ചെയ്യും. അതു യുക്തിവാദത്തിലോ പന്തെയിസത്തിലോ (വിശ്വദേവതാവാദം), നിരീശ്വരത്തിലോ, ശൂന്യവാദത്തിലോ ചെന്നേ നില്ക്കുകയുള്ളു."

പ്രോട്ടസ്റ്റൻറുകാക്കു് എതിരായി ബ്രൗൺസൺ ഉന്നയിച്ച യുക്തികളും കത്തോലിക്കരുടെ നിലപാടു് ഒന്നുകൂടെ ദൃഢതരമാക്കി; എന്നാൽ, ബ്രൗൺസണേപ്പോലെ റോമയിലേക്കു പിന്തിരിയുകയാണു രക്ഷാമാർഗ്ഗമെന്നു പ്രോട്ടസ്റ്റൻറുകാക്കു തെല്ലും ബോധ്യമായില്ല. തിരുസ്സഭയുടെ മേന്മ സുവിശദമാക്കുന്ന നല്ല മൂർച്ചയുള്ള ഉദ്ധരണികളും ധാരാളമായിട്ടു് അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. ഒരു ദൃഷ്ടാന്തം കണ്ടാലും: "ദൈവസ്ഥാപിതവും അപ്രമാദവുമായ സഭയ്ക്കു വ്യാപദേശത്തിന്റെ സഹായം വേണ്ടതില്ല. പിശാചിന്റെ പരിഷ്കരണം മനുഷ്യസ്ഥാപിത സഭകളും വ്യാപദേശത്തിനു് അർഹതയുള്ളവയല്ല". ബ്രൗൺസന്റെ ത്രൈമാസികയിൽ അമേരിക്കയിലേ ഒന്നാംകിട സാഹിത്യകാരന്റെ തൂലികയും അങ്ങനെ ഉജ്ജ്വലിച്ചു നിന്നു. മനുഷ്യസ്വഭാവം ഗ്രഹിച്ചിട്ടുള്ളവക്കു് അറിയാം, സാമർത്ഥ്യവും പാണ്ഡിത്യവും ഒരു പ്രസ്ഥാനത്തെ മുന്നോട്ടു് ആനയിക്കുന്നില്ലെന്നു്. പ്രോട്ടസ്റ്റൻറുകാരെ കത്തോലിക്കാ സഭയിലേക്കു് ആനയിക്കുക എന്ന മഹാപ്രസ്ഥാനത്തിൽ ബ്രൗൺസൺ പരാജയമടഞ്ഞതു് സാമർത്ഥ്യത്തിന്റേയും പാണ്ഡിത്യത്തിന്റേയും കുട്ടതൽകൊണ്ടാണു്. എങ്കിലും ഒരു ഗുണമുണ്ടായി. കത്തോലിക്കാ ഗ്രന്ഥകാരന്മാക്കു തങ്ങ

ളുടെ തോക്കു നിറയ്ക്കുവാൻ മരുന്നു് ധാരാളം കിട്ടി; ഭാവിയിലെ വ്യപദേശ ജോലിക്കു് ആ മരുന്നു് അത്യധികം ഉപകരിച്ചു.

കത്തോലിക്കാ വിശ്വാസവും അമേരിക്കൻ പൗരത്വവും

ബ്രൗൺസന്റെ കാലം വച്ചു നോക്കുമ്പോൾ എതുയും ധീരമായ ഒരു വ്യപദേശരീതിയാണു് അദ്ദേഹം സ്വീകരിച്ചതെന്നു പറയാം. ഈ കഴിഞ്ഞ അമ്പതു കൊല്ലത്തെ ചരിത്രം അദ്ദേഹത്തിന്റെ വാദരീതിക്കു് ഉപോൽബലകമായിട്ടുണ്ടു്. കത്തോലിക്കരെല്ലാവരും തന്നെ അദ്ദേഹത്തിന്റെ വാദരീതി ഇന്നു സ്വീകരിക്കാതിരിക്കയില്ല. ജനാധിപത്യവും കത്തോലിക്കാ വിശ്വാസവും എന്ന വിഷയത്തെ പുരസ്കരിച്ചു മാനസാന്തരത്തിനുശേഷം ഒരു കൊല്ലം കഴിഞ്ഞു് എഴുതിയ ഒരു പ്രബന്ധത്തിൽ ബ്രൗൺസൺ ഇപ്രകാരം വാദിച്ചു: "റോമൻ കത്തോലിക്കാ വിശ്വാസം കൂടാതെ ജനാധിപത്യം സംരക്ഷിച്ചുകൊണ്ടുപോരുന്നതിനോ, അതിന്റെ സ്വതന്ത്രവും രക്ഷാകരവുമായ പ്രവർത്തനങ്ങൾ തുടരുന്നതിനോ സാധ്യമല്ല. അവിശ്വാസത്തിനും, കാവ്യമതങ്ങൾക്കും, പ്രോട്ടസ്റ്റന്റു തത്വങ്ങൾക്കും ഒരു ഡമോക്രസി സ്ഥാപിക്കുവാൻ കഴിഞ്ഞേക്കും. എന്നാൽ, കത്തോലിക്കാ സഭയ്ക്കു മാത്രമേ അതിനെ സംരക്ഷിച്ചുകൊണ്ടു പോരുവാൻ കഴിയുകയുള്ളൂ." കൂടിയേറിപ്പാർത്ത ചുരുക്കം ചിലരുടെ മതവിശ്വാസം അമേരിക്കൻ രാജ്യം മുഴുവനും പ്രചരിച്ചാലേ അവർക്കു സൈ്വരമായി ജീവിക്കുവാൻ കഴിയുകയുള്ളുവെന്നു് അമേരിക്കരോടു് ഉറപ്പിച്ചു പറയുന്നതിൽ അന്തർലീനമായി കിടക്കുന്ന ഔദ്ധത്യവും കാക്കശ്യവും ഇന്നു നമുക്കു മനസ്സിലാവുകയില്ല."

ബ്രൗൺസന്റെ യുക്തിവാദം ഇപ്രകാരമായിരുന്നു: ജനങ്ങളുടെ ഭരണാധി പത്യത്തിന്മേലാണ ഡമോക്രസി നിലകൊള്ളുന്നത്. ജനങ്ങൾ ബലഹീനരും പ്രമാദവിധേയരുമാണ്. തന്മൂലം അവർ നല്ല തീരുമാനങ്ങൾ എടുക്കണമെന്നുവരുകിൽ മതാത്മകവും സാന്മാർഗ്ഗികവുമായ മാർഗ്ഗദർശനം അവക്ക് സംസിദ്ധമാകണം. ഈദൃശമായ മാർഗ്ഗദർശനം സത്യമതത്തിൽ നിന്നേ ലഭിക്കുകയുള്ളൂ. സത്യമതം കത്തോലിക്കാസഭയാണതാനും. ഈ വാദത്തിലെ ഒന്നാമത്തെ ഭാഗം അതായത് ജനങ്ങൾക്കു തനിച്ചായാലും തെറ്റുകൾ വരുമെന്നും പൊതുഗുണത്തേക്കാൾ കൂടുതൽ മനുഷ്യൻ സ്വന്തഗുണത്തെ ലാക്കാക്കുകയുള്ളുവെന്നും അവർ വികാരഭരിതരാണെന്നും അതിനാൽ അമേരിക്കൻ ജനതയുടെ സുകൃതങ്ങളും സാമർത്ഥ്യവും മതിയാകയില്ല ഒരു കൃമവൽകൃതവും സ്വതന്ത്രവും കാര്യക്ഷമവുമായ ഗവർമെൻറ് രൂപവൽക്കരിക്കാനെന്നും തെളിയിക്കുവാൻ സുഗമമായിരുന്നു. വാദത്തിലെ രണ്ടാം ഭാഗം അത്രയും എളുപ്പമല്ല തെളിയിക്കുവാൻ. എന്നു വരുകിലും പ്രോട്ടസ്റ്റൻറ് വിശ്വാസത്തിനു ജനങ്ങളെ നേർവഴിയിൽക്കൂടി നയിക്കുവാൻ കഴിവില്ലെന്നു് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. "പ്രോട്ടസ്റ്റൻറ് വിശ്വാസംതന്നെ ജനങ്ങളുടെ നിയന്ത്രണത്തിനു് അധീനമാകയാൽ അവരുടെ ഇഷ്ടത്തിനും താൽപര്യത്തിനും അജ്ഞതയ്ക്കും മുൻവിധിക്കും വികാരങ്ങൾക്കും ഒത്തു് അതു തുള്ളേണ്ടിവരും" എന്നുള്ളതാണു് അദ്ദേഹത്തിന്റെ കാരണം. മനുഷ്യരിൽ നിന്നു വരുന്ന ഒരു മതമല്ല ദൈവത്തിൽ നിന്നു വരുന്ന ഒരു മതമാണു് ആവശ്യം. അതു മാത്രമേ മനുഷ്യ വികാരങ്ങളെ നിയന്ത്രിക്കുകയും ഭൗതിക വസ്തുക്കൾക്കുള്ള കൊതി നിയന്ത്രിക്കുകയും നീതിബോധം ഉളവാക്കുകയും ചെയ്യുകയുള്ളൂ. സനാതന തത്ത്വങ്ങളുടെ വെളിച്ചത്തിൽ തീരുമാനങ്ങൾ

എടുക്കുവാനും ആവശ്യമായ മാർഗ്ഗദർശനം നൽകുന്നതു മതമാണു്.

അങ്ങനെ, പത്തൊൻപതാം ശതാബ്ദത്തിന്റെ മദ്ധ്യഘട്ടത്തിൽ ബ്രൗൺസൺ അമേരിക്കയുടെ മുമ്പിൽ രണ്ടു കാര്യങ്ങൾ നിരത്തിവച്ചു: ഒന്നുകിൽ കത്തോലിക്കാ വിശ്വാസം അല്ലെങ്കിൽ അരാജകത്വം അതു മല്ലെങ്കിൽ സ്വേച്ഛാധിപത്യം. സ്വെയിൻകാരനായ ഡൊണോസൊ കോർട്ടെസ്സിന്റെ വാദരീതിയാണു് ഇവിടെ അദ്ദേഹം സ്വീകരിച്ചിരിക്കുന്നതു്; എന്നാൽ, ഡൊണോസോയുടെ കൃതികൾ വായിക്കുന്നതിനു മുമ്പാണു് ബ്രൗൺസൺ ഈ അനുമാനത്തിൽ എത്തിച്ചേർന്നതു്. അനന്തരകാലങ്ങളിൽ ആഫ്റ്റാഫൂവ്വും അദ്ദേഹം തന്നെ അനുസ്മരിച്ചിരുന്ന ഒരു പ്രസ്താവനയാണു കീഴെ ചേർക്കുന്നതു്: "കത്തോലിക്കാ സഭ കൂടാതെ ജനകീയസ്ഥാപനങ്ങൾ സംരക്ഷിച്ചു പോരുവാനോ, അവയുടെ സ്വതന്ത്രത്വവും രക്ഷാകരവുമായ പ്രവർത്തനങ്ങൾ തുടരുവാനോ സാധ്യമല്ല..... തത്ത്വങ്ങളനുസരിച്ചു ചിന്തിക്കുമ്പോൾ കത്തോലിക്കാ സഭയില്ലാത്തിടത്തു സ്വേച്ഛാധിപത്യമോ അരാജകത്വമോ ഉണ്ടാകാനേ നിവൃത്തിയുള്ളൂ." ഒരു യുക്തിയെന്നനിലയിൽ ബ്രൗൺസന്റെ വാദത്തിൽ ഒരു തെറ്റും കാണാൻ സാധിക്കയില്ല. എന്നാൽ, അദ്ദേഹം വിചാരിച്ചപോലെ എല്ലാം നടന്നിട്ടില്ലെങ്കിൽ അതിനുള്ള കാരണം മനുഷ്യൻ തന്റെ പ്രവൃത്തികളിൽ യുക്തി അനുസരിച്ചു മാത്രമല്ല വർത്തിക്കുന്നതെന്ന സംഗതി തന്നെ. മനുഷ്യനെ ബ്രൗൺസൺ ബുദ്ധിശക്തിയുള്ള മൃഗമെന്ന സംബോധന ചെയ്യുമായിരിക്കും; എന്നാൽ, ആ നിർവ്വചനത്തിൽ ബുദ്ധിശക്തിയുള്ള എന്ന വിശേഷണത്തിനു മൃഗമെന്ന വിശേഷ്യത്തേക്കാൾ കൂടുതൽ പ്രാധാന്യം അദ്ദേഹം നൽകിയെന്നു തോന്നുന്നു.

പ്രോട്ടസ്റ്റൻറുകാർ തങ്ങളുടെ തത്ത്വമനുസരിച്ചു മോശമായിരുന്നില്ല; കത്തോലിക്കർ തങ്ങളുടെ തത്ത്വങ്ങളനുസരിച്ചു നന്നായിരുന്നുമില്ല. അതിനാൽ ബ്രൗൺസൺ ഭാവനം ചെയ്യാഞ്ഞ ഒരു രൂപത്തിൽ ഡമോക്രസി അമേരിക്കയിൽ തൊങ്കിച്ചാടി മുന്നോട്ടേക്കു പോന്നു. കത്തോലിക്കാ തത്ത്വങ്ങളനുസരിച്ചു മാത്രമല്ല അതു നിയന്ത്രിതമായിട്ടുള്ളതു്; തനി അരാജകത്വമോ തനി സേച്ഛാധിപത്യമോ അവിടെ പ്രത്യക്ഷപ്പെട്ടിട്ടുമില്ല; എങ്കിലും ബ്രൗൺസൺ ഭാവനം ചെയ്ത മാർഗ്ഗത്തിലേക്കു പൊതുവേ ഒരു ചായ്വിൽ കാണാമായിരുന്നു.

ബ്രൗൺസൺ വാസ്തവത്തിൽ ഒരു ശുഭാപ്തിവിശ്വാസിയായിരുന്നു. സമകാലികരുടെ കുറവുകൾ അദ്ദേഹം നഗ്നമായി വിവരിച്ചു; പ്രോട്ടസ്റ്റൻറുകാരെ കഠിനമായി ആക്ഷേപിക്കുകയും ചെയ്തിരുന്നു; എന്നുവരുകിലും പത്തൊൻപതാം ശതാബ്ദം അതിൻെറ പിൻഗാമിയേക്കാൾ ഭേദമാണെന്നും ഭാവി ഒന്നുകൂടി മെച്ചമായിരിക്കുമെന്നുമായിരുന്നു അദ്ദേഹത്തിൻെറ ഉറച്ച വിശ്വാസം. പ്രോട്ടസ്റ്റൻറ വിശ്വാസത്തിനെതിരായി അദ്ദേഹം എഴുതിയ ലേഖനങ്ങൾ കണ്ടാൽ തോന്നുന്നിടത്തോളം അദ്ദേഹം തൻെറ ജീവിതകാലത്തെ വെറുത്തിരുന്നില്ല. പത്തൊൻപതാം ശതാബ്ദത്തിൻെറ മദ്ധ്യത്തിൽ നന്മയുടേയും തിന്മയുടേയും ശക്തികൾ അമേരിക്കൻ സമുദായത്തിൽ പ്രവർത്തിച്ചിരുന്നുവെന്നും പത്തൊൻപതാം ശതാബ്ദത്തിനും സംസ്കാരസമ്പന്നരായ മനുഷ്യർക്കും എന്തെല്ലാം പര്യാപ്തമായതു കത്തോലിക്കാ വിശ്വാസമാണെന്നു തനിക്കു ബോധ്യമായിരിക്കുകയാണെന്നും ബ്രൗൺസൺ തൻെറ വായനക്കാരെ അറിയിച്ചു. സന്മാർഗ്ഗപരിഷ്കരണം, ശാസ്ത്രീയഗവേഷണചൈതന്യം, ഭ്രാതൃത, സമുദായ നിലകൊണ്ടെന്നതിനേക്കാൾ സ്വഭാവവൈശിഷ്ട്യം കൊണ്ടു മനുഷ്യൻെറ

വില നിർണ്ണയിക്കുക എന്നിങ്ങനെ ആ കാലഘട്ടത്തിനുണ്ടായിരുന്ന നല്ല വാസനകളെയെല്ലാം കത്തോലിക്കാസഭ പ്രോത്സാഹിപ്പിച്ചിരുന്നുവെന്നതും വിപ്ലവാസക്തി, സ്വകാര്യ ഉടമയുടെ നിഷേധം, വിവാഹമോചനത്തിന്റെ, നിരീശ്വര ചിന്താഗതി തുടങ്ങിയ അന്നത്തെ ദുഷിച്ചവാസനകളെ തിരുസ്സഭ എതിർത്തുകൊണ്ടിരുന്നുവെന്നതുമാണ് തന്റെ പ്രസ്താവനയ്ക്കു കാരണമായി അദ്ദേഹം നൽകിയിട്ടുള്ളത്.

ഇങ്ങനെ, ബ്രൗൺസൺ സൂസ്പഷ്ടമാക്കി, കത്തോലിക്കാവിശ്വാസവും അമേരിക്കൻ പൗരത്വവും തമ്മിൽ യാതൊരു പൊരുത്തക്കുറവുമില്ലെന്ന്. കത്തോലിക്കാവിശ്വാസംകൂടാതെ അമേരിക്കൻ ജീവിതം ശാശ്വതമായിരിക്കയില്ലെന്ന് അദ്ദേഹം അവകാശപ്പെട്ടു. കത്തോലിക്കാവിശ്വാസവും അമേരിക്കൻ പൗരത്വവും തമ്മിലുള്ള പൊരുത്തത്തെ വിശദീകരിച്ച് അദ്ദേഹം എഴുതിയ നിരവധി ലേഖനങ്ങൾ അന്ന് അത്യന്താപേക്ഷിതമായിരുന്നു. അല്ലെങ്കിൽ കത്തോലിക്കാസമീപസ്ഥരായ പ്രൊട്ടസ്റ്റൻറുകാരോടുകൂടെ മാനവും അന്തസ്സും പാലിച്ചു ജീവിക്കുക ദുസ്സാധമാകുമായിരുന്നു.

കത്തോലിക്കരും ബ്രൗൺസനെ എതിർത്തിരുന്നു

പ്രൊട്ടസ്റ്റൻറുകാരോട് ശണ്ഠി പിടിച്ചിരുന്നതുപോലെ ബ്രൗൺസൺ കത്തോലിക്കരോടും ശണ്ഠി പിടിച്ചിരുന്നു. സത്യപ്രചരണത്തിൽ ഏകാകിയായി നിന്നു പൊരുതിക്കൊണ്ടിരുന്നതിനാലും സാമുദായിക ജീവിതത്തിന് അത്യന്താപേക്ഷിതമായ നയം അവലംബിക്കുന്നതിന് അശക്യമായിരുന്നതിനാലും സ്വദേശത്തും വിദേശത്തുമുള്ള പ്രധാന കത്തോലിക്കരോടെല്ലാം അദ്ദേഹം വഴക്കിട്ടു. ബ്രൗൺസനേക്കാൾ പ്രതി

ഭാര്യാലിയും സുശിക്ഷിതനുമായ നൃമനോട്ട പോലും അദ്ദേഹം ശണ്ഠപിടിച്ചു. അമേരിക്കയിലെ മിക്ക കത്തോലിക്കാ മെത്രാന്മാരോടും അഭിപ്രായവ്യത്യാസങ്ങളുണ്ടായിക്കൊണ്ടിരുന്നു. മറ്റു സമയത്തും മറ്റു പ്രശ്നങ്ങളിലും അദ്ദേഹം അവരോട് യോജിച്ചിരുന്നു. അദ്ദേഹം അവരെ അലട്ടിയിരുന്നപ്പോഴും അവർക്ക് അദ്ദേഹത്തോട് മതിപ്പും ബഹുമാനവുമുണ്ടായിരുന്നു.

കത്തോലിക്കാസഭ മറ്റേതെങ്കിലും ഒരു സഭാവിഭാഗംപോലെ ആയിരുന്നുവെങ്കിൽ, ബ്രൗൺസന്റെ മിത്രങ്ങൾ പറഞ്ഞിരുന്നതുപോലെ അദ്ദേഹം മൂന്നു കൊല്ലംപോലും അതിൽ നില്ക്കുകയില്ലായിരുന്നു. കത്തോലിക്കരല്ല, കത്തോലിക്കാ വിശ്വാസമാണ് അദ്ദേഹത്തെ സഭയുടെ മടിയിൽ നിറുത്തിയതു്. പ്രാരംഭം മുതൽതന്നെ അദ്ദേഹത്തിനു കത്തോലിക്കാ നേതാക്കന്മാരോടും കത്തോലിക്കാ നേതാക്കന്മാക്കു് അദ്ദേഹത്തോടും അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അതിരുകടന്ന അമേരിക്കനിസവും സ്വതന്ത്രബുദ്ധിയും തുലികകൊണ്ടു് അദ്ദേഹം കൊടുത്തിരുന്ന കുത്തുകളും അവക്കു രസിച്ചില്ല. അതുകൊണ്ടു ശണ്ഠകൾ പലതുണ്ടായെങ്കിലും ബ്രൗൺസണു് വിശ്വാസത്തിൽ ഒരു ചാഞ്ചല്യവുമുണ്ടായിരുന്നില്ല. മാനസാന്തരം കഴിഞ്ഞു പത്തുകൊല്ലത്തിനുശേഷം കയ്യോട്ടുകൂടെ, അതേ സമയം ആത്മാർത്ഥമായി, അദ്ദേഹം ഇപ്രകാരമെഴുതി: "കത്തോലിക്കർ എന്നെ തെറ്റിദ്ധരിച്ചു് എന്നെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്നു. എന്റെമേൽ കരിതേയ്ക്കുവാൻ ലഭിക്കുന്ന ഒരു സന്ദർഭവും അവർ പാഴാക്കുന്നില്ല. പണ്ടത്തേപ്പോലെ അവരിൽ എനിക്കു വിശ്വാസം തോന്നുന്നില്ല; എന്നാൽ, തിരുസ്സഭയോട് ദിനംപ്രതി എന്റെ സ്നേഹം വർദ്ധിക്കുന്നതേയുള്ളു."

ബ്രൗൺസന്റെ മരണത്തിനു് ആറു മാസം മുമ്പു് അദ്ദേഹത്തിന്റെ മാസികയുടെ അവസാന ലക്കത്തിൽ വാനക്കാരോടു യാത്ര പറഞ്ഞുകൊണ്ടു എഴുതിയ ലേഖനത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "കത്തോലിക്കാ സഭയ്ക്കു പുറമേ എനിക്കു് ഒരു ഭവനമില്ല, ഉണ്ടാകുവാൻ ഒട്ടു് ആഗ്രഹിക്കുന്നുമില്ല. എനിക്കു തിരുസ്സഭയിൽ പൂർണ്ണസംതൃപ്തിയാണു്. എത്രയും പ്രിയപ്പെട്ട ഒരു വത്സലമാതാവിനേപ്പോലെ തിരുസ്സഭയെ ഞാൻ സ്നേഹിക്കുന്നു. എന്റെ ഏകാഭിലാഷം സഭയുടെ ഐക്യത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്യുക എന്നതാണു"". ഇതായിരുന്നു ബ്രൗൺസന്റെ ആത്മാർത്ഥമായ ബോധ്യം. അമേരിക്കൻ ദേശീയവാദികളോടു നടത്തിയ സമരമല്ലായിരുന്നുവെങ്കിൽ കത്തോലിക്കരോടും അഗാധ മൈത്രിയിൽ കഴിയുന്നതിനു ബ്രൗൺസനു സാധിക്കുമായിരുന്നു.

ബ്രൗൺസന്റെ മാനസാന്തരം കഴിഞ്ഞു് ഒരു ദശാബ്ദം കഴിയുന്നതിനുമുമ്പാണു് അമേരിക്കൻ ദേശീയ വാദികളുടെ (Nativists) എതിർപ്പു് അനുഭവപ്പെട്ടു തുടങ്ങിയതു്. കത്തോലിക്കർ അമേരിക്കയിൽ വിദേശികളാണെന്നും ഒരു വിദേശി നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ആ സഭ അതിന്റെ അംഗങ്ങൾ അമേരിക്കരാകുവാൻ അനുവദിക്കുന്നില്ലെന്നും അവർ ശഠിച്ചു. കത്തോലിക്കാ സഭ അമേരിക്കൻ ജനാധിപത്യത്തിന്റെ ശത്രുവാണെന്നായിരുന്നു അവരുടെ വാദം. 1845 ജനുവരിയിൽ — അന്നു ബ്രൗൺസൺ കത്തോലിക്കാ സഭയിൽ ചേർന്നിട്ടു് ഒരു കൊല്ലം തികഞ്ഞിരുന്നില്ല — ബ്രൗൺസൺ എഴുതി അമേരിക്കൻ ദേശീയവാദികൾ അമേരിക്കൻ സ്ഥാപനങ്ങളുടെ ശത്രുക്കളാണെന്നു്. ദേശീയവാദികൾ കത്തോലിക്കാ മതവിരുദ്ധരെന്നല്ല അമേരിക്കൻ വിരോധികളാണെന്നു

ബ്രൗൺസൺ വാദിച്ചു. ഒരു കത്തോലിക്കനു് ഉപയോഗിക്കാവുന്ന ഉജ്ജ്വലമായ വാദരീതിയായിരുന്നു ഇതു്. ശരിയായി തയ്യാറാക്കിയ ഒരു ലേഖനത്തിൽ ബ്രൗൺസൺ വാദിച്ചു അമേരിക്കയിൽ കുടിയേറിപ്പാർപ്പു തടയുവാൻ കാലമായിട്ടില്ലെന്നും വിദേശികൾക്കു പൗരത്വം നിഷേധിക്കേണ്ടതില്ലെന്നും. വിദേശീയരെ സ്വാഗതം ചെയ്യുകയാണു വേണ്ടതെന്നു് അദ്ദേഹം പ്രസ്താവിച്ചു. കുടിയേറിപ്പാർപ്പു തടയുകയാണെങ്കിൽ പാണ്ഡിത്യമുള്ളവരും അദ്ധ്വാനിക്കുവാൻ കഴിയുന്നവരും അമേരിക്കയ്ക്കു നഷ്ടപ്പെടുകയാണു ചെയ്യുന്നതു്. കുടിയേറിപ്പാർത്ത തൊഴിലാളികൾ പതിനാലാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ ചെയ്തിട്ടുള്ള സേവനം എത്ര മഹത്താണു്.

ഐറിഷുകാർ കുടിയേറിപ്പാർക്കുന്നതിനു് എതിരായി ദേശീയ വാദികൾ ഉന്നയിച്ച യുക്തികളും ബ്രൺസൺ വിവരിച്ചു എല്ലാവരും തങ്ങളുടെ പക്ഷത്തേക്കു വോട്ടു ചെയ്യാത്തതുകൊണ്ടാണു് അമേരിക്കൻ ദേശീയ വാദികൾ കുടിയേറിപ്പാർക്കുന്നവർക്കു പൗരത്വം അനുവദിക്കാത്തതെന്നു ബ്രൗൺസൺ തെളിയിച്ചു കാണിച്ചു. കുടിയേറിപ്പാർക്കുന്നവർ തങ്ങളുടെ സ്ഥാനമാനങ്ങൾക്കുവേണ്ടി മത്സരിക്കുമെന്നു കരുതിയാണു ദേശീയ കക്ഷി അംഗങ്ങൾ കുടിയേറിപ്പാർപ്പു നിരോധിച്ചതു്. ഇതു് അടിസ്ഥാനരഹിതമായ ഒരു ഭയമാണെന്നും അമേരിക്കൻ വിരുദ്ധമായ ഒരു നിലപാടാണെന്നും അദ്ദേഹം ശക്തിയുക്തം വാദിച്ചു. കത്തോലിക്കാ സഭയോടു് അമേരിക്കൻ ദേശീയവാദികൾക്കുള്ള വെറുപ്പു നിമിത്തമാണു് അവർ ഈ പ്രതിരോധ നയം സ്വീകരിക്കുന്നതു്. ബ്രൗൺസൺ ധൈര്യപൂർവ്വം ഇപ്രകാരമെഴുതി: "അമേരിക്കയിൽ കത്തോലിക്കാസഭയെ നാമാവശേഷമാക്കു

ന്നതിനാണ് ദേശീയ കക്ഷി രൂപവൽക്കൃതമായിരി
ക്കുന്നതെന്നു ഞങ്ങൾക്കു് അറിയാം." ദേശീയ വാദി
കൾക്കെതിരായി അദ്ദേഹം എഴുതിയ ലേഖനങ്ങളി
ലെല്ലാം ഈ ഒരു സംഗതിയാണ് അദ്ദേഹം കൂടുതൽ
ഊന്നിപ്പറഞ്ഞിരുന്നതു്. രണ്ടു തരത്തിലുള്ള യുക്തി
കൾ അദ്ദേഹം നൽകി. മത പരമായ കാരണങ്ങളെ
പ്രതി ജനങ്ങൾക്കു പൗരാവകാശം നിഷേധിക്കുന്നതു്
അമേരിക്കൻ മനോഭാവമല്ലെന്നായിരുന്നു ഒന്നാമത്തെ
വാദം. ഉത്തമരായ അമേരിക്കർ മനുഷ്യനെ അവന്റെ
രണ്ടു കാലിന്മേൽ നിറുത്തിക്കൊണ്ടു് അവനോടു പറ
യുന്നു: "ഒരു മനുഷ്യനായിട്ടു വർത്തിക്കുക. ഒരു മനു
ഷ്യനെന്ന നിലയിൽ നിങ്ങൾക്കുള്ള വിലയനുസരി
ച്ചായിരിക്കും നിങ്ങളുടെ യോഗ്യത നിർണ്ണയിക്കു
ന്നതു്. നിങ്ങൾ നല്ലവരാണെങ്കിൽ നിങ്ങൾ ബഹു
മാനിക്കപ്പെടും. നിങ്ങളുടെ കുറവിനുമാത്രമേ നി
ങ്ങൾ സഹിക്കേണ്ടി വരുകയുള്ളൂ." നമ്മുടെ ജനാധി
പത്യത്തിനുള്ള ശാശ്വതമായ ഏകശരണം കത്തോ
ലിക്കാ സഭയാകയാൽ ദേശീയവാദം അമേരിക്കൻ
സ്ഥാപനങ്ങളുടെ അടിപറിക്കും. ഇങ്ങനെ അദ്ദേഹം
വാദം സമാപിക്കുന്നു: "കത്തോലിക്കാ സഭയുടെ പ്രച
രണം വഴിയാണു നമുക്കു രക്ഷ കൈവരുന്നതു്. സ്വത
ന്ത്രസ്ഥാപനങ്ങളോടുകൂടെ കത്തോലിക്കാ സഭയ്ക്കു
യോജിച്ചു പോകുവാൻ കഴിയുകയില്ലെന്നു പറയുന്ന
വരോടു ഞങ്ങൾ പറയുന്നതു്, കത്തോലിക്കാ സഭ
കൂടാതെ സ്വതന്ത്ര സ്ഥാപനങ്ങൾ സംരക്ഷിച്ചു കൊണ്ടു
പോകാൻ സാദ്ധ്യമല്ലെന്നാണ്."

വാദത്തിനിടയ്ക്കു ബ്രൗൺസൺ കത്തോലിക്ക
രിൽ ചിലരുടെ നീരസം സമ്പാദിച്ചു. കത്തോലി
ക്കരുടെ പര്യായമാണ് ഐറിഷ് എന്നു ചില
കത്തോലിക്കർ കരുതിയിരുന്നതു ദേശീയ വാദികൾ

എതിർത്തു. ഈ എതിർപ്പിൽ തെല്ലുസത്യമില്ലാതി ല്ലെന്നു ബ്രൗൺസൺ സമ്മതിക്കുകയുണ്ടായി. ചിലർ യഥാർത്ഥത്തിൽ അമേരിക്കരാകുവാൻ ശ്രമിച്ചിരുന്നി ല്ല. അമേരിക്കൻ പൗരത്വത്തിനു ഒരു കത്തോലി ക്കന്റെ ഹൃദയത്തിലും ഒരു പ്രോട്ടസ്റ്റന്റുകാരന്റെ ഹൃദയത്തിലും ഒന്നുപോലെ അഗാധമായി കിടക്കു വാൻ പാടുണ്ടു്. കത്തോലിക്കർ തങ്ങളുടെ വിശ്വാ സത്തെ വേറേ ഏതെങ്കിലും ഒരു ദേശത്തോടു ബന്ധി ക്കുന്നതു തെറ്റാണു്. കത്തോലിക്കർ കത്തോലിക്ക രായിരിക്കണം; അല്ലാതെ ഫ്രഞ്ചുകാരോ, ഐറിഷു കാരോ, ഇറ്റാലിയരോ ആയിരുന്നാൽ പോരാ.

ഈദൃശമായ ലേഖനങ്ങളെ ഐറിഷുകാർ തീവ്ര മായി പ്രതിഷേധിച്ചു. അഞ്ചുകൊല്ലം മുമ്പു് അദ്ദേ ഹത്തിന്റെ മാസികയ്ക്കു, മെത്രാന്മാർ കൊടുത്തിരു ന്നതും എല്ലാ ലക്കങ്ങളിലും പുറംതാളിൽ ഉല്ലേഖനം ചെയ്തിരുന്നതുമായ ആശീർവ്വാദ ലേഖനം നീക്കം ചെയ്യ ണമെന്നു ബാൾട്ടിമൂർ ആർച്ചുബിഷപ്പു് ആവശ്യ പ്പെട്ടു. 1854 ജൂലായി ആഗസ്റ്റു മാസങ്ങളിൽത്തന്നെ ഒൻപതു കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും അദ്ദേ ഹത്തെ ആക്ഷേപിച്ചു. നൃമൻ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച ഐറിഷു സർവ്വകലാശാലയിൽ ബ്രൗൺ സണു നൽകാമെന്നു വാഗ്ദാനം ചെയ്തിരുന്ന സ്ഥാനം പിൻവലിച്ചു. നൃമനു പിണങ്ങുവാൻ പാടില്ലാത്ത ഉന്നതരായ ചില ഐറിഷു നേതാക്കന്മാരുടെ പ്രതി ഷേധമാണു് ഇങ്ങനെയൊരു തീരുമാനമെടുക്കുവാൻ നൃമനെ പ്രേരിപ്പിച്ചതു്. അമേരിക്കൻ ദേശീയ വാദികളോടു മല്ലിടുവാൻ പോയതിനാൽ ബ്രൗൺ സൺ രണ്ടു് അഗ്നികുണ്ഡങ്ങളുടെ മദ്ധ്യേയായി. ഒരു കത്തോലിക്കനായി ജീവിക്കുവാനുള്ള സ്വാതന്ത്ര്യ ത്തിനു വേണ്ടി അമേരിക്കരോടും ഒരു അമേരിക്ക

നായി ജീവിക്കുവാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി കത്തോലിക്കരോടും അദ്ദേഹം പോരാടി. രണ്ടുകൂട്ടരേയും സംതൃപ്തിപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. വാൻവിക്ക് ബ്രൂക്ക്സ് അഭിപ്രായപ്പെട്ടതുപോലെ ബ്രൗൺസൺ അമേരിക്കക്കു് ഇഷ്ടപ്പെടാൻ സാധിക്കാത്ത വിധം അത്രകണ്ടു തീഷ്ണനായ കത്തോലിക്കനും കത്തോലിക്കക്കു് ഇഷ്ടപ്പെടുവാൻ വഹിയാത്തവിധം അത്രകണ്ടു് അമേരിക്കനുമായിരുന്നു.

ഒരു ശതാബ്ദം മുന്നോട്ടു പോന്നപ്പോൾ വ്യക്തമായി ബ്രൗൺസന്റെ നിലപാടായിരുന്നു ശരിയെന്നും ഐറിഷു മനോഭാവം തീരെ സങ്കുചിതമായിരുന്നുവെന്നും. അമേരിക്കൻ ദേശീയ വാദികൾക്കു കത്തോലിക്കാ സഭയേപ്പറ്റിയുള്ള സംശയം 1928–ലെ സ്മിത്തിന്റെ പ്രസിഡൻറ സ്ഥാന മത്സരത്തിൽക്കൂടി പ്രത്യക്ഷമായി കാണാമായിരുന്നു. ദേശീയവാദികളുടെ സങ്കുചിത മനസ്ഥിതിയാണു് ഇതിനു് ഒരു കാരണം. അയർലൻഡ്, ജർമ്മനി, ഇറലി മുതലായ രാജ്യങ്ങളിൽനിന്നു കുടിയേറിപ്പാർത്ത കത്തോലിക്കരുടെ മാതൃരാജ്യ പ്രേമവും ഇതിനു കാരണമായിട്ടുണ്ടു്. ബ്രൗൺസന്റെ നിർദ്ദേശങ്ങൾ അന്നുതന്നെ കത്തോലിക്കരെല്ലാം സംതൃപ്തിയോടെ ആത്മാർത്ഥമായി സ്വീകരിച്ചിരുന്നുവെങ്കിൽ, ഈ കഴിഞ്ഞ ഒരു ശതാബ്ദം മുഴുവനും അമേരിക്കയിൽ കത്തോലിക്കാ സഭയ്ക്കു കുറേക്കൂടി പ്രശാന്തമായി പുരോഗമിക്കാമായിരുന്നു.

സോഷ്യലിസം

ബോസ്റ്റണിൽ അദ്ദേഹത്തേപ്പറ്റി വളരെ സംശയവും എതിർപ്പും മറവും ഉണ്ടായിരുന്നതിനാൽ, കുറേക്കൂടി സ്വതന്ത്രമായ ഒരന്തരീക്ഷം പ്രതീക്ഷിച്ചു്

1857–ൽ ബ്രൗൺസൺ ന്യൂയോർക്കിലേക്കു മാറിത്താമസിച്ചു. അവിടെ ആർച്ചുബിഷപ്പു ഹ്യൂസുമായി അഭിപ്രായവ്യത്യാസമുണ്ടാകയാൽ ബ്രൗൺസൺ ആ അതിരൂപതവിട്ടു ന്യൂജഴ്സിയിലേക്കു പോയി. അവിടെയാണു് അദ്ദേഹം മരണംവരെ താമസിച്ചതു്. ദൈവശാസ്ത്രസംബന്ധമായ ലേഖനങ്ങളുടെ എണ്ണം ക്രമേണ കുറച്ചു പോന്നു. അവ അദ്ദേഹത്തിനു അത്ര എളുപ്പമല്ലായിരുന്നുവെന്നതാണു് ഒരു കാരണം. മാത്രമല്ല, പുസ്തകപരിശോധകരായ വൈദികരോടു് യോജിച്ചു പോകുവാനും അദ്ദേഹത്തിനു പ്രയാസം തോന്നി. ഉടനടി പ്രാധാന്യമുള്ള പ്രശ്നങ്ങളും അദ്ദേഹത്തെ അഭിമുഖീകരിക്കുന്നുണ്ടായിരുന്നു. അതിനാൽ സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ കത്തോലിക്കാ വീക്ഷണഗതിയനുസരിച്ചു തന്റെ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതു കൂടുതൽ പ്രയോജനകരമായിരിക്കുമെന്നു് അദ്ദേഹം നിശ്ചയിച്ചു.

ബ്രൗൺസന്റെ മാസികയുടെ വലിയ ഒരു ഭാഗം സാമുദായിക പ്രശ്നങ്ങളേപ്പറ്റി പ്രതിപാദിക്കുവാൻ അദ്ദേഹം നീക്കിവച്ചു. അക്കാലത്തെ ഏതു കത്തോലിക്കാ മാസികകളേക്കാളും ലൗകിക മാസികകളേക്കാളും കൂടുതൽ ഉജ്ജ്വലതയും ആസ്വാദ്യതയുമുണ്ടായിരുന്ന ബ്രൗൺസന്റെ പ്രസിദ്ധീകരണത്തിനു്. പബ്ലിക്കു സ്കൂളുകളിലെ ലൗകായതികത്വത്തെ അദ്ദേഹം നിശിതമായി വിമർശിച്ചു. ദൈവം വെളിപ്പെടുത്തിയിട്ടുള്ള തത്ത്വങ്ങൾ അവഗണിച്ചുകൊണ്ടു സൽപൗരരെ ശിക്ഷണം ചെയ്യിക്കാമെന്നു കരുതുന്നതു വ്യർത്ഥവിലാണെന്നു് അദ്ദേഹം വ്യക്തമാക്കി. താത്ത്വികവിദ്യാഭ്യാസം വ്യക്തിക്കോ സമുദായത്തിനോ ഉപകരിക്കുകയില്ലെന്നു" അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ലൗകായതികമായ വിദ്യാഭ്യാസമായിരുന്ന അന്നത്തെ

പ്രത്യേകത. മനുഷ്യന്റെ പരമാന്ത്യം ഭൗമിക പദവിയാണെന്നായിരുന്ന ആ സമുദായത്തിന്റെ ബോധ്യം. ലൗകായതികതത്ത്വത്തിൽ ആണ്ടുകിടന്നിരുന്ന ആ സമുദായം കരുതിയതു് അവർ പരിപൂർണ്ണതയിലേക്കു നീങ്ങുകയാണെന്നാണു്. ലിബറൽ വാദികളെ അദ്ദേഹം കണക്കിനു ശകാരിച്ചു; അവരുടെ പൊള്ളത്തരം അദ്ദേഹം ശരിക്കു വിശദമാക്കി.

വ്യവസായീകരണത്തിനു ബ്രൗൺസൺ എതിരായിരുന്നു. ഓവെന്റെ പിൻഗാമികളായ സോഷ്യലിസ്റ്റുകാരോടുകൂടി ചെലവഴിച്ച ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഫാക്ടറി സമ്പ്രദായത്തിന്റെ ചീഞ്ഞുനാറുന്ന വശങ്ങൾ അദ്ദേഹത്തിനു സുപരിചിതമായി. വ്യവസായികളുടെ ഭൗതികതത്ത്വം അദ്ദേഹത്തിന്റെ കത്തോലിക്കാ ചൈതന്യത്തോടു കൂട്ടിയടിച്ചതിന്റെ ഫലമായി വ്യവസായീകരണത്തിന്റെ ബദ്ധശത്രുവായിത്തീർന്നു ബ്രൗൺസൺ. വ്യവസായീകരണം ഭ്രമിയുടെ മുഖത്തെ ആകമാനം വൃത്യാസപ്പെടുത്തിയിട്ടുണ്ടെന്നും ഉല്പാദന ശക്തി വളരെ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം സമ്മതിച്ചു. എന്നാൽ, ദരിദ്രനു ഉപജീവന മാർഗ്ഗം നേടുവാൻ എളുപ്പമായിട്ടുണ്ടോ, അവന്റെ സൗഭാഗ്യം ഏതെങ്കിലും വിധത്തിൽ വർദ്ധിച്ചിട്ടുണ്ടോ, ജനങ്ങളുടെ സ്ഥിതിഭേദപ്പെട്ടിട്ടുണ്ടോ എന്നു് അദ്ദേഹം ചോദിച്ചു. ക്രിസ്തീയ ചിന്തകർ ഇന്നു് ആ പ്രശ്നം ഉന്നയിക്കുന്നുണ്ടു്; എന്നാൽ, അക്കാലത്തു് ഇപ്രകാരം ചിന്തിക്കണമെങ്കിൽ എത്രതരക്കാരനായിരുന്നിരിക്കണം ബ്രൗൺസൺ. വ്യവസായപുരോഗമനം സർവ്വഥാ നന്മയാണെന്നു് അദ്ദേഹത്തിനു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. പ്രോട്ടസ്റ്റന്റുകാർ വ്യവസായീകരണത്തിന്റെ തലതൊട്ടപ്പന്മാരാണെന്നു പറഞ്ഞു ബ്രൗൺസൺ അവരെ നന്നായി ശകാരിച്ചു.

ബോസ്റ്റണിലെ പള്ളി മുറികൾ പോലും വാടകയ്ക്കു കൊടുത്തു പ്രോട്ടസ്റ്റൻവകാർ പണമുണ്ടാക്കുന്നതിനെ അദ്ദേഹം ആക്ഷേപിച്ചു. ബ്രൗൺസൺ എഴുതിയിരിക്കുന്നതു നോക്കുക: "അല്ലയോ ഭാഗ്യപ്പെട്ട പിതൃക്കളേ, നീ ഒരു മഹതിതന്നെയാണ്. ദൈവവസ്തുക്കളേക്കൂടി വാടകയ്ക്കു കൊടുത്തു ദൈവത്തിൽ നിന്നുപോലും നീ പണം ഉണ്ടാക്കുന്നു."

സാമ്പത്തിക പരിചിന്തനങ്ങളിൽ നിന്നു സന്മാർഗ്ഗത്തെ ബഹിഷ്കരിച്ചതും മനുഷ്യനെ വെറും കൽക്കരിയും യന്ത്രവുമായി തരം താഴ്ത്തിയതുമാണു വ്യവസായീകരണത്തോടു ബ്രൗൺസണുണ്ടായിരുന്ന വെറുപ്പിനു് അടിസ്ഥാനം. "ഉല്പാദിപ്പിക്കുന്നതിനും വിഭജിക്കുന്നതിനും തിന്നൊടുക്കുന്നതിനുമുള്ള ഒരു യന്ത്രമായിട്ടാണു രാഷ്ട്ര സാമ്പത്തികശാസ്ത്രവിദഗ്ദ്ധർ മനുഷ്യനെ ഭാവനം ചെയ്യുന്നതു്. കൂടുതൽ വിറ്റഴിയുവാൻ സൗകര്യമുള്ളപ്പോൾ കൂടുതൽ ഉല്പാദനം ചെയ്യുക എന്നതായിരുന്നു അവരുടെ ഏക താൽപര്യം. അനുഭവിക്കുവാനും ചിന്തിക്കുവാനും കഴിയുന്ന ഒരു സന്മാർഗ്ഗ ജീവിയാണു മനുഷ്യൻ. സുകൃതവും സൗഭാഗ്യവും ധാരാളമായി അവനു സംസിദ്ധമാകണമെന്നുള്ളതാണു് എന്റെ അഭിലാഷം. രാഷ്ട്രസാമ്പത്തികശാസ്ത്രവിദഗ്ദ്ധരും ഞാനും ഒന്നുപോലെ ചിന്തിക്കുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല." ഇങ്ങനെയാണു ബ്രൗൺസൺ എഴുതിയിരിക്കുന്നതു്. അവർ യോജിച്ചു പോയിരുന്നില്ലെന്നുള്ളതു പരമ വാസ്തവമാണു്. ബ്രൗൺസണു് അടിമത്തം ആവശ്യമായിരുന്നില്ല. എന്നാൽ, അടിമയും യജമാനനും തമ്മിലുള്ള ബന്ധത്തേക്കാൾ കൂടുതൽ അതൃപ്തികരമാണു മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ബന്ധം. പൊതു ഉടമകൾക്കും ഫാക്ടറി സമ്പ്രദായത്തിനുമെതിരായി

ബ്രൗൺസണുണ്ടായിരുന്ന ആവലാതി അത്ഥസമ്പുഷ്ട മായ അദ്ദേഹത്തിന്റെ ഒരു വാക്യംകൊണ്ടു വിശദ മാക്കാം: "ഫൗണ്ടൽ പ്രൊട്ടക്ഷനാക്കു് ഒരാത്മാവുണ്ടായി രുന്നു; കമ്പനികൾക്കു് അതില്ല."

മദ്ധ്യയുഗങ്ങളെ വാനോളം പുകഴ്ത്തുന്നതിലോ വ്യവസായരഹിതമായ സമുദായജീവിതത്തെ ഇനി ഭാവനംചെയ്യുന്നതിലോ അത്ഥമില്ലെന്നു ബ്രൗൺസൺ തന്നെ പറയുന്നുണ്ടു്. യാഥാത്ഥ്യത്തെ അഭിമുഖീകരി ക്കാതെ നിവൃത്തിയില്ല. നവമായ ഉല്പാദനരീതികൊ ണ്ടുണ്ടായിട്ടുള്ള ആദായം വിസ്മരിക്കാവുന്നതുമല്ല. എന്നാൽ, സാമ്പത്തികശാസ്ത്രവും രാഷ്ട്രമീമാംസയും മതവും സന്മാർഗ്ഗവും ഒരുമിച്ചു പുരോഗമിക്കണം. വ്യവസായീകരണത്തിലെ ദൂഷ്യങ്ങൾ പരിഹരി ക്കേണ്ട ചുമതല മുതലാളിമാക്കാണു്. തൊഴിലാളി കൾക്കും ഒരാത്മാവും ശരീരവുമുണ്ടെന്നും മുതലാളിമാ രേപ്പോലെതന്നെ അവരും മനുഷ്യരാണെന്നും അവർക്കും ചില അവകാശങ്ങളുണ്ടെന്നും മുതലാളിമാർ ധരി ക്കണം. മതവിശ്വാസം കൂടാതെ പരിഹാരമൊന്നും ഇല്ലെന്നുള്ളതു സാമ്പത്തികശാസ്ത്രജ്ഞന്മാരും വ്യവ സായികളും സമ്മതിച്ചേ മതിയാവൂ. അല്ലെങ്കിൽ വ്യവസായസൗധം അവരുടെ തലയ്ക്കുമീതെ പൊടി ഞ്ഞുവീഴും.

മുതലാളിത്തത്തേപ്പറ്റിയുള്ള ബ്രൗൺസന്റെ വിശകലനത്തിൽ അസാധാരണമായൊന്നുമില്ല. ഇതേ തത്ത്വങ്ങളാണു പിന്നീടു വൈദികമേലദ്ധ്യക്ഷന്മാരും മാർപ്പാപ്പാമാരും ജനങ്ങളുടെ മുമ്പിൽ വച്ചതു്. ബ്രൗൺസന്റെ മരണത്തിനു മുമ്പു് വ്യവസായീകരണ ത്തിന്റെ ദോഷവശങ്ങൾ അമേരിക്കയിൽ പ്രത്യക്ഷ പ്പെട്ടിട്ടില്ല. അതിന്റെ കിടപ്പും സാമ്പത്തിക

നിലയും അത്തരമായിരുന്നു. എന്നിട്ടും പത്തൊൻപതാം ശതാബ്ദത്തിന്റെ ആരംഭത്തിൽത്തന്നെ വ്യവസായീകരണത്തിന്റെ ദോഷവശത്തിലേക്കു ചൂഴിഞ്ഞിറങ്ങുവാൻ സാധിച്ചതു ബ്രൗൺസന്റെ പ്രതിഭാവിശേഷംതന്നെ. കമ്മ്യൂണിസത്തിന്റേയും സോഷ്യലിസത്തിന്റേയും കാർമേഘങ്ങൾ 1848 മുതൽ യൂറോപ്പിൽ ദൃശ്യമായിത്തുടങ്ങിയിരുന്നുവെങ്കിലും അമേരിക്കയിൽ അവയുടെ ഭീഷണിയൊന്നുമില്ലായിരുന്നു. അതിനാൽ സോഷ്യലിസ്റ്റ് ഭീതിയേപ്പറ്റിയുള്ള ബ്രൗൺസന്റെ വിടർച്ചമായ വിശകലനം അദ്ഭുതകരംതന്നെ. ഡൊണോസോ കോർട്ടെസ്സിന്റെ അനുമാനങ്ങൾ തന്നെയായിരുന്ന ബ്രൗൺസന്റേതും. സോഷ്യലിസം വരാതിരിക്കയില്ലെന്നു് അദ്ദേഹം മൻകൂട്ടി കണ്ടു; കാരണം, മുതലാളിത്തത്തിൽ കമ്മ്യൂണിസത്തിന്റെ ബീജമുണ്ടു്. ബ്രൗൺസൺ പറയുന്നതു നോക്കുക: "സോഷ്യലിസ്റ്റ് തത്ത്വങ്ങൾ സ്വീകരിക്കയാണെങ്കിൽ നാമും സോഷ്യലിസ്റ്റ്കാരുടെകൂടെ ചേർന്നു നശീകരണപദ്ധതി അനുവർത്തിക്കണം. അല്ല, നാം അതിനു നിർബ്ബന്ധിതരാകും; അന്യഥാ, അടർക്കളം നമ്മുടെ ശവശരീരംകൊണ്ടു നിറയും..... ഇതിൽനിന്നു് ഒരു ഒഴികഴിവില്ല. മനുഷ്യവർഗ്ഗം അതു സ്വീകരിച്ചിരിക്കുന്ന തത്ത്വങ്ങളിലും പ്രമോദനങ്ങളിലും ഉള്ളടങ്ങിയിരിക്കുന്ന തത്ത്വങ്ങളിലേക്കു കൂതിച്ചുപാഞ്ഞുകൊണ്ടിരിക്കയാണു്. ആ പാച്ചിൽ ഒരിക്കലും നിലയ്ക്കുകയില്ല."

ബ്രൗൺസൺ സോഷ്യലിസത്തിൽ കാണുന്ന പ്രധാന കുറ്റം അതു് ഒരു മതംപോലെയാണു മനുഷ്യമനസ്സിനെ ഗ്രസിക്കുന്നതെന്നുള്ളതാണു്. അതിനാൽ അതു് ഒരു പാഷണ്ഡതയാണു്. അതു മനുഷ്യമനസ്സിൽ അബദ്ധം കുത്തിവയ്ക്കുകയും സ്വാതന്ത്ര്യത്തെ

നിഹനിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പിതൃത്വത്തിൽ അധിഷ്ഠിതമായ സമത്വത്തേയും ക്രിസ്തുനാഥന്റെ സഭയിലെ അംഗത്വത്തിൽ അധിഷ്ഠിതമായ സാഹോദര്യത്തേയും മനുഷ്യന്റെ യഥാർത്ഥ സ്വഭാവത്തിൽ അടിയുറച്ചിരിക്കുന്ന സ്വാതന്ത്ര്യത്തേയും പററിയുള്ള കത്തോലിക്കാ തത്ത്വങ്ങളേയും നിത്യസത്യങ്ങളേയും തകിടംമറിക്കുന്നതാണു സോഷ്യലിസം. മനുഷ്യന്റെ പരമാന്ത്യമായി സോഷ്യലിസം ദർശിക്കുന്നതു ഭൗമികപദ്ധീസിയാകയാൽ മനുഷ്യനെ പ്രകൃതിയുടേയും സമുദായത്തിന്റേറയും അടിമയാക്കി സമയത്തിന്റേറയും വികാരങ്ങളുടേയും ഭാവഭേദത്തിനു അവനെ കീഴ്പ്പെടുത്തുകയാണു ചെയ്യുന്നതു്. അവനവനിലുള്ള മൂല്യീയ സ്വഭാവത്തേയും ലോകവസ്തുക്കളോടുള്ള മമതയേയും അടിച്ചമർത്തുവാൻ മനുഷ്യനു കഴിവുണ്ടാകുന്നതുവരെ അവനു് ഒരു സ്വാതന്ത്ര്യവുമില്ല. ബ്രൗൺസൺ നിർദ്ദേശിച്ച തത്ത്വങ്ങൾ വളരെ വ്യക്തവും അതേസമയം ദൂരവ്യാപകവുമായിരുന്നു. "ലിബറലിസത്തിന്റെ വളർത്തുകുഞ്ഞാണു സോഷ്യലിസം; അതുകൊണ്ടു ലിബറലിസത്തിന്റെ തത്ത്വങ്ങൾ പരിത്യജിക്കുക; പകരം സോഷ്യലിസം ഭാവനംചെയ്യുന്ന നല്ല കാര്യങ്ങൾ സുസാധ്യവും സുരക്ഷിതവുമാക്കുന്ന കത്തോലിക്കാ തത്ത്വങ്ങൾ സ്വീകരിക്കുക."

ബ്രൗൺസൺ ഒരു തീപ്പൊരിയായിരുന്നുവോ?

ബ്രൗൺസന്റെ ജീവചരിത്രം അദ്ദേഹത്തിന്റെ യുക്തിവാദങ്ങളുടേയും വാദകോലാഹലങ്ങളുടേയും വഴക്കുകളുടേയും ഒരു സമാഹാരമാണു്. ഇതിനുള്ള പ്രധാനകാരണം ബ്രൗൺസൺ തന്നെയായിരുന്നു. ജനങ്ങളോടു് ഇടപഴകിക്കഴിയുവാൻ അറിഞ്ഞുകൂടാത്ത ഒരു പ്രത്യേകതരക്കാരനായിരുന്നു അദ്ദേഹം. എന്നാൽ, അവരോടു്

എത്രയും അടുത്തു ചെരുമാവുവാൻ അദ്ദേഹം കൊതിച്ചിരുന്നു. തന്മൂലം ജീവിത വിജയകോടിയിലും അദ്ദേഹം അനുകമ്പാകോലമായി നിലകൊണ്ടു. വിനയവും സ്നേഹവും അദ്ദേഹത്തിനുണ്ടായിരുന്നു. മനുഷ്യവർഗ്ഗത്തെ തത്വത്തിൽ സ്നേഹിച്ചിരുന്നു. പ്രായോഗികമായി സ്നേഹം പ്രദർശിപ്പിക്കുവാനും പ്രതിസ്നേഹം നേടുവാനും അദ്ദേഹം അഭിലഷിക്കുകയും ചെയ്തിരുന്നു. എന്നാൽ, അക്കാര്യത്തിൽ അദ്ദേഹം വിജയിച്ചില്ല. രണ്ടാമതൊരു ബാല്യവും യൗവനവും ആക്കും സിദ്ധിക്കുകയില്ലല്ലോ. സംസർഗ്ഗവിരുദ്ധമായ പ്രകൃതിയാണു മാതാപിതാക്കന്മാരിൽനിന്നു് അദ്ദേഹത്തിനു ലഭിച്ചതു്. സ്വയാർജ്ജിതവിദ്യാഭ്യാസവും വിജ്ഞാനവുമായിരുന്ന അദ്ദേഹത്തിനേറ്റതു്; അങ്ങനെയുള്ളവരോടുകൂടെ സാധാരണക്കാക്കു യോജിച്ചു പോകുവാൻ പ്രയാസമായിരിക്കും. പൊരുതുവാനും വിജയം വരിക്കുവാനും കഴിവില്ലാത്തവരോടുകൂടെ ബ്രൗൺസണേപ്പോലെയുള്ളവക്കു സഹവസിക്കുവാൻ പ്രയാസമാണു്.

സമകാലികരോടു സഹകരിച്ചുപോകുവാൻ പ്രയാസമാക്കിയ പ്രധാന സംഗതി അദ്ദേഹത്തിന്റെ സത്യതുഷ്ണയാണു്. "എന്റെ ഈ തൊപ്പി എങ്ങനെയിരിക്കുന്നു? നിങ്ങൾക്കു തൃപ്തിയായോ?" എന്നു ഭാര്യ ചോദിച്ചാൽ സന്തോഷത്തോടുകൂടെ പുഞ്ചിരിതൂകുന്നതിനു പകരം തൊപ്പി ഇഷ്ടപ്പെട്ടില്ലെങ്കിൽ ഉറക്കെ വിളിച്ചുപറയും: "ഇല്ലേ, ഇല്ല." ഒരു ഗന്ധം കിട്ടിയാൽ ഇര കണ്ടുകിട്ടാതെ പിന്മാറാത്ത ഒരു നായാട്ടുപട്ടിയേപ്പോലെയാണു ബ്രൗൺസൺ സത്യം അന്വേഷിച്ചിരുന്നതു്. കണ്ടുകിട്ടിക്കഴിഞ്ഞാൽ അതു് ഉറക്കെ വിളിച്ചുപറയും. ഇക്കാര്യം ഓർത്തിരുന്നാലേ അദ്ദേഹത്തിന്റെ ഗുണങ്ങളും ദോഷങ്ങളും മനസ്സിലാകയുള്ളു.

അദ്ദേഹത്തിന്റെ സ്നേഹിതനായിരുന്ന ഫാദർ ഹെക്കർ ഇതു ശരിയായി മനസ്സിലാക്കിക്കൊണ്ടായിരിക്കണം ഇപ്രകാരമെഴുതിയതു്: "ബ്രൗൺസന്റെ പ്രധാനാവേശം സത്യത്തിഷ്ണയായിരുന്നു. ഇതാണു് അദ്ദേഹത്തിന്റെ മഹത്വത്തിനും ക്ലേശങ്ങൾക്കും കലഹങ്ങൾക്കും സ്നേഹങ്ങൾക്കും ത്രുണ്ടിക്കും സന്ദേഹങ്ങൾക്കും വിജയങ്ങൾക്കും അജ്ഞാനങ്ങൾക്കും നിദാനം.....സത്യത്തോടു് അദ്ദേഹത്തിനുണ്ടായിരുന്ന പ്രേമം ഗ്രഹിക്കാതെ അദ്ദേഹത്തിന്റെ സ്വഭാവം മനസ്സിലാക്കുവാൻ കഴിയുന്നതല്ല."

ബ്രൗൺസൺ അതുകൊണ്ടു് ഒരേ അഭിപ്രായത്തിൽ എന്നും ഉറച്ചുനിന്നുവെന്നു കരുതേണ്ടതില്ല. സത്യാന്വേഷണം ഒരിക്കലും സമാപിക്കുകയുണ്ടായിട്ടില്ല. ഒരിക്കൽ ശരിയാണെന്നു കരുതിയിരുന്ന പല സിദ്ധാന്തങ്ങളും പിന്നീടു തെറ്റാണെന്നു കണ്ടു തള്ളിക്കളഞ്ഞിട്ടുണ്ടു്. സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളിലാണു് ഈ വ്യതിയാനങ്ങൾ അധികമുണ്ടായിട്ടുള്ളതു്; കാരണം, മതകാര്യങ്ങളിൽ മാനസാന്തരശേഷം അപ്രമാദയായ സഭയുടെ അജ്ഞാപനം അദ്ദേഹത്തിനു് അഭികാമ്യമായിരുന്നു; എന്നാൽ, സാമുദായികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ അങ്ങനെ അപ്രമാദമായ ഒരു അധികാരി ഇല്ലല്ലോ. അങ്ങനെയായിരിക്കണം 1850-ൽ മോണ്ടലമ്പെറിനോട്ടക്കുടെ ലിബറലിസത്തോടു വേഴ്ചയുണ്ടായതു്; അനന്തരകാലങ്ങളിൽ ലൂയി വോയിലോയോടും ഡൊണോസോ കോർട്ടെസ്സിനോടുംക്കുടെ യാഥാസ്ഥിതികത്വത്തെ ഭജിച്ചു. എന്നാൽ, ഈദ്ദശകാര്യങ്ങളിൽ അദ്ദേഹം അഭിപ്രായം മാറിക്കൊണ്ടിരുന്നു. 1855-ൽ ബ്രൗൺസൺ ഇപ്രകാരമെഴുതി: "ഞാൻ എന്റെ ഭ്രതകാലത്തുങ്ങളുടെ അടിമയല്ല. എന്റെ അഭിപ്രായ

ങ്ങളേക്കാൾ എനിക്കു കൂടുതൽ ഇഷ്ടം സത്യംതന്നെ യാണു്." ഓരോ തത്ത്വത്തിൽനിന്നു് എടുക്കാവുന്ന അനുമാനങ്ങൾ അവസാനംവരെ അദ്ദേഹം പിഞ്ചെ ന്നിരുന്നു. യുക്തിവിരുദ്ധമായ അനുമാനങ്ങൾ സ്വീക രിക്കുന്നതിനേക്കാൾ വലിയ കുറവില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. മനുഷ്യനും മൃഗവും തമ്മിലുള്ള അന്തരമങ്ങനെ ഇല്ലാതാകുമെന്നു് അദ്ദേഹം ആരോപിക്കുന്നു. ജീവിതാരംഭത്തിൽ മതകാ ര്യങ്ങളിലും അനന്തരം സാമുദായികവിഷയങ്ങളിലും അദ്ദേഹത്തിലുണ്ടായ അഭിപ്രായവ്യത്യാസം സത്യ ത്തോടുള്ള പ്രതിപത്തിയല്ലാതെ അതിന്റെ അവഗ ണനയായി കരുതുവാൻ നിവൃത്തിയില്ല.

ബ്രൗൺസണെ ഒരു ആദർശവാദിയായിട്ടാണു് എല്ലാവരും കരുതിയിരുന്നതു്. അദ്ദേഹത്തിനു തന്നേ പ്പറ്റിത്തന്നെയുള്ള അഭിപ്രായം അങ്ങനെയായിരുന്നു. 1854–ൽ അദ്ദേഹം എഴുതിയിരുന്നതു നോക്കുക: "എന്റെ മിത്രങ്ങളും എന്റെ സ്നേഹിതരും എന്നെ കരുതുന്നതു് മര്യാദയും വിവേകവും ശാന്തതയും പ്രായോഗികബുദ്ധിയുമില്ലാത്ത ഒരാളായിട്ടാണു്. മേലിലും അങ്ങനെതന്നെയായിരിക്കാം എന്നേപ്പറ്റി യുള്ള അഭിപ്രായമെന്നു ഞാൻ വിശ്വസിക്കുന്നു. പര മാത്മസ്വഭാവം, സത്യസന്ധത, ആർജ്ജവം, തീക്ഷ്ണത മുതലായവയെല്ലാം എന്റെ പ്രകൃതിവിശേഷമാണു്. ഒരു ശുദ്ധൻ എന്നാൽ ഒരു എടുത്തുചാട്ടക്കാരനും തീക്ഷ്ണ വാദിയുമായി ലോകം എന്നെ കരുതും. അങ്ങനെയൊരു പേരോടുകൂടിയായിരിക്കാം ഞാൻ ശവകുടീരത്തി ലേക്കു പോകുന്നതു്. മിടുക്കനാണെന്നു ചിലർ പറ ഞ്ഞേക്കും; എന്നാൽ, വിരോധാഭാസത്തിന്റേയും ആദർശവാദത്തിന്റേയും ആസ്ഥാനമാകയാൽ വിശ്വ സിക്കുവാൻ കൊള്ളരുതാത്തവനാണെന്നും അതിനാൽ

ഞാൻ ചെയ്യുന്ന കാര്യങ്ങളൊന്നും ശരിയാകുവാൻ പോകുന്നില്ലെന്നും ലോകം അഭിപ്രായപ്പെട്ടേക്കും." ബ്രൗൺസൺ ഒരസാധാരണക്കാരനാകുവാൻ തന്നെ കൊതിച്ചിരുന്നു. ഒത്തുതീർപ്പുകാർ സത്യവും അബദ്ധവും കൂട്ടിക്കുഴയ്ക്കുകയാണു ചെയ്യുന്നതു്. തങ്ങളുടെ മനസ്സിനോടോ ദൈവത്തോടോ അവർ ബഹുമാനിക്കുന്നില്ല. അസത്യത്തിനു വിട്ടുവീഴ്ചകൾ ചെയ്യുന്നവരെ അദ്ദേഹം കഠിനമായി ശാസിക്കുകയാണു ചെയ്തിരുന്നതു്. അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു: "എന്തെങ്കിലും ഒരു കാര്യം ചെയ്യാനോ ഒരു സംഗതി നടത്തുവാനോ ഉള്ളപ്പോൾ നല്ല മനുഷ്യരെന്നു പറയുന്നവരെ അതു് ഏല്പിക്കുന്നതായിരിക്കും എത്രയും അപകടം."

വാസ്തവത്തിൽ ബ്രൗൺസൺ ഒരു തീക്ഷ്ണവാദിയായിരുന്നില്ല. അബദ്ധങ്ങളാകുന്ന രണ്ടു് അറ്റങ്ങളുടെ മദ്ധ്യേ അദ്ദേഹം എല്ലായ്പോഴും സത്യം കണ്ടെത്തിക്കൊണ്ടിരുന്നു. രാഷ്ട്രീയവും സാമുദായികവുമായ സംഗതികളിൽ അദ്ദേഹം എല്ലായ്പോഴും ഒരു മദ്ധ്യമാർഗ്ഗമാണു സ്വീകരിച്ചിരുന്നതു്. 1844-ൽ സ്റ്റെയിറ്റുകളുടെ അവകാശത്തിനുവേണ്ടി അദ്ദേഹം വാദിച്ചുകൊണ്ടിരുന്നു; അന്നു പ്രസിഡൻറു തിരഞ്ഞെടുപ്പിനു കളമൊരുങ്ങുകയായിരുന്നു. എന്നാൽ, സ്റ്റെയിറ്റുകൾക്കും വിപ്ലവത്തിനും ആഭ്യന്തരസമരത്തിനും വേണ്ടി നിലകൊള്ളുന്നുവെന്നു കണ്ടപ്പോൾ യൂണിയനുവേണ്ടി നിലകൊള്ളുകയും അദ്ദേഹത്തിനു യാതൊരു ബഹുമാനവുമില്ലാതിരുന്ന ലിങ്കനു വോട്ടു നല്കുകയും ചെയ്തു. ഇങ്ങനെയായിരുന്നു അദ്ദേഹം എല്ലാ കാര്യത്തിലും. ബ്രൗൺസൺറെ അനുമാനങ്ങൾ ഒരു തീക്ഷ്ണവാദിയുടേതായിരുന്നില്ല; എന്നാൽ, അവ പ്രസ്താവിച്ചിരുന്നതു വളരെ ഓജസ്സോടെയാണു്.

ഉജ്ജ്വലമായ വാക്കുകളിൽ ഉറപ്പിച്ചു സംസാരിച്ചിരുന്നു; അതുകൊണ്ടു സമകാലികർ അദ്ദേഹത്തെ ഒരു തീപ്പൊരിയായി അഥവാ തീക്ഷ്ണവാദിയായി കരുതി.

ബ്രൗൺസന്റെ സ്വഭാവത്തിലെ പ്രധാന വശങ്ങൾ അദ്ദേഹത്തിന്റെ ചുറുചുറുപ്പും വിജ്ഞാനവുമാണ്. വീട്ടിൽത്തന്നെ ശത്രുക്കളും മിത്രങ്ങളും ധാരാളം വന്നുകൂടിയിരുന്നു. ഒരു കുപ്പലിന്റെ ചുറ്റുമുള്ള ടഗ്ഗ്, ബോട്ടുകൾ, പടക്കുപ്പലുകൾ, പത്തേമാരികൾ മുതലായവ എല്ലാംകൂടി ചൂളംവിളിക്കുകയും തുള്ളിച്ചാടുകയും ചെയ്യുമ്പോൾ ആ കുപ്പലിൽ ഇരിക്കുന്നതുപോലെയായിരുന്നു ബ്രൗൺസന്റെ ജീവിതം. മറ്റുള്ളവർ തുള്ളിച്ചാടുകയും ചൂളംവിളിക്കുകയും മാത്രമേ ചെയ്യുള്ളുവെന്നു വരുകിൽ ബ്രൗൺസൺ ഒരു പടക്കുപ്പൽപോലെ അലറുകയായിരുന്നു. വീട്ടിൽ വാദപ്രതിവാദം ചെയ്യുക, മാസികയ്ക്ക് എഴുതുക എന്നീ ജോലികളൊന്നും ഇല്ലാതിരിക്കുമ്പോൾ തെരുവീഥികളിൽ അദ്ദേഹം പ്രസംഗിച്ചു നടക്കുകയായിരുന്നു പതിവ്. അന്നു പ്രസംഗങ്ങൾക്കു നല്ല സ്വീകരണമുണ്ടായിരുന്നു. അക്കാലത്തു വടക്കു മോണ്ടിവീഡിയോയും പടിഞ്ഞാറു ലൂയിവില്ലെയും തെക്കു ന്യൂ ഓർലീൻസും മാമാബീലും വരെയും അദ്ദേഹം പ്രസംഗിച്ചിട്ടുണ്ട്. അക്കാലത്തു പ്രചാരമുണ്ടായിരുന്ന സകല വിഷയങ്ങളെപ്പറ്റിയും അദ്ദേഹം പ്രസംഗിച്ചിരുന്നു.

അതുപോലെ തന്നെ, സകല വിഷയങ്ങളെപ്പറ്റിയും അദ്ദേഹം എഴുതിയിട്ടുണ്ട്. കഴമ്പില്ലാത്ത ലേഖനങ്ങളുമായിരുന്നില്ല അവ; കാരണം, ഇന്നത്തെപ്പോലെ ഓരോരുത്തർ ഓരോ വിഷയം മാത്രം പ്രത്യേകമായി പഠിക്കുക എന്ന സമ്പ്രദായം വന്നു ചേർന്നി

ട്ടില്ലായിരുന്നു. ബ്രൗൺസന്റെ കാലത്തു നല്ലവണ്ണം വായിച്ചുകൊണ്ടിരിക്കുന്നവർക്കു് താത്ത്വികമായും പ്രായോഗികമായും പുരോഗമിക്കുവാൻ സൗകര്യമുണ്ടായിരുന്നു. ഇംഗ്ലീഷുശൈലിയും തത്ത്വശാസ്ത്രവും ചരിത്രവും മതവും ദൈവശാസ്ത്രവും ഏതാണ്ടു പഠിച്ചിട്ടുള്ളവെന്നു ബ്രൗൺസൺ പറയുന്നുണ്ടെങ്കിലും ഫ്രെഞ്ചു, ജർമ്മൻ, ഇറ്റാലിയൻ, ഗ്രീക്കു, ലത്തീൻ എന്നീ ഭാഷകളിലും അദ്ദേഹത്തിനു പ്രാവീണ്യമുണ്ടായിരുന്നു. ചരിത്രത്തിലും രാഷ്ട്രതന്ത്രത്തിലും വിശിഷ്യ തത്ത്വശാസ്ത്രചരിത്രത്തിലും അദ്ദേഹത്തിനു് അഗാധമായ പാണ്ഡിത്യം സമ്പാദിക്കുവാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ വിജ്ഞാനം സ്വയാർജ്ജിതമായിരുന്നുവെങ്കിലും അഗാധംതന്നെയായിരുന്നു.

ബ്രൗൺസന്റെ ആംഗ്ലേയഭാഷാശൈലി

"എന്തു് എഴുതുകയാണെങ്കിലും എല്ലാ ഗ്രന്ഥകാരന്മാരും അവരവരേപ്പറ്റിത്തന്നെയാണു് എഴുതുന്നതു്." ബ്രൗൺസന്റെ ഈ പ്രസ്താവന മറ്റാരേക്കാളും കൂടുതലായി യോജിക്കുന്നതു ബ്രൗൺസനുതന്നെയാണു്. ബ്രൗൺസന്റെ വ്യക്തിവിലാസം എല്ലാ ഖണ്ഡികകളിലും വന്നു് ഉളിഞ്ഞു നോക്കുന്നതു് ആർക്കും കാണാൻ കഴിയും. അദ്ദേഹത്തിന്റെ ഗദ്യശൈലിയുടെ പ്രധാന ലക്ഷണങ്ങളും അതിന്റെ ഓജസ്സും യുക്തിപ്രാഭവവുമാണു്. ഒരു മല്ലൻ, തലയ്ക്കു മീതെ വന്നു വീഴുകയാണോ എന്നു തോന്നും ബ്രൗൺസന്റെ പുസ്തകങ്ങളും വായിക്കുമ്പോൾ. അദ്ദേഹത്തിന്റെ ഗദ്യശൈലി സംഭാഷണരൂപത്തിലാണു്. ഫാദർ ഹെക്കെർ അതു് ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു: "എഴുതുന്ന സമയത്തു് ബ്രൗൺസന്റെ തലയിൽ തിങ്ങിക്കൂടിയിരുന്ന സമസ്തവും നിങ്ങളുടെ തലയിൽ വന്നു

വീർപ്പുമുട്ടും. അദ്ദേഹത്തിന്റെ ചിന്തകൾ നിങ്ങളുടെ തലയിൽ അദ്ദേഹം തിക്കിനിറയ്ക്കും. നിങ്ങൾക്ക് അതു പൂർണ്ണമായി മനസ്സിലാകുന്നതുവരെ അദ്ദേഹം അസ്വസ്ഥനായിരിക്കും." ബ്രൗൺസന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നവരെ അദ്ദേഹം ഒരു മൂലയിൽ ഒതുക്കി നിറുത്തും; അവിടെ നിന്നു സ്ഥലം വിടുവാൻ അവർക്കു പണിയായിരിക്കും."

ഭാഷയുടെ ഓജസ്സും യുക്തിയുടെ മൂർച്ചയുമാണ് ഇതിനുള്ള കാരണം. വളഞ്ഞു പുളഞ്ഞ് അദ്ദേഹം ഒരിക്കലും ഒരു വിഷയത്തിലേക്കു പ്രവേശിച്ചിരുന്നില്ല. സൂചനകൊണ്ടോ വക്രോക്തികൊണ്ടോ അദ്ദേഹം സംതൃപ്തിപ്പെട്ടിരുന്നുമില്ല. അദ്ദേഹത്തിന്റെ യുക്തി അന്ധവാചകരെ ഭയപ്പെടുത്തത്തക്കതായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ഒരു പ്രോട്ടസ്റ്റന്റ് സ്നേഹിതൻ ഇപ്രകാരം എഴുതിയിരിക്കുന്നു: "ബ്രൗൺസനോടു തർക്കിക്കുവാനുള്ള സുരക്ഷിതമായ മാർഗ്ഗം സമസ്തവും നിഷേധിക്കുകയാണ്. എന്തെങ്കിലും സമ്മതിച്ചുകൊടുത്താൽ പരാജയം നിശ്ചയം." ഈ ഉപായംകൊണ്ടു ബ്രൗൺസനു തന്റെ ശത്രുക്കളെ പരാജയപ്പെടുത്തുവാൻ കഴിഞ്ഞിരുന്നു; എന്നാൽ, ബോധ്യപ്പെടുത്തുവാൻ സാധിച്ചിരുന്നില്ല. എങ്കിലും അത്തരം ശൈലിമാത്രമേ അദ്ദേഹത്തിനു് ഉപയോഗിക്കുവാൻ കഴിയുമായിരുന്നുള്ളു; ആ രീതിയിലായിരുന്നു ബ്രൗൺസന്റെ ചിന്താഗതി.

വർത്തമാനപ്പത്ര ശൈലിപോലെയായിരുന്നു ബ്രൗൺസന്റെ രചനാ രീതി. പത്രാധിപ ഗദ്യശൈലിയുടെ മാതൃകയായി അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ സാഹിത്യ മഞ്ജരികളിൽ സ്ഥലം പിടിച്ചിരിക്കുന്നു. ഉൽപ്രേക്ഷാലങ്കാരപ്രയോഗത്തിലും ശ്രദ്ധേയമായ വി

ഷമ പ്രശ്നങ്ങളെ ലളിതമായി പ്രതിപാദിക്കുന്നതിലും ബ്രൗൺസന്നു നല്ല കഴിവുണ്ടായിരുന്നു. ഒരു സുവിശേഷ പ്രസംഗകൻ ലേഖകനായാലെന്നപോലെയാണു ബ്രൗൺസൺ എഴുതിയിരിക്കുന്നതു്. അമേരിക്കാ കണ്ടിട്ടുള്ള ശൈലിയിൽ എത്രയും മെച്ചമാണു ബ്രൗൺസന്റേതെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. പലപ്പോഴും വളരെ ധൃതിയിലാണു് അദ്ദേഹം എഴുതിയിരുന്നതു്. സാഹിത്യ കല ശരിയായി അദ്ദേഹം അഭ്യസിച്ചിരുന്നതിനാൽ, അദ്ദേഹം എഴുതിക്കൊണ്ടിരുന്ന കടലാസു് അച്ചടിശാല മാനേജർ എടുക്കുവാൻ നോക്കി നില്ക്കുമ്പോഴും എഴുതിയ ഭാഗങ്ങളാണു് എത്രയും വിശിഷ്ടങ്ങൾ.

അനന്തരകാലത്തു് ഉദയം ചെയ്ത ബല്ലക്കിനേയും ചെസ്റ്റർട്ടനേയുംപോലെ അദ്ദേഹത്തിനും ബോദ്ധ്യമായിരുന്നു, യഥാർത്ഥ, കത്തോലിക്കാ സാഹിത്യം വിളറിയും തളർന്നുമിരിക്കാതെ ഉജ്ജ്വലവും സജീവവുമായിരിക്കണമെന്നു്. ബ്രൗൺസൺ ഇപ്രകാരമെഴുതിയിരിക്കുന്നു: "ഓജസ്സും ജീവനും സൗന്ദര്യവും ശക്തിയുമുള്ളതാണു കത്തോലിക്കാ സാഹിത്യം. പാപത്തേപ്പറ്റിയുള്ള വിഷാദമല്ലാതെ വേറൊരു വിഷാദവും അതിനില്ല; അതു ക്ലൂപ്തൽ ക്ലൂപ്തലായി ആനന്ദിച്ചു കൊണ്ടിരിക്കുന്നു. പിശാചിന്റെ ഉറ്റമിത്രമായ വിഷാദത്തേയും തന്നെത്തന്നെ ഭുജിച്ചു വളരുന്ന വികാരാത്മകതയേയും കത്തോലിക്കാ സാഹിത്യം തിരസ്കരിക്കുകയാണു ചെയ്യുന്നതു്. അതിനു ഗൗരവമുണ്ടായിരിക്കാം; എന്നാൽ മന്ദതയില്ല. അതു് ആർദ്രവും സ്നേഹസമ്മിശ്രവുമാണു്; എന്നാൽ ദുർബ്ബലമോ അനാരോഗ്യപരമോ അല്ല. അതു മുഖം കഴുകുകയും ശിരസ്സു പൂശുകയും മോടിയുള്ള വസ്ത്രങ്ങൾ അണിയുകയും കാറും വെളിച്ചവും അനുഭവിക്കുകയും സൗകര്യം വരു

മ്പോൾ ഹൃദയാവജ്ജകമാകും വിധം ചിരിക്കുകയും ചെയ്യുന്നുണ്ടു്". ബ്രൗൺസൺ വിവരിക്കുന്നതു തത്തപ്പമായി ശേഷിക്കാതെ, കത്തോലിക്കാ സാഹിത്യത്തിന്റെ വാസ്തവരൂപം അതായിരുന്നെങ്കിൽ എത്ര മനോഹരമായിരുന്നേനെ.

മതവും ശിസ്തും

ബ്രൗൺസന്റെ വാർദ്ധക്യത്തിൽ ആഭ്യന്തര സമരം അദ്ദേഹത്തിന്റെ സമയവും ശ്രദ്ധയും തെല്ലൊന്നാകർഷിച്ചു. സമരം സമാരംഭിച്ചപ്പോൾ അദ്ദേഹത്തിനു വയസ്സു് അറുപതായിരുന്നു. അറുപതു കൊല്ലത്തെ അദ്ധ്വാനം അദ്ദേഹത്തിന്റെ തടിച്ച ശരീരത്തെ വളരെയധികം ക്ഷീണിപ്പിച്ചു. ആഭ്യന്തര സമരത്തിലെ ബദ്ധപ്പാടും മനഃക്ലേശവുംകൂടിച്ചേർന്നു് അദ്ദേഹം ഒരു രോഗിയായി. പലവിധത്തിൽ സമരം അദ്ദേഹത്തെ അലട്ടുകയുണ്ടായി. മാർപ്പാപ്പാ ദക്ഷിണരാജ്യങ്ങളെ സഹായിച്ചിരുന്നുവെന്നു് ആരോ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചു; അതു് അദ്ദേഹത്തിനു മർമ്മഭേദകമായി തോന്നി. യുദ്ധത്തിൽ രണ്ടു മക്കൾ മരിച്ചു; അതു അദ്ദേഹത്തിനു് എത്രകണ്ടു വേദനാജനകമായിരുന്നുവെന്നു് അധികമാരും അറിഞ്ഞിട്ടില്ല. കാഴ്ചയും മങ്ങിത്തുടങ്ങി. അതിനാൽ 1864 മുതൽ അദ്ദേഹത്തിന്റെ മാസിക നിന്നുപോയി. ഉത്തര രാജ്യങ്ങൾക്കുവേണ്ടി പാടുള്ളതെല്ലാം യുദ്ധകാലത്തു് അദ്ദേഹം ചെയ്തു; വിജയം സിദ്ധിച്ചു; എന്നാൽ, അദ്ദേഹം ക്ഷീണിതനും അവശനുമായിക്കഴിഞ്ഞിരുന്നു. ഇരുപതുകൊല്ലം തിരുസ്സഭയ്ക്കു വേണ്ടിയതിച്ചു; എന്നാൽ, അതിനിടയ്ക്കു പ്രോട്ടസ്റ്റന്റുകാർ അതു വകവച്ചതായി തോന്നിയില്ല; കത്തോലിക്കർക്കാണെങ്കിൽ നീരസവുമായിരുന്നു.

അതിനാൽ, പ്രവർത്തനങ്ങളെല്ലാം നിറുത്തി രാഷ്ട്ര മീമാംസയും തത്ത്വശാസ്ത്രവും സംബന്ധിച്ച തന്റെ തത്ത്വങ്ങൾ ക്രമപ്പെടുത്തുവാൻ അദ്ദേഹം നിശ്ചയിച്ചു. ആ വിശ്രമവേളയിലാണ് "അമേരിക്കൻ റിപ്പബ്ലിക്കു"" എന്ന പ്രസിദ്ധ ഗ്രന്ഥം അദ്ദേഹം വിരചിച്ചതു്. അതേ സമയം "ആവേ മരിയാ" എന്ന മാസികയ്ക്കും ഫാദർ ഹെക്കെറിന്റെ "കത്തോലിക്കാ ലോകം" എന്ന മാസികയ്ക്കും ആരോഗ്യം ഭേദപ്പെട്ടിരുന്ന കാലങ്ങളിൽ ക്രമമായി ലേഖനങ്ങൾ അയച്ചു കൊണ്ടിരുന്നു. 1859-ൽ ഡാവ്വിൻ "വർഗ്ഗോല്പത്തി" എന്ന ഗ്രന്ഥം പ്രസിദ്ധം ചെയ്തു. മതശാസ്ത്ര വൈരുദ്ധ്യത്തെപ്പറ്റി അന്നു് ആരംഭിച്ച തർക്കത്തിൽ ബ്രൗൺസൺ കാര്യമായി പങ്കെടുത്തു. ബ്രൗൺസന്റെ നിലപാടു് ശാന്തവും വിജ്ഞാനപ്രദവുമായിരുന്നു. തർക്കത്തിനു ശരിയായ ഒരു വഴി അദ്ദേഹം തെളിച്ചു കൊടുത്തു. ശാസ്ത്രത്തിനു് അതിന്റെ രംഗത്തു സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു് അദ്ദേഹം വാദിച്ചു. കത്തോലിക്കർ നല്ല ശാസ്ത്രജ്ഞന്മാരായിത്തീരുന്നതാണു് ശാസ്ത്രത്തെ മെരുക്കുവാനുള്ള ഉപാധിയെന്നു് അദ്ദേഹം കത്തോലിക്കരെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. ശാസ്ത്രം ശാസ്ത്രീയരീതിയിൽ മുമ്പോട്ടു പോകാത്തതിനു ശാസ്ത്രത്തെ അദ്ദേഹം അധിക്ഷേപിച്ചു. ചില അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ശാസ്ത്രജ്ഞന്മാർ ദൈവശാസ്ത്രവും വൈശേഷികവും തകർക്കുവാൻ ചെയ്യുന്ന ശ്രമത്തെ അദ്ദേഹം നിരുത്സാഹപ്പെടുത്തി. 1875-ൽ അദ്ദേഹം ഇപ്രകാരമെഴുതി: "പുരോഗമനചിന്തകരെന്നു സംബോധനചെയ്യപ്പെടുന്നവരിൽ ഭൂരിപക്ഷംപേർ ശാസ്ത്രമെന്നു വിളിക്കുന്നതു് അഭൂഹങ്ങളാണെങ്കിൽ അനുദിനമെന്നവണ്ണം മാറിക്കൊണ്ടുമിരിക്കുന്നു." ഇതു ശാസ്ത്രത്തിന്റെ നിലയ്ക്കു ശാസ്ത്രീയമായ ആയുധംകൊണ്ടുള്ള ഒരു കൊട്ടു് ആയിരുന്നു. ശാസ്ത്ര

ത്തിന്റെ മൂലമായ ഭാഗത്തു നൽകിയ ഈ പ്രഹാര ത്തിനു മറിച്ചടിയൊന്നുമില്ലാതായി.

1876–ൽ അമേരിക്കൻ കത്തോലിക്കാ ത്രൈമാസികം [American Catholic Quarterly Review] പ്രസിദ്ധീകരണമാരംഭിച്ചു. പ്രഥമലക്കത്തിൽ ബ്രൗൺസന്റെ ഒരു ലേഖനമുണ്ടായിരുന്നു. മതത്തിന്റെ താത്ത്വികവശങ്ങളേപ്പറ്റി ഒരു ലേഖനപരമ്പര എഴുതണമെന്നായിരുന്നു അദ്ദേഹത്തിന്റെ താൽപര്യം. എന്നാൽ, രണ്ടാമത്തെ ലേഖനം പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. മൂന്നാമത്തെ ലക്കത്തിൽ ഈ പ്രസിദ്ധലേഖകന്റെ ചരമവാർത്തയാണു സ്ഥലം പിടിച്ചതു്. 1876–ലെ നോമ്പുകാലമായപ്പോഴേക്കും അദ്ദേഹം അവശതയിലായി. ഒന്നോ രണ്ടോ ലേഖനങ്ങൾ അദ്ദേഹം എഴുതിത്തുടങ്ങിയെങ്കിലും അവയൊന്നും അദ്ദേഹത്തിനു പൂർത്തിയാക്കുവാൻ സാധിച്ചില്ല. ദുഃഖവെള്ളിയാഴ്ച അദ്ദേഹത്തിന്റെ രോഗം മൂർച്ഛിക്കുകയും മുൻഭാഗത്തു വിവരിച്ചിട്ടുള്ളതുപോലെ ഉയിർപ്പു ഞായറാഴ്ച അദ്ദേഹം കാലഗതി പ്രാപിക്കുകയും ചെയ്തു. അദ്ദേഹം തുടങ്ങിത്തടഞ്ഞെത്തിയ കത്തോലിക്കാ സഭയ്ക്കുവേണ്ടി പരസഹായം കൂടാതെ മുപ്പതു വത്സരം തീക്ഷ്ണമായി സമരം ചെയ്താണു് അദ്ദേഹം ഈ ലോകവാസം വെടിഞ്ഞതു്.

ഉപസംഹാരം

പത്തൊൻപതാം ശതാബ്ദത്തിലെ അമേരിക്കൻ ചരിത്രത്തിൽ നീണ്ടുനിവർന്നു നില്ക്കുന്ന ഒരു മഹാനാണു് ഒരെസ്റ്റെസ്സ് ബ്രൗൺസൺ. സമുദായത്തിൽ അദ്ദേഹത്തിന്റെ ചരിത്രം മാഞ്ഞു പോകാത്ത ഒരട

യാളം ചതിച്ചിട്ടുണ്ട്. ബ്രൂക്ക്ഫാം പ്രസ്ഥാനത്തിന്റെ പ്രണേതാക്കളിൽ ബ്രൗൺസനും ഉൾപ്പെട്ടുന്നു. ഹെൻട്രി തോറോ, എമേഴ്സൺ, ആൽക്കോട്ട്, പാർക്കർ തുടങ്ങിയ മഹാന്മാരോട് ഇടപഴകിയാണ് അദ്ദേഹം അന്നു കഴിഞ്ഞിരുന്നതു്. കത്തോലിക്കാ സഭയിലേക്കു പ്രവേശിച്ച് പൗളിസ്റ്റ് സന്ന്യാസസഭയുടെ സ്ഥാപകനായിത്തീർന്ന ഐസക്ക് ഹെക്കർ എന്ന യുവാവിനെ തിരുസ്സഭയിലേക്ക് ആകർഷിച്ചതു് ബ്രൗൺസൺ തന്നെയാണു്. ബ്രൗൺസൺ കത്തോലിക്കാ സഭയിലേക്കു പ്രവേശിച്ചതുകൊണ്ടു ലൗകികമായ ഉന്നതിയിൽ എത്ര കുറവു വന്നുവെന്നു് നമുക്കു തീർത്തുപറയുവാൻ വയ്യാ. എങ്കിലും ഒന്നു തീർച്ചയാണു്: അദ്ദേഹം തിരുസ്സഭയിലേക്കു പ്രവേശിച്ചില്ലായിരുന്നുവെങ്കിൽ അമേരിക്കൻ ചരിത്രത്തിൽ എമേഴ്സൺ, ആൽക്കോട്ട് തുടങ്ങിയ അദ്ദേഹത്തിന്റെ സമകാലീനന്മാരേക്കാൾ ഉയർന്ന ഒരു സ്ഥാനം അദ്ദേഹത്തിനു സിദ്ധിക്കുമായിരുന്നു. എങ്കിലും ബ്രൗൺസൺ തിരുസ്സഭയിലേക്കു പ്രവേശിക്കുകതന്നെ ചെയ്തു. ബ്രൗൺസനു പ്രശസ്തിയിൽ വന്ന നഷ്ടം തിരുസ്സഭയ്ക്കു സംലബ്ധമായി. 1844-ൽ ബ്രൗൺസൺ തിരുസ്സഭയിലേക്കു പ്രവേശിച്ചപ്പോൾ അമേരിക്കയിൽ വലിയ പേരൊന്നുമില്ലാത്ത ഒരു സ്ഥാപനമായിരുന്നു തിരുസ്സഭ. അമേരിക്കൻ പണ്ഡിതരുടെ ബഹുമാനപാത്രമായിരുന്ന ബ്രൗൺസന്റെ മാനസാന്തരംകൊണ്ടു തിരുസ്സഭയ്ക്കു നലം തികഞ്ഞ ഒരു യോദ്ധാവിനെ ലഭിച്ചു. ബ്രൗൺസനു മേല്പ്പറകളിൽനിന്നു സംസാരിക്കുവാൻപോലും ലജ്ജിക്കാനില്ലായിരുന്നു. എന്നാൽ, അതുവരെ കത്തോക്കർ വീട്ടുകളുടെ അകത്തിരുന്നു പിറുപിറുത്തിരുന്നതേയുള്ളൂ; കാരണം, കത്തോലിക്കാ സഭയ്ക്ക് അമേരിക്കയിൽ ഒരു നിലയില്ലെന്നുള്ള സ്ഥിതിയായിരുന്നു അന്നു്.

ബ്രൗൺസൺ ഒരു തികഞ്ഞ അമേരിക്കനായിരുന്നു വെന്നുമാത്രമല്ല, അദ്ദേഹത്തിന്റെ അമേരിക്കൻ ചൈതന്യത്തിനു് അണുപോലും കുറവുവരാതെയാണു് അദ്ദേഹം കത്തോലിക്കാ സഭയിലേക്കു പ്രവേശിച്ചതു്. ഒരുത്തനു് ഒരേസമയം ഒരു കത്തോലിക്കനും ഒരു അമേരിക്കനും ഒരു സ്വതന്ത്രനും ഒരു പുരോഗമനവാദിയും ഒരു ചിന്തകനും ആകാമെന്നുള്ളതിനു പ്രത്യക്ഷലക്ഷ്യമായിരുന്ന ബ്രൗൺസൺ. സജീവമായ ലക്ഷ്യം മാത്രമല്ല, എവിടെയും മുഴങ്ങുന്ന ലക്ഷ്യവും കൂടിയായിരുന്നു. അദ്ദേഹം ആ സംഗതി ഉറക്കെ പറഞ്ഞു; മാത്രമല്ല വെണ്ടയ്ക്കാക്ഷരത്തിൽ അതു് അച്ചടിച്ചു. ആക്കും എതിരു പറയുവാൻ വയ്യാതെയായി. അതിനാലത്രേ ഡാനിയൽ സാർജന്റ് എഴുതിയതു്: "കത്തോലിക്കാ മുദ്രാലയം ഭയത്തിന്റെ ശൃംഖലകളാൽ ബന്ധിതമായി ബ്രൗൺസൺ കണ്ടു; തനിച്ചുനിന്നു് അതിനെ അദ്ദേഹം ഉയർത്തിക്കൊണ്ടു വന്നു." ഐറിഷ് ചൈതന്യമില്ലെന്നും ബ്രൗൺസൺ ചൈതന്യം മാത്രമേ അദ്ദേഹത്തിന്റെ മാസികയ്ക്കുള്ളുവെന്നും കടുത്ത ആക്ഷേപങ്ങൾ പൊന്തിവന്നു. കത്തോലിക്കരും അതിനെ ഭയന്നിരുന്നു; കാരണം, അടുത്തലക്കത്തിൽ എന്താണു വരാൻ പോകുന്നതെന്നു് അവക്കു് ഒരു ഭീതിയെപ്പോഴുമുണ്ടായിരുന്നു. ഇതര കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പോരായ്മകളെ വിവരിച്ചു് ബ്രൗൺസൺ ചിരിച്ചിരുന്നതുകൊണ്ടും ഈ സന്ദേഹത്തിനു ശക്തികൂടി. വാഷിങ്ടന്റെ സൈന്യത്തിൽ കത്തോലിക്കരെത്ര ഉണ്ടായിരുന്നുവെന്നുള്ള പരിശോധനകളാണു് ഇതര മാസികകൾ നടത്തിയിരുന്നതു്. മനുഷ്യസ്ഥാപിതമായ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിൽനിന്നു കത്തോലിക്കാ സഭയെ വേർതിരിക്കുന്നതും കത്തോലിക്കാ സഭയെ യഥാർത്ഥത്തിൽ കാത്തോലികമാക്കുന്നതുമായ വശങ്ങൾ ബ്രൗൺസൺ ഉന്നിപ്പറഞ്ഞുകൊണ്ടിരുന്നു.

സമകാലീനരായ കത്തോലിക്കർ അദ്ദേഹത്തിന്റെ മാസികയെ അത്ര വിലമതിച്ചിരുന്നില്ലെങ്കിലും പത്തൊമ്പതാം ശതാബ്ദത്തിലെ ഇതര കത്തോലിക്കാ മാസികകളേക്കാളെല്ലാം മാനസികമായിട്ട് അത് ഉയർന്നുനിന്നിരുന്നു. വിവിധ പ്രശ്നങ്ങളുടെ ഉള്ളിൽ പ്രവേശിച്ച് അവയുടെ യുക്തിയുക്തമായ വശങ്ങളും അവയിൽ നിന്നുള്ള അനുമാനങ്ങളും അദ്ദേഹം നിരത്തി വച്ചു. അത് മനുഷ്യരെ ഇരുത്തി ചിന്തിപ്പിച്ചു. ബ്രൗൺസന്റെ കാലത്തും ചിന്താശീലരായ കത്തോലിക്കരും അകത്തോലിക്കരും അദ്ദേഹത്തിന്റെ മാസികയെ വിലമതിക്കാതിരുന്നിട്ടില്ല. 1873-ൽ "നേഷൺ" എന്ന മാസിക ഇപ്രകാരമെഴുതുകയുണ്ടായി: "പ്രധാന പ്രശ്നങ്ങളേപ്പറ്റി നല്ലവണ്ണം ചിന്തിച്ചെഴുതി അമേരിക്കൻ മുദ്രാലയങ്ങളിൽ നിന്നു ബഹിർഗ്ഗമിക്കുന്ന എത്രയും മെച്ചമായ പ്രസിദ്ധീകരണമാണ് ബ്രൗൺസന്റെ മാസിക." അമേരിക്കൻ പത്രപ്രവർത്തന ചരിത്രകാരന്മാർ ആ അഭിപ്രായം ഭേദഗതി ചെയ്യേണ്ടതായി ഇന്നും അഭിപ്രായപ്പെട്ടിട്ടില്ല.

കത്തോലിക്കാ പാരമ്പര്യമായി വേണ്ടപോലെ ഇടപഴകിയില്ലെന്നുള്ളതാണ് കത്തോലിക്കാ അൽമേനികളും വൈദിക മേലധ്യക്ഷന്മാരും തമ്മിൽ ബ്രൗൺസൺ ശണ്ഠപിടിക്കുവാനുള്ള കാരണം. അദ്ദേഹം ഒരു സ്വതന്ത്ര ചിന്തകനായിരുന്നു. തിരുസ്സഭയുടെ ഗോപുരത്തുങ്കൽ സ്വന്തം ബുദ്ധിശക്തികൊണ്ടു തപ്പിത്തടഞ്ഞു് എത്തിയതാണ്. ദൈവവരപ്രസാദവും മനഃശക്തിയുംകൂടിച്ചേർന്നാണ് അദ്ദേഹത്തെ തിരുസ്സഭയിലേക്കു് ആനയിച്ചതു്. അതിനാൽ കത്തോലിക്കർക്കു് ഒരിക്കലും അറിയുവാൻ വയ്യാത്ത രീതിയിലാണ പത്തൊമ്പതാം ശതാബ്ദത്തെ അദ്ദേഹം ഗ്രഹിച്ചതു്. അതേ കാരണത്താൽത്തന്നെ കത്തോ

ലിക്കാ പാരമ്പര്യത്തെ വേണ്ടപോലെ മനസ്സിലാക്കുവാൻ അദ്ദേഹത്തിനും സാധിച്ചില്ല. അതിനാൽ പരമ്പരാഗതമായ കത്തോലിക്കാ വ്യപദേശകരീതി പരിത്യജിച്ചു അദ്ദേഹം ജീവിച്ചിരുന്ന പ്രോട്ടസ്റ്റൻറ് അന്തരീക്ഷത്തിനൊത്ത നവമായ രീതി സ്വീകരിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു.

ഈ വിഷയത്തെപ്പറ്റി ബ്രൗൺസൺ ഇപ്രകാരമെഴുതിയിരിക്കുന്നു: "സ്കോളാസ്റ്റിക്കു തത്ത്വശാസ്ത്രജ്ഞന്മാരുടെ യുക്തികളോ സേവനമോ അദ്ധ്യയനമോ താത്പര്യപ്പെട്ടുവാൻ നാം തുനിയുന്നില്ല. . . അവർ പ്രതിപാദിക്കാത്തതോ അല്ലെങ്കിൽ ശരിയായി പ്രതിപാദിക്കാത്തതോ ആയ വിഷയങ്ങളും നന്നേ ചുരുക്കമാണ്. തത്ത്വശാസ്ത്രത്തിലോ ദൈവശാസ്ത്രത്തിലോ ഒന്നല്ലെങ്കിൽ മറെറാരുവിധം അവർ വിവരിക്കാത്തതോ പ്രതിപാദിക്കാത്തതോ ആയ സംഗതികളൊന്നുമില്ല. അവരുടെ അദ്ധ്വാനഫലങ്ങളും ഏതെങ്കിലും വിധം വിനിയോഗിക്കാതെ നമ്മുടെ കാലത്തെ വാദപ്രതിവാദങ്ങളിലും ഒരാംശം പ്രയോജനകരമാം വിധം പങ്കെടുക്കുവാൻ യോഗ്യതയുണ്ടായിരിക്കയില്ല. എങ്കിലും അവരുടെ പ്രതിപാദനരീതി ഇന്നത്തെ കാലത്തിനു യോജിക്കയില്ല. ഇന്നു തന്റേടമില്ലാത്ത ശത്രുക്കളെയല്ല നാം അഭിമുഖീകരിക്കേണ്ടതു; നമ്മളം കണ്ടുപിടിക്കുന്ന ആക്ഷേപങ്ങളംക്കല്ല സമാധാനം നൽകേണ്ടതു. നമ്മുടെ മതത്തിനെതിരായി ഏതെങ്കിലും കാലത്തു പറഞ്ഞിട്ടുള്ളതോ പറഞ്ഞേക്കാവുന്നതോ ആയ സകല ആക്ഷേപങ്ങളും ഭംഗിയായി അവർ ഉദ്ധരിക്കുകയും പ്രത്യുത്തരം നൽകുകയും ചെയ്തിട്ടുണ്ടു്. എന്നാൽ, കത്തോലിക്കരായ അനുവാചകർക്കു വായിക്കുവാൻ പറ്റിയ വിധമാണു് ആക്ഷേപങ്ങളം ഉദ്ധരിച്ചിട്ടുള്ളതും പ്രത്യുത്തരങ്ങളം നൽകിയിട്ട


ള്ളതും. അതു അകത്തോലിക്കരായ അനുവാചകർക്കു ഉതകുകയില്ല. സത്യം കൈവശമിരിക്കുന്നവർ വ്യതിചലിക്കാതിരിക്കുന്നതിനു സ്സോളാസ്റ്റിക്കു പ്രതിപാദനം കൊള്ളാം. എന്നാൽ, അബദ്ധങ്ങളുടെ വശ്യശക്തിയിൽ അകപ്പെട്ടുപോയവരെ അതിൽ നിന്നു മോചിക്കുന്നതിനു് അവരുടെ പ്രതിപാദനരീതി മതിയാകയില്ല."

അതിനാൽ, ബ്രൗൺസന്റെ ഉദ്ദേശം പുതിയ ഒരു വ്യവഹാരശൈലി ആരംഭിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്ലാൻ നല്ലതായിരുന്നു; എന്നാൽ, ആ ജോലിക്കു പറ്റിയതായിരുന്നില്ല അദ്ദേഹത്തിന്റെ സ്വഭാവം. അതിനാൽ പ്യൂരിസ്റ്റു സന്ന്യാസസഭ ഈ വിഷയത്തിൽ നേടിയതുപോലെ ഒരു വിജയം ബ്രൗൺസനു സിദ്ധിച്ചില്ല. അദ്ദേഹം ഹെക്കെറിന്റെ ഒരു കൂട്ടുകാരനായിരുന്ന ഫാദർ ഹെവിറിനു് ഇപ്രകാരമെഴുതി: "അമേരിക്കരുടെ അബദ്ധങ്ങൾ കണ്ടുപിടിക്കുന്നതല്ല, അവർ ഇപ്പോഴും കൈവശം വച്ചിരിക്കുന്ന സനാതനതത്ത്വങ്ങൾ കണ്ടുപിടിച്ചു് ആ തത്ത്വങ്ങളുടെ പൂർണ്ണത കത്തോലിക്കാ സഭയിൽ കാണിച്ചുകൊടുക്കുന്നതാണു് നമുക്കു നല്ലതെന്നതത്രേ എന്റെ ബോധ്യം." അദ്ദേഹത്തിന്റെ ഉദ്ദേശ്യം കർദ്ദിനാൾ ന്യൂമന്റേയും വിൽഫ്രിഡ് വാർഡിന്റേയും പോലെയായിരുന്നു. അതായതു്, ആ കാലഘട്ടത്തിന്റെ നല്ലവശങ്ങളെല്ലാം ഉയർത്തിപ്പിടിക്കുകയും അവയെല്ലാം കത്തോലിക്കാ പാരമ്പര്യത്തിന്റെ അംശമായിരുന്നുവെന്നു വിശദമാക്കുകയും ചെയ്യുക. ആ സനാതന തത്ത്വങ്ങളിൽ നിന്നുകൂടി മനുഷ്യൻ അകന്നകന്നു പോകയാണെന്നും അവൻ ആ സ്ഥിതിയിൽ എന്നും തുടരുകയില്ലെന്നും ഒന്നുകിൽ അവൻ അരാജകത്വത്തിലേക്കും സേച്ഛാധിപത്യത്തിലേക്കും

നീങ്ങുമെന്നും അല്ലെങ്കിൽ കത്തോലിക്കാ വിശ്വാസത്തിലേക്കു പിന്തിരിയുമെന്നും ബ്രൗൺസൺ വിശദമാക്കി. തന്റെ സമകാലീനന്മാക്കു തിരിഞ്ഞെടുക്കുവാൻ കത്തോലിക്കാ സഭയോ അല്ലെങ്കിൽ അരാജകത്വമോ ഉള്ളുവെന്നു് അദ്ദേഹം ഉന്നിപ്പറഞ്ഞു. അമേരിക്കൻ സമുദായത്തിൽ നല്ലതായിട്ടുള്ളതെല്ലാം കത്തോലിക്കാ വിശ്വാസംകൊണ്ടു മാത്രമേ സംരക്ഷിക്കുവാൻ കഴിയുകയുള്ളുവെന്നു് അദ്ദേഹം വാദിച്ചു. കത്തോലിക്കരെല്ലാത്തതുകൊണ്ടല്ല പ്രോട്ടസ്റ്റന്റുകാരെ അദ്ദേഹം എതിർത്തതു്. പ്രത്യുത, പ്രോട്ടസ്റ്റന്റു വിശ്വാസം അമേരിക്കൻ സമുദായത്തെ അടിപറിക്കുമെന്ന ന്യായത്താലാണു്. പക്ഷേ, അദ്ദേഹത്തിന്റെ യുക്തി എല്ലായ്പോഴും ശക്തിയുക്തമായിരുന്നില്ലായിരിക്കാം; എന്നാൽ, കർദ്ദിനാൾ ഗിബൺസും ആർച്ചു ബിഷപ്പു് അയർലൻഡും ഫലപ്രദമായി പ്രയോഗിച്ച വ്യവഹാരരീതിക്കു വഴിതെളിച്ചതു് ബ്രൗൺസൺ ആണെന്നു പറയാം. ഒരു നല്ല അമേരിക്കനാകാതെ ഒരു നല്ല കത്തോലിക്കൻ ആകുവാൻ സാധ്യമല്ലെന്നായിരുന്നു അവരുടെ വാദം.

തിരുസ്സഭയ്ക്കു് അനുകൂലമായ യുക്തികൗശലംകൊണ്ടും ജീവിതം കൊണ്ടും ബ്രൗൺസൺ അന്നത്തേയും അനന്തരകാലത്തേയും അൽമേനികർക്കു് ഒരു മാതൃകയായിത്തീർന്നിരിക്കുന്നു. ബ്രൗൺസന്റെ മരണാനന്തരം അമേരിക്കൻ കാത്തലിക്കു കവർട്ടെർലി റിവ്യൂ എഴുതിയ ചരമലേഖനത്തിൽ അദ്ദേഹത്തിന്റെ മാതൃകയെയാണു പ്രത്യേകം സ്തുതിച്ചിട്ടുള്ളതു്: "അദ്ദേഹം ഉയർത്തിപ്പിടിച്ചിരിക്കുന്ന മാതൃയയാണു് അഭ്യസ്തവിദ്യരായ കത്തോലിക്കാ അൽമേനികർ പ്രധാനമായി ചിന്തിക്കേണ്ടതു്." ബ്രൗൺസനെ ഇപ്രകാരം സ്തുതിച്ച ലേഖകൻ അമേരിക്കൻ അൽമേനികർക്കു

കത്തോലിക്കാ പ്രവർത്തനത്തിനുള്ള ഒരാഹ്വാനം നൽകിക്കൊണ്ടാണ് ലേഖനം സമാപിക്കുന്നത്. അദ്ദേഹം ഇപ്രകാരമെഴുതിയിരിക്കുന്നു: "അഭ്യസ്തവിദ്യരായ അൽമേനികൾക്കു തിരുസ്സഭയുമായി സഹകരിക്കാവുന്ന രംഗങ്ങൾ വികസിച്ചുകൊണ്ടിരിക്കയാണ്; താഴ്ന്ന സഹകരണത്തിന്റെ മൂല്യവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു." കത്തോലിക്കാ പ്രവർത്തന പ്രസ്ഥാനത്തിന്റെ ഒരു പ്രാരംഭ പ്രവർത്തകനെന്ന നിലയിൽ ബ്രൗൺസണ്ണിന്നായിട്ടുള്ള നേട്ടങ്ങളും അനന്തരതലമുറകൾക്കു പ്രദാനം ചെയ്തിട്ടുള്ള മാതൃകയും ഒട്ടും അപ്രധാനങ്ങളല്ല.



ലൂയി വോയിലോ

(LOUIS VEUILLOT)

പത്തൊൻപതാം ശതാബ്ദത്തിൽ തിരുസ്സഭയ്ക്കു വേണ്ടി ഫ്രാൻസിൽ പടവെട്ടിയ ഒരു കർഷക വീര നാണു ലൂയി വോയിലോ. യൂനിവേഴ്സ് എന്ന ഒരു ഫ്രഞ്ചുകത്തോലിക്കാ പ്രസിദ്ധീകരണത്തിന്റെ പത്രാ ധിപരായിരുന്ന അദ്ദേഹം. തന്റെ ഒരുറ്റ മിത്രമായി രുന്ന ഡോണോസോ കൊർട്ടെസ്സിനോടൊപ്പം വോ യിലോ ലോകായതികതത്ത്വത്തെയും ലിബറലിസത്തെ യും ശക്തിപൂർവ്വം എതിർത്തു. കോർട്ടെസ്സ് കുലീന

ജാതനായ ഒരു സ്പെയിൻകാരനായിരുന്നുവെങ്കിലും ഫ്രഞ്ചുകർഷകനായ വോയിലോയുടേയും കോർട്ടെസ്സിനേറയും വീക്ഷണഗതി ഒന്നുതന്നെയായിരുന്നു. തിരുസ്സഭാ ശത്രുക്കൾ തങ്ങളുടെ പ്രവർത്തനങ്ങളും വാദങ്ങളും ലോകസമക്ഷം നീതീകരിച്ചു കാണിക്കട്ടെ എന്നായിരുന്നു ളയിയുടേയും കോർട്ടെസ്സിനേറയും നിർബന്ധം. അല്ലാതെ അവർ ഉന്നയിച്ചിരുന്ന ആക്ഷേപങ്ങൾക്കു് ഉത്തരം പറയുകയല്ല ചെയ്തതു്. കാലാനുസൃതമായ വിട്ടുവീഴ്ചകൾക്കു് അവർ സന്നദ്ധമായിരുന്നില്ല; തന്നിമിത്തം ലിബറൽ വാദികളായ മോണ്ടലമ്പെറിനോടാകട്ടെ, ഓസാനാമിനോടാകട്ടെ കൈകോർത്തു നില്ക്കുവാൻ അവക്കു വിഷമമായിരുന്നു.

ഡൊണോസോ കോർട്ടെസ്സിന്റെ ആയുധം അദ്ദേഹത്തിന്റെ നാവായിരുന്നെങ്കിൽ ളയിയുടേതു് അദ്ദേഹത്തിന്റെ തൂലികയായിരുന്നു. യൂനിവേഴ്സ് പത്രത്തിനു പുറമേ അറുപതിലധികം വ്യാപദേശക ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ തൂലിക ലോകത്തിനു പ്രദാനം ചെയ്തിട്ടുണ്ടു്. 1843 മുതൽ 1883 വരെ നാല്പതു കൊല്ലത്തേക്കു യൂനിവേഴ്സ് പത്രാധിപത്യം ളയിയാണു വഹിച്ചതു്. ആ നാലു ദശാബ്ദങ്ങളിലും തിരുസ്സഭയുടെ പ്രതിരോധനകേന്ദ്രം അദ്ദേഹംതന്നെയായിരുന്നു. പത്രാധിപരെന്ന നിലയിൽ അന്നു ഉടയം ചെയ്തിരുന്ന സകല പ്രശ്നങ്ങളേയും സധീരം ളയി അഭിമുഖീകരിച്ചതുകൊണ്ടു തിരുസ്സഭാ ശത്രുക്കൾ അദ്ദേഹത്തെ അത്യധികം ദ്വേഷിച്ചിരുന്നുവെന്നു മാത്രമല്ല, കത്തോലിക്കരിൽത്തന്നെ ചിലർ അദ്ദേഹത്തിന്റെ വശം അനുഭാവപൂർവ്വം വീക്ഷിക്കുവാൻ സാധിക്കാതെ അദ്ദേഹത്തോടു വിയോജിക്കുകയാണു ചെയ്തതു്. മൂന്നു പ്രാവശ്യം ഫ്രഞ്ചു ഗവർമ്മെൻറു യൂനിവേഴ്സ് പത്രം നിരോധിച്ചു. ഫ്രഞ്ചുമെത്രാന്മാർ പല

പ്പോഴും അതിനെ ബോയിക്കോട്ട ചെയ്യുകയുണ്ടായി. അതേസമയം യൂറോപ്പിലെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ കൂടുതൽ പ്രചാരം ഫ്രഞ്ച് യൂനിവേഴ്സിറ്റിക്കായിരുന്നു. അതിൽനിന്നുള്ള ഉദ്ധരണങ്ങളും സർവ്വസാധാരണമായിരുന്നുവെന്നു പറയാം.

"മാർപ്പാപ്പായേക്കാളും വലിയ കത്തോലിക്കനും" "അപ്രമാദിത്വ പക്ഷവാദത്തിൽ ഈശോസഭാ ജനറാളിനേക്കൂടി വെല്ലുന്നവനും" ആയി പ്രത്യക്ഷപ്പെട്ട മൂയിയോട കത്തോലിക്കർക്കു തന്നെ വെറുപ്പ് ഉണ്ടാകാവുന്നതാണല്ലോ. അതേ സമയം അങ്ങനെയുള്ളവരെ വിചാരശൂന്യമായി ചിലർ പിന്താങ്ങിയെന്നും വരാം. ആധുനിക വ്യവഹാരിക തുലികാകാരിൽ മൂയിയേപ്പോലെ പ്രശംസയ്ക്കും സൂക്ഷ്മമായ വിമർശത്തിനും മറ്റാരും പാത്രമായിട്ടുണ്ടെന്നു തോന്നുന്നില്ല. 1883-ൽ അദ്ദേഹം മൺമറഞ്ഞു. തദവസരത്തിൽ ചില കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും അദ്ദേഹത്തെ വാനോളം സ്തുതിച്ചു; ചിലർ ആശ്വാസപൂർവ്വമൊന്നു നിശ്വസിച്ചു. കാലാനുഗതമായ ഒരു വിട്ടുവീഴ്ചയും സ്വീകരിക്കാതെ തിരുസ്സഭയെ അദ്ദേഹം അത്യധികം ദ്രോഹിച്ചുവെന്നു് അവർ വിധിയെഴുതി. വോയിലോയുടെ ചരമം കുഴിഞ്ഞു നാല്പതാം വത്സരം, അതായതു് 1924-ൽ, പ്രസിദ്ധീകരണമാരംഭിച്ച "കോമൺവീൽ" എന്ന മാസികയുടെ പ്രഥമലക്കത്തിൽ ഹെന്റി ലോങ്കൻ സ്റ്റൂവർട്ട് ഇപ്രകാരമെഴുതി: "ഒരു തുലികാകാരനും വോയിലോയോളം വെറുപ്പു സമ്പാദിച്ചിട്ടില്ല; ഇങ്ങനെ സമ്പാദിച്ച വെറുപ്പിനേയോർത്തു് ആക്കും വോയിലോയേക്കാൾ കൂടുതൽ അഭിമാനം കൊള്ളുവാനും അവകാശമില്ല."

മോണ്ടലമ്പെർട്ടിനേയും ബിഷപ്പു ഡുപ്പൻ ലൂപ്പി

നേയും സംബന്ധിച്ചിടത്തോളം ഈ പ്രസ്താവന ന്യായീകരിക്കാവുന്നതല്ല. മറ്റു ലിബറൽ വാദികളെ അഥവാ ഉല്പതിഷ്ണുക്കളെ സംബന്ധിച്ചിടത്തോളം ഇതു വാസ്തവമാണെന്നു സമ്മതിക്കാം. പത്തൊൻപതാം ശതാബ്ദത്തിലെ പരിഷ്കാര ഗതി സംബന്ധിച്ചു തിരുസ്സഭയിൽ രണ്ടു പക്ഷക്കാരുണ്ടായിരുന്നു. ഇരു പക്ഷക്കാരും ശരിയായി ചിന്തിച്ചു തന്നെയാണു് അവരവരുടെ നിലപാടു സ്വീകരിച്ചിട്ടുള്ളതു്. തങ്ങളുടെ അനുമാനങ്ങളെല്ലാം ശരിയാണെന്നു് ഇരുഭാഗക്കാരും കരുതി; എന്നാൽ, രണ്ടു കൂട്ടരും അപ്രമാദരാണെന്നു പറയുവാൻ വയ്യാ. പത്തൊൻപതാം ശതാബ്ദത്തിലെ ഇംഗ്ലണ്ടിൽ യാഥാസ്ഥിതികരും ഉല്പതിഷ്ണുക്കളുമെന്നപോലെയായിരുന്നു മേല്പറഞ്ഞ കക്ഷികളും; അഥവാ ഇന്നു് അമേരിക്കയിലുള്ള ഡമോക്രാറ്റുകാരും റിപ്പബ്ലിക്കന്മാരും പോലെയായിരുന്നു അവരെന്നും പറയാം. സാരാംശത്തിൽ അവർ യോജിച്ചിരുന്നുവെങ്കിലും അഭിപ്രായവ്യത്യാസങ്ങൾ അവർ അത്യന്തം സൂക്ഷ്മമായി ചിന്തിച്ചിരുന്നതുകൊണ്ടു് സകല കാര്യങ്ങളിലും അവർ വിഭിന്നരായിക്കഴിയുന്നുവെന്നായിരുന്നു പ്രതീതി. അഭിപ്രായൈക്യം ഉണ്ടായിരുന്ന സംഗതികളെപ്പറ്റി അവർ ചിന്തിച്ചിരുന്നില്ല. പ്രവർത്തന രീതിയും വിജയമാർഗ്ഗങ്ങളും സംബന്ധിച്ചായിരുന്നു സംവാദം. പ്രസ്തുത തർക്കങ്ങൾ വിട്ടുവീഴ്ചകൂടാതെ ഇരുഭാഗക്കാരും നടത്തിക്കൊണ്ടിരുന്നു. തിരുസ്സഭ സാർവ്വത്രികമായതുകൊണ്ടും വിവാദവിഷയങ്ങൾ വിജയമാർഗ്ഗങ്ങൾ സംബന്ധിച്ചു മാത്രമായിരുന്നതുകൊണ്ടും ഇരുപക്ഷക്കാർക്കും തിരുസ്സഭയിൽ സ്ഥാനമുണ്ടായിരുന്നു. ഇരുപക്ഷക്കാരുടേയും പരിശ്രമങ്ങൾ ദൈവപരിപാലനയുടെ വൈഭവത്താൽ പത്തൊൻപതാം ശതാബ്ദത്തിൽ തിരുസ്സഭയുടെ വികസനത്തിനും പുരോഗതിക്കും കാരണമായി.

സമകാലികന്മാർ വോയിലോയുടെ ആദർശങ്ങളെ ചെറുത്തുവെങ്കിലും ഇന്നു പരക്കേ സമ്മതിക്കുന്നുണ്ട് പത്തൊൻപതാം ശതാബ്ദത്തിൽ വോയിലോ തിരുസ്സഭയുടെ സുസ്ഥിതിക്കും പുരോഗതിക്കും വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ അമൂല്യങ്ങളാണെന്നു്. വോയിലോയുടെ നയത്തേയും പിടിവലികളേയും പറ്റി പ്രതികൂലാഭിപ്രായങ്ങൾ ഉണ്ടായേക്കാമെങ്കിലും ലക്കാന്വെ ഉറപ്പിച്ചു പറയുന്നതു് ഇപ്രകാരമാണു്: "തിരുസ്സഭാ ചരിത്രത്തിൽ കൂടി വോയിലോയുടെ വിസ്മയാവഹമായ പ്രതിഭയും യാഥാർത്ഥ്യം ദർശിക്കുവാനുള്ള തന്റേടവും അഗാധമായ വിശ്വാസവും പലവിധത്തിൽ അദ്ദേഹം തിരുസ്സഭയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങളും നിഷേധിക്കുക സാധ്യമല്ല". അദ്ദേഹത്തിന്റെ പ്രതിഭയും അദ്ദേഹത്തിനുള്ള പ്രാധാന്യവും സുസ്പഷ്ടമാണു്. പത്തൊൻപതാം ശതാബ്ദത്തിലെ അൽമായരിൽ ഏറ്റവും മഹാനാണു വോയിലോയെന്നതേ സൂക്ഷ്മനിരീക്ഷകനായ ഷൂലെലമായിത്തർ [Jules Lemaitre] എന്ന ഫ്രഞ്ചുകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ലമായിത്തരുടെ അഭിപ്രായം അതിശയോക്തി കഥനമായി കരുതുന്നവർപോലും പ്രസ്തുത ശതാബ്ദത്തിലെ മഹാന്മാരായ ഒരു ഡസൻ കത്തോലിക്കാ അൽമേനികളുടെ ഗണത്തിൽ അദ്ദേഹത്തെ ചേർക്കാതിരിക്കയില്ല.

രണ്ടു മുന്നണിയിൽനിന്നു വോയിലോ യുദ്ധം ചെയ്തു; ഒന്നാമതായി ലൗകായതികർക്കും കത്തോലിക്കാസഭയുടെ വിരോധികളായ ഉല്പതിഷ്ണുക്കൾക്കും രണ്ടാമതായി, യൂനിവേഴ്സ് പത്രാധിപക്കുറിപ്പുകളോടു വിയോജിക്കുന്ന കത്തോലിക്കർക്കും എതിരായിട്ടത്രേ. തിരുസ്സഭാ ശത്രുക്കളോടു പടവെട്ടാനാണു തന്റെ ശക്തിയിലധികഭാഗം വിനിയോഗിച്ചതും ഗ്രന്ഥ

ങ്ങളം രചിച്ചുതും. എന്നു വരുകിലും അകത്തോലിക്കരോട് നടത്തിയ സമരത്തിനെന്നതിനേക്കാളം കൂടുതലായി വോയിലോ അനുസ്മരിക്കപ്പെട്ടുന്നതു കത്തോലിക്കരായ ലിബറൽ വാദികളോട് നടത്തിയ സമരത്തിനാണു്. ഇങ്ങനെ സംഭവിച്ചതു് അദ്ദേഹത്തിന്റെ കുറംകൊണ്ടക്കുടിയാണു്. ഗിസട്ടിനും ലാമർട്ടിനും എതിരായി പ്രയോഗിച്ച മൂർച്ചയുള്ള ശൈലിതന്നെയാണ ഫ്രഞ്ചു മെത്രാന്മാക്കെതിരായും പ്രയോഗിച്ചതു്. 1848–നു ശേഷം തന്നോട് വിയോജിച്ച എല്ലാവരേയും വോയിലോ തിരുസ്സഭയുടെ ശത്രുക്കളായിട്ടാണ പരിഗണിച്ചതു്.

വോയിലോയുടെ ബാല്യവും മാനസാന്തരവും

1813–ൽ ബോയിനെ (Boynes) എന്ന ഒരു ഗ്രാമത്തിൽ ദരിദ്രരായ മാതാപിതാക്കന്മാരിൽ നിന്നാണ ളയി വൊയിലോ ജനിച്ചതു്. മാതാവു് ഒരു കർഷകസ്ത്രീയും പിതാവു് ഒരു വീപ്പവ്യാപാരിയുമായിരുന്നു. ളയിയുടെ ബാല്യത്തിൽത്തന്നെ കുടുംബം പാരീസിലേക്കു നീങ്ങി. ശരിയായ വിദ്യാഭ്യാസമോ മതപഠനമോ ഒന്നുംകൂടാതെ തെരുവീഥികളിൽ അവൻ വളർന്നു പോന്നു. സഭാശത്രുക്കൾ നടത്തിയിരുന്ന ഗവർമ്മെൻറ പള്ളിക്കൂടങ്ങളിൽ നിന്നാണ മതവിജ്ഞാനം ളയിക്കു സിദ്ധിച്ചതു്. പ്രഥമ ദിവ്യകാരുണ്യ സ്വീകരണം യഥാകാലം നടത്തി. എന്നാൽ, 1838–ൽ അദ്ദേഹത്തിനുണ്ടായ മാനസാന്തരത്തിനു മുമ്പു് ഇങ്ങനെ ഒരു പ്രാവശ്യം മാത്രമേ അദ്ദേഹം വി. കുർബാന സ്വീകരിച്ചിട്ടുള്ളു. ബാലനായ ളയി അതിവേഗം കാര്യങ്ങൾ ഗ്രഹിച്ചിരുന്നു; വലിയ ഒരു കോപിയുമായിരുന്നു. ഒരിക്കൽ അവനെ ആരോ ശാസിക്കുവാൻ ഇടയായപ്പോൾ അവൻ പോയി

കിണറ്റിൽ ചാടിക്കളഞ്ഞു. ഒരു പുസ്തകം വായിച്ചു പഠിച്ചു കഴിഞ്ഞാൽ, അതു തനിക്കു മുഴുവനും അറിയാമെന്നു കാണിക്കുവാൻ അതു കീറി നശിപ്പിച്ചിരുന്നുവെന്നാണു പറയുന്നതു്.

പതിമൂന്നാമത്തെ വയസ്സിൽ വോയിലോ വീട്ടുവിട്ടു സ്വന്തമായി ജീവിതമാർഗ്ഗങ്ങൾ ആരായുവാൻ തുടങ്ങി. ഒരു വക്കീലിന്റെ ആഫീസിലാണു് ആദ്യമായി ഒരുദ്യോഗം വഹിച്ചതു്. അവിടെ അവന്റെ യജമാനന്റെ സ്നേഹിതന്മാർ സമ്മേളിച്ചു സാഹിത്യത്തെയും രാഷ്ട്രീയകാര്യങ്ങളേയും സംബന്ധിച്ചു നടത്തിയിരുന്ന സംഭാഷണങ്ങൾ വോയിലോയും ശ്രവിച്ചിരുന്നു. അതേ സമയം അവൻ സാഹിത്യവും ചരിത്രവും തന്നെത്താൻ അഭ്യസിച്ചുകൊണ്ടിരുന്നു. കയ്യുനിറഞ്ഞ ഒരു കാലഘട്ടമായിട്ടാണു് ആ നാളുകളെ അനന്തരകാലത്തു വോയിലോ വീക്ഷിച്ചതു്. പാരീസിലെ യുവജനങ്ങൾ ഒരു നിരീശ്വര സമൂഹം തന്നെയായിരുന്നു. അവരിൽനിന്നും പാരിസു പരിസരങ്ങളിൽനിന്നുമാണു വോയിലോയ്ക്കു് വിദ്യാഭ്യാസവും സാന്മാർഗ്ഗിക ശിക്ഷണവും മാനസിക സംസ്കാരവും സാഹിത്യകാരനാകാനുള്ള അഭിവാഞ്ഛയും സിദ്ധിച്ചതു്. അനന്തരകാലങ്ങളിൽ വോയിലോ തന്നെ എഴുതിയതു് ഇപ്രകാരമാണു്: "എന്റെ മാനസിക പരിശീലനം പാരീസിലെ തെരുവീഥികളിൽ നിന്നാണു് എനിക്കു സിദ്ധിച്ചതു്. എന്റെ ഹൃദയത്തിനുള്ള വിദ്യാഭ്യാസം എനിക്കു കിട്ടിയതു് ചെറുപ്പക്കാരായ ചങ്ങാതികളിൽ നിന്നുമാണു്. എന്റെ മനഃക്ലേശങ്ങളിലും ഏകാന്തതയിലും വിയോഗാവസ്ഥയിലും ഒരു പ്രാർത്ഥന ചൊല്ലണമെന്നു വിചാരിക്കുമ്പോൾ ദൈവദൂഷണമാണു് അവർ എന്നെ അഭ്യസിപ്പിച്ചിരുന്നതു്. എല്ലായിടത്തും ദൈവദൂഷണം തന്നെ

യായിരുന്നു. പ്രസംഗങ്ങളിൽ കേട്ടിരുന്നതും പുസ്തകങ്ങളിൽ വായിച്ചിരുന്നതുമെല്ലാം ദൈവഭൂഷണം തന്നെ. എന്റെ കണ്ണിൽപ്പെട്ട സ്ഥലങ്ങളിലെല്ലാം പൊന്തിനിന്നിരുന്നതു ദൈവഭൂഷണം മാത്രമായിരുന്നു."

പതിനേഴു വയസ്സു പ്രായമുള്ളപ്പോൾ "ഗൂവെൻ പ്രതിധ്വനി" എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപസമിതിയിൽ ളൂയിക്കു് ഒരു സ്ഥാനം ലഭിച്ചു. കുറേ കൊല്ലങ്ങൾക്കുശേഷം അദ്ദേഹം പെരിഗോഡ് എന്ന സ്ഥലത്തു് ഒരു പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായി ഉയർന്നു. 1836–ൽ പാരീസിലേക്കുതന്നെ അദ്ദേഹം തിരിച്ചു. പല പത്രം ആഫീസുകളിലും അദ്ദേഹം വേലചെയ്തു. സ്വന്തമായ ഒരു ശൈലിയും വികാരാവേശവും പ്രത്യക്ഷമായിരുന്നതിനാൽ ളൂയി അചിരേണ പലരുടേയും ശ്രദ്ധയ്ക്കു വിഷയീഭവിക്കുകയുണ്ടായി; എന്നാൽ, അദ്ദേഹത്തിന്റെ പത്രാധിപജോലി പല കലഹങ്ങൾക്കു വഴിതെളിച്ചു. മൂന്നുപ്രാവശ്യം ഈ യുവസാഹിത്യകാരന്റെ തൂലിക അദ്ദേഹത്തെ ദ്വന്ദയുദ്ധത്തിലേക്കു നയിച്ചു; എന്നാൽ, അതിൽനിന്നെല്ലാം അപകടംകൂടാതെ അവൻ രക്ഷപെട്ടു. നല്ല ഉദ്ഗ്രഥനായിരുന്നു ളൂയി. തെറ്റോ ശരിയോ നോക്കാതെ പണത്തിനുവേണ്ടി മാത്രം വേല ചെയ്യുന്ന ഒരു മല്ലനായിരുന്നുവെന്നാണു് ളൂയിയുടെ സഹോദരൻ അവനെപ്പറ്റി അഭിപ്രായപ്പെട്ടതു്.

ഇരുപത്തിനാലു വയസ്സുള്ളപ്പോൾ ഒരു സ്നേഹിതൻ ളൂയിയെ ദേശാടനത്തിനായി കോൺസ്റ്റാന്റിനോപ്പിളിലേക്കു ക്ഷണിച്ചു. വോയിലോ ക്ഷണം സ്വീകരിച്ചു സ്നേഹിതനോടൊപ്പം ഇറ്റലിവഴി ആ മുഹമ്മദീയ നഗരത്തിലേക്കു പുറപ്പെട്ടുവെങ്കിലും റോമവരെ

യാത്രചെയ്യുള്ളു. കോൺസ്റ്റാൻറിനോപ്പിളിലേക്കു പുറപ്പെട്ടിട്ട് എത്തിയതു കത്തോലിക്കാസഭയിലെന്നാണു പിന്നീട് അദ്ദേഹം അഭിപ്രായപ്പെട്ടതു്. 1838-ലെ ദുഃഖവെള്ളിയാഴ്ച വോയിലോ ഒരു പൂർണ്ണപാപോച്ചാരണം നടത്തുകയും ഉയർപ്പു ഞായറാഴ്ച രണ്ടാംപ്രാവശ്യം "പ്രഥമ ദിവ്യകാരുണ്യം" സ്വീകരിക്കുകയും ചെയ്തു. വിപ്ലവശാലിയായിരുന്ന പത്രപ്രവർത്തകനു് തന്റെ മാനസാന്തരത്തോടുകൂടി ഒരു പ്രത്യേക തത്ത്വസംഹിത സംരക്ഷിക്കുവാനുള്ള ചുമതല കൈവന്നു. ഒരു കത്തോലിക്കാ പത്രപ്രവർത്തകനായി ജീവിതശിഷ്ടം അദ്ദേഹം കഴിച്ചുകൂട്ടി.

വോയിലോയുടെ ജീവിതത്തിലുണ്ടായിട്ടുള്ള ഇതരാനുഭവങ്ങളേപ്പോലെ അദ്ദേഹത്തിന്റെ മാനസാന്തരവും ഒരു വിപ്ലവമായിരുന്നു. ഒരു നവലോകത്തിലേക്കു കാലൂന്നിയതുപോലെയാണു് അദ്ദേഹത്തിനു തോന്നിയതു്. ആ നവാനുഭവത്തിൽ ശേഷം മനുഷ്യരേയും ഭാഗഭാക്കുകളാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം. വോയിലോ ഇപ്രകാരമെഴുതിയിരിക്കുന്നു: "എന്റെ മാനസാന്തരത്തിനുമുമ്പു് സമസ്തവും സംശയമായിരുന്നു; എന്നാൽ, ഇപ്പോൾ അന്ധകാരമില്ല. മൂതിയടഞ്ഞതു് ഇന്നു ജീവൻ പ്രാപിച്ചിരിക്കയാണു്. അന്ധമായ ശക്തിയുടെ വിളയാട്ടം മാത്രം കണ്ടിടത്തു് ഇന്നു് ഈശ്വരന്റെ ശക്തിയും ആസ്തികൃവും ഞാൻ വിശദമായി ദർശിച്ചു. എന്റെ അജ്ഞതയെ ലജ്ജിപ്പിച്ചിരുന്ന എത്രയും ഭയങ്കരമായ പ്രശ്നങ്ങൾ പുകപോലെ മാഞ്ഞുപോകയാണു്. എനിക്കെതിരായി ബന്ധിക്കപ്പെട്ടിരിക്കുന്ന ഇരുമ്പു വാതിലുകളെല്ലാം ഇപ്പോൾ താനെ തുറക്കുന്നു." അതിനാൽ, ളൂയി പാരീസിലേക്കു മടങ്ങി തനിക്കു കൈവശമായിരുന്ന പത്രാധിപജോലി തുടരുകതന്നെചെയ്തു; എന്നാൽ, റോമൻ കത്തോ

ലിക്കാസഭയുടെ വക്താവായിട്ടാണ വോയിലോ അന്ന പത്രലോകത്തിൽ പ്രത്യക്ഷനായതു്.

കുറേക്കാലത്തേക്കു് അദ്ദേഹത്തിനു് അകത്തോ ലിക്കാപത്രങ്ങളായിട്ടതന്നെ ബന്ധം പുലർത്തേണ്ടി വന്നു; കാരണം, മറ്റു് ആസ്ഥാനങ്ങളൊന്നും അദ്ദേഹത്തിനു ലഭിച്ചില്ല. അക്കാലത്തു കത്തോലിക്കാവിശ്വാസത്തിന്റെ മനോഹാരിതയേപ്പറ്റി എഴുതിയിട്ടുള്ള പല പുസ്തകങ്ങളിൽ ചിലതാണു്: "പരിശുദ്ധ ജപമാല", റോമയും ലൊരേത്തയും." അന്നു പാരീസിൽ ഒരു കത്തോലിക്കാപത്രമേ ഉണ്ടായിരുന്നുള്ളൂ: "യൂനിഴ്സ്റിലീജിയോ" (Univers Religieux). സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകനായ ഒസാനാമിനോട്ടുടെ പ്രവർത്തിച്ച പ്രസിദ്ധനായ ബയിലി 1843-ൽ സമാരംഭിച്ചതാണു് ഈ വർത്തമാനപ്പത്രം. നാലു കൊല്ലം പത്രങ്ങളിലേക്കു വോയിലോ ലേഖനങ്ങൾ അയച്ചുകൊണ്ടിരുന്നു. അക്കാലങ്ങളിൽ പാരീസിലുള്ള കത്തോലിക്കാ പ്രവർത്തനങ്ങളിലെല്ലാം വോയിലോ നടനായകത്വം വഹിച്ചു. പാരീസിൽ മോണ്ടലമ്പെർ സംഘടിപ്പിച്ചുവന്നിരുന്ന കത്തോലിക്കാകക്ഷിയിലെ കർമ്മധുരനായ ഒരംഗമായി 1842-ൽ വോയിലോയും ചേർന്നു. മനസ്സു തിരിഞ്ഞവന്ന ഈ യുവാവിന്റെ കാര്യക്ഷമതയും ഉത്സാഹശീലവും മോണ്ടലമ്പെറിനു് അത്യധികം ഇഷ്ടപ്പെട്ടു. "ഈ വോയിലോ എന്നെ വശീകരിച്ചിരിക്കുന്നു; എന്റെ ഹൃദയത്തിനൊത്ത ഒരു മനുഷ്യനാണവൻ" എന്നത്രേ പ്രഭു ഒരിക്കൽ അഭിപ്രായപ്പെട്ടതു്. അടുത്തവർഷം വോയിലോയെ യൂനിവേഴ്സിന്റെ പത്രാധിപരായി നിയമിച്ചു. അന്നു് അതിന്റെ ഉടമസ്ഥൻ മോണ്ടലമ്പെറായിരുന്നു. പത്രപ്രവർത്തകഗ്രന്ഥകാരന്മാരുടെ ചുണയും ചുറുചുറുപ്പും ശരിയായി

പ്രകടമായിട്ടുള്ള ഒരു കാലമാണു പതിനാൻപതാം ശതാബ്ദത്തിന്റെ മദ്ധ്യഭാഗം. അക്കാലത്താണു മുപ്പതു വയസ്സുകാരനായ വോയിലോ തന്റെ പ്രശസ്തമായ ജോലിയിലേക്കു പ്രവേശിച്ചതു്.

പത്രാധിപജോലി

യൂനിവേഴ്സ് പത്രാധിപരെന്ന നിലയിൽ കത്തോലിക്കാസഭയെ സംബന്ധിക്കുന്ന സകല പ്രശ്നങ്ങളിലും നാല്പതു സംവത്സരക്കാലത്തേക്കു വോയിലോ പങ്കെടുക്കുകയുണ്ടായി. ലൂയി ഫിലിപ്പിന്റെ കാലത്തു കത്തോലിക്കർ ആവശ്യപ്പെട്ട വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി ഏഴുകൊല്ലത്തോളം അദ്ദേഹം സമരംചെയ്തു. 1850-ൽ കത്തോലിക്കാപക്ഷത്തിനു ലഭിച്ച വിജയത്തിനുള്ള യശസ്സിൽ വലിയ ഒരു പങ്കു യൂനിവേഴ്സ് പത്രത്തിന്റേതായിരുന്നു. മോണ്ടലമ്പെർ ബിഷപ്പു ഡുപ്പൻ ലൂപ്പും സ്വീകരിക്കാമെന്നു സമ്മതം മൂളിയ ഫാല്ലു നിയമപ്രകാരമുള്ള പദ്ധതിയെക്കൂടി വോയിലോ എതിർക്കുകയാണുചെയ്തതു്. പ്രസ്തുതപദ്ധതി അനീതിക്കു വഴങ്ങിക്കൊടുക്കുന്നതിനു സമമായിരുന്നുവെന്നാണു് അദ്ദേഹത്തിന്റെ വാദം. ഈ ഭാഗികമായ വിജയംതന്നെ സംസിദ്ധമായതു് കത്തോലിക്കർക്കു പൂർണ്ണമായ അദ്ധ്യയനസ്വാതന്ത്ര്യം വേണമെന്നു വോയിലോ ദീർഘമായി വാദിച്ചതിന്റെ ഫലമാണു്.

ദ്വിതീയ ഫ്രഞ്ചു് സാമ്രാജ്യകാലത്തു് (1852—1871) സ്വതന്ത്രചിന്തകരോടു വോയിലോ സമരം നടത്തി. മതവിശ്വാസവും ആധുനികചിന്താഗതികളും പൊരുത്തപ്പെടുത്തിക്കൊണ്ടുപോകുവാൻ ശ്രമിച്ചവരെ അദ്ദേഹം ശക്തിപൂർവ്വം എതിർത്തു. മാർപ്പാപ്പാ

മാരുടെ പരമാധികാരം ബലമായി പിന്താങ്ങുന്നവരുടെ ഗണത്തിൽ ചേർന്നു പോയിലോ; തന്നിമിത്തം ഗള്ളിക്കനിസം എന്നറിയപ്പെട്ടുന്ന സ്വാതന്ത്ര്യവാദത്തെ പിന്താങ്ങിയിരുന്ന ഫ്രഞ്ചു മെത്രാന്മാർ പോയിലോയെ എതിർക്കുവാൻ തുടങ്ങി. പേപ്പൽ സംസ്ഥാനങ്ങളിൽ മാർപ്പാപ്പാ തിരുമേനിക്കുണ്ടായിരുന്ന ലൗകികാധികാരത്തിൽ കൈകടത്തുവാൻ തുനിഞ്ഞ തൃതീയ നെപ്പോളിയന്റെ ഗവർമ്മേണ്ടും പോയിലോയ്ക്കു് എതിരായിത്തീർന്നു. 1869–ൽ സമാരംഭിച്ച വത്തിക്കാൻ സൂനഹദോസിനു കളം ഒരുക്കുവാൻ പോയിലോ വളരെസമയം വ്യയംചെയ്തു. പേപ്പൽ അപ്രമാദിതപ്രഖ്യാപനത്തിനു താങ്ങും പിന്തുണയും ഉണ്ടാക്കുവാൻ അദ്ദേഹം അത്യധികം യത്നിക്കുകയുണ്ടായി. തിരുസിംഹാസനത്തിന്റെ ഭൗമികാധീശത്വത്തിനെതിരായി യൂറോപ്പിൽ പൊതുവേ ഉണ്ടായിരുന്ന ചാരവൃത്തികളേയും തൃതീയ റിപ്പബ്ലിക്കിന്റെ വൈദികവിദ്വേഷത്തേയും അദ്ദേഹം നിശിതമായി വിമർശിച്ചു. അതേസമയം മതസംബന്ധമായ കാര്യങ്ങളിൽ മാർപ്പാപ്പാമാരുടെ നിലപാടെന്തെന്നു് അതതുകാലത്തു് ഉദിച്ചുവരുന്ന പ്രശ്നങ്ങളം ദൃഷ്ടിയിൽവച്ചു് അദ്ദേഹം വിശദമാക്കിക്കൊണ്ടിരുന്നു. ഇതെല്ലാം ഭംഗിയായി നിർവ്വഹിച്ചിരുന്നതുകൊണ്ടു യൂനിവേഴ്സ് യൂറോപ്പിലെ അതിപ്രധാനമായ പ്രസിദ്ധീകരണമായിത്തീർന്നു. മതപരവും സാമുദായികവുമായ കാര്യങ്ങളിൽ തിരുസ്സഭയുടെ ശത്രുക്കളും സ്നേഹിതന്മാരും പ്രസ്തുത പത്രത്തെ അതിപ്രധാനമായ ഒരു ഘടകമായി എണ്ണിപ്പോന്നു.

ഫ്രഞ്ചു് കത്തോലിക്കാപ്രശ്നങ്ങൾക്കെല്ലാം മാർപ്പാപ്പാമാരുടെ പരമാധികാരത്തിനു് ഉപോൽബലകമായ ഒരു നിലപാടാണു് അദ്ദേഹം സ്വീകരിച്ചിരുന്നതു്.

റോമാസിംഹാസനത്തെ ആശ്രയിച്ച് മാർപ്പാപ്പായുടെ വക്താവായി എല്ലായ്പോഴും നിന്നതുകൊണ്ടു ചില മെത്രാന്മാരുടെ അഭിപ്രായഗതികളെ പലപ്പോഴും ചെറുക്കുവാൻ ഇടവന്നിരുന്നു; എന്നാൽ, മെത്രാന്മാരുടെ അധികാരത്തെ ചോദ്യംചെയ്യണമെന്നു് അദ്ദേഹം വിചാരിച്ചിരുന്നില്ല. മെത്രാന്മാരുടെ ഭരണകാര്യങ്ങളിൽ കാനൺനിയമങ്ങളുടെ പുള്ളിയും വള്ളിയും മുറുകെപിടിച്ചുനില്ക്കുകയാണു വോയിലോ ചെയ്തിരുന്നതു്. എന്നാൽ, പലകാര്യങ്ങളിലും മാർപ്പാപ്പാതിരുമേനിയുടെ ഹിതം നേരിട്ടു് ആരാഞ്ഞു സംഗതികൾ നിർവ്വഹിച്ചുകൊണ്ടിരുന്നതിനാൽ, മെത്രാന്മാക്കു തങ്ങളുടെ രൂപതകളിൽ പൂർണ്ണമായി തങ്ങളുടെ അഭിപ്രായമനുസരിച്ചു് അധികാരം ചെലുത്തുവാൻ എല്ലായ്പോഴും സാധിച്ചിരുന്നില്ല. ചില മെത്രാന്മാർ ഒമ്പതാം പീയൂസു മാർപ്പാപ്പായുടെ അവകാശവാദങ്ങൾ നിഷേധിച്ചതിനാൽ പാപ്പാസ്ഥാനത്തിന്റെ ന്യായവാദിയായിരുന്ന വോയിലോ മെത്രാന്മാരോടുപോലും ന്യായവാദങ്ങൾ നടത്തുവാൻ ഇടയായിട്ടുണ്ടു്.

അതിനാൽ വോയിലോ തന്റെ പത്രം മെത്രാന്മാരുടെ മേൽനോട്ടത്തിൽ നടത്തുവാൻ ഉത്സാഹിച്ചില്ല. അവരുടെ നിയന്ത്രണത്തിനു പത്രം വിധേയമാക്കിയുമില്ല. യൂനിവേഴ്സ് പത്രം കത്തോലിക്കാസഭയുടെ ജിഹ്വയായിത്തന്നെ നടന്നു. സഭയുടെ ആസ്ഥാനം റോമയും ഈ ലോകത്തിൽ അതിന്റെ ഭരണകർത്താവു മാർപ്പാപ്പായുമാണെന്നുള്ള വാദമാണു ഗള്ളിക്കൻ ശീശ്മതത്വങ്ങൾ സ്വീകരിച്ച മെത്രാന്മാരുടെ വൈരുദ്ധ്യത്തിനു് ഇടയാക്കിയതു്. വോയിലോ തന്റെ നിലപാടു ദുരുപയോഗിക്കാതിരിക്കുവാൻ സൂക്ഷിച്ചിരുന്നു. യൂനിവേഴ്സ് പത്രം മെത്രാന്മാർ മുടക്കിയപ്പോഴൊന്നും ദൈവശാസ്ത്രപരമോ സാന്മാർഗ്ഗികമോ ആയ

അബദ്ധങ്ങളും അവക്കു ചൂണ്ടിക്കാണിക്കുവാനുണ്ടായിരുന്നില്ല. പ്രാചീനസാഹിത്യഗ്രന്ഥങ്ങളും കത്തോലിക്കാവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതു് ഉചിതമോ എന്നിത്യാദി ലൗകികവിഷയങ്ങളും സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസങ്ങളും മാത്രമേ എടുത്തുകാണിക്കുവാൻ അദ്ദേഹത്തിനു് ഉണ്ടായിരുന്നുള്ളൂ. തനിച്ചു നില്ക്കുവാൻ പ്രയാസംവന്നിരുന്നപ്പോഴെല്ലാം വോയിലോ ഗള്ളിക്കൻ മെത്രാന്മാക്കെതിരായി മാർപ്പാപ്പാതിരുമേനിയുടെ സഹായം തേടുകയാണു ചെയ്തതു്. ഈ വഴക്കുകളിൽ ഉതപ്പുകളൊന്നുമുണ്ടായിട്ടില്ല. തിരുസിംഹാസനത്തോടുള്ള അനുസരണയിൽ വിനീതനായിനിന്നു വത്തിച്ചുതുകൊണ്ടു തിരുസ്സഭയ്ക്കു വോയിലോയുടെ പ്രവർത്തനങ്ങളും ഉപകാരം മാത്രമേ ചെയ്തിട്ടുള്ളൂ. വലിയ പൊട്ടലും ചീറലുമൊക്കെയുണ്ടായിരുന്നുവെങ്കിലും യൂനിവേഴ്സ്പത്രത്തിന്റെ സൽപേരിനു് ഒരു താങ്ങേ ആയിരുന്നുള്ളൂ ഈ വഴക്കുകളെല്ലാം. അന്നത്തെ സാഹചര്യങ്ങളിൽ യൂനിവേഴ്സ് അധികാരപ്രമത്തരായ ഗള്ളിക്കൻ മെത്രാന്മാരുടെ നിയന്ത്രണത്തിൽനിന്നു വിമുക്തമായതു് ഒരനുഗ്രഹമായിത്തീർന്നു.

ഫ്രാൻസിലെ സാധുജനങ്ങളും താണനിലയിൽനിന്നിരുന്ന വൈദികരും യൂനിവേഴ്സ് ആത്മിയോടെയാണു വായിച്ചിരുന്നതു്. ഗ്രാമവാസികളും കർഷകരും ആ കർഷകപത്രാധിപരുടെ പ്രസാധകഗുണപാഠകം അപ്രമാദമായി സ്വീകരിച്ചുപോന്നു. ഫ്രഞ്ചുജനത പൊതുവേ മാർപ്പാപ്പാമാരുടെ പരമാധികാരത്തെ പിന്താങ്ങിക്കൊണ്ടിരുന്നുവെന്നു മാത്രമല്ല ഫ്രാൻസിൽ പൊട്ടിപ്പുറത്തുവന്നുകൊണ്ടിരുന്ന ഗള്ളിക്കൻ ശീശ്മക്കെതിരായി മാർപ്പാപ്പാമാരെ പിന്താങ്ങുവാൻ അവർ പൂർണ്ണമായി സന്നദ്ധരായിരുന്നു.

വോയിലോയെ എതിർത്തിരുന്നതു സമ്പത്തും പ്രാബല്യവുമുണ്ടായിരുന്ന ഒരു കത്തോലിക്കാ ന്യൂനപക്ഷമാണു്. മൂകമായ സാധുജനതയുടെ സഹായമാണു് അദ്ദേഹത്തിനു കാര്യമായി സിദ്ധിച്ചതു്. അങ്ങനെ പത്തൊമ്പതാം ശതാബ്ദത്തിൽ യൂനിവേഴ്സ് പത്രം ഗ്രാമീണലക്ഷങ്ങളുടെ കത്തോലിക്കാവിശ്വാസം രക്ഷിച്ചുപോന്നു; അതേസമയം ഉന്നത ശ്രോത്രക്കാരും നഗരവാസികളും കത്തോലിക്കാസഭയിൽനിന്നു സ്വതന്ത്രപക്ഷത്തേക്കു തിരിഞ്ഞുപോയിക്കൊണ്ടിരുന്നു.

മാർപ്പാതിരുമേനിയെ ബലമായി പിന്താങ്ങിയതിനും അവിടുത്തെ ശത്രുക്കളെ നിശിതമായി വിമർശിച്ചതിനും യൂനിവേഴ്സ് പത്രത്തിന്റെ പ്രസിദ്ധീകരണം ശവമ്മെൻറ മൂന്നുപ്രാവശ്യം തടഞ്ഞു. സർദീനിയായും പീഡിമോണ്ടും ഐകൃപ്പെടുത്തുവാൻ ഇറാലിയർ നടത്തിയ പരിശ്രമങ്ങൾക്കു കൂട്ടുനിന്ന നെപ്പോളിയൻ തൃതീയനെ രണ്ടു പ്രാവശ്യം വിമർശിച്ചപ്പോൾ യൂനിവേഴ്സ് പത്രത്തിനു പ്രഥമ നിരോധനം കിട്ടി. "റോമാനഗരവും പരിസരങ്ങളും മാതൃമേപ്പുൽ സംസ്ഥാനങ്ങളിൽ ഉൾപ്പെടുത്താവൂ" എന്നു നിർദ്ദേശിച്ചു് അജ്ഞാതനാമാവായി നെപ്പോളിയൻ തൃതീയൻ ഒരു ലഘുലേഖ പ്രസിദ്ധംചെയ്യുകയുണ്ടായി. "കാപടൃങ്ങളും പരസ്പരവൈരുദ്ധൃങ്ങളും ലജ്ജാവഹമായി അടക്കംചെയ്യപ്പെട്ടിരിക്കുന്ന ഒരു ലഘുലേഖ" എന്നാണു് ഒമ്പതാംപീയൂസ് മാർപ്പാപ്പാ ആ പ്രസിദ്ധീകരണത്തെ സംബോധനംചെയ്തതു്. മാർപ്പാപ്പാ തിരുമേനിയുടെ പ്രഭാഷണം അടിച്ചിറക്കരുതെന്നു ശവമ്മെൻറ നിർദ്ദേശമുണ്ടായിരുന്നെങ്കിലും വോയിലോ സങ്കോചംവിനാ അതടിച്ചിറക്കുകതന്നെ ചെയ്തു. രണ്ടാഴ്ചകഴിഞ്ഞു മാർപ്പാപ്പാ തിരുമേനിയുടെ "നുള്ളിസ് ചെത്തെ" (Nullis Certe) എന്ന ലൗകികലേഖനം

ഫ്രഞ്ചുഭാഷയിലേക്കു പരിഭാഷപ്പെടുത്തി അദ്ദേഹം പ്രസിദ്ധീകരിച്ചു. ഈ ധീരപ്രവൃത്തിയുടെ ഫലമെന്തായിരിക്കുമെന്നു് അറിയാതെയല്ല അങ്ങനെ ചെയ്തതു്. "നാളെ നമ്മുടെ പത്രം മുടക്കും" എന്നു് അന്നു തന്നെ ജോലിക്കാരോടു് അദ്ദേഹം പറയുകയുണ്ടായി.

1860 ജാനുവരി 29–ാംനു- യൂനിവേഴ്സു് പത്രം ശവമ്മെൻറ മുടക്കി; 1867 ഏപ്രിൽ 15–ാംനു-യാണു പിന്നീടു് അതു പ്രത്യക്ഷപ്പെട്ടതു്. ആ ഏഴു കൊല്ലം വോയിലോയും അനുജൻ എവുജീനും കൂടി "മോന്തെ" എന്ന പത്രം പ്രസിദ്ധംചെയ്യുകൊണ്ടിരുന്നു. അതിൽ മാർപ്പാപ്പാ തിരുമേനിയുടെ താല്പര്യങ്ങൾ വലിയ ഒച്ചപ്പാടുകൂടാതെ പ്രസിദ്ധീകരിക്കുവാൻ അവക്കു കഴിഞ്ഞു. രണ്ടു പ്രാവശ്യവുംകൂടി യൂനിവേഴ്സു് മുടക്കപ്പെട്ടു. രണ്ടാമത്തെ മുടക്കു 1874–ൽ ബിസ്മാക്കിൻെറ അഭീഷ്ടപ്രകാരം നല്കിയതാണു്. കുംത്തൂർകാംഫിനെ ശപിച്ചുകൊണ്ടുള്ള പേപ്പൽ സന്ദേശം പ്രസിദ്ധംചെയ്തതാണു പ്രകോപനകാരണമായിത്തീർന്നതു്. ഈ പ്രാവശ്യം വോയിലോയ്ക്കു് പല അനുമോദനസന്ദേശങ്ങളും ലഭിച്ചു. ഒമ്പതാംപിയൂസു് മാർപ്പാപ്പാ തിരുമേനിയും ഒരു സന്ദേശം അയച്ചുകൊടുക്കുകയുണ്ടായി. "നന്മയുടെ പ്രചരണത്തിനായി തൻെറ ശക്തി മുഴുവനും പ്രയോഗിക്കുന്നവനെന്നും പ്രശാന്തവും ധീരവും പ്രത്യാശാസമന്വിതവുമായ ഹൃദയത്തോടെ യുദ്ധംചെയ്യുന്നവനെന്നും" ഒമ്പതാംപീയൂസു് മാർപ്പാപ്പാ അദ്ദേഹത്തെ സംബോധനംചെയ്തു. പ്രസ്തുത ലിഖിതത്തിൽ യൂനിവേഴ്സിൻെറ പൊതുതത്ത്വങ്ങളെ സമാദരിക്കുകയും പ്രകാശവും അന്ധകാരവും സംയോജിപ്പിക്കുവാൻ ശ്രമിക്കുകയോ അന്നത്തെ വ്യാജവിജ്ഞാനത്തിൻെറ മുമ്പിൽ തലകുനിക്കുകയോ ചെയ്യുന്നവരെ ശപിക്കുകയും ചെയ്തിട്ടുണ്ടു്.

രണ്ടു മാസത്തെ മുടക്കിനുശേഷം യൂനിവേഴ്സ് വീണ്ടും പുറപ്പെട്ടു. അനുതാപലക്ഷണമൊന്നും പത്രം പ്രകടിപ്പിച്ചില്ല. യൂനിവേഴ്സ് ഒരു അകാലിക മരണം വരിക്കുമെന്നാണു തങ്ങൾക്കു് എല്ലായ്പോഴും തോന്നിയിട്ടുള്ളതെന്നും താഴ്മയായ ഒരന്ത്യം പ്രാപിക്കുവാൻ താൻ ഒന്നും ചെയ്യുന്നതല്ലെങ്കിലും അങ്ങനെ സംഭവിക്കാതിരിക്കുവാൻ താൻ ഒന്നും ചെയ്യുന്നതല്ലെന്നും പ്രഥമലക്കത്തിൽത്തന്നെ അദ്ദേഹം പ്രസ്താവിച്ചു. ആറു മാസം കഴിഞ്ഞു വീണ്ടും പത്രത്തിനു രണ്ടു വാരത്തേക്കു മുടക്കുകിട്ടി. സ്പാനിഷ് ശവമ്മെൻറിനെ നിന്ദിച്ചെഴുതിയെന്നാണു കാരണം പറഞ്ഞതു്. പിഴ ശിക്ഷയും വരിസംഖ്യ നഷ്ടവും നിമിത്തം ഈ മുടക്കുകളെല്ലാം വോയിലോയ്ക്കു വമ്പിച്ച നഷ്ടത്തിനു കാരണമായിരുന്നെങ്കിലും ഒരു ബഹുമാനമായിട്ടാണു് ഇവ അദ്ദേഹം വീക്ഷിച്ചതു്. വിചാരണകൂടാതെയും കുറ്റം സൂചിപ്പിക്കാതെയുമാണു് ഓരോ പ്രാവശ്യവും പത്രം മുടക്കിയതെന്നും അതു വലിയ ഒരു നീതിയാണെന്നും അനുവാചകരെ വോയിലോ ഗ്രഹിപ്പിക്കുകയുണ്ടായി. യൂനിവേഴ്സ് പത്രാധിപരെ ഭീഷണിപ്പെടുത്തുവാനുള്ള നെപ്പോളിയൻ തൃതീയൻറെ ഉദ്ദേശങ്ങളെല്ലാം പരാജയപ്പെടുകയാണു ചെയ്തതു്; കാരണം, പത്രം വീണ്ടും പുറത്തുവന്നപ്പോൾ അതിൻറെ ഒരു ലക്കം പോലും മുടങ്ങിയിട്ടില്ലാത്ത മട്ടിലാണു പ്രത്യക്ഷപ്പെട്ടിരുന്നതു്.

പത്തൊൻപതാം ശതാബ്ദത്തിലെ സംസ്കാരത്തെ പൊതുവായും ലിബറലിസത്തെ പ്രത്യേകമായും വിമർശിക്കുകയെന്നതായിരുന്നു യൂനിവേഴ്സ് പത്രത്തിൻറെ പ്രത്യേകത. ഫ്രാൻസിലെ അഭ്യസ്തവിദ്യരെന്നു് അഭിമാനിക്കുന്നവരെല്ലാം തിരുസ്സഭയെ നിശിതമായി വിമർശിച്ചിരുന്ന കാലത്താണു വോയിലോ

ജീവിച്ചതു്. ഫ്രഞ്ചു് കോളെജുകളിലെ ക്ലാസുമുറികളിൽ പണ്ഡിതന്മാക്കു തെല്ലും യോജിക്കാത്തവിധം കവിനെയും മിഷെലെയും (Quinet and Michelet) തിരുസ്സഭയെ അധിക്ഷേപിച്ചുകൊണ്ടിരുന്നു. "വോൾട്ടയറിനേക്കൊണ്ടു് ഈ കത്തോലിക്കരെ തല്ലിക്കും." എന്നാണു തിയേർ (Tiers) നിയമസഭയിൽ പ്രസംഗിച്ചുകൊണ്ടിരുന്നതു്. പാരീസിലെ മാസികകളെല്ലാം വൈദികവിദ്വേഷം വമിക്കുകയായിരുന്നു. വോൾട്ടയരുടേയും റൂസോയുടേയും പുതിയ പതിപ്പുകൾ എല്ലാ വത്സരവും പുറത്തുവന്നുകൊണ്ടിരുന്നു. ഇപ്രകാരം കഴിയുന്നതുവരെ ഒളിച്ചുകളയാം എന്നു കത്തോലിക്കർ വിചാരിക്കാൻ തുടങ്ങിയപ്പോൾ വോയിലോ പറയുകയാണു താൻ ഒരു കത്തോലിക്കനായിരിക്കുന്നതിൽ അഭിമാനംകൊള്ളുന്നുവെന്നും തിരുസ്സഭയുടെ ശത്രുക്കളാണു് അജ്ഞരും കൊള്ളരുതാത്തവരുമെന്നും. അന്നത്തെ സ്വതന്ത്രചിന്തകർ വോയിലോയെ കഠിനമായി അധിക്ഷേപിച്ചുകൊണ്ടിരുന്നപ്പോൾ യൂനിവേഴ്സിലെ ലേഖനങ്ങൾകൊണ്ടു് വോയിലോയും അവരെ നിശിതമായി എതിർത്തു. അവരേക്കാൾ വാഗ്വിലാസം കൂടുതലായിരുന്ന വോയിലോയ്ക്കു്. പുച്ഛം, അവഹേളനം, പരിഹാസം എന്നീ അവരുടെ ഉപകരണങ്ങൾ കൂടുതൽ കാര്യക്ഷമമായി വോയിലോ പ്രയോഗിച്ചു. അത്തരം പ്രയോഗങ്ങൾ ജനങ്ങൾക്കു് ഇഷ്ടപ്പെട്ടിരുന്ന കാലമായിരുന്നതിനാൽ വോയിലോ വിജയം കൈവരിച്ചു. മിതഭാഷികളെ ആരും ഗൗനിച്ചിരുന്നുമില്ല.

കടുത്ത ഭാഷ ഉപയോഗിച്ചിരുന്നതുകൊണ്ടു് യൂനിവേഴ്സ് ഒരു "വല്ലാത്ത" പത്രമായിട്ടാണു് ഏവരും കരുതിയിരുന്നതു്. പാരീസിലെ തെരുവീഥികളിൽ വളർന്നുവന്നയാളാണു് വോയിലോ എന്ന

കാരപ്പം നമ്മെ വിസ്മരിക്കരുത്. പത്രാധിപരായിട്ട് ഉയർന്നു വന്നുവെങ്കിലും ഒരു സാധുബാലന്റെ ഭാഷാരീതിയും പ്രകോപന ശീലവും വിട്ടുമാറിയിട്ടില്ലായിരുന്നു. വോൾട്ടയറിന്റേതായിരുന്ന ശൈലി. ലിതീയ സാമ്രാജ്യത്തിലെ തിരുസ്സഭാ ചരിത്രം രചിച്ച പിയേർ ദെ ലാ ഗോഴ്സ് (Pierre De La Gorce) പറയുന്നതു വോൾട്ടയർ വോയിലോയുടെ വേഷത്തിൽ സങ്കീർത്തികളിൽ ചുറ്റിപ്പറ്റി കഴിയുകയാണെന്നത്രെ. അദ്ദേഹം പറയുന്നു: "കണ്ടാലും, വോൾട്ടയർ മാർപ്പാപ്പായുടെ പരമാധികാരം സ്ഥാപിക്കുവാൻ തുടങ്ങിയിരിക്കുന്നു." ഫ്രഞ്ച് ഭാഷയിലേ ചില സുന്ദരപക്ഷങ്ങളാണു വോയിലോയുടെ പ്രബന്ധങ്ങളെന്നാണു പ്രസിദ്ധ നിരീക്ഷകനായ സെയിൻറ് ബോവ് പറയുന്നതു്. വ്യാപദേശക ഗ്രന്ഥ രചന മാറ്റി അന്നത്തെ ലൗകിക നിലപാടുകളനുസരിച്ചു് എഴുതുകയായിരുന്നെങ്കിൽ അദ്ദേഹം ഫ്രഞ്ച് അക്കാഡമി അംഗമാകുമായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ എല്ലാ സാഹിത്യമഞ്ജരികളിലും സ്ഥാനം പിടിക്കുമായിരുന്നുവെന്നു നിർണ്ണയം.

വോയിലോ ജോലികൊണ്ടും സ്വഭാവംകൊണ്ടും ഒരു പത്രപ്രവർത്തകൻ തന്നെയായിരുന്നുവെന്നു സന്ദേഹമില്ല. സാഹിത്യത്തിലെ പൊടിക്കൈകളെല്ലാം അദ്ദേഹം വിനിയോഗിച്ചിരുന്നു: വിരോധാഭാസം, ഭംഗിഭാഷണം, ചുട്ടമറുപടി, ദൃതപ്രത്യാഖ്യാനം ഇത്യാദി ഖണ്ഡികകളോരോന്നും തറച്ചുകയറും. കോപം, പുച്ഛം, പരിഹാസം, ഫലിതം, നിന്ദനം മുതലായ സകല ഭാവങ്ങളും അദ്ദേഹത്തിന്റെ പ്രബന്ധങ്ങളിൽ സങ്കീർണ്ണമായിരുന്നു. ഭയത്തെല്ലുംകൂടാതെയാണു് വോയിലോ തൂലിക വഹിച്ചിരുന്നതു്. ചുറുക്കുകൊണ്ടാണു്, തേൻകൊണ്ടല്ല താൻ എഴുതിയിരു

ന്നതെന്നു് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടു്. പത്രപ്രവർത്തകന്മാരുടെ എത്രയും കായ്ക്ഷമമായ ആയുധം പരിഹാസമായിരുന്ന കാലത്തു് വോയിലോയുടെ ചുട്ട വാക്കുകൾ ഫ്രാൻസിൽ എത്രയും പ്രിയംകരമായിരുന്നു. മോണ്ടലമ്പെറിന്റെ വാർത്ത കടഞ്ഞെടുത്ത ശൈലി അനേകരെ സ്പർശിക്കപോലും ചെയ്തില്ല; എന്നാൽ, വോയിലോയുടെ തീപ്പൊരി സാഹിത്യം അനേകരെ വശീകരിക്കുതന്നെ ചെയ്തു. അദ്ദേഹത്തിന്റെ പരിഹാസങ്ങളുടെ ഇടയിൽ മറഞ്ഞുകിടന്നിരുന്ന സനാതന സത്യങ്ങൾ പല അനുവാചകരും ഗ്രഹിച്ചിട്ടുണ്ടായിരിക്കയില്ല; എന്നാൽ, അനേക കൊല്ലങ്ങളായി തിരുസ്സഭാശത്രുക്കൾ സ്വതന്ത്രമായി പ്രയോഗിച്ചിരുന്ന പരിഹാസമാകുന്ന അമ്പു് അവക്കെതിരായിത്തന്നെ തൊടുത്തുവിട്ടു.

വോയിലോയുടെ ഗ്രന്ഥങ്ങൾ ഇന്നു വായിക്കുന്നവർക്കു് പല തെറ്റിദ്ധാരണകളും ഉണ്ടാകാവുന്നതാണു്; കാരണം, അദ്ദേഹത്തിന്റെ തൂലികാശത്രുക്കളെല്ലാം പരിത്യാജ്യകോടിയിൽ അമർന്നുപോയിക്കഴിഞ്ഞു. ഏതു സംഗതികളെ തല്ലിത്തകർക്കുവാനായി അദ്ദേഹം തൂലിക കൈയിലേന്തിയോ, ആ സംഗതികളൊന്നും നമുക്കു നിശ്ചയമില്ലാത്തതിനാൽ അദ്ദേഹത്തിന്റെ ശൈലി അതിശയോക്തിയായിത്തോന്നും. അദ്ദേഹം എഴുതിയ കാലത്തു് എതിരാളികളുടെ ചുട്ട വാദങ്ങൾ ഏവർക്കും സുപരിചിതമായിരുന്നതിനാൽ വോയിലോയുടെ ഗ്രന്ഥങ്ങൾ ആസ്വാദ്യമായിരുന്നു. ഇന്നും അദ്ദേഹത്തിന്റെ ഫലിതമിശ്രിതമായ പ്രത്യാഖ്യാനങ്ങൾ രസാവഹമായിത്തോന്നും. വിക്ടർ ഹ്യൂഗോയുടെ ഒരു പുസ്തകത്തിനു് വോയിലോ എഴുതിയ പ്രത്യാഖ്യാനം എത്രയും വേദനാജനകമായിപ്പോയെന്നു് അദ്ദേഹം ആവലാതിപ്പെട്ടപ്പോൾ നമ്മുടെ കഥാനായകൻ ഇപ്ര

കാരമെഴുതി: "ഞാൻ അങ്ങേയ്ക്ക് നല്കിയതു് വെറും സൂചികുത്തുകളാണു്. എപ്പോഴും മാന്തിക്കൊണ്ടിരിക്കുന്നതുകൊണ്ടാണു് വ്രണം പഴുത്തുപോയതു്." ലമർട്ടിനേപ്പറ്റിയുള്ള നിരൂപണം എത്ര സൂക്ഷ്മമാണെന്നു നോക്കുക: "അരോചകമായ മതതീക്ഷ്ണതയുടെ വേഷത്തിൽ കഴിയുന്ന ഒരു സംശയവാദിയാണു് ലമർട്ടിൻ."

ഈട്ടശുമായിരുന്ന വോയിലോയുടെ ശൈലി. ശത്രുക്കളും മിത്രങ്ങളും വോയിലോയുടെ പ്രബന്ധങ്ങളും അത്യാർത്തിയോടെ വായിച്ചിരുന്നു. അങ്ങനെ, യൂനിവേഴ്സ് പത്രത്തിന്റെ മാറ്റു കൂടിത്തന്നെ നിന്നു. അതു് യൂറോപ്പു മുഴുവനും കത്തോലിക്കാപക്ഷത്തിനുള്ള പ്രബലമായ ആയുധമായിത്തീർന്നു.

വോയിലോയുടെ സ്വഭാവനിരൂപണം

സരളമായ തൂലിക കൈയിലേന്തിയിരുന്ന ഒരു സരസ ഗ്രന്ഥകാരൻ മാത്രമല്ലായിരുന്നു ലൂയി വോയിലോ. സയുക്തികം ചിന്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു; എന്നാൽ, അദ്ദേഹം ഒരു ദൈവശാസ്ത്രജ്ഞനോ തത്ത്വശാസ്ത്രജ്ഞനോ ആയിരുന്നില്ല. ദൈവശാസ്ത്രപരവും തത്ത്വശാസ്ത്രപരവുമായ വിഷയങ്ങളെപ്പറ്റി ബുദ്ധിപൂർവ്വം ചിന്തിക്കുവാനും സാധാരണക്കാർക്കുകൂടി ഗ്രഹിക്കുവാൻ സാധിക്കത്തക്കവിധം എഴുതുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. തടിച്ച ശരീരവും കൊഴുത്ത ബുദ്ധിയും ഒത്തുചേർന്ന ഒരു രസികനായ മനുഷ്യനായിരുന്നു വോയിലോ. ഒരു നല്ല യുക്തിയെന്നതുപോലെ നല്ല ഭക്ഷണവും നല്ല വീഞ്ഞും അദ്ദേഹത്തിനു് ഇഷ്ടമായിരുന്നു. ഫ്രഞ്ചു് ജനതയ്ക്ക് അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങളും പ്രകോപ

നശീലവും അജ്ഞാതമായിരുന്നില്ല. കാലത്തിന്റെ വഴിപിഴച്ച കാൽപാടുകളെ നേർവഴിയിലേക്കു തിരിക്കുവാനും തിരുസ്സഭയുടെ നിലപാട് സംരക്ഷിക്കുവാനുമായി നിലകൊണ്ടിരുന്ന ഒരു പ്രസിദ്ധീകരണത്തിന്റെ പത്രാധിപരെന്ന നിലയിൽ അങ്ങനെയൊരഭിപ്രായം പ്രചരിക്കുക എന്നതു സ്വാഭാവികം മാത്രമാണ്. വോയിലോ ഒരു പടയാളിയായിരുന്നു. പത്തൊൻപതാം ശതാബ്ദത്തിലെ പത്രപ്രവർത്തനത്തിന്റെ സ്ഥിതി പരിശോധിക്കുമ്പോൾ വോയിലോയെ "ക്രിസ്തുവിന്റെ നായാട്ടുപട്ടി", "പ്രഭാതഭക്ഷണത്തിനുമുമ്പു് അനുദിനം ഒരു ഫിലിസ്ത്യനെ കൊല്ലുന്നുവെന്നു് അഭിമാനിക്കുന്നവൻ" എന്നൊക്കെ അഭിധാനങ്ങളുണ്ടായിട്ടുള്ളതു് വിസ്മയജനകമല്ല.

ഈ സംബോധനങ്ങളും സ്വല്പം മികച്ചവതന്നെയാണു്; എന്നാൽ, തെല്ലൊരടിസ്ഥാനമില്ലാത്ത സംജ്ഞകളല്ല. മിതത്വത്തെ വോയിലോ ഭീരുത്വമായിട്ടും വിദ്വേഷമായിട്ടുമാണു കരുതിയതു്. കാര്യസാദ്ധ്യത്തിനു ബഹളത്തേക്കാൾ നല്ലതു ശാന്തതയാണെന്നു് ഒരു സ്നേഹിതൻ വോയിലോയോടു പറഞ്ഞപ്പോൾ അദ്ദേഹം കൊടുത്ത മറുപടി പ്രസിദ്ധമാണു്: "മുഹമ്മദീയർ ക്രിസ്തീയ ക്ഷേത്രങ്ങൾ നശിപ്പിക്കുന്നതു വിളയിൽ രാജാവിന്റെ സ്നേഹിതൻ ഷാൽവിൽ (Joinville) കണ്ടപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ അങ്ങു് ഓർക്കുന്നുവോ? ഈ മുസൽമാന്മാരെ ഒന്നു വേട്ടയാടിയാലെന്താ എന്നു നോക്കാം. അങ്ങു ക്ഷമിക്കണമെന്നു് ആവശ്യപ്പെട്ടുന്ന ഇക്കൂട്ടർ മുസൽമാന്മാരേക്കാൾ എത്ര മോശമാണു്. ഇവരോടു യാതൊരു സന്ധിയുമില്ലെന്നു് ഈശ്വരനെപ്രതി ശപഥംചെയ്യുന്നു. എന്റെ പാദരക്ഷകളിൽ നിക്ഷേപിച്ചിരിക്കുന്ന കുതിമുള്ളുകൾ തള്ളിവരുന്നതു് എനിക്കു കാണാം. എന്റെ

കുതിര കുരയ്ക്കുകയാണു്. എന്റെ വാളു് അതിന്റെ ഉറയിൽ ഇരുന്നു ചലിക്കുന്നു. നമുക്കു് ഇവരെ ചാർജ്ജു് ചെയ്യാം."

ഇത്തരക്കാരനായിരുന്നു വോയിലോ. അബദ്ധങ്ങളേയും അബദ്ധങ്ങളെ എഴുതിപ്പിടിപ്പിക്കുന്നവരേയും സഹിഷ്ണുതയോടുകൂടി വീക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല; എന്നാൽ, ആരെയും ഉപദ്രവിക്കണമെന്നു് അദ്ദേഹം വിചാരിച്ചിരുന്നുമില്ല. ആളെ നോക്കാതെയും വിട്ടുവീഴ്ച കൂടാതെയും സത്യം മുറുകെപ്പിടിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. തന്നെപ്പറ്റിത്തന്നെ വോയിലോ എഴുതിയതു് ഇപ്രകാരമാണു്: "എനിക്കു ശത്രുക്കളുമില്ല, മിത്രങ്ങളുമില്ല. തത്ത്വം സംരക്ഷിക്കുവാനാണെങ്കിൽ എന്റെ സഹോദരനെതിരായിക്കൂടി ഞാൻ പടവെട്ടും; എന്റെ കൊലപാതകിയെക്കൂടി ഞാൻ സ്നേഹിക്കും." 1848 വരെ വോയിലോയോടു് അടുത്തു പെരുമാറിയിട്ടുള്ള മോണ്ടലമ്പെർ ഒസാനാമും ബിഷപ്പു ഡൂപ്പൺ ല്യൂപ്പും മറ്റു ചിലരും ഈ പ്രസ്താവനയുടെ വാസ്തവം ഗ്രഹിച്ചിട്ടുള്ളവരാണു്. സത്യം അപകടത്തിലായാൽപ്പിന്നെ വോയിലോയ്ക്കു് ശത്രുവുമില്ല, മിത്രവുമില്ല. തിരുസ്സഭാസംബന്ധമായ സംഗതികളെല്ലാം ഗണിതശാസ്ത്രപ്രശ്നങ്ങൾപോലെയല്ലെന്നുള്ള കാര്യം വോയിലോയ്ക്കു നിശ്ചയമുണ്ടായിരുന്നില്ലെന്നു തോന്നുന്നു. ചില പ്രവർത്തനങ്ങൾ പല വിധത്തിൽ നടത്താമെന്നുള്ളതു് അദ്ദേഹത്തിനു നിശ്ചയമില്ലാതിരുന്നിരിക്കണം. തന്നോടു യോജിക്കാത്തവരെല്ലാം തിരുസ്സഭയുടെ വൈരികളാണെന്നായിരുന്നു അദ്ദേഹത്തിന്റെ ധാരണ. മെത്രാന്മാരിൽ ചിലരും കർദ്ദിനാളന്മാരിൽ ചിലരും മാർപ്പാപ്പായുടെ പരമാധികാരത്തെ വേണ്ടപോലെ പിന്താങ്ങിയിരു

ന്നില്ലെന്നും അതുകൊണ്ട് അവർ തിരുസ്സഭയുടെ വിരോധികളാണെന്നും വോയിലോ വിചാരിക്കുന്നു.

വോയിലോ ഒരു മൻകോപിയും പെട്ടെന്ന് എടുത്തുചാടുന്ന ഒരു പ്രകൃതക്കാരനുമായിരുന്നു. തന്റെ അഭിപ്രായങ്ങളും കത്തോലിക്കാവിശ്വാസസത്യങ്ങളും പര്യായങ്ങളായിക്കരുതി സ്വന്തം അഭിപ്രായങ്ങൾ സ്ഥാപിക്കുവാൻ എപ്പോഴും പടവെട്ടിക്കൊണ്ടിരിക്കും. കർത്താവായ നൃമൻ കത്തോലിക്കാ തത്ത്വങ്ങളെ സമീപിച്ചിരുന്ന വിധം പോലും ക്ഷയിക്കുവാൻ ഇഷ്ടപ്പെട്ടില്ല. മറവു ചില കത്തോലിക്കരെപ്പോലെ വോയിലോയും ഇംഗ്ലീഷു കർത്താവിന്റെ വിശ്വാസത്തെയും സംശയിച്ചിരുന്നു. കർത്താവ് മാനിക്കുപോലും വേണ്ടപോലെ റോമാസിംഹാസനത്തിനു കീഴ്പ്പെട്ടിരുന്നുവോ എന്നു് അദ്ദേഹം സംശയിച്ചിരുന്നു. ഈ സംശയമനസ്ഥിതിയാണു വോയിലോയുടെ എത്രയും വലിയ കുറവു്. തൽക്കാലത്തിലെല്ലാം എത്രയും സങ്കുചിതമായ ഒരു മനോഭാവം സ്വീകരിക്കാനുള്ള കാരണവും അതുതന്നെയാണു്. അങ്ങാടിപ്പിള്ളയായി തെരുവീഥിയിൽ കിടന്നു വളർന്നുവന്നതാണു വോയിലോയുടെ സങ്കുചിതത്വത്തിനുള്ള കാരണം. "സാധുക്കളുടെ മകനും ഒരു കത്തോലിക്കനുമാകയാൽ ഞാൻ രണ്ടുവിധത്തിൽ സ്വതന്ത്രചിന്തകരുടെ ശത്രുവാണു്" എന്നതും വോയിലോ തന്നെപ്പറ്റിത്തന്നെ എഴുതിയിട്ടുള്ളതു്. ഒരു ദരിദ്രബാലന്റെ തീവ്രതയോടുകൂടി വോയിലോ ആവർത്തിച്ചു പ്രസ്താവിക്കുന്നുണ്ടു് തന്റെ കാർഷികോല്പത്തിയേയും ആ നിലയിൽനിന്നുണ്ടായ വളർച്ചയേയുംപറ്റി. പുതിയ സാഹചര്യങ്ങളോടു് അദ്ദേഹത്തിനു പൂർണ്ണമായി പൊരുത്തപ്പെടുവാൻ കഴിഞ്ഞില്ല. വീപ്പയുണ്ടാക്കി വില്ക്കുന്ന ഒരു വ്യാപാരിയുടെ മകനാണു താനെന്നും അങ്ങനെയുള്ള ഒരാളെ

നിങ്ങളെന്തുമാത്രം മാനിക്കുമെന്നും വോയിലോ ചോദിക്കുന്നതുപോലെ തോന്നുന്നു.

ഗവമ്മെൻറ് ഉദ്യോഗസ്ഥന്മാരും പ്രഭുക്കന്മാരും കോടീശ്വരന്മാരുമായ പ്രധാനികളോട് മാത്രമേ വോയിലോ കോപിച്ചിരുന്നുള്ളു. അവരോട് വളരെ നീചമായിട്ടാണ് ചിലപ്പോൾ അദ്ദേഹം സംസാരിച്ചിരുന്നത്. ഒരു പ്രഭു പ്രഭുവിനോട് വോയിലോ ഇപ്രകാരം ചോദിച്ചു: "വീപ്പയുണ്ടാക്കി വില്ക്കുന്ന ഒരു വ്യാപാരിയുടെ മകനാണ് ഞാൻ. സാർ, ആരുടെ മകനാണ്?" ചിലപ്പോൾ "ശുദ്ധ അസംബന്ധം" തന്നെ പറയും. പോലീസുകാർ അദ്ദേഹത്തിൻറെ എഴുത്തുകൾ കണ്ടെടുത്തു പരിശോധിക്കുന്നുണ്ടെന്നു മനസ്സിലാക്കിയപ്പോൾ പറയുകയാണ്: "ഹാ! പോലീസു ചക്രവർത്തി ജയ്! ചക്രവർത്തിനി ജയ്! രാജകുമാർ ജയ്!" പ്രധാനികളെ മാഹാളിയേപ്പോലെ കുത്തിയിരുന്ന ഈ മനുഷ്യൻ സാധാരണക്കാരെ അത്യധികം സ്നേഹിച്ചിരുന്നു. അവരുടെ വക്താവായിട്ടാണ് തന്നെത്തന്നെ കരുതിയിരുന്നത്. ലൂയി ഫിലിപ്പിൻറെ ഗവമ്മെൻറിനേയും രണ്ടും മൂന്നും റിപ്പബ്ലിക്കുകളേയും വിമർശിച്ചിരുന്നതു സാധുജനങ്ങളുടെ ഗുണത്തിനും അവരുടെ പേരിലുമാണ്. ധനികർ കയ്യടക്കിവച്ചിരിക്കുന്ന ഗവമ്മെൻറുകളും കർഷകരേയും സാധുജനങ്ങളേയും ചൂഷണംചെയ്യുന്നതായിട്ടാണ് അദ്ദേഹം കരുതിയതു്. നീതിയേപ്പറ്റി വോയിലോയ്ക്ക് ഉറച്ച ചില അഭിപ്രായങ്ങളും ഉണ്ടായിരുന്നു. ലിബറൽ വാദികളും സാധുക്കളോട് അനീതിയായും ക്രൂരമായും അനുവർത്തിക്കുന്നതുകണ്ടു് അവരെയെല്ലാം തൻറെ പരിഹാസാവഹേളനമാകുന്ന തിളച്ച എണ്ണയിൽ ഇട്ടു വേവിച്ചു. നിയമദാതാക്കളും ഫ്രാൻസിലെ സാധുജനങ്ങളോട് സംസാരിക്കുന്ന രീതി വോയിലോ ഭാവനംചെയ്തിരിക്കുന്നതു

കണ്ടാലും: "നിങ്ങൾ വിപ്ലവമുണ്ടാക്കിയാൽ നിങ്ങളെ ഞാൻ കൊല്ലും. നിങ്ങൾ മോഷണം നടത്തിയാൽ നിങ്ങൾക്കു ഞങ്ങൾ വിഷം നല്കും. നിങ്ങൾ രോഗികളാണെങ്കിൽ ഞങ്ങൾക്കൊന്നും ചെയ്യാനില്ല. നിങ്ങൾക്കു ചോറില്ലെങ്കിൽ നിങ്ങൾ വേലയ്ക്കു പൊയ്ക്കൊള്ളൂ; അല്ലെങ്കിൽ ചത്തുകൊൾവിൻ. ഞങ്ങൾക്കു നിങ്ങളോടു ചുമതലയൊന്നുമില്ല". വോയിലോയുടെ ഗ്രന്ഥങ്ങളിൽ അവിടവിടെ കാണുന്ന ഇത്തരം വാക്കുകൾ വായിച്ചിട്ടാണു് ലമായിത്തർ പറയുന്നതു്: "ഹാ! ഇദ്ദേഹം ഒരു കത്തോലിക്കനല്ലായിരുന്നുവെങ്കിൽ എന്തൊരു വിപ്ലവകാരിയാകുമായിരുന്നു!"

കുക്ഷേമായ സ്വന്തം ജീവിതരീതിയുടെ പശ്ചാത്തലത്തിൽ നിന്നല്ലാതെ വോയിലോയുടെ പരുപരുത്ത ബാഹ്യപ്രകൃതി ഒരുത്തനും മനസ്സിലാക്കുവാൻ കഴിയുകയില്ല. തീരെ നിരാലംബനല്ലെങ്കിലും പണത്തിനു് എന്നും വിഷമിച്ചാണു വോയിലോ കഴിഞ്ഞിരുന്നതു്. ഒരു മാസത്തെ ശമ്പളംപോലും ഒരു സൂക്ഷിപ്പായിട്ടു മാറിവയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല. വലിയ ഒരു കുടുംബം സംരക്ഷിക്കുവാനുള്ള ഒരു മനുഷ്യന്റെ ജീവിതത്തിൽ ഈദൃശ ദാരിദ്ര്യത്തിന്റെ ചില ഫലങ്ങൾ കാണാതിരിക്കയില്ല. ദാരിദ്ര്യത്തോടു് ഇത്ര പ്രേമബന്ധം ഉണ്ടായിരുന്നിട്ടും യൂനിവേഴ്സ് പത്രം രചിക്കുന്നതും തിരുസ്സഭയ്ക്കുവേണ്ടി പൊരുതുന്നതും തന്റെ ചുമതലയാണെന്നു വോയിലോ കരുതിയിരുന്നതിനാൽ കൂടുതൽ ആദായമുള്ള ഉദ്യോഗങ്ങൾ അദ്ദേഹം അന്വേഷിച്ചുപോയില്ല. ദാരിദ്ര്യത്തെ ഒരനുഗ്രഹമായി വോയിലോ സ്വീകരിച്ചു. "ദാരിദ്ര്യമില്ലായിരുന്നുവെങ്കിൽ ഞാൻ നശിക്കുമായിരുന്നു" എന്നാണു് അദ്ദേഹം പറഞ്ഞിരുന്നതു്. എന്നാൽ, ദാരിദ്ര്യം അദ്ദേഹത്തെ കഠിനഹൃദയനാക്കി. തൽഫല

മായി തന്നോടും ഇതരരോടും കഠിനമായി അദ്ദേഹം വ്യാപരിച്ചു. "ചെറിപ്പിന്റെ ഉള്ളിൽ ഒരു കല്ല വേണം സ്വർഗ്ഗത്തിൽ പോകാൻ" എന്നാണു് വോയിലോ പറഞ്ഞുവന്നിരുന്നതു്. വോയിലോയുടെ ചെരുപ്പിൽ കല്ലുകൾ ധാരാളമുണ്ടായിരുന്നു. ഡ്യൂപ്പൻ ല്യൂപ്പു്, മോണ്ടലമ്പെർ, ഓസാനം, തിയേർ, വിക്ടർ ഹ്യൂഗോ, ലമായിത്തർ എന്നിവർ വിചാരിച്ചിട്ടുണ്ടായിരിക്കണം വോയിലോ തങ്ങളുടെ ചെരുപ്പിലും കല്ലു് ഓരോന്നു് ഇട്ടുകൊണ്ടിരുന്നുവെന്നു്.

വോയിലോ തന്റെ കുടുംബാംഗങ്ങളെ അത്യധികം സ്നേഹിച്ചിരുന്നു. ചെറുപ്പത്തിൽത്തന്നെ ഭാര്യയും ആറു പെൺകുട്ടികളിൽ നാലുപേരും മരിച്ചുപോയി. നാലു മാസത്തിനിടയ്ക്കാണു് ഇവർ അഞ്ചുപേരും മരിച്ചതു്. ഒരു കത്തോലിക്കാ അൽമേനിയെ സംബന്ധിച്ചിടത്തോളം ഇതു വലിയ ഒരു പരീക്ഷതന്നെയായിരുന്നു. ഇതുസംബന്ധിച്ചു് ഒരു സ്നേഹിതനു് എഴുതിയതു് ഇപ്രകാരമാണു്: "ഞാൻ എന്റെ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതുകൊണ്ടു് എന്റെ മനസ്സു് ഇടിഞ്ഞുപോയിട്ടില്ല." അവശേഷിച്ച രണ്ടു മക്കളിൽ ഒരാൾ മഠത്തിൽ ചേർന്നു; രണ്ടാമത്തെയാൾ വിവാഹംകഴിച്ചു. അങ്ങനെ വോയിലോ വർദ്ധക്യത്തിൽ ഏകാകിയായി. അദ്ദേഹത്തിന്റെ കുടുംബജീവിതവും സ്വഭാവപ്രകൃതിയും യൂനിവേഴ്സ് പത്രാധിപത്യവും കൂടിച്ചേർന്നപ്പോൾ ജീവിതം ദുഃഖഭൂയിഷ്ഠമായി. ഗ്രീക്കുകാരുടെ ശോകാന്ത്യനാടകങ്ങളിലെ കഥാപാത്രങ്ങൾക്കു സഹജമായ ക്ലേശങ്ങളും തൊഴിലിന്റെ ഭാരവും വോയിലോ സമഭാവനയോടെ വഹിച്ചു. വിശ്വാസത്തിൽനിന്നു ലഭിച്ച ശക്തിയാണു് ആ മനഃപ്രയാസങ്ങളിൽ ക്ഷീണിതനായ വോയിലോയ്ക്കു് ആലംബമായതു്. ചില അവസരങ്ങളിൽ വോയിലോ

സംശയഗ്രസ്ഥനായി പ്രത്യക്ഷപ്പെട്ടിരുന്നു. അദ്ദേഹം ആവലാതിപ്പെടുന്നതു നോക്കുക: "ഞാൻ സ്വകാര്യ സ്വത്തിനുവേണ്ടി വാദിച്ചു; എന്നാൽ, ഒരു സെൻറ് സമ്പാദിക്കുന്നതിനോ ഒരേക്കർ ഭൂമി വാങ്ങിക്കുന്നതിനോ കഴിഞ്ഞില്ല. പ്രഭുത്വത്തെ ഞാൻ പിന്താങ്ങി; എന്നാൽ, പ്രസ്തുത സ്ഥാനത്തിനു് അർഹതയുള്ള രണ്ടു പേരേപ്പോലും എനിക്കു കാണുവാൻ കഴിഞ്ഞില്ല. രാജാക്കന്മാർക്കായി ഞാൻ ന്യായവാദം നടത്തി; എന്നാൽ, ഈ ലോകത്തിൽ ശരിയായി ഒരു രാജാവു് ഉണ്ടാകുമെന്നു ഞാൻ കരുതുന്നില്ല. ജനങ്ങളോടുള്ള സ്നേഹത്തെപ്രതിയാണു് ഈ ന്യായവാദങ്ങളെല്ലാം നടത്തിയതു്; എന്നാൽ, എന്നെ അവരുടെ ശത്രുവായി ചിത്രീകരിച്ചിരിക്കുന്നു."

സുഖകരമായ ജീവിതത്തിനുള്ള വാസന വോയിലോയ്ക്കു് ഉണ്ടായിരുന്നില്ല. "രണ്ടു കഴുതകളേപ്പോലെ ഞാൻ അദ്ധ്വാനിക്കുകയാണു്. വാർദ്ധക്യം പ്രാപിച്ച എൻെറ ശിരസ്സിനു് ഒരു വിശ്രമവും ഞാൻ അനുവദിക്കുന്നില്ല; എന്നാൽ, എൻെറ വേലയിൽ ഞാൻ സൗഭാഗ്യം കണ്ടെത്തുന്നു" എന്നു് അദ്ദേഹം എഴുതിയിട്ടുള്ളതിൽ അതിശയോക്തിയില്ല. പകൃതി തമാശയിട്ടും പകൃതി വാത്സല്യത്തോടും വോയിലോ പല പ്പോഴും പറഞ്ഞിരുന്ന താൻ യൂനിവേഴ്സിനെ വേളി കഴിച്ചിരിക്കുകയാണെന്നും "ന്യായമല്ലാത്ത ഭാര്യ"യോടുകൂടെ പല അമൂല്യമണിക്കുറുകളും കഴിച്ചുവെന്നും. വോയിലോ തുടർച്ചയായി അദ്ധ്വാനിച്ചുകൊണ്ടിരുന്നു; അല്ലാതെ അവരുടെ പുസ്തകം എഴുതിത്തീരുമോ? വോയിലോയേക്കാൾ കൂടുതൽ സന്തുഷ്ടിയിൽ കഴിയുന്ന ഒരാളെ ക്ഷീണിപ്പിക്കുവാൻ പര്യാപ്തമായ അദ്ധ്വാനങ്ങൾ അദ്ദേഹത്തിൻെറ സ്നേഹിതന്മാരെ അത്യധികം വിസ്മയിപ്പിച്ചിട്ടുണ്ടു്. ഡൊണോസോ

കോർട്ടെസ്സ് എന്ന സ്പാനിഷ് സ്നേഹിതൻ പറഞ്ഞിരുന്നതു പോയിലോ ഒരു മാസംകൊണ്ടു ചെയ്തിരുന്നതു് തനിക്കു് ഒരു കൊല്ലംകൊണ്ടു ചെയ്യാൻ സാധിക്കുകയില്ലെന്നാണു്.

മുൻകോപിയും കഠിനഹൃദയനും സാഹസിയുമായിരുന്നെങ്കിലും, പോയിലോ തന്റെ ദൈവത്തിന്റെയും അവിടത്തെ തിരുസ്സഭയുടെയും വിനീതനും അനുസരണാശീലനുമായ സന്താനമായിരുന്നു. ഭാര്യയും നാലു മക്കളും മരിച്ച സന്ദർഭത്തിൽ ഒരു സ്നേഹിതൻ എഴുതി പോയിലോ തന്റെ ദുഃഖാധിക്യത്താൽ സ്രഷ്ടാവിനെ കൂടി മറുതലിക്കുമെന്നു്. ആ സ്നേഹിതനു് അദ്ദേഹം ഇപ്രകാരം മറുപടി നല്കി: "ഇല്ല, ഞാൻ അടിപ്പെട്ടിട്ടില്ല. ഞാൻ എന്റെ മുട്ടിന്മേൽ നില്ക്കുകയാണു്. ദൈവത്തിനു് അറിയാം അവിടന്നു് എന്താണു ചെയ്യുന്നതെന്നു്. അവിടന്നു നീതിമാനും കാരുണ്യവാനുമാണു്. ഞാൻ അവിടത്തെ വാഴ്ത്തി സ്തുതിക്കതന്നെ ചെയ്യും. ഭാവി ഇരുണ്ടിരിക്കുന്നു. എന്നാൽ, ഞാൻ ഒരു യാത്രക്കാരൻ മാത്രമാണല്ലോ. യാത്ര എത്ര ക്ലേശകരമാണോ അത്രയ്ക്കും വിശ്രമം ആസ്വാദ്യതരമായിരിക്കും. എന്റെ സന്താപം ശമിപ്പിക്കുവാൻ അപേക്ഷിക്കേണ്ടതില്ല. ഒരു ക്രിസ്ത്യാനിയേപ്പോലെ സഹിക്കുവാൻ വേണ്ടി അപേക്ഷിച്ചാൽ മതി. എന്റെ ഹൃദയം പിളർക്കുന്ന കലുഷ വിശ്വാസം, ശരണം, സ്നേഹം എന്ന നിത്യജീവന്റെ ബീജങ്ങളെ വിതയ്ക്കുന്നതിനുവയൽ ഒരുക്കുകയാണു്.

റോമാ മാർപ്പാപ്പായുടേയും അനുസരണയുള്ള മകനായിരുന്നു പോയിലോ. അദ്ദേഹത്തിന്റെ അനുസരണയെ ഒരിക്കൽ മാത്രമേ ഒന്നു പരീക്ഷിച്ചിട്ടുള്ളു. തന്റെ ശത്രുക്കളോടു വർത്തിക്കുന്നതിൽ ഉപവിയുടെ

കുറവുണ്ടെന്നു് ഒമ്പതാം പീയൂസു മാർപ്പാപ്പാ വോയിലോയെ അറിയിച്ചു. തൽസംബന്ധമായി വോയിലോ ഇപ്രകാരം എഴുതിയിരിക്കുന്നു: "മാർപ്പാപ്പാ തിരുമനസ്സിലെ എഴുത്തു വായിച്ച പ്രഥമ നിമിഷം എത്രയും വിഷമകരമായിരുന്നു. ഇതി കർത്തവ്യ മൂഢനായി ഞാൻ." കുറേ കഴിഞ്ഞു് എളിമയോടുകൂടെ ചോദ്യം ഒന്നും ചെയ്യാതെ അനുസരിക്കുവാൻ വോയിലോ നിശ്ചയിച്ചു. ഉപവിയുടെ കുറവുണ്ടെന്നുള്ളതു വോയിലോയ്ക്കു ബോധ്യമായില്ല; പരിശുദ്ധ പിതാവു ശത്രുക്കളുടെ തനിനിറം ശരിയായി ഗ്രഹിച്ചിട്ടില്ലെന്നു് അദ്ദേഹത്തിനു തോന്നി. എന്നു വരുകിലും അനുസരിക്കുന്നതാണു് പുരോഗമിക്കുവാൻ ഉത്തമ മാർഗ്ഗമെന്നു് അദ്ദേഹം ഉറപ്പായി വിശ്വസിച്ചിരുന്നതിനാൽ മാർപ്പാപ്പാ തിരുമേനിയുടെ ശാസനം സ്വീകരിക്കുതന്നെ ചെയ്തു. "ഈ ശാസനം ജാലകം ഭേദിച്ചു ഹൃദയാന്തർഭാഗത്തിൽ പ്രവേശിച്ച ഒരനുഗ്രഹമാണു്" അദ്ദേഹം കരുതി.

ലിബറലിസം

1838-ലെ മാനസാന്തരത്തിനുശേഷം ദൈവം തന്നിൽനിന്നു് എന്താണു പ്രതീക്ഷിക്കുന്നതെന്നതിനേപ്പറ്റി വോയിലോയ്ക്കു യാതൊരു സന്ദേഹവുമുണ്ടായിരുന്നില്ല. റോമയിൽ വച്ചു ലഭിച്ച നവജീവന്റെ പൂർണ്ണത അദ്ദേഹം ശരിയായി മനസ്സിലാക്കിയിരുന്നു. അദ്ദേഹം പറയുന്നു: "തിരുസ്സഭ എനിക്കു പ്രകാശവും സമാധാനവും നൽകി. അവളോടാണു് എന്റെ ബുദ്ധിക്കും ഹൃദയത്തിനും ഞാൻ കടപ്പെട്ടിരിക്കുന്നതു്. അവൾ നിമിത്തമാണു ഞാൻ ജീവിക്കുന്നതും ഞാൻ വിജ്ഞാനിയായിട്ടുള്ളതും ഞാൻ ദൈവത്തെ സ്നേഹിക്കുന്നതും." വോയിലോയ്ക്കു് മാനസാന്ത

രത്തിൽ അപൂർണ്ണതയൊന്നുമില്ലായിരുന്നു. ഒരു നല്ല കത്തോലിക്കനായിരിക്കുക എന്നതാണു ജീവിതത്തിൽ ഏറ്റവും പ്രധാനമെന്നു് അദ്ദേഹം വിശ്വസിക്കുകയും സമസ്തവും കത്തോലിക്കാ വിശ്വാസത്തിനു് അടിയറ വയ്ക്കുകയും ചെയ്തു. "തിരുസ്സഭയാണു് എന്റെ രാജ്യവും എന്റെ കക്ഷിയും." ഇതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. അതിനാൽ, തന്റെ സമയം മുഴുവനും തിരുസ്സഭയുടെ സത്പ്രാവസ്ഥ സംസ്ഥാപിക്കുന്നതിനു സമർപ്പിക്കണമെന്നു വോയിലോ നിശ്ചയിച്ചു. താമസിയാതെ തന്റെ സഹോദരൻ എവുജീനിനോയും മാനസാന്തരപ്പെട്ടെത്തി, യൂനിവേഴ്സിന്റെ സഹപത്രാധിപരായി നിയോഗിക്കുകയും ചെയ്തു. തന്റെ പുതിയ ജോലി അദ്ദേഹം വിവരിച്ചതു് ഇപ്രകാരമാണു്: "എന്നെ സംബന്ധിച്ചിടത്തോളം തിരുസ്സഭയ്ക്കുവേണ്ടി പ്രവർത്തിക്കുവാനായി എന്റെ ജീവിതം മുഴുവനും എന്റെ ബുദ്ധിശക്തിയുടെ സകല കഴിവുകളും സമർപ്പിക്കുവാനും അതു മാത്രം എന്റെ സകല അദ്ധ്വാനങ്ങളുടേയും പരിശ്രമങ്ങളുടേയും അന്ത്യമാക്കുവാനും ഞാൻ നിശ്ചയിച്ചു. ലോകത്തിൽ എനിക്കു് ഒരു സ്ഥാനമോ ബാങ്കു് അക്കൗണ്ടോ ഉണ്ടാകയില്ലെന്നു് എനിക്കു് അറിയാം; എന്നാൽ, അന്നന്നത്തേക്കു സ്വർഗ്ഗീയ മന്ന ഭുജിക്കുവാനും അരുവികളിലെ ശുദ്ധജലം പാനം ചെയ്യുവാനും കുറേ കൊല്ലങ്ങൾ അങ്ങനെ ഈ ലോകത്തിൽ കഴിക്കുവാനും എന്റെ കൃത്യം നിർവ്വഹിച്ചുവെന്നുള്ള കൃതാർത്ഥതയോടുകൂടെ ജീവിക്കുവാനും സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പ്രപഞ്ചത്തിൽനിന്നു പിന്മാറി ഈശ്വര ധ്വജത്തിങ്കൽ നിന്നു് അടരാടണമെന്നുള്ള ദൃഢവിശ്വാസത്തെ യാതൊന്നിനും മാറുവാൻ കഴിയുന്നതല്ല."

വോയിലോ സമരം ചെയ്തു. മോൺസെലേ പറഞ്ഞിട്ടുള്ളതുപോലെ, ദൈവവും വ്യാകരണവും വോയിലോയുടെ പക്ഷത്തായിരുന്നതുകൊണ്ടു വ്യവഹാരകൻ എന്ന നിലയിൽ അദ്ദേഹം പല വിജയങ്ങളും നേടി. എതിരാളികളെ ശരിയായി ബോദ്ധ്യപ്പെടുത്തിയോ, ബോദ്ധ്യപ്പെടുത്തണമെന്നു ആഗ്രഹിച്ചുവോ എന്നുള്ളതു് സന്ദേഹമാണു്. വാദത്തിൽ ജയിക്കണമെന്നുണ്ടായിരുന്നു; അദ്ദേഹം ജയിക്കുകയും ചെയ്തിരുന്നു. തിരുസ്സഭയ്ക്കുണ്ടായിട്ടുള്ള ലിബറൽ വാദികളായ ശത്രുക്കളും എത്ര ക്രൂഷ്ചമായും ബീഭത്സമായും നീചമായുമാണു സംസാരിക്കുന്നതെന്നു വിശദമാക്കണമെന്നോ അദ്ദേഹത്തിനു താൽപര്യമുണ്ടായിരുന്നുള്ളു. അതിലും അദ്ദേഹം വിജയം കൈവരിച്ചു. തിരുസ്സഭയുടെ വക്താവെന്ന നിലയിൽ ശത്രുക്കളോടു നടത്തിയ ഖഡ്ഗപ്രയോഗങ്ങളിലെല്ലാം വോയിലോയ്ക്കു ജയിക്കുവാൻ കഴിഞ്ഞു. ഓരോ പോരാട്ടത്തിലും ഫ്രഞ്ചു് കത്തോലിക്കർ വോയിലോയെ അനുമോദിച്ചു. തിരുസ്സഭാ ശത്രുക്കളുടെ നിലപാടു തെറ്റാണെന്നു യുക്തികൊണ്ടു് ഒരുമ്പായ വീരനു വിശദമാക്കുവാൻ സാധിച്ചുവെന്നുള്ള ബോധ്യം കത്തോലിക്കർക്കു് ഉണ്ടായി. അതിൽ കൂടുതലായി വിജ്ഞാനം പ്രദാനം ചെയ്തുവെന്നുള്ളതിനു ലക്ഷ്യമൊന്നുമില്ല.

ലിബറൽ വാദികളെ വോയിലോ എതിർത്തതു് അവർ ദൈവത്തെ വെറുക്കുന്നതുകൊണ്ടും മനുഷ്യരെ അങ്ങനെ നിന്ദിക്കുന്നതുകൊണ്ടുമാണു്. അതുന്നത നീതിയുടെ ആസ്ഥാനമായി തിരുസ്സഭയെ വോയിലോ പിന്താങ്ങി. ശത്രുക്കളുടെ മതവിദ്വേഷത്തെ ഏറ്റവും വലിയ സാമുദായിക തിന്മയായി കരുതി അവരെ അദ്ദേഹം എതിർത്തു. സ്വതന്ത്രചിന്തകരായ ലിബറൽ വാദികൾക്കെതിരായി വോയിലോ ചൂണ്ടിക്കാണിച്ച

ആക്ഷേപം എത്രയും ശക്തിമത്തായ ഒന്നു തന്നെയായിരുന്നു. എന്നാൽ, വോയിലോ തന്റെ ഉദ്ദേശസിദ്ധിക്കു് എത്രകണ്ടു് ഉപകാരം ചെയ്യുവോ, അത്രകണ്ടു് ദോഷവുംകൂടി വരുത്തിയിട്ടില്ലേ എന്നു തീർത്തു പറയുവാൻ വയ്യാ. അദ്ദേഹത്തിന്റെ തുറന്നയുക്തിവാദവും ശുക്ഷ്മമായ ശൈലിയുമാണു് ഈ സന്ദേഹത്തിനു അടിസ്ഥാനം. സ്വതന്ത്ര ചിന്തകക്കെതിരായ ഗ്രന്ഥങ്ങളിൽ അവരെ കപടഭക്തർ, മരത്തലയന്മാർ, വഞ്ചകന്മാർ എന്നൊക്കെയാണു വോയിലോ പലപ്പോഴും വിളിക്കുന്നതു്. ഈ വാക്കുകളിൽ സഭാശത്രുക്കളുടെ അബദ്ധങ്ങൾ മാത്രമല്ല കുറ്റങ്ങൾകൂടി വ്യഞ്ജിപ്പിക്കുന്നുണ്ടു്. ധീരമായും ഉജ്ജ്വലമായും വാദങ്ങൾ പ്രകാശിപ്പിക്കുവാനുള്ള വോയിലോയുടെ തന്റേടം നമ്മെ അഭിനന്ദിക്കാതിരിക്കയില്ല; എന്നാൽ, അദ്ദേഹത്തിന്റെ മാർഗ്ഗം വിവേകപൂർവ്വമായിരുന്നുവെന്നു നമുക്കു തീർച്ച പറയുവാൻ സാധ്യമല്ല.

സ്വതന്ത്രവാദികൾക്കെതിരായി വോയിലോ ഉന്നയിച്ച വാദങ്ങൾ ശക്തിയുക്തങ്ങളെന്നു പോലെ തന്നെ തലയ്ക്കു നല്ല തല്ലു കൊടുക്കുന്നപോലെയുമായിരുന്നു. അവയിൽ പുതുതായി ഒന്നുമില്ലായിരുന്നുവെന്നതു് വാസ്തവം; എന്നാൽ, തിരുസ്സഭയിലെ യാഥാസ്ഥിതികകക്ഷികൾ പരമ്പരാഗതമായി പ്രയോഗിച്ചിരുന്ന യുക്തികളുടെ നവമായ ഒരു വിശകലനവും പ്രയോഗവുമുണ്ടായിരുന്നു. ഡോണോസോ കോർട്ടെസ്സും ഡെമായിസ്റ്ററും ഉപയോഗിച്ചിരുന്ന യുക്തികൾ തന്നെയായിരുന്നു അവ. അതിനാൽ, അവ ഇവിടെ ആവർത്തിക്കുന്നില്ല. പ്രഞ്ച് അനുവാചകരെ ഉദ്ദേശിച്ചു ഡൊണോസോയുടെ വാദമുഖങ്ങൾ വോയിലോ പ്രചരിപ്പിക്കുകയാണു ചെയ്തതെന്നു പൊതുവേ പറയാം. യൂനിവേഴ്സിന്റെ പംക്തികളിൽ സമകാലിക ലിബറ

ലിസത്തിന്റെ സിദ്ധാന്തങ്ങളും പ്രായോഗിക വശങ്ങളും തുടർച്ചയായി വിമർശിച്ചുകൊണ്ടിരുന്നു. സ്വതന്ത്രചിന്തകരായ കത്തോലിക്കരെ തിരുസ്സഭയിലെ അഞ്ചാംപത്തികളായി ചിത്രിച്ചുവെന്നുള്ളതാണ് അദ്ദേഹത്തിന്റെ മുൻഗാമികളിൽനിന്നുള്ള പ്രധാന വ്യത്യാസം.

കാലങ്ങൾ കടന്നതോടൊപ്പം ലിബറലിസം തിരുസ്സഭയുടെ ശത്രുവാണെന്നുള്ള വിശ്വാസം വളർന്നു വന്നു. ലിബറൽ ചിന്താഗതിയുള്ള എല്ലാവരേയും ഒന്നുപോലെ സഭാശത്രുക്കളായി അദ്ദേഹം താറടിച്ചു. ഇങ്ങനെ ഓസാനം, മോണ്ടലമ്പെർട്ട്, ബിഷപ്പു ഡുപ്പൻലൂപ്പ് എന്നിവരേപ്പോലെ സദുദ്ദേശികളും ശിഷ്ടരും പണ്ഡിതരുമായ പലരും ലിബറൽ കത്തോലിസെന്ന നിലയിൽ സഭാശത്രുക്കളായിത്തീർന്നു പോയിലോയുടെ ദൃഷ്ടിയിൽ. ആധുനിക പരിഷ്കാരത്തേയും തിരുസ്സഭയേയും യോജിപ്പിച്ചുകൊണ്ടു പോകുവാനാണ് ഇവർ പരിശ്രമിച്ചതു്. ഇദ്ദേഹത്തിനുശേഷം കാലങ്ങളിൽ ഇവരുടെ വീക്ഷണം പ്രായോഗികമാക്കപ്പെട്ടിട്ടുണ്ട്. കുറേനാൾ പോയിലോ ലിബറൽ കത്തോലിക്കരുടെകൂടെ ചേർന്നു നിന്നു പരിശ്രമിച്ചു; എന്നാൽ, 1884–ലെ വിപ്ലവവും തൽഫലമായി ഉൽഭൂതമായ സാഹചര്യങ്ങളും പോയിലോയെ ലിബറൽ കക്ഷിയിൽ നിന്നു് അത്യധികം അകറ്റി. ലിബറലിസത്തിന്റെ രുചി വേണ്ടുപോളം അറിഞ്ഞുവെന്നാണ് അദ്ദേഹം വിചാരിച്ചതു്. അതിന്റെ കാതൽ തന്നെ വിഷമമായി അദ്ദേഹം കരുതുകയും അതിന്റെ ഉദ്ദേശങ്ങളോടും മുദ്രാവാക്യങ്ങളോടുംകൂടെ അതിനെ തിരസ്കരിക്കുകയും ചെയ്തു. അതിനാൽ, സമകാലിക പരിഷ്കാരവും തിരുസ്സഭയും തമ്മിൽ പൊരുത്തപ്പെടുത്തുവാനുള്ള സകല പരിശ്രമങ്ങളേയും യൂനിവേഴ്സ് എതിർത്തു. പോയിലോയ്ക്കു

തോന്നിയതു പിട്ടുവീഴ്ചകൾ പാപവും പിശാചിനോടുള്ള വേഴ്ചയുമാണെന്നാണു്.

ഈ അടിസ്ഥാനത്തിന്മേൽ വോയലോ ഓസാനാമിനേയും എതിർത്തു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രയോജനം നിഷേധിക്കുവാനിടയായതും അതേ കാരണത്താലാണു്. നല്ല കത്തോലിക്കൻ നാസങ്ങളിലൂടെ അഗ്നിവമിച്ചുകൊണ്ടു ലോകത്തെ സമീപിക്കണം. അല്ലാതെ ഒരു പാത്രം പച്ചവെള്ളം കൊണ്ടല്ല എന്നായിരുന്നു വോയിലോയുടെ അഭിമതം. അതിനാൽ അദ്ദേഹം ഓസാനാമിന്റെ വ്യക്തിപരമായ വിശുദ്ധിയെ സമാദരിച്ചുവെങ്കിലും അദ്ദേഹത്തിന്റെ വ്യാപദേശത്തപ്പങ്ങൾ നിഷേധിക്കതന്നെ ചെയ്തു. പ്രസിദ്ധീകരണങ്ങളെ താൻ വിമർശിച്ചിരുന്നതുപോലെ വിമർശിക്കുന്നതിനു പകരം പണ്ഡിതോചിതമായ ഗവേഷണം നടത്തി ഓസാനം തന്റെ കഴിവുകൾ വ്യർത്ഥമാക്കുന്നതിനെ അദ്ദേഹം കുറപ്പെടുത്തി. ലിബറൽ വാദികൾക്കെതിരായി യൂനിവേഴ്സിന്റെ പക്ഷത്തു നില്ക്കുന്നതിനു പകരം തന്റെ പഠനമുറിയുടെ വാതായനത്തിങ്കൽ വന്നു അദ്ദേഹത്തിന്റെ മാധുര്യവും സ്വഭാവഗുണവും സമ്മതിക്കുന്നിടത്തോളം തന്നെയും കൂട്ടുകാരേയും അധിക്ഷേപിച്ചതിനു് ഓസാനാമിനെ അദ്ദേഹം ശാസിച്ചു. ആദർശ ക്രിസ്ത്യാനിയായി തന്റെ അനുകരണത്തിനു ഓസാനാമിനെ ഉയർത്തിപ്പിടിച്ചു കാണിക്കുന്നതു് അദ്ദേഹത്തിനു് അസഹനീയമായിരുന്നു. അദ്ദേഹം പ്രത്യാഖ്യാനം നൽകിയതു് ഇങ്ങനെയാണു്: "പുണ്യവാന്മാരുടെ ജീവചരിത്രങ്ങളിൽ ക്രിസ്തീയ പുണ്യങ്ങളുടേയും വിജ്ഞാനത്തിന്റേയും പല മാതൃകകളുണ്ടു്; എന്നാൽ, സത്യത്തെ തിരസ്കരിക്കുവാൻ ഉപദേശിക്കുന്ന ഒരു പുണ്യവാനേയും കാണുന്നില്ല."

ഈ സംഗതിയിലാണു വോയിലോയും ലിബറൽ കത്തോലിക്കരും തമ്മിൽ തെറ്റിയതു്. സമകാലിക സംസ്കാരത്തോടു പൊരുത്തപ്പെട്ടു പോകുവാൻ സത്യത്തെ ബലിചെയ്യുകയാണെന്നു് അദ്ദേഹം വിചാരിച്ചു. ഈ പിടിവു വർദ്ധിപ്പിക്കുന്ന ചില സംഭവങ്ങളുണ്ടായി. അതിലൊന്നാണു സ്കൂൾ നടത്തിപ്പിൽ തിരുസ്സഭയ്ക്കു ചില അവകാശങ്ങൾ അനുവദിക്കുന്ന ഫാൽമ്പിൽ. മുമ്പൊരിക്കൽ ഇതിനെപ്പറ്റി ഒരു വാക്കു പറഞ്ഞിട്ടുള്ളതാണു്. വോയിലോ അതു് അപര്യാപ്തമായി തള്ളി. എന്നാൽ, ആദർശമായ ഒരു പദ്ധതിയല്ലെങ്കിലും ബിഷപ്പു ഡൂപ്പൺ ലൂപ്പും മോണ്ടലമ്പെർട്ടും അതു തിരുസ്സഭയുടെ വമ്പിച്ച വിജയമായി കരുതി. വോയിലോ ആദർശം നിറവേറണമെന്നാഗ്രഹിച്ചു. അല്ലെങ്കിൽ ഒന്നും വേണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. തന്നിമിത്തം വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനായി മോണ്ടലമ്പെർട്ടു നടത്തിയ ദീർഘമായ സമരത്തേയും അദ്ദേഹത്തിനു സിദ്ധിച്ച ഭാഗികമായ വിജയത്തേയും അനുസ്മരിച്ചു് ഒമ്പതാം പീയൂസു മാർപ്പാപ്പാ അദ്ദേഹത്തെ അനുമോദിച്ചപ്പോൾ വോയിലോ അല്പം ചീറിക്കാണണം.

1864-ൽ അബദ്ധങ്ങളുടെ പട്ടിക അഥവാ സിലബസ് ഒമ്പതാം പീയൂസു മാർപ്പാപ്പാ പ്രസിദ്ധം ചെയ്തു. ഇതു വോയിലോയും ലിബറൽ കത്തോലിക്കരും തമ്മിലുള്ള അകൽച്ച വർദ്ധിപ്പിച്ചതേയുള്ളു. യൂനിവേഴ്സ് അന്നു നിരോധിതമായിരുന്നതിനാൽ "മോന്തെ"യുടെ പംക്തികളിൽക്കൂടി വോയിലോ തന്റെ ആനന്ദം പ്രകടിപ്പിക്കുകയും ഓരോന്നും വളരെ കക്ഷമായി വ്യാഖ്യാനിക്കുകയും ചെയ്തു. പണ്ഡിതനും ദൈവശാസ്ത്ര പടുവുമായ ബിഷപ്പു ഡൂപ്പൺ ലൂപ്പ് വോയിലോയുടെ വ്യാഖ്യാനത്തെ നിരങ്കുശം

വിമർശിച്ചു. വിപുലമായ അർത്ഥത്തിൽ അദ്ദേഹം സിലബസ് വ്യാഖ്യാനിച്ചു. ബിഷപ്പു തിരുമന സ്സിലെ വ്യാഖ്യാനങ്ങളും അനുഭവത്തോടെ റോമ യിലെ അർജ്ഞദ്യോഗിക കേന്ദ്രങ്ങളും വീക്ഷിച്ചെങ്കി ലും വോയിലോ അവയൊക്കെ തെറ്റാണെന്നു ശഠിച്ചു. പ്രാചീന കാവ്യങ്ങളുടെ ക്ലാസിക്കു ഗ്രന്ഥങ്ങളും കത്തോ ലിക്കർ ഉപയോഗിക്കുന്നതു സംബന്ധിച്ചുപോലും രണ്ടു പേക്കും വ്യത്യസ്താഭിപ്രായങ്ങളാണുണ്ടായിരു ന്നതു്. ഗ്രീക്കും ലത്തീനും പഠിക്കുവാനായി അവ സെമ്മിനരികളിൽ ഉപയോഗിക്കുന്നതു പോലും അനാ വശ്യവും അബദ്ധവുമാണെന്നു് വോയിലോ ശഠിച്ചു. അവയിൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങളും നിരാകരിച്ചുകൊണ്ടു് അവയെ സാഹിത്യ മാതൃക കളായി സ്വീകരിച്ചു പോന്നിരുന്ന പ്രാചീന കത്തോ ലിക്കാ പാരമ്പര്യത്തെ ബിഷപ്പു ഡൂപ്പൺ ലൂപ്പ് ന്യായീകരിക്കുകയാണു ചെയ്തതു്.

വെറും നയം സംബന്ധിക്കുന്ന ഈദൃശവിഷ യങ്ങളിൽ ഉയർന്ന വാദരീതി അവലംബിക്കുക സു സാധ്യമല്ലല്ലോ. വോയിലോയുടെ തീവ്രമായ ശൈ ലിയും ബിഷപ്പു ഡൂപ്പൺ ലൂപ്പ് അൽമേനികളോടു സ്വീകരിച്ചിരുന്ന അധികാരപ്രമത്തമായ ഭാവവും സ്വാഭാവികമായിട്ടതന്നെ വ്യക്തിപരമായ അവഹേ ളനങ്ങളിലും അസത്യാരോപണത്തിലും ചെന്നു ചേർന്നു. ക്ലാസിക്കു ഗ്രന്ഥങ്ങളുടെ ഉപയോഗത്തെപ്പറ്റി ഡൂപ്പൺ ലൂപ്പ് എഴുതിയ ലേഖനത്തെ വോയിലോ വിമർശിച്ചു. യൂനിവേഴ്സ് തന്റെ ശ്രുതയിലെ ജനങ്ങളും വായിച്ചുകൂടെന്നു ബിഷപ്പു് ഉടനെ പ്രഖ്യാ പിക്കുകയും ചെയ്തു. രണ്ടു പേരും സുവിശ്വാസത്തോ ടെയാണു വർത്തിച്ചതു്. എന്നാൽ, പരസ്പരസമരത്തിൽ രണ്ടുപേരിലും വിവേകത്തിന്റെ അഭാവം സ്പഷ്ടം

ഉണ്ടെന്നു പറയണം. "യൂനിവേഴ്സ് തന്റെ വിധി കത്താവ്" എന്ന അഭിധാനത്തിൽ അനാമകമായി ബിഷപ്പു പ്രസിദ്ധം ചെയ്ത ലേഖനത്തിൽ മാനനഷ്ട ക്കേസിനു് അടിസ്ഥാനമുണ്ടായിരുന്നു. ഈ ഭീരുമായ ആ രോപണങ്ങളാൽ ക്ഷുബ്ധനായ വോയിലോ ബിഷപ്പിന്റെ സത്യസന്ധതയെ സംശയിക്കുവാനും മാർപ്പാപ്പാമാരുടെ അപ്രമാദിത്വം ബിഷപ്പു നിഷേധിച്ചുവെന്നു് ആരോപിച്ചുകൊണ്ടു് അദ്ദേഹം സാവ്വത്രിക സഭയുടെ വിശ്വാസത്തിൽനിന്നു് അകന്നു പോയെന്നു പ്രസ്താവിക്കുവാനും ഇടയായി. 1878–ൽ ബിഷപ്പു് മരിച്ചപ്പോൾ പതിമൂന്നാം ലെയോൺ മാർപ്പാപ്പാ അഭിപ്രായപ്പെട്ടതു് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തിരുസ്സഭയുടെ മഹത്വത്തിനും തിരുസിംഹാസനത്തിന്റെ നന്മയ്ക്കും ഉപകരിച്ചുവെന്നാണു്. എന്നിട്ടും ഓർലീൻസിലെ ബിഷപ്പിനെ വോയിലോ സ്തുതിച്ചില്ല. യൂനിവേഴ്സിൽ ആ സംഭവത്തെപ്പറ്റി ഒരു വാചകമാണു് എഴുതിയതു: "ഈ ജീവിതത്തിൽ അദ്ദേഹം ഒരു പ്രശസ്തഥിതികനായിരുന്നു. എന്നാൽ, ലക്ഷ്യം പ്രാപിച്ചില്ല."

കത്തോലിക്കാ കേന്ദ്രങ്ങളിൽത്തന്നെയുണ്ടായ ഈ പിളർപ്പുകൾ അനേകർക്കു് ഇടർച്ചയ്ക്കു കാരണമായി. ലിബറൽ വാദികൾക്കെതിരായി ഒരു കത്തോലിക്കാ ഐകൃമുന്നണി രൂപവൽക്കരിക്കുവാൻ സാധിക്കാതെ വന്നതു വലിയ ഒരു പോരായ്മയായി കരുതി. നയം സംബന്ധിച്ച ഈ അഭിപ്രായ വ്യത്യാസങ്ങളുടെ അന്തിമഫലം വളരെ നന്നായിരുന്നുവെന്നു നമുക്കു കാണാൻ കഴിയും. രാഷ്ട്രീയവും സാമുദായികവുമായ പല പ്രശ്നങ്ങൾ സംബന്ധിച്ചു തിരുസ്സഭയുടെ നിലപാടു് എന്തെന്നു കത്തോലിക്കർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു. ലൗകിക പരിഷ്കാരങ്ങളോടു് എതുകണ്ടു

തിരുസ്സഭയ്ക്കു യോജിച്ചു പോകാമെന്നുള്ളതു വിശേഷിച്ചും വ്യക്തമായി. മോണ്ടലമ്പെർട്ടും ബിഷപ്പു ഡൂപ്പൻ ലൂപ്പും പക്ഷേ വളരെ മുന്നോട്ടുപോകുവാൻ സന്നദ്ധമാകുമായിരുന്നു. എന്നാൽ, വോയിലോ സകല വിട്ടു വീഴ്ചകൾക്കും എതിരായിരുന്നതുകൊണ്ടു മിതവും ആരോഗ്യപരവുമായ ഒരു നിലപാടു കൈവന്നു. വോയിലോ തിരുസ്സഭയുടേയും മാർപ്പാപ്പാ തിരുമേനിയുടേയും യാഥാസ്ഥിതിക നിലപാടു കാത്തു സൂക്ഷിക്കുന്ന "വിശ്വസ്ത ശ്രുനകൻ" ആയിത്തീർന്നു. ലിബറൽ കത്തോലിക്കർ പലപ്പോഴും വിസ്മരിക്കുവാൻ കൊതിച്ചിരുന്ന ഒരു വസ്തുത വോയിലോ അവരുടെ കൺമുമ്പിൽ എപ്പോഴും വച്ചുകൊണ്ടിരുന്നു. അതായതു്, ലിബറലിസം അതിന്റെ സാരാംശത്തിൽ മതത്തിന്റെ ശത്രുവാണു്; അതിന്റെ ആകർഷണം ബാഹ്യവേഷത്തിന്റെ മോടിയത്രേ. രാജ്യഭരണം ലിബറൽ വാദികൾക്കു സംസിദ്ധമായിക്കഴിയുമ്പോൾ ബാഹ്യവേഷം മാറിവയ്ക്കുകതന്നെ ചെയ്യും. ഇന്നു കണ്ടുപിടിച്ചു നാളെ പുറം തള്ളുന്ന ക്ഷണിക സത്യങ്ങളുടെ പിന്നാലെ പോകുന്ന ലോകം ക്രിസ്തീയ സമ്പത്തെല്ലാം നശിപ്പിക്കുകയാണെന്നും അതിനെ കാത്തു സൂക്ഷിക്കേണ്ടതു കത്തോലിക്കരുടെ ചുമതലയാണെന്നും അദ്ദേഹം ഉജ്ജ്വലമായി വാദിച്ചു.

വോയിലോയുടെ രാഷ്ട്രീയ ചിന്താഗതി

രാഷ്ട്രീയകാര്യങ്ങളിലോ, സാമുദായികപ്രശ്നങ്ങളിലോ, ചിലർ വിചാരിക്കുന്നതുപോലെ, വോയിലോ വിപ്ലവാത്മകമായ ഒരു നിലപാടല്ല സ്വീകരിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ പുസ്തകങ്ങളും യൂനിവേഴ്സ് പത്രലേഖനങ്ങളും വായിച്ചാൽ കാണാം രാജാധിപത്യമോ, പ്രഭുഭരണമോ, ജനാധിപത്യമോ

എന്നുതന്നെ ആയിരുന്നാലും നിലവിലിരിക്കുന്ന ഗവ
മ്മെൻറിനോടു് അദ്ദേഹം ഭക്തിപൂർവ്വമാണ വത്തിച്ചി
രുന്നതെന്നു്. ഏതു പുതിയ ഗവമ്മെൻറ വരുമ്പോഴും
അതു നല്ലതാണെന്ന കരുതി അതിനോടു് അദ്ദേഹം
സഹകരിച്ചു പ്രവത്തിച്ചിരുന്നു. തിരുസ്സഭയോടു്
എതിരാണെന്ന കാണുമ്പോൾ മാത്രമേ ഗവമ്മെൻറ
കളെ വോയിലോ എതിത്തിരുന്നുള്ളു. ഗവമ്മെൻറ
നയങ്ങളെ വൃക്തിപരമായ നിലയിൽ അദ്ദേഹം
വീക്ഷിച്ചിരുന്നില്ല. ഒരു കക്ഷിയോടും യോജിച്ചു
നില്ക്കുവാൻ അദ്ദേഹം തയ്യാറില്ലായിരുന്നു. പ്രത്യുത,
ഓരോ കക്ഷിയും ഗവമ്മെൻറും തിരുസ്സഭയോടു വത്തി
ക്കുന്നതെങ്ങനെയെന്നു നോക്കിക്കൊണ്ടാണു് അവയെ
പിന്താങ്ങുകയും ദ്വേഷിക്കുകയും ചെയ്തിരുന്നതു്. യൂനി
വേഴ്സിലെ തുലികാവൈഭവം നിയമസഭയിലും
പ്രത്യക്ഷപ്പെട്ടമല്ലോ എന്നു കരുതി നിയമസഭാ
സ്ഥാനാത്ഥിയായി നില്ക്കുവാൻ ചിലർ വോയി
ലോയെ പ്രേരിപ്പിക്കുകയുണ്ടായി. പ്രസ്തുത സ്നേഹിത
ന്മാക്കു് അദ്ദേഹം കൊടുത്ത മറുപടി അത്ഥവത്താണു്:
"പാരീസിനെ പ്രതിനിധാനം ചെയ്യാനുള്ള ഗുണ
ങ്ങളം എനിക്കില്ല; ഞാൻ പാരീസിൻെറ പ്രതിനി
ധിയാകുന്നതിനു് അനുയോജ്യമായ ജനങ്ങളം പാരീ
സിലുമില്ല." ലിബറൽ വാദികളുടെ പ്രസിദ്ധീകരണ
ങ്ങളംക്കെതിരായി വോയിലോ വാദിച്ചിരുന്നതു മെത്രാ
ന്മാക്കും രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടാൻ അവ
കാശമുണ്ടെന്നാണു്. സഭയും രാഷ്ട്രവും വേർതിരി
ക്കുന്നതു സംബന്ധിച്ചുള്ള പരമ്പരാഗതമായ യുക്തി
കളം പ്രസിദ്ധമായിരിക്കുന്ന ഇക്കാലത്തും വോയിലോ
കൊടുത്തിരിക്കുന്ന രണ്ടു യുക്തികളം എത്രയും സ്വീ
കാര്യമാണു്. മറവു പൗരന്മാരേപ്പോലെ മെത്രാന്മാരും
രാജ്യത്തിലെ പൗരന്മാരാകയാൽ അവക്കും അവരുടെ
അഭിപ്രായം പറയുവാനും രാഷ്ട്രീയ വാദങ്ങളിൽ

പങ്കെടുക്കുവാനും നിയമ സഭയിൽ ഇരിക്കുവാനും അവ കാശമുണ്ടെന്നു് അദ്ദേഹം വാദിച്ചു. രാഷ്ട്രീയ പ്രശ്ന ങ്ങളും സാമ്പാർശ്ലിക പ്രശ്നങ്ങളും കൂടിക്കലർന്നുപോകു ന്ന സംഗതികളാണെന്നുള്ളതാണു് അദ്ദേഹത്തിന്റെ രണ്ടാമത്തെ വാദമുഖം. രാഷ്ട്രീയ കാര്യങ്ങളി ലെല്ലാം മെത്രാന്മാർ മൗനം അവലംബിക്കുകയാണെ ങ്കിൽ അവർ തങ്ങളുടെ ചുമതല നിർവ്വഹിക്കുന്നി ല്ലെന്നു പറയേണ്ടിവരും. അതിനാൽ ലിബറൽവാദി കൾ അഭിപ്രായപ്പെട്ടിരുന്ന നിബന്ധനകളോടുകൂടി സഭയും രാഷ്ട്രവും വേർതിരിക്കുന്നതിനെ വോയിലോ എതിർത്തു.

നാലു ഗവമ്മെൻറുകളുടെ കീഴിൽ വോയിലോ യൂനി വേഴ്സ് പത്രം നടത്തിയിട്ടുണ്ടു്. ഈ ഗവമ്മെൻറുക ളോരോന്നും വിപ്ലവത്തോടുകൂടെയാണു് അധികാര ത്തിൽ വന്നതു്. ഓരോ ഗവമ്മെൻറിനോടും വോയി ലോയുടെ നയം എന്തായിരുന്നുവെന്നറിയുന്നതു രസാ വഹമാണു്. അതേ സമയം വോയിലോയേപ്പറ്റി യുള്ള പൊതു അഭിപ്രായം വളരെ വ്യത്യാസപ്പെട്ട തെന്നു വരാം. ലൂയി ഫിലിപ്പിന്റെ ജൂലായി രാജാ ധിപത്യത്തെപ്പറ്റി (1830 – 1848) അദ്ദേഹത്തിനു യാതൊരു മതിപ്പുമുണ്ടായിരുന്നില്ല. സ്വതന്ത്ര ചിന്ത കരുടേയും ലിബറൽ വാദികളുടേയും ആദർശങ്ങൾ പൂർണ്ണമായി ഒരുമിച്ചു ചേർന്നതാണു് ആ ഗവമ്മെ ൻറു്. എന്നാൽ, ഭരണാധികാരമുള്ള ഗവമ്മെൻറായി രുന്നതിനാൽ അതിന്റെ നിയമങ്ങളെല്ലാം കഴിവു പോലെ അദ്ദേഹം അനുസരിച്ചു വന്നു. എന്നു വരു കിലും ആ ഗവമ്മെൻറിൽ നിന്നു് ഒരു മാസത്തെ ജയിൽ വാസവും മൂവ്വായിരം ഫ്രാങ്കു പിഴ ശിക്ഷയും അദ്ദേഹത്തിനു കിട്ടി. പാരീസ് സർവ്വകലാശാല വഴി വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കുത്തകയാകുന്നതി

ലുള്ള വിപത്തിനേപ്പറ്റി എഴുതിയ ഒരു പൈലി കന്റെ വശം വാദിച്ചതുകൊണ്ടാണ് ഈ ശിക്ഷ കിട്ടിയതു്.

1848–ലെ വിപ്ലവം വഴി ജൂലായി രാജാധിപത്യത്തെ നീക്കി തൽസ്ഥാനത്തു രണ്ടാം ജനാധിപത്യം ഉദയം ചെയ്തപ്പോൾ യൂനിവേഴ്സ് അഭിപ്രായപ്പെട്ടതു, രാജാധിപത്യത്തിന്റെ അന്ത്യത്തിൽ ദുഃഖിക്കുവാനൊന്നുമില്ലെന്നത്രേ. തുടർന്നു് അദ്ദേഹം പറഞ്ഞതു് ഇപ്രകാരമാണു്: "ഫ്രഞ്ചു് കത്തോലിക്കരേക്കാൾ ഭേദപ്പെട്ട അഥവാ കൂടുതൽ ആത്മാർത്ഥതയുള്ള റിപ്പബ്ലിക്കൻ പൗരന്മാരില്ല." വിപ്ലവം അവസാനിച്ചപ്പോൾ വോയിലോ പ്രസിദ്ധം ചെയ്ത പ്രഖ്യാപനത്തിൽ നിന്നു കാണാം അദ്ദേഹം കണ്ണുപൂട്ടി കൃതിച്ചു ചാടുന്ന വിപ്ലവകാരിയല്ലെന്നു്: "ജൂലായി മാസത്തിൽ ഉദയം ചെയ്ത രാജകുടുംബം നിപതിച്ചിരിക്കുന്നു. മൂന്നു ദിവസമേ വേണ്ടിവന്നുള്ളു വിപ്ലവകാരികൾക്കു വിജയം വരിക്കുവാൻ. വിപ്ലവം പൂർത്തിയായല്ലോ. ചരിത്രത്തിന്റെ ഏടുകളിൽ എത്രയും വിസ്മയാവഹമായ പക്ഷങ്ങൾ തന്നെ ഇവ..... ഇന്നലത്തേപ്പോലെ ഇന്നും വിലപിതമാണു സ്വാതന്ത്ര്യം കൂടാതെ യാതൊന്നും സാധ്യമല്ലെന്നു്. ഇന്നലത്തേപ്പോലെ ഇന്നും സമുദായത്തിന്റെ അസ്ഥിവാരം മതമാണു്. മതം തന്നെയാണു സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്ന സുശക്തദ്രവ്യം. യേശുക്രിസ്തുവിലാണു നാം സഹോദരരാകുന്നതു്. അവിടുന്നാണു നമ്മെ സ്വതന്ത്രരാക്കുന്നതു്. യഥാർത്ഥ സ്വാതന്ത്ര്യം എന്നും കാത്തു സൂക്ഷിച്ചുകൊള്ളും." രണ്ടു ദിവസത്തിനു ശേഷം യൂനിവേഴ്സ് എഴുതിയതു രാജാക്കന്മാക്കു ഭരിക്കുവാൻ ദൈവത്തമായ അവകാശമുണ്ടെന്നുള്ളതിൽ തങ്ങൾ വിശ്വസിക്കുന്നില്ലെന്നും ഭരണാവകാശം ജനങ്ങളുടേ

താണെന്നുള്ള കത്തോലിക്കാ ദൈവശാസ്ത്രം സ്വീകരിക്കുന്നുവെന്നുമത്രേ.

താമസിയാതെ ദ്വിതീയ ജനാധിപത്യത്തെയും വോയിലോ കഠിനമായി വിമർശിക്കുവാൻ തുടങ്ങി. കാരണം, അതു തിരുസ്സഭയെ ദ്രോഹിക്കുവാനും സോഷ്യലിസത്തിലേക്കു നീങ്ങുവാനും ഇടയായതു തന്നെ. യഥാർത്ഥസ്വാതന്ത്ര്യം നിഷേധിക്കുകയും മതാഭ്യസനത്തിനുള്ള മനുഷ്യാവകാശം അവഗണിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ റിപ്പബ്ലിക്കൻ ഗവൺമെൻറ് ഫ്രഞ്ച് ജനതയെ വഞ്ചിച്ചുവെന്നു് അദ്ദേഹം ആക്രോശിച്ചു. അരാജകത്വത്തോടു മല്ലിടുവാൻ കൂയി ബോണപ്പാർട്ടു് അധികാരത്തിലെത്തണമെന്നു മോണ്ടലെമ്പെർട്ടിനേപ്പോലെ വോയിലോയും അഭിലഷിച്ചു. നെപ്പോളിയൻറെ ആ സഹോദര പുത്രനെ അദ്ദേഹം പിന്താങ്ങിയില്ലെങ്കിലും 1851–ൽ കൂയി അധികാരത്തിലെത്തുന്നതിനു വഴിതെളിച്ച വിപ്ലവത്തെ അദ്ദേഹം അധിക്ഷേപിച്ചില്ല. ദ്വിതീയ സാമ്രാജ്യത്തിൽ നിന്നു കിട്ടിയ സൗകര്യത്തേക്കാൾ കൂടുതൽ ഇതു മാറ്റത്തിൽ നിന്നു് അദ്ദേഹം പ്രതീക്ഷിച്ചു. സമാധാനവും ക്രമവും പാലിക്കുവാനും മനുഷ്യനു് അവകാശമുള്ള ന്യായമായ സ്വാതന്ത്ര്യം രക്ഷിക്കുവാനും സാധിക്കുന്ന വിപ്ലവ വിരോധിയായ ഒരു ഗവൺമെൻറായിരിക്കും അതെന്നു് അദ്ദേഹം കരുതി. എന്നാൽ, പ്രതീക്ഷിച്ചപോലെ നെപ്പോളിയൻ തൃതീയൻ തിരുസ്സഭയോടു വിശ്വസ്തനായിരുന്നില്ല; നീതിയും പാലിച്ചില്ല. ചക്രവർത്തിയുടെ ഭരണത്തെ യൂനിവേഴ്സ് ശരിയായി വിമർശിച്ചു. തൽഫലമായി, ഏഴു കൊല്ലം യൂനിവേഴ്സ് മുടക്കിയിട്ടു.

1870–ൽ രണ്ടാമത്തെ സാമ്രാജ്യം അധഃപതിക്കു

കയും മൂന്നാമത്തെ ജനാധിപത്യം ഉദിച്ചുയരുകയും ചെയ്തപ്പോൾ കത്തോലിക്കർ പുതിയ ജനാധിപത്യത്തെ ഭക്തിപൂർവ്വം പിന്താങ്ങണമെന്നു വോയിലോയുനിഃവഴ്സിൽ വ്യക്തമാക്കി. അദ്ദേഹം ഇപ്രകാരമെഴുതി: "സ്വാതന്ത്ര്യത്തോടും നീതിയോടും പൊരുത്തക്കേടൊന്നുമില്ല ജനാധിപത്യത്തിനു്. സ്വേച്ഛാധിപത്യത്തിനു വഴിതെളിക്കുന്ന അക്രമവും അസമാധാനവുമല്ലാതെ മറ്റു പലതും ജനാധിപത്യത്തിനു സാധിക്കും. ജർമ്മനിയോടുള്ള യുദ്ധം തുടർന്നുകൊണ്ടുപോകുന്നതിൽ കത്തോലിക്കർ പുതിയ ഗവർമ്മെൻറിനെ എതിർക്കരുതെന്നു മാത്രമല്ല, ഉത്സാഹപൂർവ്വം അതിനെ പിന്താങ്ങണമെന്നും ഭാവിയിൽ സ്വാതന്ത്ര്യത്തിൻറെ അനുഗ്രങ്ങളും ന്യായമായ ക്രമവും സംസിദ്ധമാകുന്നതിനു പുതിയ ഗവർമ്മെൻറിനെ നേർവഴിക്കു നയിക്കണമെന്നും കത്തോലിക്കരെ അദ്ദേഹം ഉൽബോധിപ്പിച്ചു.

മൂന്നാമത്തെ ജനാധിപത്യം ഒരു ക്രിസ്തീയ രാജ്യമായിരിക്കുമെന്നും തിരുസ്സഭയ്ക്കു അതിൻറെ ചുമതലകൾ സ്വതന്ത്രമായി നിർവ്വഹിക്കാമെന്നും വോയിലോ പ്രതീക്ഷിച്ചിരുന്നു. താമസിയാതെ ആ പ്രതീക്ഷകളെല്ലാം അസ്ഥാനത്തായി. വോയിലോ പാരീസിലായിരുന്നപ്പോൾ നേരിട്ടു തന്നെ കണ്ടു ജനാധിപത്യം അഭിനയിച്ച രംഗങ്ങൾ. ആർച്ചുബിഷപ്പിനെ വധിച്ചതും പള്ളികൾ അശുദ്ധമാക്കിയതും കണ്ടപ്പോൾ ഭീകരഭരണത്തിൻറെ പ്രത്യാഗമനമാണതെന്നു വോയിലോ ഒരു തോന്നിക്കാണണം. തന്മൂലം പുതിയ ഭരണഘടനയുടെ സ്വഭാവത്തെപ്പറ്റി പാരീസിൽ വിചിന്തനംചെയ്തകാലത്തു ജനാധിപത്യത്തേക്കാൾ കൂടുതലായി രാജാധിപത്യത്തെ പിന്താങ്ങുകയാണു ചെയ്തതു്. 1848-ൽ അദ്ദേഹം അഭി

പ്രായപ്പെട്ടതാണ യഥാർത്ഥ ക്രിസ്തീയജനതയ്ക്കു ജനാധിപത്യം നല്ലതാണെന്നു്. എന്നാൽ, കാട്ടുജാതിക്കാരായ ജനക്കൂട്ടത്തിന്റെ കൈയിൽ അതു് എത്രയും വിപൽക്കരമായ ഭരണരീതിയാണെന്നു് അദ്ദേഹം പ്രസ്താവിച്ചു.

മൂന്നാമത്തെ ജനാധിപത്യം കാലക്രമേണ ശക്തി പ്രാപിച്ചു. അതിന്റെ വൈദികവിദ്വേഷപരമായ പ്രവർത്തനങ്ങളിൽനിന്നു വോയിലോയ്ക്കു ബോദ്ധ്യപ്പെട്ട ലിബറൽ വാദികൾ പറഞ്ഞിരുന്നതു വാസ്തവമാണെന്നു്. അതായതു്, ജനാധിപത്യവും തിരുസ്സഭയും തമ്മിൽ സമാധാനമുണ്ടാക്കുക സാദ്ധ്യമല്ല. അതിനാൽ ഗവമ്മെൻറിന്റെ ഓരോപ്രവൃത്തിയും അദ്ദേഹം സൂക്ഷിച്ചു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ തിരുസ്സഭയ്ക്കു ദ്രോഹംവരുത്തുന്നതെന്നു തോന്നിയ സകല പ്രവർത്തനങ്ങളേയും നിശിതമായി അദ്ദേഹം വിമർശിക്കതന്നെ ചെയ്തു. ബിഷപ്പു ഡൂപ്പൻ ലൂയിന്റെ പക്ഷത്തു ചേർന്നിന്നിരുന്ന ഒരു ലിബറൽ കത്തോലിക്കനായിരുന്ന അഗസ്റ്റിൻ കോച്ചിനെ റോമയിൽ പ്രതിനിധിയായി അയച്ചതും അദ്ദേഹം കഠിനമായി ചിത്രിച്ചു. കൊംതെ ദെ ഷാമ്പോർഡിന്റെ (Comte de Chambord) നേതൃത്വത്തിൽ രാജാധിപത്യ പുനരുദ്ധാരണത്തിനുവേണ്ടി പരിശ്രമിക്കുവാൻ വോയിലോ നിശ്ചയിച്ചു. ഷാമ്പോർഡ് ജനങ്ങളോടു കാണിച്ച പ്രതിപത്തിയും ലിബറൽ സിദ്ധാന്തത്തോടു പ്രദർശിപ്പിച്ച എതിർപ്പും സാമുദായിക സുസ്ഥിതിക്കുവേണ്ടി തിരുസ്സഭയുണ്ടാക്കിയിട്ടുള്ള പദ്ധതിയോടു് പ്രകാശിപ്പിച്ച അനുഭാവവും ഡമൂണിനേയും വോയിലോയേയും അദ്ദേഹത്തിലേക്കു് ആകർഷിച്ചു. ഡമൂൺ ഷാമ്പോർഡിനെ പിന്താങ്ങുവാൻ ഒന്നും ചെയ്തില്ല. വോയിലോ അദ്ദേഹത്തെ ആവുംവിധം പിന്താങ്ങി. ഏറ്റവും വലിയ

വിശേഷണങ്ങൾ ഉപയോഗിച്ചു അദ്ദേഹത്തെ സ്തുതിക്കുവാൻ, ക്രിസ്തനാഥൻ പിശാചിനെ നല്ലിയ ഉത്തരവും ഷാമ്പോർഡ് വിപ്ലവത്തിനെ നല്ലിയ മറുപടിയും തുലനംചെയ്യുകൊണ്ടു് ഒരിക്കൽ ഷാമ്പോർഡിനെ ക്രിസ്തനാഥനോടു് ഉപമിക്കയുണ്ടായി. തൃതീയ റിപ്പബ്ലിക്കിനെ ഇങ്ങനെ അനുസൃതമായി വിമർശിച്ചിരുന്നതിന്റെ ഫലമായി, വോയിലോ ജനാധിപത്യത്തിന്റേയും മനുഷ്യസ്വാതന്ത്ര്യത്തിന്റേയും ശത്രുവാണെന്നു് ഒരാക്ഷേപമുണ്ടായി. എന്നാൽ, വാസ്തവം ഇതാണു്: തൃതീയ ജനാധിപത്യം തിരുസ്സഭയുടേയും ഫ്രഞ്ചു ജനതയുടേയും ശത്രുവാണെന്നു കണ്ട പ്പോൾ അതിനെ അദ്ദേഹം എതിർക്കുവാൻ തുടങ്ങി യെന്നു മാത്രം.

മനുഷ്യാവകാശങ്ങളെ, പ്രത്യേകിച്ചു ദൈവം നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ അവിടുത്തെ ആരാധിക്കുവാനുള്ള അവകാശത്തെ, ബഹുമാനിക്കുന്നിടത്തോളം കാലം ജനാധിപത്യത്തേയോ രാജാധിപത്യത്തേയോ എന്നുവേണ്ട ഏതുതരം ഗവൺമെൻറിനേയും പിന്താങ്ങുവാൻ വോയിലോ സന്നദ്ധനായിരുന്നു. ഗവൺമെൻറിന്റെ അനീതികളെ ചൂണ്ടിക്കാണിക്കുവാനും അതിന്റെ നയങ്ങളെ വിമർശിക്കുവാനും എല്ലാ പൗരന്മാർക്കും അവകാശമുണ്ടെന്നു വോയിലോ ഗ്രഹിച്ചിരുന്നതിനാലും യാതൊരു ഗവൺമെൻറും പൂർണ്ണമല്ലെന്നും അദ്ദേഹത്തിനു തോന്നിയതിനാലുമാണു സകല ഗവൺമെൻറുകളേയും അദ്ദേഹം വിമർശിച്ചതു്. എന്നാൽ, വോയിലോയുടെ രാജ്യസ്നേഹം അതൃജ്ജ്വലം തന്നെയായിരുന്നു. ഈ കഴിഞ്ഞ ശതാബ്ദത്തിലെ ഫ്രാൻസിനേയല്ല, പ്രത്യുത, ഫ്രാൻസു് എന്തായിരുന്നുവോ എന്താകുവാൻ പോകുന്നുവോ ആ ഫ്രാൻസിനേയാണു താൻ സ്നേഹിക്കുന്നതെന്നതു വോയിലോ പ്രസ്താവിച്ചതു്.

ഫ്രാൻസ് വോയിലോയുടെ രാജ്യമാണെന്ന ജർമ്മൻ പത്രങ്ങൾ അഭിപ്രായപ്പെട്ടപ്പോൾ യൂനിവേഴ്സ് പത്രാധിപർ ഇപ്രകാരമെഴുതി: "വോയിലോയും വോയിലോയേപ്പോലെ ചിന്തിക്കുന്നവരും തങ്ങളുടെ രാജ്യങ്ങളിൽത്തന്നെ വിപ്രവാസികളാണ്. അവർക്ക് അവിടെ ഒരു സ്ഥാനവുമില്ല." ഫ്രാൻസ് കത്തോലിക്കാ രാജ്യമായിരിക്കണം. അത് അതിന്റെ യഥാർത്ഥനിലയിൽ എത്തുമ്പോൾ താൻ ഫ്രാൻസിനെ സ്നേഹിക്കുമെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്.

മനുഷ്യസ്വാതന്ത്ര്യത്തോട് അഗാധമായ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നതുകൊണ്ടാണ ലിബറലിസത്തെ വോയിലോ എതിർത്തതും സ്വാതന്ത്ര്യചിന്തകർക്കെതിരായി അനുസൃതം എഴുതിക്കൊണ്ടിരുന്നതും. 1848-ലെ വിപ്ലവം കഴിഞ്ഞു മൂന്നാഴ്ചയ്ക്കുശേഷം കത്തോലിക്കാ ചിന്താഗതിയെപ്പറ്റി വോയിലോ യൂനിവേഴ്സിൽ ഒരു ലേഖനമെഴുതി. തിരുസ്സഭ ആവശ്യപ്പെടുന്നതു യഥാർത്ഥസ്വാതന്ത്ര്യമാണെന്നതിൽ അദ്ദേഹം പ്രസ്താവിച്ചത്. ശവമ്മെൻറ സംരക്ഷണത്തേക്കാൾ അദ്ദേഹം വിലമതിക്കുന്നതു സ്വാതന്ത്ര്യവും അതിന്റെ ഭാരങ്ങളുമാണെന്ന് അദ്ദേഹം വ്യക്തമാക്കി. സ്വാതന്ത്ര്യവും ക്രിസ്തുമതവും പരസ്പരം ബന്ധിതമാണെന്നാണ വോയിലോയുടെ അഭിമതം. "സ്വാതന്ത്ര്യധ്വംസകമായ തത്ത്വങ്ങളെല്ലാം ക്രിസ്തുമതവിരുദ്ധമാണ്." മതത്തിനു സ്വാതന്ത്ര്യം വേണമെന്നും, സ്വാതന്ത്ര്യത്തിനു മതം ആവശ്യമാണെന്നും നീതിയുക്തമായ ഒരു ബന്ധം അവതമ്മിലുണ്ടാകുന്നതിനുവേണ്ട അടിസ്ഥാനം അവതന്നെ നല്കുന്നുണ്ടെന്നും ഇതാണ് ആ ശതാബ്ദത്തിൽനിന്നു പഠിക്കാവുന്ന ഒരു പ്രധാനകാര്യമെന്നും വോയിലോയ്ക്ക് ഉറപ്പുണ്ടായിരുന്നു. വോയിലോ അവസാനംവരെ സ്വാതന്ത്ര്യപ്രേമിയാ

യിരുന്നു; എന്നാൽ, സ്വാതന്ത്ര്യത്തിന്റെപേരിൽ കാട്ടിക്കൂട്ടിയ പല അനീതികളും കണ്ടു വാർദ്ധക്യം പ്രാപിച്ചപ്പോൾ അദ്ദേഹം അഭിപ്രായപ്പെട്ടതു മനുഷ്യാവകാശങ്ങളുടേയും സമാധാനത്തിന്റേയും പേരിൽ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കണമെന്നത്രേ. 1865-ൽ അദ്ദേഹം ഇപ്രകാരമെഴുതി: "ഒരു കത്തോലിക്കനു പാട്ടുള്ളിടത്തോളം ഞാൻ സ്വാതന്ത്ര്യത്തെ ആവുംവിധം സ്നേഹിക്കുന്നു. ഒരു കത്തോലിക്കനെപ്പോലെ ഞാൻ അധികാരത്തെ ബഹുമാനിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യവും അധികാരവും സംയോജിപ്പിക്കുന്ന രഹസ്യം ലോകം നഷ്ടപ്പെട്ടുത്തിയിരിക്കയാണു്. രഹസ്യം റോമയിലുണ്ടു്."

അപ്രമാദിത്വ നിർവ്വചനം

പോയിലോയുടെ ജീവിതകാലത്തു് അതിപ്രധാനമായ ഒരു സംഭവം നടന്നു — അപ്രമാദിത്വ നിർവ്വചനം. പത്രോസിന്റെ സിംഹാസനത്തിൽനിന്നു വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന കാര്യങ്ങളെപ്പറ്റി അധ്യാപനംചെയ്യുമ്പോൾ മാർപ്പാപ്പായ്ക്കു് അപ്രമാദിത്വമുണ്ടെന്നു വാദിക്കാൻ പൊതുസൂനഹദോസ് പ്രഖ്യാപനം ചെയ്തു. അതിവാഞ്ഛാഭരത്തോടെ പോയിലോ ഇതു യൂനിവേഴ്സിൽ പ്രസിദ്ധീകരിച്ചു. ഇങ്ങനെ ഒരു പ്രഖ്യാപനം ഉണ്ടാകുന്നതിനുവേണ്ടി 1869-ൽ വത്തിക്കാൻ സൂനഹദോസു കൂടുന്നതിനു മുമ്പു് പോയിലോ എത്രയും സമർത്ഥമായ ഒരു പരിശ്രമം ചെയ്യുകയുണ്ടായി. പരിശുദ്ധപിതാവു പോയിലോയേയും റോമയിലേക്കു ക്ഷണിച്ചു. സൂനഹദോസ് നടന്നുകൊണ്ടിരുന്ന സമയത്തു മാർപ്പാപ്പായുടെ വക്താവായി അദ്ദേഹം റോമയിൽ താമസിക്കുകയും സൂനഹദോസ് പിതാക്കളൊഴികെ മറെറല്ലാവരേക്കാളും

കൂട്ടതലായി അവിടെ നടന്നുകൊണ്ടിരുന്ന സംഗതി കൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയും ചെയ്തു. 1868 ജൂൺ 28–ാംനു- യാണു് ഒമ്പതാം പീയൂസ് മാർപ്പാപ്പാ സൂനഹദോസിന്റെ വിജ്ഞാപനം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കു് അയച്ചതു്. 1870 ഡിസ മ്പർ 8–ാംനു- സൂനഹദോസു് ആരംഭിക്കുകയും ചെയ്തു. സൂനഹദോസിനുള്ള ക്ഷണം അയച്ചപ്പോൾ മാർപ്പാ പ്പായുടെ അപ്രമാദിത്വം ചർച്ചാവിഷയങ്ങളുടെ ഗണ ത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. ദൈവപരിപാലനാ വൈഭവത്താൽ അതു സൂനഹദോസിലെ ഒരു പ്രധാന ചർച്ചാവിഷയമായിത്തീർന്നു. പല മെത്രാന്മാരും അൽമേനികളും ഇതുസംബന്ധിച്ചു് ഒരു പ്രഖ്യാപന മുണ്ടാകണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ദൈവ പരിപാലന ഉപയോഗിച്ച മാനുഷികോപകരണങ്ങ ളിൽ പ്രഥമമായതു യൂനിവേഴ്സിലെ ളൂയി വോയി ലോയുടെ പംക്തികൾതന്നെയാണു്.

പേപ്പൽ അപ്രമാദിത്വത്തെപ്പറ്റി മൂന്നു് അഭി പ്രായമാണു സൂനഹദോസിൽ പ്രകടമായതു്. ഒരു കൂട്ടർ വാദിച്ചതു് പേപ്പൽ അപ്രമാദിത്വം വിശ്വാസ സത്യമായി പ്രഖ്യാപിക്കണമെന്നുതന്നെ. ഒരു കൂട്ടർ വിചാരിച്ചു ലോകം അവിശ്വാസത്തിൽ അമർന്നിരി ക്കുന്ന ഈ ഘട്ടമല്ല അതു നിശ്ചയിക്കുവാൻ പറ്റിയ സമയമെന്നു്. ചിലർ അതു നിഷേധിച്ചുകൊണ്ടു് അഭിപ്രായപ്പെട്ടതു്, അപ്രമാദിത്വം മാർപ്പാപ്പായ്ക്കല്ല സാർവ്വത്രികസഭയ്ക്കാ പൊതു സൂനഹദോസിനോ ആണെന്നു്. അപ്രമാദിത്വ നിശ്ചയനത്തിനു സമയം പര്യാപ്തമല്ലെന്നു പറയുന്നവരിൽ പലരും അപ്രമാ ദിത്വത്തിൽ വിശ്വസിക്കാതെ സമയത്തിന്റെ അപ ര്യാപ്തത മറപിടിക്കയാണു ചെയ്യുന്നതെന്നു വോയി ലോ വാദിച്ചു. മാർപ്പാപ്പാ തിരുമേനിയും അങ്ങനെത

ന്നെയാണ വിചാരിച്ചതു്. അപ്രമാദിത്വ പ്രഖ്യാപന കക്ഷിയുടെ ഔദ്യോഗിക ജിഹ്വയായിത്തീർന്ന യൂനിവേഴ്സ്. സൂനഹദോസു സമ്മേളിച്ച ഏഴു മാസവും മാർപ്പാപ്പാ തിരുമേനിയുടേയും ഭൂരിപക്ഷ സഭാപിതാക്കന്മാരുടേയും പതപ്രവർത്തകനായി കരുതപ്പെട്ടിരുന്ന വോയിലോ.

എന്നാൽ, സൂനഹദോസിന്റെ തീരുമാനത്തിൽ വോയിലോയ്ക്കു് എന്തെങ്കിലും പ്രേരണ ചെലുത്തുവാൻ സാധിച്ചുവെന്നു് ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അതു തെറ്റായിരിക്കും. തീരുമാനത്തിനു് അനുകൂലമായ യുക്തികം പ്രചരിപ്പിക്കുന്നതിലും ആക്ഷേപങ്ങൾക്കു തക്ക മറുപടി നല്കി പ്രഖ്യാപനം ഏവരും സ്വീകരിക്കുന്നതിനു വഴിതെളിക്കുന്ന കാര്യത്തിലും വോയിലോയ്ക്കു നല്ല പങ്കുണ്ടായിരുന്നുവെന്നതു തീർച്ചതന്നെ. പ്രഖ്യാപനത്തിനു് എതിരായിരുന്നവരിൽ മോണ്ടലമ്പെർ, ബിഷപ്പു ഡൂപ്പൻ ലൂപ്പു തുടങ്ങിയ പല പണ്ഡിതന്മാരും ഉൾപ്പെട്ടിരുന്നു; എന്നാൽ, ഇംഗ്ലണ്ടിൽ ന്യൂമൻ എന്നതുപോലെ, ഇവരെല്ലാവരും സൂനഹദോസിന്റെ പ്രഖ്യാപനം എളിമയോടുകൂടെ സ്വീകരിച്ചു. ഗള്ളിക്കനിസത്തിന്റെ ആസ്ഥാനമായിരുന്ന ഫ്രാൻസിൽ പോപ്പുൽ അപ്രമാദിത്വം ക്ഷോഭമെന്യേ സ്വീകരിക്കുന്നതിനു കളമൊരുക്കിയതു് ഒരു വിധത്തിൽ വോയിലോയാണു്. സൂനഹദോസു പ്രഖ്യാപനം ചെയ്യുന്നതിനു മുമ്പുതന്നെ വോയിലോ ഈ വിശ്വാസസത്യം നാട്ടിൽ വിറ്റഴിച്ചുകഴിഞ്ഞിരുന്നുവെന്നാണു ഫ്രഞ്ചുകാരിൽ ചിലർ അഭിപ്രായപ്പെട്ടതു്.

വോയിലോയ്ക്കു് ഇന്നുള്ള സ്ഥാനം

കാലങ്ങൾ കടന്നുപോന്നതോടൊപ്പം വോയിലോയുടെ പ്രാധാന്യം വർദ്ധിക്കുകയാണു ചെയ്തതു്. പത്തൊ

ൻപതാം ശതാബ്ദത്തിലെ ഒരു പ്രധാന അൽമേനിയായി അദ്ദേഹം സ്ഥാനം പിടിച്ചിരിക്കുന്നു. 1883-ൽ യൂനിവേഴ്സ് പത്രാധിപർ മരിച്ചു. തദവസരത്തിൽ "മണ്ഡ്" എന്ന മാസികയിൽ ഫാദർ വില്യം ലഫ് നൻ ഇപ്രകാരമെഴുതി: "വോയിലോയുടെ വിയോഗത്തിൽ ഫ്രാൻസിനു് ഒരു വലിയ ഗ്രന്ഥകാരനും തിരുസ്സഭയ്ക്കു ധീരനായ ഒരു യോദ്ധാവും കത്തോലിക്കാ പത്രപ്രവർത്തന ലോകത്തിനു വാദപ്രതിവാദ വിദഗ്ധനായ ഒരു തുലികാകാരനും നഷ്ടപ്പെട്ടിരിക്കുന്നു." ഫാദർ ലഫ്നന്റെ പ്രസ്താവനയെ ആരെങ്കിലും എതിർക്കുമോയെന്നു തോന്നുന്നില്ല. എന്നു വരുകിലും ഓസാനാമിനേറെയും മോണ്ടലമ്പെർട്ടിനേറെയും കാൽപ്പാടുകൾ പിഞ്ചെന്നിരുന്ന പലരും അനേക കാലമായിട്ടു വിചാരിച്ചു പോന്നിട്ടുള്ളതു് വോയിലോ എത്ര മഹാനാണെങ്കിലും തിരുസ്സഭയ്ക്കു ഗുണത്തേക്കാൾ കൂടുതൽ ദോഷമാണു ചെയ്തിരിക്കുന്നതത്രേ. "കാത്തലിക്ക് വേൾഡ്" എന്ന മാസികയിൽ 1903-ൽ വില്യം സേററൺ എഴുതിയിട്ടുള്ള ലേഖനത്തിൽ ഈദൃശമായ വീക്ഷണഗതിയാണു സ്വീകരിച്ചിട്ടുള്ളതു്.

കഴിഞ്ഞ അരശതാബ്ദത്തിനിടയ്ക്കു് ഈ വിഷയത്തെപ്പററിയുള്ള അഭിപ്രായം വളരെ വ്യത്യാസപ്പെട്ടു പോയിട്ടുണ്ടു്. 1789-ലെ വിപ്ലവവും അതിനു മുമ്പുള്ള ചരിത്രവും സൂക്ഷ്മമായി ഗ്രഹിക്കാത്തതിനാലാണു സേററൺ 1903-ലും മററു ചിലർ ഇന്നും വോയിലോയെ കുററപ്പെടുത്തുന്നതു്. മുമ്പൊരിക്കൽ സൂചിപ്പിച്ചിട്ടുള്ളതു പോലെ സഭാശത്രുക്കളെ ഇരുത്തിചിന്തിപ്പിച്ചിട്ടുള്ളതു വോയിലോയാണു്. ഓസാനാമിനേറെയും മോണ്ടലമ്പെർട്ടിനേറെയും പ്രശാന്തവും വിനീതവുമായ വാദങ്ങൾ അവർ ശ്രദ്ധിച്ചതായി കാണുന്നില്ല. വോയിലോയുടെ ധീരമായ നിലപാട്

പല കത്തോലിക്കർക്കും ഉത്തേജനം നൽകി. അവർ വിശ്വസിക്കുന്നതു ശരിയാണെന്നും സർവ്വകലാശാല പ്രൊഫസർമാരും ശാസ്ത്രജ്ഞന്മാരും കാവ്യ സാഹിത്യ പ്രണയികളും പണ്ഡിതരായ അജ്ഞേയവാദികളും ജീവിതത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ ഗ്രഹിച്ചിട്ടില്ലാത്തവരാണെന്നും ഒരാൾ ഉറക്കെ പറയുവാൻ അന്നു് അത്യന്താപേക്ഷിതമായിരുന്നു. പത്തൊമ്പതാം ശതാബ്ദത്തിലെ സ്വതന്ത്ര ചിന്തകരുടെ "തെറി സാഹിത്യത്തിൽ" മുടിപ്പൊതിഞ്ഞിരുന്ന പൊള്ളത്തരം പുറത്താക്കുവാൻ അപ്രകാരമെഴുതുവാൻ കഴിയുന്ന ഒരാൾ ആവശ്യമായി. അങ്ങനെയുള്ള ഒരാളാണു വോയിലോ.

മാർപ്പാപ്പാമാർ അദ്ദേഹത്തിന്റെ മേൽ വർഷിച്ചിരിക്കുന്ന സ്തുതികളിൽ നിന്നു തിരുസ്സഭയ്ക്കു് അദ്ദേഹം ചെയ്തിട്ടുള്ള സേവനത്തിന്റെ പ്രാധാന്യം ഗ്രഹിക്കാവുന്നതാണു്. ലയുകായതികതത്ത്വത്തിനും ഇതര അബദ്ധങ്ങൾക്കുമെതിരായി അദ്ദേഹം പടവെട്ടിയതെങ്ങനെയെന്നു തിരുസ്സഭയുടെ തലവനേക്കാൾ ഭേദമായി ആർക്കു വിധികല്പിക്കുവാൻ കഴിയും? ഒമ്പതാം പീയൂസ് മാർപ്പാപ്പാ ഒരു സഹോദരനേപ്പോലെയും തന്റെ വക്താവിനേപ്പോലെയുമാണു് അദ്ദേഹത്തെ കരുതിയിരുന്നതു്. 1869–ൽ അദ്ദേഹത്തെ റോമയിലേക്കു ക്ഷണിച്ചുവെന്നു പറഞ്ഞല്ലോ. തദവസരത്തിൽ ഒമ്പതാം പീയൂസ് മാർപ്പാപ്പാ ഇപ്രകാരമെഴുതി: "ഇക്കാര്യത്തിൽ (പേപ്പൽ അപ്രമാദിത്വമെന്ന വിഷയത്തിൽ) മറ്റു സംഗതികളിലെന്നപോലെ താങ്കൾ ഭംഗിയായി ചെയ്തിരിക്കുന്നു." വോയിലോ ഒരു നല്ല ക്രിസ്ത്യാനിയും തിരുസ്സഭയുടെ യഥാർത്ഥ ഭൃത്യനുമാണെന്നതു പതിമൂന്നാം ലെയോൻ മാർപ്പാപ്പാ എഴുതിയിട്ടുള്ളതു്. ശാസ്ത്രപ്രകൃതിക്കാരനായ പത്താം പീയൂസ്

മാർപ്പാപ്പാ ഈ ഗ്രന്ഥം പത്രപ്രവർത്തകനെ "മഹാൻ, നല്ലവൻ, ദൈവത്തിന്റേയും തിരുസ്സഭയുടേയും അവകാശങ്ങൾക്കായി പൊരുതിയവൻ" എന്നൊക്കെ സംബോധന ചെയ്തിട്ടുണ്ട്. പുണ്യശ്ലോകനായ മാർപാപ്പാ തിരുമേനി തുടരുന്നു: "അദ്ദേഹത്തിന്റെ തൂലിക പ്രകാശമാനമായ ഒരു ദീപയഷ്ടിയും മൂർച്ചയുള്ള ഒരു വാളുമായിരുന്നു. മൗലിക തത്ത്വങ്ങൾ സംബന്ധിച്ച് എത്ര ആത്മാർത്ഥതയോടും ധീരതയോടുംകൂടെയാണ് അദ്ദേഹം പ്രതിപാദിച്ചിരുന്നത്? ആധുനിക ലോകം ദൈവത്തിന്റെ അവകാശങ്ങളെ മാറ്റുകയും മറക്കുകയും ചെയ്യുമ്പോൾ അദ്ദേഹം സംശയം കൂടാതെയും കർത്താവിക്കാ സത്യങ്ങളെ ലാഘവപ്പെടുത്താതെയും ഏറ്റു പറയുന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ മൗതികജനകമായ അന്ധമാനങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ലിബറൽ സിദ്ധാന്തങ്ങൾ 'എത്ര ഉത്സാഹത്തോടെയാണ് അദ്ദേഹം നിരത്തി വയ്ക്കുന്നത്."

തിരുസ്സഭയ്ക്കും ക്രിസ്തീയ സംസ്കാരത്തിനും വേണ്ടിയോ അതിപ്രധാനമായ ഒരു സേവനം ചെയ്തു. പത്തൊമ്പതാം ശതാബ്ദത്തിൽ അമൂല്യമായ ക്രിസ്തീയ സമ്പത്ത് അദ്ദേഹം കാത്തു സൂക്ഷിച്ചു. മാറിമാറിക്കൊണ്ടിരുന്ന ലോകത്തോട് തിരുസ്സഭയെ രമ്യപ്പെടുത്തുവാൻവേണ്ടി ക്രിസ്തീയ സമ്പത്ത് ലിബറൽ കർത്താവിക്കർ ധൂർത്തടിച്ചേക്കുമെന്ന ഭയമുണ്ടായിരുന്നു. ഒട്ടും ലിബറലല്ലാത്ത ലിബറലിസത്തിനു ക്രിസ്തീയ സമ്പത്തു കാഴ്ചവച്ചേക്കാമെന്നും സ്വകാര്യ ഉടമയും കുടുംബഭദ്രതയും മറ്റു പരമ്പരാഗതമായ ക്രിസ്തീയ സമ്പത്തുകളും നവസ്വാതന്ത്ര്യത്തിന്റെ നാമത്തിൽ മുന്നേറിക്കൊണ്ടിരുന്ന രാഷ്ട്രത്തിനു കീഴടങ്ങിപ്പോയേക്കുമെന്നും ഭയപ്പെടാൻ ന്യായമില്ലാതിരുന്നില്ല. വിവേ

കരഹിതമായി വിട്ടുവീഴ്ചകൂടാതെ ചെയ്യാതിരിക്കുവാൻ വോയിലോ കാവൽ നിന്നു. അതാണു് അദ്ദേഹത്തിന്റെ സേവനം. അത്തരം ഒരു കാവൽക്കാരൻ ആവശ്യമായിരുന്ന അക്കാലത്തു്. പക്ഷേ, രണ്ടു വോയിലോമാരുണ്ടായിരുന്നുവെങ്കിൽ അധികമാകുമായിരുന്നു. കത്തോലിക്കാ സഭയുടെ പ്രധാനമായ അടയാളങ്ങളും ഭദ്രമായി പാലിച്ചുകൊണ്ടു പത്തൊമ്പതാം ശതാബ്ദത്തിനു് അനുയോജ്യവും അത്യാവശ്യവുമായ വ്യതിയാനങ്ങളുംമാത്രം വരുത്തി മുന്നോട്ടുന്നതിനു മോണ്ടലമ്പെർട്ടിനേയും ഓസാമിനേയും ഡൂപ്പൻ ലൂപ്പിനേയും നിയന്ത്രിച്ചുകൊണ്ടിരുന്നതു വോയിലോ ഒരാളുടെ തുലികയാണു്.

ദൈവത്തിനും അവിടത്തെ തിരുസ്സഭയ്ക്കും വോയിലോ ചെയ്ത സമരത്തിന്റെ ഉദ്ദ്യതയും അദ്ദേഹത്തിന്റെ സ്വഭാവപ്രകൃതിയുമാണു വോയിലോയുടെ നേക്കുവെറുപ്പു വരുത്തിയതു്. നീതിക്കുവേണ്ടി ന്യായമായി താൻ യുദ്ധം ചെയ്യുകയാണെന്നു് അദ്ദേഹം എല്ലായ്പോഴും വിചാരിച്ചിരുന്നു. അതിനാൽ തന്റെ ശവമഞ്ചത്തിൽ ചെയ്യേണ്ട കാര്യങ്ങളേപ്പറ്റി അദ്ദേഹം തന്നെ ഇപ്രകാരമെഴുതി: "എന്റെ തുലിക എന്റെ ഒരു വശത്തും എന്റെ അഭിമാനമായ കുരിശു മാറിലും വയ്ക്കണം, ഈ പുസ്തകം എന്റെ പാദങ്ങളിൽ സ്ഥാപിക്കുക. അനന്തരം സമാധാനത്തിൽ എന്റെ ശവമഞ്ചം അടക്കുകയും ചെയ്യുക.... ഈശോയിൽ ഞാൻ വിശ്വസിക്കുന്നു. ഭൂമിയിൽ അവിടത്തെ വിശ്വാസത്തെപ്രതി ഞാൻ ലജ്ജിച്ചിട്ടില്ല. അവസാന ദിവസം ഞാൻ അവിടത്തെ പിതാവിന്റെ മുമ്പിൽ നില്ക്കുമ്പോൾ അവിടുന്നു് എന്നെ പ്രതിയും ലജ്ജിക്കുന്നതല്ല."

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
25.07.93		

DC Library
00003925
LR M92

ആധുനികനേതാക്കന്മാർ - 3

1. ആൽബെർട്ട് ഡെ മൂൺ
2. ലുഡ് വിഗ് വിന്തോഴ്സ്റ്റ്
3. ഒരൈസ്റ്റസ് ബ്രൌൺസൺ
4. ളയി വോയിലോ

(തുടരും)

ഈ മഹാന്മാരുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനു ഒന്നാം ഭാഗത്തിൽ ചേർത്തിരുന്ന രാഷ്ട്രീയ സമീപനം, സാമുദായിക സമീപനം, മാനസിക പ്രവർത്തനം, എന്നാ മൂന്നു ലേഖനങ്ങൾകൂടി വായിച്ചിരിക്കേണ്ടതാണ്. ഒന്നാം ഭാഗത്തിൽ, ഒക്കോണൽ, ഷെറിഡൻ, ഡമസ്റ്റർ, ഇവരുടെ ജീവചരിത്രങ്ങളും കൊടുത്തിട്ടുണ്ട്.

I. S. PRESS, ERNAKULAM.